പത്രാധിപർ—കെ. ബാലകൃഷ്ണൻ

Reg. M. 5661 Phone No- 2128 സഹപത്രാധിപർ—സി. എൻ. ശ്രീകണ്ഠൻനായർ

കൗമുദി


കേരളകൗമുദി

വാല്യം 4 1129 വൃശ്ചികം 29 തിങ്കൾ ലക്കം 38

മുഖപ്രസംഗം

വിദ്യാർത്ഥിപ്രക്ഷോഭണം

ഒരു കാരണവുമുണ്ടാക്കാതെയാണ് വിദ്യാർത്ഥികൾ ഒരു പ്രക്ഷോഭണമാരംഭിച്ചിരിക്കുന്നതെന്നു ഞങ്ങൾ വായനക്കാരെ അറിയിച്ചിരുന്നു. കുറെ വിദ്യാർത്ഥികൾ ജയിലിലും കുറെപ്പേർ കോളേജിനപ്പുറത്തുമായി ആ പ്രക്ഷോഭണം ഒരു ഉമിത്തീപ്രസ്ഥാനമായി തുടർന്നുവരികയായിരുന്നു. എം. ജി. കോളേജിൽ ഈ ഉമിത്തീ ആളിക്കത്തി പടർന്നുപിടിക്കുന്ന ലക്ഷണങ്ങളും കാണിച്ചുതായി പത്രറിപ്പോർട്ടുകളുണ്ടു്. പോലീസുകാർ നിയമവും സമാധാനവും സ്ഥാപിക്കാൻ കഴിഞ്ഞിനുശേഷം ഉടപെട്ടതായി പതിവുപോലെ പ്രസ്സ്നോട്ടും ഇറങ്ങിയിട്ടുണ്ടു്. ഈ പ്രക്ഷോഭണം സജീവവും രാജ്യവ്യാപകവുമാകുന്നുണ്ടോ എന്ന പ്രശ്നമല്ല പ്രധാനമായി ഇപ്പോൾ ചർച്ചാവിഷയമാകേണ്ടതു്. വിദ്യാർത്ഥികളും തികച്ചും ന്യായമായ ഒരാവശ്യം മുന്നിൽവച്ചുകൊണ്ടു് ഒരു പ്രക്ഷോഭണമാരംഭിച്ചാൽ അതു് കാളേജധികൃതരുടേയും യൂണിവേഴ്സിറ്റിയുടേയും ഗവൺമെൻറിന്റേയും എല്ലാ മർദ്ദനമുറകളുമുപയോഗിച്ചു് അമർച്ചചെയ്യൽ അതു് ഒരു നേട്ടമായിരിക്കും എന്ന വിശ്വാസമാണു് ഇന്നു് അധികൃതർക്കുള്ളതു്. അഥവാ ഈ വിദ്യാർത്ഥിപ്രക്ഷോഭണം പരാജയപ്പെടുകയാണെങ്കിൽ അതിൽ സഖ്യകക്ഷിയായിട്ടുള്ള പൗരന്മാർ ഈ രാജ്യത്തു് വളർന്നുവരണമെന്നാഗ്രഹിക്കുന്ന ജനതയ്ക്കും അതു് അഭിമാനകരമായിരിക്കുമെന്നു തോന്നുന്നില്ല. പറഞ്ഞാൽ മനസ്സിലാകാത്ത ചില കുട്ടികളുണ്ടു്. അവരോടു് പറഞ്ഞു് മനസ്സിലാക്കിക്കുൻ സാധ്യമല്ല പറഞ്ഞാൽ മനസ്സിലാകുമെങ്കിലും മനസ്സിലായില്ലെന്നു ഭാവിക്കുന്ന കുട്ടികളുണ്ടു്. അവർ മനസ്സിലാകാത്തവരേക്കാൾ കഷ്ടപ്പെട്ട കുട്ടികളാണു്. നമ്മുടെ സക്കാരിന്റെ നില ഏകദേശം അതാണു്. അവർ മുറങ്ങുകയായിരുന്നെങ്കിൽ തട്ടി ഉണർത്താമായിരുന്നു. മുറക്കം ഭാവിക്കുകയാണെങ്കിൽ എന്താണു ചെയ്യുക. വിദ്യാർത്ഥികളുന്നയിച്ച അവകാശവാദം ന്യായയുക്തമല്ലെന്നു വിവരമുള്ള ശത്രുക്കൾപോലും പറയുൻ കഴിയുമെന്നുതോന്നുന്നില്ല ഇന്നു് വിദ്യാർത്ഥികളുടെ അന്യായമായ വാശിക്കെതിരായല്ല സമരം. ഗവൺമെൻറിന്റെപ്രസ്സ്നോട്ടിൽതന്നെ സൈരമായി വിദ്യാഭ്യാസം ചെയ്യുന്നുഗ്രഹിക്കുന്നവിദ്യാർത്ഥികളെ ഏതാനും വിദ്യാർത്ഥികൾ പ്രക്ഷോഭണത്തിനു പ്രേരിപ്പിക്കുന്നു എന്നാണു് ആരോപണമുണ്ടായിരിക്കുന്നതു്. നിലവിലുള്ള അനീതിക്കെതിരായി ശബ്ദമുയർത്തിയിട്ടുള്ള എല്ലാവരും ചരിത്രപ്രാതകാലംമുതൽക്കേ തന്നെ കേട്ടവരുന്ന ഒരു ആരോപണമാണിതു്. വിദ്യാർത്ഥികളെ പ്രക്ഷോഭണത്തിനു പ്രേരിപ്പിക്കുന്നതു് ഒരു തടിസ്ഥാനത്തിലാണെന്ന കാര്യത്തിൽ സക്കാരിനൊന്നും പറയാനില്ല. ഇങ്ങനെയൊരു പ്രശ്നം പതിനെട്ടംനൂറാണ്ടിനുപോലും അവമതി ഉണ്ടാക്കുമാറു് ഈ നൂറാണ്ടിൽ അവതരിപ്പിച്ചവരെപ്പറ്റി സക്കാരിനൊന്നും പറയാനില്ല എൻ. എസ്. എസ്സിന്റെ കാളേജുകളിലാണു് നിർഭാഗ്യവശാൽ സമരം തുടങ്ങിയതു് കൺഗ്രസ്സിന്റെ ഗവൺമെൻറിനു് അടുത്തതിരഞ്ഞെടുപ്പിൽ ശ്രദ്ധ എൻ എസ്. എസ്സിന്റെ പിൻതുണ വേണം. തിരഞ്ഞെടുപ്പടുത്തിരിക്കുമ്പോൾ അവർ പറയുന്നതു് എതു വകതിരിവില്ലാത്ത കാര്യങ്ങളായാലും അതു സാധിച്ചുകൊടുക്കാൻ ഗവൺമെൻറ് അങ്ങനെ ബാധ്യസ്ഥവുമാണു്. ഈ തിരഞ്ഞെടുപ്പിന്റെ കഴപ്പുമില്ലായിരുന്നെങ്കിൽ ഈ പ്രശ്നത്തിനു് ഒരു പരിഹാരമുണ്ടാക്കാൻ വലിയ ബുദ്ധിമുട്ടുണ്ടാകയില്ലായിരുന്നുവെന്നാണു് ഞങ്ങൾക്കു തോന്നുന്നതു് ഇപ്പോൾ വിദ്യാർത്ഥികളുടെ യൂണിയൻപ്രശ്നം വിപുലമായ ഒരു രാഷ്ട്രീയപ്രശ്നമായി മാറിയിരിക്കുകയാണു്. മാറിയതു് വിദ്യാർത്ഥികളാണെന്നു് സ്ഥാപിക്കാൻ സക്കാർ ശ്രമിക്കുന്നുണ്ടെങ്കിലും നേരെ മറിച്ചാണെന്ന കാര്യം പകൽപോലെ വ്യക്തമാണു്. വിദ്യാർത്ഥികളെ ക്രിയാത്മകമായി രാഷ്ട്രീയപാർട്ടികളുടെ കരുക്കളാക്കുന്നതെന്നു് വാദിക്കുന്നവർ നിഷേധാത്മകമായി അവരെ അതിനു യോഗിക്കുകയാണു്. വിദ്യാർത്ഥികൾ വളരെവേഗം അമർച്ചചെയ്യപ്പെടാൻ തയ്യാറാകാത്തതുകൊണ്ടു് അസംതൃപ്തിയും എല്ലാം വേണ്ടിവന്നു. ഒരു വിദ്യാർത്ഥി ജീവിതവും മരണവുമായി ജയിലറകൾക്കുള്ളിൽ പോരാട്ടം നടത്തുന്നുവെന്നു വിദ്യാർത്ഥികളും, അങ്ങനെയൊരു സംഭവം നടക്കുന്നില്ലെന്നു ഗവൺമെൻറും പറയുന്നു. പല വിദ്യാർത്ഥികളും ഇന്നു് കാളേജിൽനിന്നു് ബഹിഷ്കൃതരായിട്ടുണ്ടു്. കാളേജിൽനിന്നു് ബഹിഷ്കൃതരാക്കപ്പെട്ട കാളേജിൽ പ്രവേശിക്കാൻ അനുവാദം നിഷേധിക്കപ്പെട്ട വിദ്യാർത്ഥികളുമുണ്ടു് ഒരു ഭാഗത്തുകൂടി സമരവും മറുഭാഗത്തുകൂടി മാപ്പെഴുത്തും ധൃതഗതിയിൽ നടക്കുന്നുണ്ടു്. മാപ്പെഴുതാൻ തയ്യാറാകാത്ത വിദ്യാർത്ഥികളും ഈ സമരത്തിന്റെ കരുതിയാട്ടുകളായി കാളേജിനു പുറത്തു നിൽക്കുകയാണു്. കൺഗ്രസ്സുഗവൺമെൻറ് അധികാരത്തിൽ വന്നശേഷമാണു് വിദ്യാർത്ഥികളെക്കൊണ്ടു് മാപ്പെഴുതിക്കുക ഒരു വ്യവസായം പോലെ ഇവിടെ വളർന്നതു്. ഒരു കുറ്റത്തിനു് കോടതിയിൽനിന്നു് ശിക്ഷണനടപടിക്കുശേഷം പുറത്തുവന്നു് കാളേജ് പ്രിൻസിപ്പാലിനോടു് മാപ്പുംകൂടിചോദിച്ചാലേ തുടർന്നുപഠിക്കാൻ അനുവദിക്കുള്ളുവെന്നവിധം വിചിത്രതരമാംവിധം ഇന്നു പ്രായോഗികത്തിലിരിക്കുന്നുണ്ടു്. എൻ. എസ്. എസ് കാളേജുകളിലെ യൂണിയൻ പ്രശ്നം അങ്ങനെ ആ പ്രശ്നത്തിന്റെ പരിധികളും ലംഘിച്ചു് ഇന്നു് മൊത്തത്തിൽ വിദ്യാർത്ഥികളുടെ തൻപോരിമയുടേയും അഭിമാനത്തിന്റേയും



കൊല്ലം പ്രദർശനം കഴിഞ്ഞ ശേഷം, എസ്. എൻ. ഡി. പി. യോഗത്തിന്റെ ഗതി എന്തായി എന്ന് ആരേഴികൊല്ലം ഞാൻ അറിഞ്ഞില്ല. ശോകച്ഛായനം അതിനിടയിൽ യോഗം ഭിഗ്വിജയം ചെയ്തുഎന്ന് ഏതാണ്ടൊരു കേട്ടറിവുമാത്രം എനിക്കണ്ടായി. 1087-ലാണ് പിന്നെ ഞാൻ യോഗകാര്യങ്ങളും നേരിട്ടറിയുന്നത്. അക്കൊല്ലം മേടത്തിൽ "മാമാങ്കത്തെ ജയിക്കംപടി" ഒരു മഹാക്ഷോഭം, ശാരദാപ്രതിഷ്ഠ സംബന്ധിച്ചു ശിവഗിരിയിൽ നടന്നു. അതോടൊന്നിച്ചു യോഗത്തിന്റെ ഒൻപതാമത് വാർഷികസമ്മേളനവും, ഒരു സ്ത്രീസമാജവും, വിദ്യാർത്ഥിസമ്മേളനവും, സ്പോർട്ട്സും നടന്നു. പ്രതിഷ്ഠയ്ക്കും യോഗങ്ങൾക്കും ഒക്കെ മാർഗ്ഗദർശനംചെയ്ത വ്യക്തി ഡാക്ടർ പൽപ്പു ആയിരുന്നു. അന്ന് കേരളകൗമുദി മയ്യനാട്ടു നിന്നും പുറപ്പെടുന്നുണ്ട്. സി. വി. യുടെ പത്രാധിപത്യത്തിൽ. കൗമുദി വലിയ ഉത്സാഹവും ഉത്തേജനവും ഇഴവർക്ക് പൊതുവിൽ ഉണ്ടാക്കിയിരിക്കുകയാണ്. പതിനായിരത്തിൽപരം രൂപാപിരിച്ചുണ്ടാക്കിയിട്ടുണ്ട്. വിജനവും ശാന്തവുമായിരുന്ന ശിവഗിരി ഒരു മഹാനഗരിയുടെ ബഹളംകൊട്ടി ഉടങ്ങിയിരിക്കുന്നു. വക്കിലയിലെ ധാന്യജലങ്ങളെ നിയന്ത്രിച്ചിരിക്കുന്നു. പാലം, റോഡ് മുതലായവയും മഠവും ശിവഗിരിയെ ആകപ്പാടെ രൂപഭേദപ്പെട്ടത്തിയിരിക്കുന്നു. ശാരദാപ്രതിഷ്ഠ ഇഴവസമുദായത്തിന്റെ ആത്മവീര്യം വിളംബരംചെയ്യുന്ന ഒരു മഹാക്ഷോഭം തന്നെ ആയിരുന്നു. മൈസൂർ ഡാക്ടർ പൽപ്പുവിനെക്കൂടാതെ ഒരു കൊച്ചുപൽപ്പു ഡാക്ടർ അന്ന് തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. എം. ബി. എസ്സ്. ആണ്. വാളന്റിയർമാരുടെ ഒരു സംഘം രൂപവൽകൃതമായിട്ടുണ്ട്. അവരുടെ ക്യാപ്റ്റനാണ് കൊച്ചുപൽപ്പു ഡാക്ടർ. സ്റ്റീംറൈഫെനൽ ക്ലാസ്സിലും അതിനു മുകളിലും പഠിക്കുന്ന ഇഴവ വിദ്യാർത്ഥികളെ കൗമുദി മുഖേന അദ്ദേഹം വാളന്റിയർമാരായി ക്ഷണിച്ചിരിക്കുന്നു. ഞാൻ എന്റെ പേരു് ഉടനടി നൽകി. അന്ന് സ്റ്റീം റൈഫെനൽ ക്ലാസ്സിൽ ഞാൻ പഠിക്കുകയാണ്. വാസന്തിയുടെ അമ്മാവൻ പി. ഐ. കേശവനും മയ്യനാട്ടു കെ. കെ. പൽപ്പുവും തിരുവനന്തപുരത്തു് വി പി ശിവരാമനും വാളന്റിയറന്മാരായി ചേർന്നിട്ടുണ്ട്. എനിക്ക് വിശേഷാൽ ഒരു ബഹുമതി വാളന്റിയർമാരുടെ ക്യത്തിൽ അന്ന് സിദ്ധിച്ചു. ഇഴവവിദ്യാർത്ഥികളുടെ ഒരുകായികമത്സരത്തിനു് വ്യവസ്ഥ ചെയ്തിരുന്ന അവസരമാണത്. അതിൽ വിജയികളാകുന്നവർക്ക് യഥോചിതമുള്ള സമ്മാനങ്ങളും വാങ്ങിക്കൊണ്ടുവരുന്നതിനു് നിയോഗിക്കപ്പെട്ടതു് ഞാനായിരുന്നു എന്ന ഒരു വിശേഷമുണ്ട്. ഞാൻ കൊല്ലത്തുപെന്നും എന്റെ സ്നേഹിതൻ അത്രാമത്തു കൃഷ്ണപിള്ളയെ കൂട്ടിക്കൊണ്ടു് സമ്മാനങ്ങളും വാങ്ങുവാൻ കൊല്ലം കമ്പോളത്തിൽ ഇറങ്ങി. കൃഷ്ണപിള്ള അന്ന് ഒരു കൈസ്തവസുഹൃത്തിന്റെവീട്ടിൽ എന്നെ കൊണ്ടുപോയി. അയാൾക്ക് ഒരു ഷോപ്പുണ്ടായിരുന്നു. അന്നു ഞാനും കൃഷ്ണപിള്ളയും ആ ഷോപ്പിൽ വച്ചു ഒരു കൂടി നടത്തി. ആ ദിവസം കൃഷ്ണൻ പണ്ടാലയുടെ അനുജൻ ഗോപിനാഥൻപണ്ടാലയുടെ അദ്ധ്യക്ഷതയിൽ മയ്യനാട്ട് കാക്കോട്ട മൂലയിൽവച്ചു് ഒരു യോഗം ഉണ്ടായിരുന്നതായി ഓർമ്മ എനിക്കുണ്ട്. സമ്മാനങ്ങളും വാങ്ങി ഒരു നീണ്ട ചുരുട്ടും കത്തിച്ചുപിടിച്ചു്, ഒരു വള്ളവും ഏർപ്പാടാക്കിയുള്ള എന്റെ പുറപ്പാടു് ഇന്നും ഞാൻ ഓർമ്മിക്കുന്നു.

ശിവഗിരിയിലെ ഉത്സവാഘോഷങ്ങളും ഞാൻ വർണ്ണിക്കേണ്ടതായില്ല. പ്രതിഷ്ഠസംബന്ധിച്ചു കൗമുദി ഒരു ദിനപത്രമായി ഉയർന്നു. പതിനായിരം ആളുകളും ശിവഗിരിയിൽക്കൂടി. ശാരദയുടെ പ്രതിഷ്ഠ അത്യന്തം അത്ഭുതകരമായ ഒരു മഹാകർമ്മമായി ഇഴവസമുദായത്തിനു ഭോദ്ധ്യപ്പെട്ടു. നാരായണഗുരു, ഡാക്ടർ പൽപ്പു, കുമാരനാശാൻ എന്നീ ത്രിമൂർത്തികളും ഇഴവസമുദായത്തിന്റെ ഭാഗ്യനിർഭാഗ്യങ്ങളും നിയമനം ചെയ്യുന്നതായി സകല ഇഴവരും എണ്ണി. എസ്. എൻ. ഡി. പി യോഗത്തിന്റെ അദ്ധ്യക്ഷൻ സി. കൃഷ്ണനായിരുന്നു. ശാരദാപ്രതിഷ്ഠയെ സംബന്ധിച്ചു് അദ്ധ്യക്ഷപ്രസംഗത്തിൽ അന്ന് അദ്ദേഹം പ്രസ്താവിച്ചതു് ഈ സ്ഥാപനം ഇഴവരുടെ ഭാവിശ്രേയസ്സിനുള്ള ശംഖേരിയായി ഭവിച്ചിരിക്കുന്നു. എന്നായിരുന്നു. ആ പ്രസ്താവന ഇന്നും എന്റെ കർണ്ണപുടത്തിൽ മുഴങ്ങുന്നുണ്ട്. സ്ത്രീസമാജത്തിൽസി. വി. യുടെ അനന്തരവൾ മീനാക്ഷി അതിരസകരമായ ഒരു പ്രസംഗം ചെയ്തതും ഞാൻ ഓർക്കുന്നുണ്ട്. ഡാക്ടർ പൽപ്പുവിന്റെ മാതാവായിരുന്ന യോഗാദ്ധ്യക്ഷ. ഡാക്ടറുടെ രണ്ടു പെൺമക്കളും, ആനന്ദവും, ദാക്ഷായണിയും, ശിവഗിരിയിൽ അന്ന് സന്നിധാനം ചെയ്തിരുന്നു. കുസുവിന്റെ ഉദ്ദീപനസ ചേലകം കാലത്തും വൈകിട്ടും മാറുന്ന ആ കൊച്ചുതങ്ങണിമണികളും ഞങ്ങൾ യുവാക്കന്മാരുടെ നിശ്ചലനങ്ങൾക്ക് അന്നു വേണ്ടതിലധികം വിധേയകളാ

നേറയും ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. അഭിമാനവും നട്ടെല്ലുമില്ലാത്ത ഒരു വിദ്യാർത്ഥിസമുദായത്തെ വളർത്തിയെടുത്താൽ അവർ രാജ്യത്തിന്റെ നായകന്മാരാകേണ്ട പ്രായം വരുമ്പോൾ ഇന്നത്തെ ഭീരുത്വത്തിന്റെ പ്രതിഫലനം അന്നത്തെ അവരുടെ പ്രവർത്തനങ്ങളിലും പ്രതിബിംബിക്കാതിരിക്കയില്ല. നാട്ടിൽ ആത്മധൈര്യമുള്ള ഒരു ജനത വളർന്നുവരണമെന്നാഗ്രഹിക്കുന്നവരെ മാത്രം അലട്ടുന്ന ഒരു പ്രശ്നമാണല്ലോ ഇന്നത്തെ ഗവർമ്മെന്റിനു് അതൊരു പ്രശ്നമായിത്തോന്നാത്തതിൽ ഞങ്ങൾക്കത്ഭുതമില്ല. അവർക്കു് അങ്ങനെയൊന്നുണ്ടായിട്ടുവേണ്ടേ മറ്റൊരുത്തർക്കില്ലാത്തതിൽ കുണ്ഠിതമുണ്ടാകേണ്ടതു്. പോലീസിന്റെ ശക്തി ഉപയോഗിച്ചു് ഒരു ശ്മശാനമൂകത സൃഷ്ടിച്ചു് ഈ പ്രശ്നം താല്ക്കാലികമായി ഒതുക്കാൻ കഴിഞ്ഞേക്കും ഒരു കാര്യം മാത്രം വിസ്മരിക്കരുതു്, ഈ മണ്ണു് പൂഴിമണ്ണിൽനിന്നു് സിംഹങ്ങളെ സൃഷ്ടിച്ച പാരമ്പര്യമുള്ളതാണ്. ഇന്നു് അമർത്തപ്പെടുന്നതു് നാളെ അർച്ചയോടെ ഉയർത്തേഴുന്നേല്ക്കാതിരിക്കയില്ല അതേയും നട്ടെല്ലൊടിച്ചു് വണക്കമുള്ളവരാക്കരുതു്. പ്രത്യേകിച്ചും വിദ്യാർത്ഥികളെ. വിവേകവും സൽബുദ്ധിയുമുണ്ടെങ്കിൽ നിസ്സാരമായ ഈ പ്രശ്നത്തിനു് ഒരു വട്ടമേശക്കുറാമിനും പരിഹാരം കണ്ടുപിടിക്കാവുന്നതുള്ളൂ ശ്രീ. പട്ടം താണുപിള്ളയേപ്പോലെ ഉന്നതനായ ഒരു നേതാവു് ഈ പ്രശ്നത്തിൽ ഇടപെട്ടു് ഒരു പരിഹാരമുണ്ടാക്കാൻ തയ്യാറായിട്ടും സർക്കാരിനു് ഒരു ചലനവും ഉണ്ടാകുന്നില്ല എന്നാണ് ഞങ്ങൾ അറിയുന്നതു്. സാഫ്റ്റിന്റെ വിശ്രുതമായ ചുപ്പുടൻ കഥയില്ലെ അതിന്റെ രാഷ്ട്രീയ അർത്ഥം എന്തായിരുന്നെന്നു് ഇന്നത്തെ ഭരണാധികാരികൾ മനസ്സിലാക്കിയിരിക്കുന്നതുനന്നു്.

THE
TARAPADHAM

ADVERTISEMENT RATES.

Cover Front Page	Rs.	125
,, Last Page	,,	100
,, 2nd Page	,,	75
,, 3rd Page	,,	75
Inner Full Page	,,	50
,, Half Page	,,	30
,, Per inch Single Col.	,,	2


യി ജീവിച്ചിരുന്നു ഞാൻ ആദ്യന്തം ഈ കോലാഹലങ്ങളിലെല്ലാം പങ്കുകൊണ്ടു. അന്നു് മീനാക്ഷിയെ സ്ത്രീ സമാജം സെക്രട്ടറിമാരിൽ ഒരാളായി തിരഞ്ഞെടുത്തു

ഞാൻ ഇൻറർമീഡിയറ്റു ക്ലാസ്സിൽ പഠിക്കുമ്പോഴാണു് എൺപത്തൊട്ടാമാണ്ടു് രാമുണ്ണിയുടെ അദ്ധ്യക്ഷതയിൽ ജൂബിലിവിളിൽവച്ചു് എസ്. എൻ. ഡി. പി. യോഗത്തിൻെറ അടുത്തവർഷികം നടന്നതു്. സ്ത്രീസമാജം യോഗത്തിനു് ആനന്ദാശംസികമായ ഒരു ചടങ്ങായി കൽപ്പിക്കപ്പെട്ടു. മീനാക്ഷി സ്ത്രീസമാജം സെക്രട്ടറി എന്ന നിലയിൽ തെക്കൻ തിരുവിതാംകൂറിലെ ഈഴത്തികുടിക്കിടയിൽ ഒരു പൊടിപ്പുണ്ടായിരുന്നു സി. വി. മീനാക്ഷിയെക്കുട്ടി എന്നെ തിരുവനന്തപുരത്തേക്കയച്ചു മീനാക്ഷിയുടെ ചിറപ്പൻ കെ. എൻ. കേശവൻ (ഏ, എസ്. പി) കുന്നുകുഴിയിലുണ്ടു്. രാമുണ്ണി തയ്ക്കാട്ടുമാൻഷനിലാണു് തമസം. എം. ഗോവിന്ദൻെറ ചൊൽപ്പടിക്കു് നടക്കുന്ന ഒരു യോഗമായിരുന്നു അതു്. സി. വി. യുടെ "വക്താവിക്കയ്യൻ" ആയി വന്ന എന്നെ എം. ഗോവിന്ദൻ യോഗമാഫീസിൽ ഏതെല്ലാമൊ ഒരുദ്യോഗികകൃത്യങ്ങൾക്കു നിയോഗിച്ചു. എന്നെ കണക്കപ്പിള്ളയാക്കി ഒരു വൻ ചുമടും എൻെറമേൽ അദ്ദേഹം വച്ചുതന്നു. ദേവസ്വം ബോർഡ് അംഗമായ ബി. പരമുവും പരേതനായ കെ. സി. കരുണാകരനും അന്നു് വക്കീൽറിയർമാരാണു്. അതു് ഞാൻ ഓമ്മിക്കുന്നു എൻെറ കണക്കിൽ ഒരുശുപാകുവുവന്നതു് എൻെറ പഠിപ്പിൽ ഏഴുതിക്കൊള്ളാൻ ഞാൻ പറഞ്ഞതു് എം ഗോവിന്ദൻ വിസമ്മതിച്ചു യുവകഥ ഞാൻ ഓമ്മിക്കാതിരിക്കുന്നില്ല അന്നു് അദ്ദേഹം നെയ്യാറ്റിൻകര മുൻസിഫ് ആയിരുന്നു. എൻെറ സത്യസന്ധത ബോദ്ധ്യപ്പെട്ടു. ഒരു പ്രശംസാപത്രം തന്നെ അദ്ദേഹം എനിക്കു നൽകി ആശ്വാസമായി ആ യോഗത്തോടൊന്നിച്ചു് ഞാൻ വലിയ അടുപ്പത്തിലായി രാമുണ്ണിയുടെ അദ്ധ്യക്ഷതയിൽ നടന്ന എസ് എൻ. ഡി. പി. യോഗത്തിൻെറ സമാപനസമ്മേളനത്തിൽ, അന്നു പന്ത്രണ്ടുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന സുകുമാരൻ അതിഗംഭീരമായി ഒരു പ്രസംഗം ചെയ്തു. ഈഴക്കുട്ടികളെപഠിപ്പിച്ചു് യോഗ്യന്മാരാക്കാത്ത കാരണവന്മാരുടെ വംശമൊട്ടുക്കാൻ ഒരു ഈഴവസാമ്പൻ ഒരു ഈഴുവക്ക പ്രസവിക്കണമെന്ന പ്രാർത്ഥനയായിരുന്നു ആ പ്രസംഗം ഉൾക്കൊണ്ട ആശയം. വലിയ കയ്യടിയും കോലാഹലവും അതു് ഉണ്ടാക്കി. സുകുമാരൻ വളരെ തന്മയത്വത്തോടുകൂടിയാണു് ആ പ്രഭാഷണം നടത്തിയതു്.

തൊണ്ണൂറ്റൊന്നിൽ കൊട്ടാരക്കരവച്ചു് നടന്ന എസ്. എൻ. ഡി. പി. വാർഷികമാണു് എൻെറ പിന്നത്തെ ഓർമ്മ. അന്നു ഇൻറർതോറും മയ്യനാട്ടു സ്കൂളിൽ അദ്ധ്യാപകനായിരിക്കുമ്പോൾ പാലക്കാട്ടുള്ള ഒരു മിഷൻ ഹൈസ്കൂളിൽ ഫൊട്ടണിടീച്ചറായി ഒരു ഉദ്യോഗം ലഭിച്ചു. അതു കഴിഞ്ഞു് അവധിക്കാലത്തു വീട്ടിൽ വന്നിരിക്കുന്ന സന്ദർഭത്തിലാണു് വാർഷികയോഗം നടന്നതു്. ഞാനും ഭാര്യാസഹോദരനും ഒന്നിച്ചാണു് ആ യോഗത്തിൽ പോയതു്. ടി. കെ. നാരായണനായിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ. എം. ഗോവിന്ദൻ പതിവുപോലെ സന്നിഹിതനായിട്ടുണ്ടു്.

രാമുണ്ണിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ചു് യോഗവാർഷികം നടക്കുമ്പോൾ എം ഗോവിന്ദൻ, എൻെറ സത്യസന്ധതയേയും മറ്റും വളരെ പ്രശംസിച്ചിരുന്നു. അന്നു് അദ്ദേഹം നെയ്യാറ്റിൻകര മുൻസിഫാണു്. കാളേജിൽ പഠിക്കുന്നതിനു് എനിക്കുണ്ടായിരുന്ന പണസംബന്ധമായ വിഷമങ്ങളും അറിഞ്ഞു യോഗത്തോടു് അപേക്ഷിക്കുവാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. ആരെയെങ്കിലും യോഗം സഹായിക്കുന്നെങ്കിൽ അതു എന്നെപ്പോലെയുള്ളവരെ ആയിരിക്കണമെന്നു് അദ്ദേഹത്തിനു് അഭിപ്രായമുണ്ടായിരുന്നു. ഞാൻ അതനുസരിച്ചു് യോഗത്തിൽ അപേക്ഷ ബോധിപ്പിച്ചു. കുമാരനാശാൻെറ പുറകിൽ പലതവണ നടന്നു. പക്ഷേ ഫലമുണ്ടായില്ല അതുകൊണ്ടാണു് എൻെറ രീതികളും മട്ടും തുറന്ന സംഭാഷണവും കണ്ടു രസിച്ചിരുന്നിരുന്ന ഒല്ലൂരിലെ വരാം. ഞാൻ വിനയമില്ലാത്തവൻ അഥവാ മര്യാദകെട്ടവൻ ആണെന്നുതന്നേനിയിരിക്കട്ടെ. യോഗത്തിൽനിന്നു് ധനസഹായം അർഹതയുടെപേരിൽ അർക്കും ലഭിക്കുകയില്ലെന്നു് അനുഭവം എന്നെ ബോദ്ധ്യപ്പെടുത്തി. "ആശാൻസേവ അതിനു് അത്യന്ത പേക്ഷിതമായിരുന്നു കുത്തിത്തിരിപ്പുകളും വേണ്ടുവണ്ണമായിരുന്നു. അതിനാൽ ഏനിക്കുണ്ടായ നിരാശ യോഗത്തോടും യോഗം രേഖാസാരഥ്യത്തോടും അങ്ങേയറ്റത്തെ അവജ്ഞ ഉണ്ടാക്കിയിരുന്നു. ഞാൻ ഇൻറർതോറും എം. ഗോവിന്ദൻ തിരുവനന്തപുരം മുൻസിഫാണു് ന്യായമനാധികാരമുള്ള ഒരു ഉദ്യോഗം ആണു് അതു്. അദ്ദേഹത്തിൻെറ കോടതിയിൽ ഒരു ഗ്രമസ്ഥാപനി ഒഴിവുണ്ടെന്നറിഞ്ഞു് ഞാൻ ചെന്നുകണ്ടു, അപേക്ഷിച്ചു എന്നു് അദ്ദേഹം കനിഞ്ഞു ഞാൻ അപേക്ഷിച്ചിട്ടു കാത്തിരിപ്പായി. ഏതാനും ദിവസം തിരുവനന്തപുരത്തു് അതിനുവേണ്ടിയായി താമസിച്ചു. എം. ഗോവിന്ദൻ എന്നെത്തള്ളി ഒരു നായരെ നിയമിക്കുകയും ചെയ്തു. അദ്ദേഹം കടൽപ്പുറത്തു എന്നും പോകുന്ന കൂട്ടത്തിലാണു്. ഉദ്യോഗംകിട്ടാത്ത രോഷത്തിൽ ഞാൻ കടൽപ്പുറത്തുവച്ചു അദ്ദേഹത്തെചെന്നുകണ്ടു. ഞങ്ങാമ്മിഞ്ഞ എന്തോ സാധുകരണത്തിനു് അദ്ദേഹം മുതിർന്നു, നിങ്ങളുടെയൊക്കെ പ്രസംഗങ്ങളിലെസമുദായസ്നേഹസ്വന്തം കയ്യും കാണുന്നതിനല്ലാതെ സമുദായത്തിലെ പാവപ്പെട്ടവനു് ഉപകരിക്കാനല്ല എന്നു് വിധിയുമെഴുതി ഞാൻ പോന്നു മിസ്റ്റർ ഗോവിന്ദൻ അന്നു വളരെ സുഖമായി കടൽക്കാറ്റു് കൊണ്ടിരിക്കയില്ല എന്നു് എനിക്കു നിശ്ചയമുണ്ടു്. ഗോവിന്ദൻ മുൻസിഫ് എന്നു പറഞ്ഞാൽ സമുദായം കേമി പരവശമായി ഒന്നടക്കുകയും ചെയ്യുന്ന കാലമാണതു്. അദ്ദേഹം ഉദ്യോഗം തന്നില്ലെങ്കിലും അദ്ദേഹത്തോടു് അങ്ങനെയൊക്കെ കടന്നു പറയാമൊ എന്ന നിലയാണു എൻെറ കഥകേട്ട ആളുകളിൽ പലരും എന്നോടു ചോദിച്ചതു്. അദ്ദേഹത്തെ വീണ്ടും ഞാൻ കാണുന്നതു് കൊട്ടാരക്കരവച്ചാണു്. അന്നു ഞാൻ ഇൻറർ പാസായി കഴിഞ്ഞിരുന്നു. ഞാനും നാം കാക്കിനിക്കറും ഷൂസും കോട്ടും തലയിൽ പട്ടണിക്കെട്ടും ആയിട്ടാണു് ചെല്ലുന്നതു്, മി. ഗോവിന്ദൻെറ മുഖം പലതും ക്ലാടിനിൽപ്പുണ്ടു്. എന്നെക്കണ്ടു് അടിമുടി ഒന്നു നോക്കിയിട്ടു് ഒരു പെരുമാറിയോടെ ഇംഗ്ലീഷിൽ അദ്ദേഹം പറഞ്ഞു —"മി. കേശവൻ, നിങ്ങളെ കണ്ടിട്ടു് ഒന്നാംതരം ഒരു റിക്രൂട്ടിംഗ് ഉദ്യോഗസ്ഥനെപ്പോലെ ഇരിക്കുന്നല്ലൊ." അന്നു് ഒന്നാമത്തെ ലോകമഹായുദ്ധം നടക്കുകയാണു. പട്ടാളത്തിൽ ആളുകളെ ചേർക്കാൻ പലഭാഗം ഇറങ്ങിയിട്ടുണ്ടു്. ഏതാണ്ടു ഞാനപ്പോൾ ധരിച്ചിരുന്ന വേഷത്തിൽതന്നെ. എം ഗോവിന്ദൻെറ വാക്കുകളിൽ പരിഹാസം അല്പമൊന്നുപരിസ്ഫുരിച്ചിരുന്നു. എൻെറ വേഷത്തിൽ മറ്റു ഈഴവരാരും സന്നിഹിതരായിട്ടില്ല. ചുറ്റും നിന്നവർ മിസ്റ്റർ എം. ഗോവിന്ദൻെറ പരിഹാസത്തിൽ സഹൃദയത്വം അലിനയിച്ചു മന്ദഹസിച്ചു. എൻെറ മുള്ളിൽ അതുതട്ടി. എൻെറ ഭാവം മാറി പകരം, ഞാൻ മറുപടി പറഞ്ഞു —"നിങ്ങളപ്പോലെ ഒരാളുടെയടുത്തും ഒരുപൊട്ടൻ ഉദ്യോഗത്തിനു കിഴിയുകയേക്കാളും ഒരു റിക്രൂട്ടിംഗ് ഉദ്യോഗസ്ഥനായി പോകുക എത്രയോ ഭേദമാണു്. എം. ഗോവിന്ദൻെറ മുഖത്തുണ്ടായിരുന്ന മാറ്റം ഞാൻ ഇപ്പോഴും കാണുന്നുണ്ടു്. ആ പെരുമാറ്റം പെട്ടെന്നു എങ്ങനെയൊ പിരിഞ്ഞുപോയി. യോഗനേതൃത്വത്തോടു എനിക്കുണ്ടായിരുന്ന മമതപ്പു് അങ്ങനെ വർദ്ധിച്ചു കൊണ്ടേയിരുന്നു.

പത്രാധിപരോട് സംസാരിക്കുക



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അഞ്ചു രൂപാ സമ്മാനം ലഭിക്കും.
പത്രാധിപർ]

എൻ. നാരായണൻ, കോട്ടയം.

മനോരമ ഇപ്പോൾ വരുത്തിയിരിക്കുന്ന സിലൺ ടിക്കൽ റോട്ടറിയും സാധാരണ റോട്ടറിയുമായുള്ള വ്യത്യാസമെന്താണ്?

അച്ചുനിരത്തി അച്ചടിക്കുന്നതാണ് ഫ്ളാറ്റ്ബെഡ്റോട്ടറി. സിലൺടിക്കൽ റോട്ടറിയിൽ അച്ചുനിരത്തി അതു കട്ടിക്കടലാസ്സിൽ പതിച്ചെടുത്തു ലോഹം ഉരുക്കിയൊഴിച്ചു ടൈപ്പുണ്ടാക്കി സ്റ്റീമിന്റെ മാതൃകയിൽ വളച്ചെടുത്താണു അടിക്കുന്നതു്. മനോരമ വാങ്ങിയിരിക്കുന്ന മെഷീൻ എന്റെ അറിവു ശരിയാണെങ്കിൽ "ഭിനസരി" അടിച്ചുകൊണ്ടിരുന്നതാണു്. ഞാൻ ആ മെഷീൻ ഒരിക്കൽ നോക്കിയതാണു്. അവർ വളരെ തുച്ഛമായ ഒരു വിലയ്ക്കു ആ മെഷീൻ വിൽപ്പാനും തയ്യാറായിരുന്നു. വളരെ പഴകിയ ആ യന്ത്രത്തിനു് കാശുകളഞ്ഞതു ബുദ്ധിപൂർവ്വമാണെന്നു എനിക്കു തോന്നുന്നില്ല.

പി. ഡി. വർഗ്ഗീസ്, ആലപ്പുഴ.

വിവാഹംകഴിക്കുന്നതിനുമുൻപു് എന്റെ സർവ്വവിധകാര്യത്തിനും അമ്മ മതിയായിരുന്നു. വിവാഹംകഴിഞ്ഞപ്പോൾ ഭരിതിനെല്ലാം ഭാര്യ മതി എന്നു കരുതുന്നു. അതു് ശരിയോ തെറ്റോ?

നിങ്ങളെ കാര്യമൊന്നുമറിയാത്ത മനുഷ്യരുടെ കൂട്ടത്തിൽ ഞാനുംപ്പെട്ടുപോകുന്നു. സർവ്വകാര്യത്തിനും ഒരു സ്ത്രീയെ ആശ്രയിക്കേണ്ടിവരുന്ന പുരുഷൻ ശുദ്ധ ഏഭ്യനാണു്.

സുശീലാകുമാരി, കറിച്ചിത്താനം.

കഴിഞ്ഞ ലക്കത്തിലെ അർത്ഥം മനസ്സിലാവാത്ത ചോദ്യത്തിനു സമ്മാനം കൊടുത്തതിന്റെ അർത്ഥം എനിക്കു മനസ്സിലാവുന്നില്ല.

അർത്ഥമുള്ളതും എന്നാലെനിക്കർത്ഥം മനസ്സിലാകാത്തതുമായ ഒരു ചോദ്യം അതാദ്യമായാണു് ഞാൻ കണ്ടതു്.

കെ. രാമചന്ദ്രൻ, ഏറണാകുളം.

ശ്രീമാൻ പി കേശവദേവു് കോൺഗ്രസ്സുകാരനായി ഏന്നു പറയുന്നു ശരിയാണോ?

മുൻപെരിക്കൽ വിധിവൈപരീത്യം കൊണ്ടു നിർഭാഗ്യവശാൽ ഒരു സൂക്കേടുണ്ടായി. ഞാൻ പി. കേശവദേവു് എന്നു മറുപടി എഴുതി. ആ മറുപടി ഇന്നും ശരിയാണെന്നു തോന്നുന്നു.

കെ. നാരായണി, കായംകുളം.

പ്രായവും തൻറേടവും മനഃപാകതയും സിദ്ധിച്ചു കഴിഞ്ഞിട്ടുള്ള നിങ്ങളെപ്പോലെ ജനസമ്മതനായ ഒരു പത്രാധിപർ ഈ വിദ്യാർത്ഥിപ്രക്ഷോഭണത്തിൽ ഏർപ്പെടുന്നതിനു പകരം ഈ ചെറുപ്രായക്കാർ സമയവ്യയം കൂടാതെ അടങ്ങിയിരുന്നു് പഠിച്ചു് അറിവു സമ്പാദിക്കുന്നതിനുവേണ്ടി ഇവരെ ഇതിനിന്നു വിരമിപ്പിക്കയല്ലേ നല്ലതു്?

അടങ്ങിയിരുന്നു പഠിച്ചാൽ ജീവിക്കാനാവശ്യമായ അറിവു ലഭിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നതോ പോകട്ടെ, ഇന്നു് യഥാർത്ഥത്തിൽ വിദ്യാർത്ഥിപ്രക്ഷോഭണങ്ങളുണ്ടാക്കുന്നതു ഗവണ്മെൻറാണു്. അവരുടെ വക്രതിരിവില്ലായ്മ അവസാനിപ്പിക്കാൻ നിങ്ങളെപ്പോലുള്ളവർ മുന്നോട്ടു വരേണ്ട ഒരു കാലഘട്ടമാണിതു്.

എൻ. പി. ശിവാകരൻ, ചാരമംഗലം.

യഥാർത്ഥപ്രേമഗമനാദിയും മനുഷ്യസ്നേഹിയുമായ ഒരാളിന്റെ വിവാഹോൽസവത്തിൽ താങ്കൾ

കൂടി പങ്കുകൊള്ളുകയാണെങ്കിൽ ആ ദമ്പതി
തങ്കം കൊടുക്കുന്ന സമ്മാനം എന്തായിരി
ക്കുമെന്നറിയാനുള്ള സാന്നിദ്ധ്യം.

സി. കെ. വേലുക്കുട്ടി, ഓച്ചിറ.

ജീവിതം ഒരു നാടകമാണെന്നു മഹാന്മാർ പറഞ്ഞിരിക്കുന്നു. ഇതിന്റെ ഇന്റർവൽ എപ്പോഴാണ്?

വിവാഹം കഴിക്കുകയും ഒരു കുട്ടിയുണ്ടാകുകയും ചെയ്യുന്നതിനിടയ്ക്ക്.

എം. രമാകാന്തൻ, ഇന്റർമീഡിയറ്റ് കോളേജ്.

കുമുദിയിൽ പ്രസിദ്ധീകരിക്കുന്ന ഒരു ചെറുകഥയ്ക്ക് എന്തെല്ലാം യോഗ്യതകൾ ഉണ്ടായിരിക്കണം?

പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ കുറഞ്ഞപക്ഷം രണ്ടുപേരെങ്കിലും വായിക്കണം. വായിക്കുന്നവർ അടുത്ത ആഴ്ചയിലെ കഥ വായിക്കാതിരിക്കരുത്.

ഗണേശ്, കഴിത്തൂർ.

വികടകേസരി വിശേഷാൽപ്രതിയിൽ തിക്കുറിശ്ശി സുലേഖാബിബ്ലിക്ക് മറുപടി എഴുതിയിരിക്കുന്നതു് വായിച്ചുവോ? താങ്കളുടെ അഭിപ്രായമെന്താണ്?

ശ്രീ. സി. ഒ. പരമശിവൻപിള്ള എന്നോടു് ഈ ലേഖനത്തെപ്പറ്റി ഒരിക്കൽ ചോദിച്ചു. അന്നു തന്നു ഈ വിശേഷാൽപ്രതി കണ്ടുപിടിച്ചു ഞാൻ ലേഖനം വായിച്ചു. സ്വന്തം കാര്യം ശക്തിയായി പറഞ്ഞു സമർത്ഥിക്കാൻ കഴിവില്ലാത്തവരാണ് തെറിപറയാൻ പോകുന്നതു്. തെറിപറച്ചിലിനും ഒരു കലിനതപം വേണം. ഈ ലേഖനം തനി ഗട്ടറായാണ് എനിക്കു തോന്നിയതു്.

എം. കെ. എം. മജീദ്, ഫോർട്ടുകൊച്ചിൻ

ഞാൻ താങ്കളെപ്പോലെ ഒരു പിതാവാണ്. മകന്റെ പുഞ്ചിരിതൂകുന്ന ആ മനോഹരമായ ഫോട്ടോ കാണുമ്പോൾ എനിക്കൊരാഗ്രഹം. ആ നിങ്ങളുടെ പ്രസിദ്ധവാരികയുടെ പുറംചട്ടയിൽ വരണമെന്നു്. താങ്കളെപ്പോലുള്ള ഒരു പിതാവായ എന്റെ ആഗ്രഹം സാധിച്ചുതരുമോ?

ചിത്രമയച്ചു.

പി. എസ്. ദാമോദരൻനായർ, തിരുവനന്തപുരം.

ആണുങ്ങളെഴുതിയ ആ പുസ്തകങ്ങളും വായിക്കാതെ തന്നെ ജ്യോതിക്ക് പൊൻകതിരിനെക്കുറിച്ചു് ഇത്തരത്തിൽ ഒരു നിരൂപണം നടത്തിക്കൂടേ. പ്രബുദ്ധരായ വായനക്കാർ എന്തു പറയുന്നു?

ഞാൻ നിങ്ങളുടെ അഭിപ്രായത്തോടു യോജിക്കുന്നു.

സരള, കോട്ടയം.

സലീം—നല്ല പേരു്. അതിട്ടയാളിനോടെനിക്കും ഒരു ബഹുമാനം തോന്നുന്നു. പക്ഷേ മറ്റേപേരു് നൽകുന്നു.

റോമിയോ അതെല്ലാം കളഞ്ഞുകുളിച്ചു. എന്നുപറയുന്നു മി. ബാലകൃഷ്ണൻ. ഈ പ്രായശ്ചിത്തം ഇങ്ങനെ പറയാൻ?

ആദ്യത്തെപേരു് ഞാനിട്ടതാണു്. ആ പേരിന്റെ രൂപമാറ്റമിസത്തിൽ ആകൃഷ്ടയായി തകഴി നിർദ്ദേശിച്ച പേരാണു് രണ്ടാമത്തെ കുട്ടിക്കിട്ടതു്. ആദ്യത്തെ പേരിനേക്കാൾ എനിക്കിഷ്ടം രണ്ടാമത്തെപേരാണു്. അഭിരുചി വ്യത്യസ്തമല്ലേ.

എം. സഖറിയ, നന്തൻകോട്ട്.

മണിയുടെ ഏറ്റവും പറ്റിയ ഉപയോഗമെന്തു്?

മുൻവശത്തു സന്ദർശനമുറിയിൽ ഒരു വലിയ ക്ലോക്കു വച്ചിരുന്നാൽ മനപൂർവം സമയംകൊല്ലാൻ വരുന്നവരെ ക്രമേണ ക്ലോക്കിലും അവരുടെ മുഖത്തും മാറിമാറിനോക്കി ഒന്നുനിർത്തണം എന്നുപറയാതെ രക്ഷപ്പെടാനാണു് മണി ഏറ്റവും പറ്റിയ ആയുധമായി എനിക്കു തോന്നിയിട്ടുള്ളതു്.

കെ എൻ. വൈദ്യൻ, വിജയമംഗലം.

ലളിതാംബിക അന്തർജ്ജനത്തിന്റെ കുത്തു എന്തുകൊണ്ടാണു താങ്കൾ ഒരു നിധിപോലെ സൂക്ഷിച്ചിരിക്കുന്നതു്?

ലളിതാംബികയുമായി കത്തിടപാടുകൾ നടത്തിയിട്ടുള്ളവരെല്ലാം അവരുടെ കുത്തുകൾ നിധിപോലെ സൂക്ഷിക്കാതിരിക്കയില്ല. എന്റെ ചെറുകഥ ഞാൻ സങ്കല്പിച്ചതിലേറെ പ്രൗഢമായി വിശദീകരിച്ചു് വ്യാഖ്യാനിച്ചു് അവർ എഴുതിയ ഒരു കത്താണതു്.

എൻ കരുണാകരൻ, പൂജപ്പുര.

താങ്കൾ സി. എൻ. ശ്രീകണ്ഠൻനായർക്കു് മാസം എത്ര രൂപാ കൊടുക്കും?

ശ്രീകണ്ഠൻനായർ എനിക്കു് മാസം 500 രൂപാ തരുന്നുണ്ടു്.

എൻ. രവീന്ദ്രനാഥ്, വടക്കാഞ്ചേരി.

കാശ്മീരിൽ കോൺഗ്രസ്സുകാരും കമ്മ്യൂണിസ്റ്റുകാരും കൂടിയുള്ള ഒരു കൂട്ടുഗവർമ്മെന്റാണു് ഇന്നു് നിലവിലിരിക്കുന്നതു് എന്ന വാർത്ത ശരിയോ തെറ്റോ?

അതേ വർഷങ്ങൾക്കു മുൻപു് "അബ്ദുസമദുമായുള്ള യാത്ര" എന്ന ശീർഷകത്തിൽ കേരളകൗമുദി ദിനപ്പത്രത്തിൽ ഞാൻ ഒരു ലേഖന പരമ്പര പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതിൽ കാശ്മീരിനെപ്പറ്റി ചർച്ചചെയ്യുന്ന ഒരു ലേഖനത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രതിനിധിയായി ഒരാൾ കൂടി മന്ത്രിസഭയിലുണ്ടെന്നു എഴുതിയിരുന്നതായി ഓർമ്മിക്കുന്നു. പേരു് ഇപ്പോഴെനിക്കോർമ്മയില്ല

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം ഓച്ചിറ, സി. കെ. വേലുക്കുട്ടിക്കു്

ശ്രീ ബാലകൃഷ്ണൻ, നിങ്ങൾ ഇപ്പോൾ എന്തുപറയുന്നു?

കമ്യൂണിസ്റ്റ് മുഖപത്രമായ ജനയുഗ''ത്തിൽ പ്രസിദ്ധീകരി ിച്ചതായ ഒരു ലേഖനമാണ് താഴെ ചേർക്കുന്നത്.

ഇത്രയുണ്ടത്തെ 'കേരളദി' ആ ുതിപ്പിൽ 'ഐക്യമുന്നണി'യെ ുറിയാണ് മുഖപ്രസംഗം പത്രാ ിപർ ശ്രീ. കെ. ബാലകൃഷ്ണൻ പരന്നവച്ചെഴുതിയിട്ടുള്ള പ്രസ്തുത കു ിപ്പു വളരെ കേരളകൗമുദിക്കാരുടെ ുടാൻ വായിച്ചു. പക്ഷേ, വായിച്ചു ചന്നപ്പോൾ വാസ്തവത്തിൽ നി ിരാശയാണുണ്ടായത്. ഇത്തരത്തിൽ ുള്ള ലേഖനം തീർച്ചയായും ഈ സമയത്ത് അപ്രതീക്ഷിതമാ യിട്ടാണ്. ശ്രീ. എം. എൻ. ഗോവി ന്ദൻനായരെ അകാരണമായി ആ ക്ഷേപിക്കാനുള്ള ഒരു സംരംഭം മാ ത്രമാണ് ആ കേരളദിക്കുറിപ്പിൽ ുടനീളം കാണുന്നത്.

തെരഞ്ഞെടുപ്പിനുശേഷം "മറ്റു ുടതുപക്ഷ പാർട്ടികളുമായി യോ ിച്ച് ഒരു ശവമെടുപ്പ് ശ്രുതിക രിക്കുന്നതിന് തയ്യാറാണെന്ന പി. എസ്. പി. പ്രഖ്യാപിക്ക ുമോ" എന്നുള്ള ശ്രീ എം. എൻ. ിന്റെ പ്രസ്താവനാഭാഗമാണ് മി. ബാലകൃഷ്ണന്റെ "കനത്തവടി" ഇ ങ്ങനെ ഒരു ഉറപ്പു ആവശ്യപ്പെട്ട ുന്നതിൽ അർത്ഥമില്ലെന്നും ഈമാ തിരി "വഴിമുടക്കിന്യായങ്ങളുണ്ടാ ക്കി അതെല്ലാം പൊതുജനത്തി ിന്റെ പിടലിയിൽ കെട്ടിവച്ച് ാഷ്ട്രീയകേമത്വം നേടുന്ന അടവു കളും ഇനം വിലപ്പോകാത്ത "പഴ ഞ്ചൻ ചരക്കാ"ണെന്നും മറ്റും ആ രംഭിക്കുന്ന ആക്രമണം വളരെ ക്രൂരതരമായി തന്നേറിയിരിക്കയാ ണതിൽ. ശ്രീ. ബാലകൃഷ്ണന വശ മുള്ള എല്ലാ ശൈലികളും അവി ടെ പ്രയോഗിച്ചുനുണ്ട്.

എന്നിട്ടും, ശ്രീ. എം എൻ-ന്റെ പ്രസ്താവനയിൽ എന്തെങ്കിലും കുഴ പ്പം കണ്ടെത്തുവാൻ എനിക്ക സാ ധിച്ചില്ല. പി. എസ് പി. അത്ത രത്തിൽ ഒരുറപ്പു ജനങ്ങൾക്ക നൽ കണമെന്നുള്ളതു് അനപേക്ഷണീ യമായ ഒരാവശ്യമായിത്തന്നെ എ ിന്റെ ബുദ്ധിയിൽ എനിക്കും തോന്നി. എങ്കിലും മനസ്സിൽ ഒരു 'അലോരസം'— മറുത്തുപറഞ്ഞിരി ക്കുന്നതു് ശ്രീ. ബാലകൃഷ്ണനല്ലെ, അതുകൊണ്ടു്!—

അപ്പോഴാണ് മറ്റൊരു പ്രസ്താ വന പത്രങ്ങളിൽ വന്നതു്. അ തിൽ പറയുകയാണ്: "തെരഞ്ഞെ ടുപ്പിനുശേഷം കഴിഞ്ഞകാലത്തെ പ്പോലെ ഒരനിശ്ചിതാവസ്ഥ ഇല്ലാ താക്കുന്നതിനു് പി എസ്. പി. മറ്റിടതുപക്ഷങ്ങളോടു യോജിച്ചു നിന്നു് ഒരു ശവമെടുപ്പുഘോഷം മുന്നോട്ടുവരേണ്ടതു് ആവശ്യമാണ്. അടുത്തുതന്നെ കായംകുളത്തു കൂടു ന്ന പി. എസ്. പി. സ്റ്റേറ്റുകൺ വെൻഷനിൽനിന്നു ഇതിനെ സം ബന്ധിച്ചു് അസന്നിഗ്ദ്ധമായ ഒരു വിശദീകരണം ഉണ്ടാകേണ്ടതാണ്", എന്നു്. ഈ പ്രസ്താവനയും "വഴി മുടക്കിന്യായമെന്നും" "രാഷ്ട്രീ യകേമത്വം നേടാനുള്ള അടവുകള ുടെ പഴഞ്ചൻ ചരക്കാ"ണെന്നും ശ്രീ ബാലകൃഷ്ണനു് അഭിപ്രായമുണ്ടോ എന്നു് അറിയാൻ കാത്തിരിക്കുന്ന ഒരുവനാണ് ഞാൻ. ശ്രീ. എം. എൻ. അല്ല, ഐക്യക്കമ്മിറ്റിയാണി പ്പോൾ ഈ 'കേരളക്കേട്ടു' വിളി ച്ചുപറഞ്ഞിരിക്കുന്നതെന്നു കാണാ നുള്ള 'കണ്ണിന്റെ കാഴ്ച' കേരളദി പത്രാധിപക്കു നഷ്ടപ്പെട്ടുകയില്ലെ ന്നാശിക്കുന്നു.

ഐക്യക്കമ്മിറ്റിയുടെ ഒരു വ ക്താവിന്റെ സ്വരത്തിലാണ് ശ്രീ. ബാലകൃഷ്ണനാണ്ടോ അറി യാതെയോ സംസാരിച്ചിരിക്കുന്ന തു്. "എം. എൻ ഗോവിന്ദൻനാ യക്കു് ഇങ്ങനെയൊരു പ്രസ്താവന പുറപ്പെടുവിക്കാൻ തന്നെ അവകാ ശമില്ലാത്തതാണ്" എന്നു മി. ബാലകൃഷ്ണൻ പറയുന്നുണ്ടു്. അതാ ണ് എനിക്കു തീരെ മനസ്സിലാ കാത്ത ഭാഗം. ഐക്യക്കമ്മിറ്റി യുടെ പേരിൽ സംസാരിക്കാനാ യാൽപോലും ശ്രീ ബാലകൃഷ്ണനേ ക്കാളും അധികാരം ശ്രീ. എം. എൻ ഇല്ലേ എന്നാണ എന്റെ സംശയം. അതു് ഐക്യകമ്മിറ്റി നിശ്ചയിക്കുന്ന വഴിക്കു നടക്കുമെ ന്നുള്ളതിനാൽ, അതിരിക്കട്ടെ.

ശ്രീ. ബാലകൃഷ്ണന്റെ കുറിപ്പിൽ ചില പേടികളും പേപ്പിടികളും കാണാം. സ: എം. എനും മറ്റും മിണ്ടിപ്പോയാൽ, പി. എസ്. പി. നിസ്സഹകരിച്ചു കളയുമെന്നതാണ പേടി. ആ പേടിക്കു് യാതൊര ടിസ്ഥാനവും ഇല്ലെന്നുള്ളതിനു് സം ഭവഗതികളും തെളിവു നൽകുന്നു ണ്ടു്. എന്നിരിക്കെ, ശ്രീ. ബാ കൃഷ്ണന്റെ അകാരണമായ പേടിക്ക വേണ്ടി ശ്രീ. എം. എൻ. ഗോവി ന്ദൻനായരും കമ്മ്യൂണിസ്റ്റുപാർ ട്ടിയും സ്വന്തം നാക്കു് വിഴുങ്ങിക്ക ളയണമെന്നു പറയുന്നതു് സാഹസ മല്ലെങ്കിൽ സങ്കടകരമാണ്.

പക്ഷേ, ശ്രീ. ബാലകൃഷ്ണൻ, പേ ടിക്കുന്ന ആളല്ലെന്നു് അദ്ദേഹത്തെ ക്കാളും കൂടുതലറിയാവുന്നതു മ റ്റാർക്കാണു്? തന്നെയുമല്ല ആ മു ഖപ്രസംഗത്തിന്റെ മൊത്തത്തിലുള്ള സ്വരവും ഒരു തരം അസ ഹിഷ്ണുതയുടേതാണു്, അക്രമ ണപരംകൂടിയാണു്. ഇന്നത്തെ രാ ഷ്ട്രീയസ്ഥിതിയിൽ അത്തരമൊരു സ്വരവും മനോഭാവവും, ഐക്യ മുന്നണിയുടെ ശത്രുക്കളുടെ കൈക ളിൽ ആയുധമായി ചെന്നുചേരു കയേ ഉള്ളു എന്നുമനസ്സിലാക്കാൻ കഴിവില്ലാത്തയാളുമല്ല ശ്രീ. ബാല കൃഷ്ണൻ.

"ഐക്യനന്നണി കമ്മിറ്റിയുടെ കൂടിയാലോചനകൾക്കു പ്രതിബ ന്ധമുണ്ടാകത്തക്കവണ്ണം അതിനക ത്തു തന്നെയുള്ളവർ പ്രസ്താവനയി റക്കി കേമത്വം നേടാൻ ശ്രമിക്കുന്ന തു് നല്ല രാഷ്ട്രീയമല്ല" എന്നു് എം. എൻ-ന്റെ പ്രസ്താവനയെപ്പ റ്റി ഉന്നയിച്ച പ്രസ്താവിക്കുന്ന ശ്രീ. ബാലകൃഷ്ണൻ ഈ അടുത്തകാ ത്തായി ഐക്യക്കമ്മിറ്റിയിലെ മറ്റു ചില അംഗങ്ങളും പ്രസ്താവന കളും പുറപ്പെടുവിച്ചപ്പോൾ ഉറക്ക മായിരുന്നിരിക്കണമെന്നു് ഞാൻ വിശ്വസിക്കുന്നു. ശ്രീ. പട്ടംതാണു പിള്ളയെ വ്യക്തിപരമായി ബഹു മാനിക്കുന്ന കാര്യത്തിൽ ശ്രീ ബാല കൃഷ്ണനെക്കാൾകുട്ടും പിന്നിലല്ലാത്ത ഒരാളാണു് ഞാൻ പക്ഷെ, വ്യ ക്തിബഹുമാനത്തിനും വീരാരാധ നയ്ക്കും ഒരു തരത്തിലും രാഷ്ട്രീയകാ ര്യങ്ങളുടെ നിയാമകശക്തികളാ കാൻ അർഹതയില്ല ശ്രീ. ബാല കൃഷ്ണൻ ശ്രീ. പട്ടത്തിനെ പുക ഴ്ത്തിക്കാണിക്കുന്നു. അതിൽ സ ന്തോഷംതന്നെ. ശ്രീ. കമ്പളത്തി നേയും ഇയ്യിടെ പുകഴ്ത്തിക്കണ്ടു. അതെല്ലാം സ്വന്തകാര്യമായിരിക്ക ട്ടെ അങ്ങനെ അവസരവാദപരമാ യ ബലഹീനതകൾക്കു് രാഷ്ട്രീയ കാര്യത്തിൽ വിലയില്ല. നാടൻമ ട്ടിൽ പറഞ്ഞാൽ പട്ടത്തിനെ എട്ടു ത്തു എം എനെ എറിയാനും ഒരു ചെറിയ ശ്രമം ആ ഉർജ്ജിലമായ കൈകളും നടത്തിയിരിക്കുന്നു. ഈ ശ്രമം ഫലിക്കുമെങ്കിൽ ഭേദപ്പെട്ട ഒര ടവാണ്.

ശ്രീ എം. എൻ-ന്റെ പ്രസ്താവ ന "രാഷ്ട്രീയകേമത്വം നേടുന്ന അ ടവുക"ളും "ബുദ്ധിശൂന്യ ിലെ പ ഴയ ആയുധങ്ങളും ഉപയോഗിച്ചു കൊണ്ടുള്ള തൊഴുത്തിൽകുത്തിനു ള്ള അടവു"കളുമൊക്കെയായി പ്ര ഖ്യാപിച്ചശേഷം, അതൊരു ക്ക "പിശകാ"ണെന്നും "മറ്റുള്ളവ രോടെടുക്കേണ്ട"ന്നും മറ്റും അവ ശ്യമില്ലാതെ ഒരു താക്കീതോ, വെ ല്ലുവിളിയോ ഒക്കെ നടത്തിയിരി ക്കുന്നു ശ്രീ ബാലകൃഷ്ണൻ. ഈ പേ പ്പിടികൊണ്ടു് അദ്ദേഹം തീരാശങ്കയിലാഴ്ന്നു് ശ്രീ. എം നെ "കേരളബുദ്ധിയായ രാഷ്ട്രീയനേതാവു്" എന്നും വിശേ ഷിപ്പിച്ചിരിക്കുന്നു. കമ്മ്യൂണി സ്റ്റ് പാർട്ടി സെക്രട്ടറിയെന്നോ, പത്തു പതിനാലുകൊല്ലത്തെ ഭേദപ്പെട്ട രാഷ്ട്രീയചരിത്രമുള്ള ഒരു വ്യക്തി യെന്നോ ഉള്ള ശ്രീ. എം. എന്റെ അവസ്ഥകളൊന്നും പോകട്ടെ,—ഒരു ജീവാത്മാവിന്റെ നേരെ യാതൊ രു കാരണവും ക്രൂരതെ ഇത്ര നിർല്ല ജ്ജമായ ശരപ്രയോഗം നടത്തുന്നതു് ദൈവത്തിനു് നിരക്കുന്നതാണോ പത്രാധിപർ.

"പൊതുവേയുള്ള രാഷ്ട്രീയ ചല നം സ്വന്തംപാർട്ടിക്കു ഏറ്റവും കൂടുതൽ പ്രയോജനകരമാക്കാൻത ന്നെ കഠോരശ്രമം ബുദ്ധിപൂർവ്വം കു ുക്കുനീക്കാൻ പഠിക്കണം" എ ന്നൊരു അന്തരാളവാക്യംകൂടി ഉ പദേശമട്ടിൽ ശ്രീ. ബാലകൃഷ്ണൻ പറഞ്ഞിട്ടുണ്ടു്. അതിനു ശ്രീ. എം. എനും കമ്മ്യൂണിസ്റ്റ്പാർട്ടിക്കും തീ ർച്ചയായും അദ്ദേഹത്തോടു് കൃ തജ്ഞതയുണ്ടായിരിക്കേണ്ടതാണു്. പ ക്ഷേ "സ്വന്തംപാർട്ടിയുടെ പ്ര യോജനം" എന്നു് ശ്രീ. ബാലകൃ ഷ്ണൻ കരുതുന്നതിലല്ല കമ്മ്യൂണി സ്റ്റ്പാർട്ടിയുടെ എപ്പോഴുമുള്ള നോ

'ബുദ്ധിയുണ്ട്, എഴുതാനറിയാം പക്ഷെ ഔചിത്യബോധമില്ല'

കെ. ബാലകൃഷ്ണനെപ്പറ്റി കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി സ: എം. എൻ. ഗോവിന്ദൻനായർ

നവമ്പർ ഒന്നാംതീയതി ചിറയിൻകീഴിൽവച്ചു നടന്ന കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നയപ്രഖ്യാപനയോഗത്തിൽ പ്രസംഗിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റുപാർട്ടി തിരു-കൊച്ചി കമ്മിറ്റിസെക്രട്ടറി സ: എം. എൻ. ഗോവിന്ദൻനായർ പറയുകയുണ്ടായി: 'തെരഞ്ഞെടുപ്പിനുശേഷം ഇടതുപക്ഷങ്ങൾക്ക് ഭൂരിപക്ഷം കിട്ടുകയണെങ്കിൽ ഇടതുപക്ഷങ്ങളുമായി യോജിച്ചു ഞങ്ങൾ മന്ത്രിസഭ ഏറ്റെടുക്കും' എന്നു് ശ്രീ. പട്ടം പ്രഖ്യാപിക്കണമെന്നു്. 'അല്ലാതെ കേരളപ്രതിപക്ഷാധിപർ സ. ബാലൻ മറുപടി പറഞ്ഞാൻപോരെ'ന്നും അദ്ദേഹം പറഞ്ഞു തുടർന്നു് 'ബാലൻ' എന്ന വിഷയത്തെ ആസ്പദിച്ചു് സ. എം. എൻ. ഗോവിന്ദൻനായർ ചെയ്ത പ്രസംഗത്തിന്റെ പ്രസക്തഭാഗം, കേരളകൗമുദിയിൽ റിപ്പോർട്ടുചെയ്തിരുന്നതു് താഴെ ഉദ്ധരിക്കുന്നു.

"....അല്ലാതെ കൗമുദി പത്രാധിപർ സ. ബാലൻമറുപടി പറഞ്ഞാൽപോരാ. അതുഅംഗീകരിക്കുവാൻ നിവൃത്തിയില്ല കാരണം ബാലൻ ഏതൊരു പാർട്ടിയിലുമുള്ള ആളല്ല. അളകപ്പനു് ഒരു ധാരണയുണ്ട് ബാലൻ ആർ. എസ്. പി. ആണെന്നു്. അതു വെറും തെറ്റാണു്. ബാലൻ ആർ എസ്. പി. യുടെ ഒരു മെമ്പർപോലുമല്ല നിങ്ങളെല്ലാപേരും ഈ തവണത്തെ കൗമുദിയിലുള്ള ഈ ചോദ്യം വായിച്ചിരിക്കും "ബാലൻ എന്നു ഉത്തരം കിട്ടണം, എന്തു എഴുതിചോദിക്കണം "തിരു-കൊച്ചിയിലെ ഏറ്റവും പ്രചാരമുള്ള വാരികയുടെ പത്രാധിപർ ആരു്?" കാര്യം വളരെ ശരിയാണു്. പിന്നെ കൂച്ചുബുദ്ധി കൂടുതലുണ്ടു്. നല്ലതുപോലെ എഴുതാനും അറിയാം. പക്ഷേ, ഒരു ഔചിത്യബോധമില്ല. പിന്നെ അദ്ദേഹം എന്നെ വ്യക്തിപരമായി കുറെക്കെ പറഞ്ഞിട്ടുണ്ടു് അതിനൊന്നിനും തൽക്കാലം ഞാൻ മറുപടി പറയുന്നില്ല അതൊക്കെ പോകട്ടെ."

എം എനും, ജനയുഗത്തിനും മറുപടി

ശാക്കരമൈതാനത്തുവച്ചു് എം. എൻ. ഗോവിന്ദൻനായർചെയ്ത ഒരു പ്രസംഗത്തിലെ എന്നെസംബന്ധിക്കുന്ന ഭാഗങ്ങളും കമ്മ്യൂണിസ്റ്റുമുഖപത്രമായ ജനയുഗത്തിൽ ഒരു പുതിയ പംക്തിയാരംഭിച്ചു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ലേഖനവും അന്യത്ര ഉദ്ധരിച്ചിട്ടുണ്ടു്. ഒരു തർക്കം ഇപ്പോൾ നടത്തണമെന്നു് എനിക്കു് വലിയ താൽപ്പര്യമില്ല. പക്ഷെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ മുഖചിത്രം എന്നോടൊരു ചോദ്യം ചോദിക്കയും ഞാനതിനു് മറുപടി പറയാതിരിക്കുകയും ചെയ്യുന്നതു് ബഹുമാനിക്കേണ്ട ആ പാർട്ടിയോടു് കാണിക്കുന്ന ബഹുമാനമില്ലായ്മ ആയിപ്പോകുമല്ലോ എന്നു ഭയന്നു് ഇതെഴുതുകയാണു്. ഞാൻ സ്വമേധയാ ഇതെഴുതിയതല്ലെന്നും കമ്മ്യൂണിസ്റ്റു അഭിമാനാർ എന്നെക്കൊണ്ടെഴുതിപ്പിക്കുന്നതാണെന്നും മറ്റുള്ള ചാർജ്ജു് ഞാൻ എ
എൻ. ഗോവിന്ദൻനായരെ ഒ
തിരിച്ചു് അകാരണമായി ആ
മിച്ചെന്നാണു്. ഈ ചാർജ്ജു ശ
യാണു്. എം. എൻ. ഗോവിന്ദ
നായരുടെ കക്ഷിബുദ്ധി യോജിച്ച
ള്ള പ്രവർത്തനത്തിനു് ഏറ്റവും പ്ര
ട്ടുതൽ പ്രതിബന്ധമുണ്ടാക്കുന്ന പ്ര
കാരമാണു് എന്നാണു് എന്റെ
പ്പോഴുള്ള ദൃഢമായ അഭിപ്രായം
എന്റെ ഈ അഭിപ്രായത്തോടു് ക
മ്മ്യൂണിസ്റ്റുകാരല്ലാത്ത എല്ലാവ
രും കമ്മ്യൂണിസ്റ്റുകാരിൽ ചിലരും യോജിക്കുന്നുണ്ടെന്നു് എനിക്കറിയാം ഏതു കമ്മ്യൂണിസ്റ്റുകാരനാണു് യോജിച്ചതെന്നു് നാളെയൊരു ചോദ്യം ചോദിച്ചാൽ ഞാൻ മറുപടി പറയുകയില്ല. പക്ഷേ, ഞാൻ പറയുന്നതു് നുണയല്ലെന്നു് എം. എൻ തന്നെ അറിയുമെന്നാണെന്റെ വിശ്വാസം.

എം. എൻ., പി. എസ്. പി. പി. യെപ്പറ്റി ഒരഭിപ്രായം പുറപ്പെടുവിച്ചതു് ശരിയായില്ലെന്നു് ഞാനെഴുതി. ശക്തിയായിത്തന്നെ എഴുതി. എനിക്കു് അറിയുന്ന എല്ലാ വാക്കുകളും അതിലുപയോഗിച്ചു എന്നു ജനയുഗം പറയുന്നതു് മാത്രമേ ശരിയല്ലാത്തുള്ളൂ. കൂടുതൽ മോശമുള്ള വാക്കുകളും എനിക്കറിയാവുന്നതായിട്ടെന്നെ മലയാളത്തിലുണ്ടു്. എം. എൽ പറഞ്ഞതു് ഐക്യകമ്മിറ്റി ആയിത്തീർന്നിരിക്കുന്ന സ്ഥിതിക്കു് ഇപ്പോഴെന്തു പറയുന്നു എന്നാണു് ജനയുഗത്തിന്റെ ചോദ്യം. എന്റെ ആക്ഷേപം രണ്ടായിരുന്നു. ഒന്നു് പി. എസ്. പി. യോടു് ഉറപ്പു ചോദിച്ചു് വഴിമുടക്കരുതെന്നു് രണ്ടാമതു് അഥവാ അങ്ങനെയൊരുറപ്പു ചോദിക്കണമെങ്കിൽതന്നെ അതു ഐക്യകമ്മിറ്റി ആയിരിക്കണമെന്നു്. എം. എൻ. ചോദിച്ച ഉറപ്പാണു് ഐക്യകമ്മിറ്റി ചോദിച്ചതെന്നു് ജനയുഗം പറയുന്നു എം എന്റെ പ്രസ്താവനയും ഐക്യകമ്മിറ്റിയുടെ പ്രമേയവും എന്റെ മുൻപിലുണ്ടു്. എനിക്കു് അതു മനസ്സിലാക്കാൻകഴിയുന്നതുപോലെ ജനയുഗത്തിനു മനസ്സിലാക്കാൻകഴിയാത്തതു് എന്റെ നിർഭാഗ്യമായി

ട്ടും; നേരേമറിച്ചു് "ജനങ്ങളുടെ പ്രയോജനം"ത്തിലാണു്.

ചുരുക്കത്തിൽ കുറെയൊക്കെ ചിന്താശീലനായ ശ്രീ. ബാലകൃഷ്ണന്റെ ഇരുപ്പൊക്കെ നിലവിട്ടു് മനസ്സിലിരിപ്പെല്ലാം പുറത്താക്കിയതു് ഇതു അവസരത്തിൽ നന്നായിപ്പോയി. "സീറുകൾക്കുവേണ്ടിയുള്ള വിലപേശലാണു് ഇതിന്റെയെല്ലാം അടിയിലുള്ളതെന്നു് ശ്രീ. ബാലകൃഷ്ണൻ പറയുന്നു. എങ്കിൽ, ശ്രീ: ബാലകൃഷ്ണനു് ആവശ്യമുള്ള സീറു് അനുഭാവനിക്കാവിലാഞ്ഞെങ്കിൽ പോലും—ഒഴിഞ്ഞുകൊടുക്കാൻ ശ്രീ എം. എൻ. തയ്യാറാകണമെന്നു് ഞാനപേക്ഷിക്കുന്നു.

കമ്മ്യൂണിസ്റ്റുകാർ അനർഹമായി സീറുകൾക്കു വിലപേശുന്നവരാണെന്നുള്ള ആരോപണം അതിന്റെ മുഴുപ്പു കുറയ്ക്കുമ്പോലും പറഞ്ഞു ഞാൻ കേട്ടിട്ടില്ല. "പി. എസ്. പി. യെ തെറിപറയാൻ മാത്രമായി കമ്മ്യൂണിസ്റ്റുപാർട്ടിയുടെ അഭിമുഖ്യത്തിൽ യോഗങ്ങൾ നടത്തുന്നതായും റിപ്പോർട്ടുണ്ടെന്നേ ശ്രീ ബാലകൃഷ്ണൻ പറയുന്നുള്ളൂ "തെറി പറയാൻ മാത്രമായി" മീറ്റിംഗ്രകൾ കൂട്ടുന്നതായി എവിടെ നിന്നാണെ റിപ്പോർട്ടു കിട്ടിയിരിക്കുന്നതെന്നു വെളിവാക്കാത്തതു ഒരു രക്ഷതന്നെ. എതായലും മേലാൽ മീറ്റിംഗ്രകൾ കൂട്ടുന്നതിനു മുൻപു കുറച്ചുപരിപാടി "കൗമുദി" ആഫീസ്സിലേയച്ചു്, അംഗീകാരം വാങ്ങാൻ കമ്മ്യൂ: പാർട്ടി ശ്രദ്ധിക്കുമെന്നു നമുക്കു് പ്രത്യാശിക്കാം "അഹന്ത നിന്റെ പേരു് പനമ്പിള്ളിയെന്നു് മാത്രമല്ലേ" എന്നുകൂടി സാധുക്കളം സ്വയം ചോദിച്ചു പോകും.

അവസാനമായി ഒരു കാര്യംകൂടി.—പറയുന്നതു പോരായ്മയാണെന്നറിയാഞ്ഞല്ല; എങ്കിലും പറയുകയാണു്. 'കൗമുദി'ക്കാപ്പിൽ ശ്രീ. പട്ടത്തിനെ സൂചിക്കുമ്പോഴൊക്കെ ശ്രീ. എന്നു് പേരിനോടു ചേർക്കാനുള്ള മര്യാദ ശ്രീ ബാലകൃഷ്ണൻ കാണിച്ചിട്ടുണ്ടു്. എന്നാൽ 'സ'യും 'ശ്രീ'യും ഇല്ലെങ്കിലും വെറും 'മി" എങ്കിലും എം. എൻ ഗോവിന്ദൻനായർ എന്നതിനോടു ചേർക്കാൻ 'ഇന്ദിര' പ്രസ്സിൽ തീർച്ചയും അനുവദിക്കയാതെ വരികയില്ലാതിരുന്ന പക്ഷേ, അതിനെറ പുറകിലുള്ള മനോഭാവം ഏറ്റവും സഭ്യമായ ഭാഷ ഉപയോഗിച്ചാൽക്കൂടി ആ 'ധിക്കാര'—അനസ്യൂതം രാഷ്ട്രീയപ്രവർത്തനത്തിനൊരുങ്ങുന്ന പത്രപ്രവർത്തനത്തിനൊരുങ്ങുന്ന സൂചനയല്ലെന്നുകൂടി ശ്രീ. ബാലകൃഷ്ണൻ മനസ്സിലാക്കിയാൽകൊള്ളാം

(ജനയുഗം)

താൻ കരുതുന്നു. എം. എൻ. ചോദിച്ചതു് ശരിയാണു്. ഐക്യകമ്മിറ്റി പി. എസ്. പി. യുടെനിലപാടു് സ്വാഗതംചെയ്തുകൊണ്ടു് ഒരു പ്രസ്താവനയാണു് നടത്തിയിരിക്കുന്നതു്. എം. എൻ ചോദിച്ചതു് പി. എസ്. പി. നേതൃത്വത്തോടാണു്. ഐക്യകമ്മിറ്റി ചോദിച്ചിരിക്കുന്നതു് കായംകുളം കൺവെൻഷനോടാണു്. എം. എന്റെ പ്രസ്താവന വായിച്ചാൽ പി എസ്. പി. നേതൃത്വത്തിൽ വിശ്വാസമില്ലെന്നതാണെന്നും ഐക്യകമ്മിറ്റിയുടെ പ്രമേയം പി എസ്. പി. നേതൃത്വത്തിന്റെ പിന്നിൽ പി. എസ്. പി. ഉണ്ടോ ഇല്ലയോ എന്നറിയാനാണു്. രണ്ടും തമ്മിലുള്ള വ്യത്യാസം വായിച്ചാൽ മനസ്സിലാവുകയില്ലെങ്കിൽ ഞാൻ പറഞ്ഞാലും മനസ്സിലാവുകയില്ല. ഇതൊക്കെപോകട്ടെ. എം. എൻ. മറ്റുചോദ്യം ചോദിച്ചുകഴിഞ്ഞു് ഞാൻ മുഖപ്രസംഗമെഴുതി. എം. എൻ സ്വീകരിച്ച നിലശരിയാണെങ്കിൽ ധൈര്യമായി അതു് ഐക്യകമ്മിറ്റിയിൽ അവതരിപ്പിക്കുമായിരുന്നു എം എൻ. പട്ടത്തിനു് ഒരു ചോദ്യക്കടലാസു തയ്യാറാക്കി പട്ടം അതിനൊരുത്തരവും പറഞ്ഞില്ല. എം. എൻ. പട്ടത്തെ കാണാൻ പോയി തിരുവനന്തപുരം ഒഴിവാക്കുന്നതിനുപുറം യാതൊന്നും പറയാൻ സാദ്ധ്യതയില്ലെന്നു് പട്ടം മറുപടി പറഞ്ഞു. എം. എൻ. മടങ്ങിവന്നു് കേരളകൗമുദിക്കു് ഒരു വാർത്തകൊടുത്തു താനും പട്ടവുമായുള്ള അഭിപ്രായഭിന്നതയെല്ലാം തീർന്നിരിക്കുന്നെന്നു്. ഇതു നിഷേധിക്കുകയേ എം. എൻ. ഇങ്ങനെ ഉറപ്പുവരുത്തേണമെന്നു് നാട്ടുനടപ്പുള്ള പ്രസംഗവും പ്രസ്താവനയുമായി നടന്നു് ഒരു ദിവസം ഒരാപ്പുമില്ലാതെ രാജിയാക്കാൻ സൃഷ്ടിക്കുന്ന പാനപാത്രത്തിലെ കൊടുംകാറ്റുകൾ അവസാനിപ്പിക്കണമെന്നാണു് ഞാനെഴുതിയതു് എം. എന്നെ സംഘടിച്ചിടത്തോളം അഭിപ്രായഭിന്നത തീർന്നശേഷമാണു് ഐക്യകമ്മിറ്റി കായംകുളം കൺവെൻഷനോടു് അഭ്യർത്ഥന നടത്തിയതു് അപ്പോൾ എന്തെങ്കിലും പറയേണ്ടതു് ഞാനല്ല. ശ്രീമാൻ മിസ്റ്റർ സഖാവു് എം. എൻ. ഗോവിന്ദൻനായർതന്നെയാണു് എനിക്കു് ബുദ്ധിയുണ്ടെന്നും എഴുത്തറിയാമെന്നും പക്ഷേ ഒരുചിതൃബോധമില്ലെന്നും എം. എൻ. മാർക്കും പ്രസംഗിച്ചിരിക്കുന്ന ഇതിലാദ്യത്തെ രണ്ടു കാര്യങ്ങളും എം. എൻ. എങ്ങനെ മനസ്സിലാക്കി എന്നു് എനിക്കു മനസ്സിലായില്ല ഔചിത്യബോധത്തെപ്പറ്റി ഉപദേശിക്കാൻ തീരുമാനിച്ചതും എം. എൻ. തന്നെയാണു് പറഞ്ഞ ആൾ. ഔചിത്യബോധമുണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊന്നു തക്കം ഇപ്പോൾ സമയത്തു് ക്രൂരതെ കഴിക്കുമായിരുന്നു.

ജനയുഗം ലേഖനത്തിൽ മംഗ്ലീഷരേണ എന്നെ അമർത്താൻ ചില പൊടിക്കൈകളും പ്രയോഗിച്ചിട്ടുണ്ടു്. എനിക്കു് ഭരണിക്കാവിലെ സീറ്റു വേണമെങ്കിൽതന്നെ അതു് ഒഴിഞ്ഞുതരാൻ എം എൻ. തയ്യാറാകണമെന്നു് ഒരു ദുഷ്ടൻ അതിനകത്തു കണ്ടു. ഞാൻ സീറ്റിനുവേണ്ടി ഇന്നുവരെ ഓടിനടന്നിട്ടില്ല. ഇനി നടക്കുകയുമില്ല. എം. എൻ. ഗോവിന്ദൻനായർ ഓടിനടന്നിട്ടുണ്ടു്. അക്കാര്യത്തിൽ ഐക്യമുന്നണിക്കകത്തു തർക്കങ്ങളുണ്ടായിട്ടുണ്ടു് ആ അനുഭവം ഓർമ്മയിലിരുന്നതുകൊണ്ടായിരിക്കും മറ്റുള്ളവരേയും ആ അളവുകോൽവച്ചളക്കുന്നതു്. അസംബ്ലിയിൽപോയി എന്നെന്നാരെന്ന ചോദ്യംകേട്ട മടങ്ങിവന്ന പല കൊലകൊമ്പന്മാരെക്കാളും അസംബ്ലിയിൽപോകണമെന്ന ആഗ്രഹമുണ്ടെന്നുവരികിലും ഞാൻ അറിയാം. പക്ഷേ കഴിവുണ്ടെങ്കിൽ അസംബ്ലിയിൽ പോകാതെതന്നെ ആ കഴിവുകൊണ്ടു പ്രയോജനപ്പെടുത്താൻ കഴിയുമെന്നുമെനിക്കറിയാം. അതുകൊണ്ടാണു് ഞാൻ അസംബ്ലിയിൽ പോകാനാഗ്രഹിക്കാത്തതു്. ഉറപ്പിച്ചറിഞ്ഞ ഏല്ലുകൾക്കുവേണ്ടി നക്കാനും വാലാട്ടാനും വരുന്ന രാഷ്ട്രീയതന്ത്രക്കാരുടെ മനഃശ്ശാസ്ത്രം മറ്റുള്ളവരെക്കാൾ നേരെ കൈയ്യുമതു്. ഒരു അസംബ്ലി സീറ്റിനുവേണ്ടി മരിക്കാൻ നടക്കുന്ന രാഷ്ട്രീയപ്രവർത്തകർ കണ്ടേക്കാം. അവരായി ജനയുഗത്തിനു് കൂടുതൽ സഹൃദയവും അടുപ്പവും കണ്ടേക്കാം. ബാലകൃഷ്ണൻ അതിനത്തിൽ മുളച്ച ചെടിയല്ല. അതുകയറുമായി ഒരു വിസ്സ്യാനം ഇനി എന്നെ കെട്ടാൻ വരികയുമരുതു്.

കെ. ബാലകൃഷ്ണൻ

വില മികച്ച കൃതികൾ

			രൂ.	ണ
എന്റെ ശ്രീകോവിൽ		സി. വി. കുഞ്ഞുരാമൻ	0	12
പഞ്ചവടി		,,	0	14
ഒരു വാഗ്ദാനത്തിനുമുമ്പു്		,,	0	12
പ്രണയരാവണൻ		കെ. ദാമോദരൻ ബി. ഏ.	1	0
ഓമന		,,	1	0
ജീവിതസമരം (ആത്മകഥ)		സി. കേശവൻ	3	0
ഈ. വി. യുടെ ആത്മകഥ	vol I	ഈ. വി. കൃഷ്ണപിള്ള	2	8
,,	vol II	,,	2	3
മരിയ്ക്കാൻവയ്യ		കിഷൻചന്ദർ	0	12
അമരമോഹിനി		എം. ആർ. രാമകുമാരൻ	1	4
പട്ടേലും ചിന്തയും		പെരുന്ന കെ. വി. തോമസ്സു്	1	0
ചൈനയിൽ		പൂജപ്പുര കൃഷ്ണൻനായർ	1	12
അപ്പൻ		പൊറ്റക്കാട്ടു	1	0
സ്വപ്നങ്ങൾ		ചെമ്പുക്കുട്ടി	0	12
പ്രതീക്ഷകൾ		തകഴി	1	8
ജീവിതവല്ലി		കരോട്ടു ജനാർദ്ദനൻ	1	4
പുലരിപ്പൂക്കൾ		,,	1	0
പാവങ്ങൾ		വിക്ടർയുഗോ	1	8
വെള്ളിമുള്ളുകൾ		ടാറാപുരം സുകുമാരൻ	1	4
കുസുമജീവിച്ചിരുന്നില്ല.		ഡി. കെ. ചന്ദ്രശ്രീ.	2	0
മായാഹൃദയം		കേശവദേവു്	0	8
ശിശുസംരക്ഷണം		ഡാ: ഏ. കെ. ജാർജ്ജു്	1	0
മധുവിധു		ജോസ്സു് ചാലങ്ങാടി	1	0
രതിവികൃതികൾ		,,	1	0
വേശ്യയുടെ ഡയറി		മിസ്സ്റ്റർ ഏലൻ	1	0
വേശ്യയുടെ ആത്മകഥ		,,	1	8
യിശുപ്പിന്റെ വിളി.		ജോർജ്ജവല്ലൂട്ട	1	4
അത്ഭുതവിക്രമൻ		കെ. ജെ. പിള്ള	1	4
കോമളവല്ലി		എം. ആർ.	2	0
ശ്രീമത		ദിവാകരൻ വൈദ്യൻ.	0	12
ഒരുറും പെണ്ണും,		അബ്ദുൽഖാദർ.	1	4
ചലനങ്ങൾ		(ചെറുകഥകൾ)	1	8
കാമുകൻ		ആലപ്പുഴ ഖാദർ.	1	0
മാലിനി മാലിന്യം			3	0
സംസാരിക്കുന്ന ശവങ്ങൾ		വള്ളംകുളം പി. ജി പിള്ള.	1	0
ഇലക്ഷൻ പ്രണയം.		മേരിക്കുട്ടി	1	4
അവളോ വേശ്യ		ബി. ജി. കറപ്പു്	1	0
സ്ഥലത്തെ പ്രധാന വേശ്യ		എൻ. പി ചെല്ലപ്പൻനായർ	0	8
മധുലീല		പി. സി. കോരുതു്	1	0
ജീവിതരഹസ്യം (ചിത്രങ്ങളടങ്ങിയതു്)		കെ. ജെ.	1	8
പേരില്ലാത്ത വേശ്യ		പുതുപ്പള്ളി രാഘവൻപിള്ള	0	8

മറ്റു പല പുസ്തകങ്ങളും വില്പനയ്ക്കുണ്ടു്.

N. B:-രണ്ടു രൂപയിൽ കുറഞ്ഞ വി. പി. അയയ്ക്കുന്നതല്ല.

അശോകാ പബ്ലിഷിംഗ് ഹൗസ്

പബ്ലിക്ഹൗസ് റോഡ്-കൊല്ലം.

★ പിന്നേയും മഞ്ഞുപെയ്യുന്നു ★

ഡി. എം. പൊറേറക്കാട്ട്

വളരെ വേഗമുറങ്ങണമെന്നു വെച്ചാണു ഞാനന്നു രാത്രി ചെന്നുകിടന്നതു്. എന്നാൽ ഏതുയോ നേരം കിടന്നിട്ടും എന്തുകൊണ്ടോ എനിക്കു ഉറക്കംവന്നില്ല. എന്നിട്ടും വളരെ കഴിഞ്ഞാണു് ഒരു തണുപ്പു കൊണ്ടാണെന്നു ഞാൻ മനസ്സിലാക്കിയതു് അങ്ങിനെ ജനലടക്കാൻ വേണ്ടി ഞാൻ എണീറ്റു ചെന്നപ്പോഴുണ്ടു് ഇരു നാടുമുഴുവൻ നന്നായി മഞ്ഞുപെയ്യുന്നു. അതോടെയാതൊരു മുഖവുരയുംകൂടാതെ ഞാനതെല്ലാമങ്ങു മറന്നുപോയി. അതെ മഞ്ഞുപെയ്തപ്പോൾ. ഇരുവരെ മയങ്ങിക്കിടക്കുകയായിരുന്ന പലതും എന്റെ മനസ്സിലുദിച്ചു വന്നു!

ഇരു വളരെ നാളെ യുള്ള എന്റെ ഒരു രോഗമാണു് ഒരു രോഗം മഞ്ഞുകാലം വന്നുപോഴും അതിനുമുമ്പത്തെ മഞ്ഞുകാലങ്ങളിൽ നടന്ന പലതും ഞാൻ ആലോചിക്കും. അതുപോലെതന്നെ ശരൽക്കാലത്തും വസന്തകാലത്തുമെല്ലാം ഞാൻ പലതും ഓർമ്മിക്കാറുണ്ടു്. അസുഖകരമായ ഒരു സ്മരണയായിരിക്കും അതെല്ലാം. എങ്കിലും ആ വേദനപുരണ്ട സ്മരണകളനുഭവിക്കുന്നതിൽ എനിക്കു ഒരാശ്വാസമുണ്ടു്. അതുകൊണ്ടുതന്നെയാണു ഇപ്പോഴിതെന്നെ ഓർമ്മിപ്പിച്ചതും ഞാനിതെഴുതുന്നതും.

അവളെ മരിച്ചുവെന്നു വിശ്വസിക്കാൻ എനിക്കു വിഷമമുണ്ടു്. വിശേഷിച്ചും, അവൾ പട്ടിണിയും മനോവിഷമവുംമൂലമാണു് മരിച്ചതെന്നു വിശ്വസിക്കാൻ. പക്ഷേ അതൊരു യാഥാർത്ഥ്യമായിരുന്നു. മിക്കവാറും ഒരു രക്ഷാമബാധിതപ്രദേശമായിരിക്കുന്ന എന്റെ ആ നാട്ടിൻപുറത്തെ ഒരു ദുരിതനിവാരണകേന്ദ്രത്തിൽനിന്നു കഞ്ഞികിട്ടാതെ മടങ്ങി വീട്ടിലെത്തിയ ഉടനെയാണു് അവൾ മരിച്ചതു്. ആ ശവം ഒരു മുഴുവൻ ദിവസത്തിലധികം അങ്ങിനെ കിടന്നപ്പോൾ. അതിന്നു ശേഷം ആരൊരാളെക്കൂടി ഒരു ചെറിയ പരിവു നടത്തിയാണത്രേ അതു മറവുചെയ്തതു്. അതോടെ അവളുടെ സംരക്ഷണയിൽ വളർന്നുപോന്ന മൂന്നാലെണ്ണം പുഷ്ടമായി അനാഥമായിരിക്കണം. അവൾ മാത്രമായിരുന്നു അവരുടെ ഏക ആശ്രയം.

അവൾ ഒരു പെറ്റമ്മയായിരുന്നു. ഞാൻ അവളെ ആദ്യം കണ്ടപ്പോൾ അതു കണ്ടു ഇഴഞ്ഞുനീങ്ങുകയായിരുന്ന നല്ലൊരാൺകുഞ്ഞു്. പക്ഷേ അതിനെപ്പറ്റി ആ അമ്മയുടെ മുഖത്തൊന്നു നോക്കുകപോലും ചെയ്യാതെ അതിന്റെ പിതാവു് അതിനെ ബലംപ്രയോഗിച്ചു വലിച്ചുകൊണ്ടുപോയി. അവൾ യാതൊന്നും മിണ്ടിയില്ല. അതിനെങ്കിലും ഒരാളുണ്ടാവട്ടെയെന്നു അവൾ ഉള്ളിലിച്ചുകാണും എങ്കിലും തിരിഞ്ഞുനോക്കി പിടഞ്ഞുകരയുന്ന തന്റെ ആ അരുമക്കഞ്ഞിനേയും കൊണ്ടു് അതോടൊപ്പം അതിന്റെ അമ്മയെ എന്നെന്നേക്കുമായി അപമാനിതയാക്കി കണ്ടം ചെയ്തുകൊണ്ടു്, തന്റെ ഭർത്താവു നടന്നകന്നപ്പോൾ രണ്ടുമുത്തുകൾ അവളുടെ ആ കണ്ണുകളിൽ നിന്നു. പൊഴിഞ്ഞുചാടി. ഒരുപക്ഷേ അവരുടെ ആ ആദ്യരാത്രിയെപ്പറ്റി ഓർത്തുകാണും അവളപ്പോൾ. ഏതായാലും ഒരു ഭാര്യയും മാതാവും കുടുംബിനിയുമൊക്കെ ആകാനുള്ള ഒരു സ്ത്രീയുടെ അവകാശവും കൊണ്ടാണു് ആ പുരുഷൻ നടന്നകന്നതു്.

അവളെ ഞാൻ ആദ്യമായിക്കണ്ടതിന്റെ മൂന്നാമത്തെ മഞ്ഞുകാലമാണിതു്. അതിന്റെ അടുത്ത മഞ്ഞുകാലത്താണു അവളുടെ ഭർത്താവു് അവളെ ഔദ്യോഗികമായി ഉപേക്ഷിച്ചതു്. പിന്നത്തെ മഞ്ഞുകാലത്താണു ഞാൻ അവളെ വീണ്ടുമൊരിക്കൽ കണ്ടതു്. ഇക്കഴിഞ്ഞ മഞ്ഞുകാലത്താണു അവൾ മരിച്ചതു്. ഈ മഞ്ഞുകാലത്തോടനുബന്ധിച്ചു ചില വാചകങ്ങൾകൊണ്ടു ഒരു മൃതജീവിതാർപ്പണത്തിനു നന്ദി പറയാൻ ഞാൻ മറന്നുകൊണ്ടുകയും!

ഇനി പലതരേയും സംബന്ധിച്ചിടത്തോളം അനാവശ്യവും അകാരണവുമായ ഒരു ബദ്ധപ്പാടായി അനുഭവപ്പെടാമെങ്കിലും, അന്നിതെല്ലാം തികച്ചും അത്യാവശ്യവും അടിസ്ഥാനപരവും തന്നെയായിരുന്നു. ഏതു ഉപയോഗംകഞ്ഞ ആളായാലും അയാളെ തിരയാൻവേണ്ടി രണ്ടു കാക്കിരൈവങ്ങളെയെങ്കിലും അയക്കാനിടവരുത്തിയെങ്കിൽ അതുയും ആ മർദ്ദനയന്ത്രത്തിന്റെ ശതവേഗം കറക്കുകയായിരുന്നു അതുകൊണ്ടുചെയ്തതന്നതു്. ആ ഉന്നം അന്നു കറിക്കുകൊള്ളുകയും ചെയ്തിരുന്നു എന്നാണെന്റെ വിശ്വാസം.

പോലീസ്സു് വരുന്നുവെന്നറിഞ്ഞു ഞങ്ങൾ ആ രഹസ്യയോഗം പെട്ടെന്നു നിർത്തിവെക്കേണ്ടിവന്നു — ഏതുയോദ്വിവസത്തെ തുടർച്ചയായ പരിശ്രമത്തിനും ബുദ്ധിമുട്ടിനും ശേഷമാണു ഞങ്ങളിങ്ങനെയൊരു യോഗംചേരാൻ കഴിഞ്ഞതു്. എന്നിട്ടതുനെയും ആ കൂടകത്തിൽപ്പെട്ട പകുതിയോളംപേർ എത്തിച്ചേർന്നിരുന്നില്ല. അവരിൽച്ചിലർ ഇടയ്ക്കു ബന്ധംമുറിഞ്ഞും മനഃപൂർവം വഴിമാറിനടന്നും എവിടെയോ തങ്ങിക്കിടക്കുകയാണു്. വേറെചിലർ പിടിക്കപ്പെട്ടിരിക്കുമാണു്. എന്നാലും അതുയാളുകളെയെങ്കിലും ഒന്നിച്ചുചേർക്കാൻകഴിഞ്ഞതു ഒരു വലിയ വിജയമായിരുന്നു. മൂന്നുനാഴികമാത്രം വീതിയും പതിമൂന്നുനാഴികമാത്രം നീളവുമുള്ള ആ ഗ്രാമം നാലുഭാഗത്തുനിന്നും അടക്കുമർക്കപ്പെട്ടിരിക്കുകയായിരുന്നു. ഒരാഴ്ച തുടർച്ചയായി തിരച്ചിലുണ്ടായിട്ടു. പലതും അനുസന്ധാനചെയ്തുപിടിച്ചുകഴിഞ്ഞു. വേറെചിലരെ പോലീസ്സിന്റെകൂടെക്കണ്ടു. എന്നിട്ടും കഴിവുള്ളതിലുംകവിഞ്ഞ ചെറുത്തുനിൽപു തുടർന്നുകൊണ്ടിരിക്കുയാണു്. ശേഷിപ്പുള്ള ആളുകൾ ഇതിഹാസംസൃഷ്ടിക്കുകയാണു്. വളരെ വിഷമിച്ചാണു് യോഗംകൂടാൻ ഒരു സ്ഥലവും അതിനുവേണ്ട സംഘടനയും ഉണ്ടാക്കാൻ കഴിഞ്ഞതു്. പക്ഷേ ശത്രുവിന്റെ ചെറിയ ഒരാക്രമണത്തിന്റെ മുമ്പിൽതന്നെ അതു പൊളിഞ്ഞുപോയി— അടുത്ത അദ്ധ്യായം എവിടെ, എങ്ങിനെ എന്നു നിശ്ചയിക്കാൻപോലും സമയമെടുക്കുന്നതിനുമുമ്പു ഞങ്ങൾക്കു എണീറ്റു പായേണ്ടിവന്നു. പലരും പലവഴിക്കു പാഞ്ഞു. ഞാനും, തലേന്നു മാത്രമറിഞ്ഞിരുന്ന ഒരു സഖാവുംമാത്രം മുന്നിച്ചായി.

ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ ഫർലോങ്ങു നീങ്ങിയപ്പോൾ മുമ്പിൽ പോലീസ്സുവേനിന്റെ വെളിച്ചംകണ്ടു ഉടനെ ഞങ്ങളും ഒരിടവഴിയിലേയ്ക്കു ചാടി. അപ്പോഴേയ്ക്കും ആ ഇടവഴിയവസാനിക്കുന്നേടത്തു നായ്ക്കളുടെ കരകേട്ടു പോലീസ്സ് ആ പ്രദേശം വളഞ്ഞിരിക്കയാണു് ഒടനെ, എവിടേക്കെങ്കിലും ഉടനെ ഓടിക്കണം. പക്ഷേ എന്റെ കൂടെയുള്ള സഖാവിനു ഓടാൻവയ്യ ലോക്കപ്പിലെ പിഴിഞ്ഞുവീഴ്ത്തിന്റെ മനപ്രയാസം തുടങ്ങിച്ചുതേയുള്ളു ആ സഖാവു്. പക്ഷേ അദ്ദേഹത്തിനു, തന്നെ മൃത്യുവിലിറങ്ങിയ ആളായതുകൊണ്ടു എന്തെങ്കിലും പറഞ്ഞുനിലപാടുതറയിലെത്തുവാൻ പറ്റിയെന്നുവരില്ലല്ലോ. എന്നാൽ ഞാൻ അതിനുമുമ്പു പിടിക്കപ്പെട്ടാലുള്ള— അവസാനം ഞാൻ ഓടാനും, അദ്ദേഹം അവിടെയെവിടെയെങ്കിലും പതുങ്ങിക്കൂടാനും തീരുമാനിച്ചു. അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന കടലാസുകളും മറ്റു സാധനങ്ങളുംകൂടി വാങ്ങിപ്പിടിച്ചു ഞാൻ ഓടി.

പടിഞ്ഞാറുള്ള അമ്പിക്കുട്ടേലിനെ ഉന്നംവെച്ചാണു് ഞാൻ ഓട്ടം തുടങ്ങിയതു്. കടന്നുപറ്റത്തെത്തിയാൽ എനിക്കു രക്ഷപ്പെടാൻ കഴിഞ്ഞേക്കും. പക്ഷേ എങ്ങിനെയാണു ഓടുക. ആ ഇടവഴിയിലൂടെ പോലീസ്സു ഇരച്ചുകേറുകയാണു്. പിന്നെ പൂയിടങ്ങളിലേയ്ക്കു കടക്കണം. മിക്ക പൂയിടങ്ങൾക്കുംവേലിയുണ്ടു്. ഒന്നിനു പുറകെമറ്റൊന്നായി ഒരുപാടു വേലി ചാടണം. അതൊന്നും സാരമില്ലായിരുന്നു, ആ നായകരയും നിലവുമില്ലായിരുന്നുവെങ്കിൽ. നായ്ക്കൾ കൂട്ടംകൂട്ടമായാണു കരച്ചുപിന്തുടർന്നിരുന്നതു എന്നെ. പിന്നെ പോലീസ്സിനു വല്ല വിഷമവുമുണ്ടോ— ശബ്ദംകേട്ടു ദിക്കിലേയ്ക്കു പാഞ്ഞുവന്നാൽപ്പോരെ!

കുറെയധികം പാന്ഥിടകളിലൂടെ അങ്ങിനെ ഓടിയശേഷം ശത്രുക്കളെയില്ലാതെ ഞാൻ വീണ്ടും ഒരിടവഴിയിലേയ്ക്കു ചാടി. അതിനകം എനിക്ക് മിക്കതും മനസ്സിലായിത്തന്നെ ഞാൻ ഓടുന്നതു് പക്ഷേ ചെന്നെത്തുന്നതു് ഏതിടത്തായിരിക്കുമെന്നു പിടിയില്ലായിരുന്നു. ചിലപ്പോൾ അവരുടെ ഗ്രാമത്തിൽത്തന്നെയായിരിക്കും!

ഏതായാലും അത്ര ബുദ്ധിയുള്ള പണിയായി തോന്നിയില്ല എനിക്ക്. ഞാൻ വീണ്ടും പുരയിടത്തിലേയ്ക്കു കയറി ശരിക്കേട്ട നോക്കണേ—അതാ 'കള്ളൻ, കള്ളൻ' എന്നു വിളിച്ചിട്ടു പുറത്തുവന്ന ഏതാനുംപേർ വടിയും വേട്ടുമായി എന്നെ പിന്തുടർന്നു ഞാൻ കള്ളനല്ലെന്നു രഹസ്യപ്രവർത്തകനാണെന്നും ഒരു വലിയകാര്യത്തിനായാണു് ജോലിയുപേക്ഷിക്കുക. അതവർക്കു ജോലിയുപേക്ഷിച്ചാൽത്തന്നെയും അതിനുമുമ്പു് എന്നെ പിടിക്കാൻ വന്നവർ അവിടെ ചാടി വീണതുപോലെ—ഞാൻ ഒരു കള്ളൻക്കുടിയായി വീണ്ടും ഓടി.

പക്ഷേ ആ പുരയിടങ്ങളിൽക്കൂടി അങ്ങിനെ ഓടുക പ്രയാസമായിത്തന്നെ. എനിക്കു പല വേലികളും ചാടാൻ കഴിഞ്ഞില്ല. പലപ്പോഴും ഓടിയതിലുമധികം ദൂരം പുറകോട്ടോടിക്കേണ്ടിവന്നു അതു കഴിയില്ലെന്നുവെച്ചു ഏതാനും പുരയിടങ്ങൾക്കിടക്കുള്ള ഒരു വയലിലേക്കെടുത്തുചാടി എന്നാൽ വയലിലിറങ്ങിപ്പോഴാണു് അതു നിറഞ്ഞുനിന്ന നിലാവുകണ്ടുള്ള വിഷമം കൂടുതൽ അനുഭവപ്പെട്ടതു്. വളരെ അകലെനിന്നു നോക്കിയാൽപോലും എന്റെ രൂപം നിങ്ങുന്നതു് അവർക്കു കാണാമായിരുന്നു. അങ്ങനെ നിന്നുകൊണ്ടുതന്നെ വേണമെങ്കിൽ അവർക്കു എന്നെനേരെ തോക്കുചൂണ്ടാം. അങ്ങിനെ മനുഷ്യനെ മനുഷ്യനോടിക്കാതെ കൊന്നാൽത്തന്നെയും ഒരു കുറ്റം വരാത്ത കാലമായിരുന്നു അതു്.

ഏതായാലും അടുത്ത ഏതുനിമിഷത്തിലും എന്റെ തല ചളിയിൽ പൂഴ്ന്നതും അവിടെക്കിടന്നു എന്റെ പ്രാണൻപോകുന്നതും പ്രതീക്ഷിച്ചു് ഞാൻ പിന്നേയും ഓടി. അതിനിടക്കു പലകുറി ചളിവഴുക്കി ഞാൻ താഴെവീണെങ്കിലും ഓടി—അങ്ങനെ ആ പുരയിടങ്ങളുടെ അറ്റത്തുവന്നു നിൽക്കുകയായി



മതു് ആ എം. എസ്. പി വിദ്യാർത്ഥി മിക്കവാറും ഞാൻ കണ്ടെത്തിയതു് നടുവിൽക്കുടിയാണു് ഓടിയതു്. ഓട്ടത്തിനേക്കാളേറെ ഞാൻ ചളിയിൽ കുത്തിയിരുന്ന ഇഴയുകയാണു ചെയ്തിരുന്നതെന്നു പഠിയുന്നതായിരിക്കും കൂടുതൽ ശരി,

കുറച്ചുദൂരം ഓടിയപ്പോൾ ആ വയലങ്ങിനെ അനന്തമായി നീണ്ടുകിടക്കുന്നതു കാണായി. എന്റെ അരയ്ക്കുമീതെ ഉയരത്തിൽ വളർന്നുനിന്ന ആ നെൽച്ചെടികളും കടിഞ്ഞൂൽപ്രസവത്തിന്റെ ആലസ്യത്തിലേയ്ക്കു വഴുതിവീണ ചന്ദ്രനെ കാണാൻ കഴിഞ്ഞില്ലെങ്കിലും നല്ല നിലവുണ്ടായിരുന്നു. മഴച്ചാറ്റലുപോലെ മഞ്ഞുപെയ്തുകൊണ്ടിരുന്നു. ക്രമേണ തണുപ്പിക്കാറ്റും ആഞ്ഞടിച്ചു. പക്ഷേ ആ ചളിയും മഞ്ഞും നെല്ലിന്റെ ഉരവും ഞാനറിഞ്ഞിരുന്നില്ല ഞാൻ വല്ലാതെവിയർക്കുന്നുണ്ടായിരുന്നു പോലീസ്സിന്റെപിടിയിൽനിന്നു രക്ഷപ്പെടുകയെന്തല്ലാതെ മറ്റൊന്നും ഞാനപ്പോൾ ചിന്തിച്ചിരുന്നതുമില്ല നേരം പാതിരായായിരിക്കണം.

ആ വയൽ എവിടെയാണു ചെന്നവസാനിക്കുന്നതെന്നു, അതിലൂടെ എത്രദൂരം ഓടണമെന്നും ഞാൻ പലകുറി ആലോചിച്ചു. എത്രതന്നെ മാർഗ്ഗം പുറക്കാൻ ശ്രമിച്ചിട്ടും ഒരിക്കൽ മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല. അപ്പോഴേക്കും ആ പന്നികൾ എവിടെയെല്ലാമാണു് ആ പന്നികൾ പതിയിരിക്കുന്നതെന്നും അതു കണ്ടു!

എന്റെ ദുർബ്ബലമായ ശ്വാസകോശങ്ങളിൽ അത്രയുമാണെങ്കിലും കുറേയേറെ വായു നിറയ്ക്കാൻ വേണ്ടി ഞാൻ കുറച്ചുനേരം അവിടെനിന്നു ദൂരേയ്ക്കു സൂക്ഷിച്ചുനോക്കി അപ്പോഴുണ്ടു്, ആ വലിയ വരമ്പിലൂടെ അവർ വരിയായി മുന്നോട്ടു വരുന്നു. അതോടെ ആ ഓടുന്ന വഴിയുടെ സുരക്ഷിതത്വത്തെപ്പറ്റി ആലോചിക്കാൻപോലും ഇടകൊടുക്കാതെ ഞാൻ ഓടി.

ഒരുമണിക്കൂർ സാധിച്ചുപോലെയാണു ഞാൻ ആ വയലിന്റെ നടുവിലുള്ള പുഞ്ചയിൽ ചെന്നുകേറിയതു്. ഏതാനും ദിവസങ്ങൾക്കുമുമ്പു ഞാൻ ആ കടിലിൽ ഒരു ദിവസം താമസിച്ചിട്ടുണ്ടു്. അതിനെന്റെ പടിഞ്ഞാറെ കരയിലുള്ള വീട്ടിലെ ഒരു സഖാവാണു് എന്നെ അവിടെ കൊണ്ടുചെന്നാക്കിയതു്. അതെല്ലാം മനസ്സിൽ വന്നതോടെ ഒരു തവണകൂടി ഞാൻ പോലീസ്സിനെപ്പറ്റിച്ചതായ അതുല്യമായ ഒരാനന്ദം എനിക്കുളവായി ഞാൻ നേരേ ആ പടിഞ്ഞാറെ വീട്ടിലേക്കു പാഞ്ഞു.

പക്ഷേ അവിടെ വിളക്കു കത്തുന്നതു കണ്ടപ്പോൾ എന്റെ ഉത്സാഹം കാറ്റിൽ. അങ്ങിനെ ആ അസമയത്തു് ഉടർച്ചയായി വിളക്കു കത്തേണ്ട കാര്യമില്ലായിരുന്നു. എന്തായാലും, കുറച്ചുനേരം പുറത്തുനിന്നു ചെവിയോർത്തശേഷം ഞാൻ ആ സഖാവുകിടക്കുന്ന മുറിയുടെ വാതിലിൽച്ചെന്നു കതകിനുതട്ടി. ഞാൻ കതകിനുതട്ടിയ ഉടനെതന്നെ എന്നെ കാത്തിരിക്കുകയായിരുന്നപോലെ ഒരാൾ എണീറ്റു കതകുതുറന്നു—ആ സഖാവുതന്നെ!

"ഞാൻ ഇപ്പോൾമതന്നെ നിങ്ങളെപ്പറ്റി ആലോചിച്ചുതേയുള്ളൂ" എന്നും പറഞ്ഞു അയാൾ അതുവരെ വായിക്കുകയായിരുന്ന എന്റെ ഒരു പുസ്തകത്തിലെ ആ പേജു മടക്കിപ്പിടിച്ചു കാട്ടി ഒരു രഹസ്യപ്രവർത്തകൻ ഇരട്ടകുടുപിടിച്ചു രാത്രിയിൽ തന്റെ ആരാധികയെ അന്വേഷിച്ചുചെല്ലുന്നതിനെപ്പറ്റി വിവരിച്ചിരുന്ന അതേ പേജു തന്നെ!

"ആട്ടെ," ഒരു കൃത്രിമമായ സമാധാനത്തോടെ ഞാൻ അന്വേഷിച്ചു "എന്റെ കാമുകി, നേരമിരുട്ടിയിട്ടും വായനയിൽത്തന്നെ ലയിച്ചിരിക്കാൻ കാര്യമെന്താണാവോ?"

"വിശേഷിച്ചൊന്നുമില്ല," അയാൾ എന്റെ ചെവിയിൽ മന്ത്രിച്ചു "വീട്ടുകാരെയെങ്കിലും അടിക്കൊള്ളിക്കാതെ അവർ വന്നപാടെ അവരുടെകൂടെ ഇറങ്ങിച്ചെല്ലാമല്ലോ എന്നാലോചിച്ചു മാത്രം!"

എന്തൊരു അരക്ഷിതാവസ്ഥയാണു്!

"ഇപ്പോൾ എവിടെനിന്നു വരുന്നു?" അയാൾ എന്നെ സൂക്ഷിച്ചുനോക്കി, ഒരു പുതിയ മുണ്ടും ഷർട്ടും കിട്ടുമോയെന്നു് ഭാവിച്ചു

ഞാൻ നിർബ്ബന്ധപൂർവ്വം അയാളെ വിലക്കി പകരം വളരെയധികം തിട്ടപ്പെടുത്തി ഒരു താവളത്തിന്റെ കാര്യം അന്വേഷിച്ചു പക്ഷേ അയാൾ തികച്ചും നിസ്സഹായനായിത്തന്നെ അക്കാര്യത്തിൽ. കുട്ടംകൂടി കളംകോരപ്പെട്ടതുപോലെ പേടിച്ചു അവിടെ ആരും അതിനൊക്കുമില്ലായിരുന്നു. തന്നെയുമല്ല അയാൾതന്നെയും സംശയവുമുണ്ടായിരുന്നു. ഒടുക്കം അയാൾ രണ്ടുനാഴിക വടക്കു ഇയ്യിടെയായി മുന്നും പ്രവർത്തിക്കാതിരിക്കുന്ന ഒരു സഖാവിന്റെ പേരു പറഞ്ഞുതന്നു

"ശരി, എന്നാൽ നമുക്കു പോകാം" ഞാൻ സമ്മതിച്ചു.

എന്നാൽ അയാൾ രാത്രി വീട്ടിൽനിന്നിറങ്ങിപ്പോയിരുന്നു. 'അവരെങ്ങനെ വന്നെങ്കിൽ എന്നെ രാത്രി വീട്ടിൽക്കാണാതിരുന്നാൽ വീട്ടുകാരെപ്പേടിച്ചു തല്ലില്ലേ?"

അതിന്റെ സാധ്യാസാധ്യതകളെപ്പറ്റി ഞാൻ തർക്കിക്കാൻ പോയില്ല എന്റെ ക്ഷേമത്തിനുവേണ്ടി അയാളെ ക്ഷണിച്ചുവരുത്തിയതിനും തെറ്റായിപ്പോയെന്നു എനിക്കു തോന്നി വീണ്ടും ഞാൻ നടന്നു മറ്റൊരു വഴിയിൽക്കൂടെ.

പ്രതീക്ഷിച്ചതിലുംവേഗം ഞാൻ ആ സ്ഥലത്തുചെന്നു പക്ഷേ ആ വീട്ടിൽ എനിക്കു പേടിയില്ലായിരുന്നു അതുകൊണ്ടു അവിടെ അടുത്തുള്ള ഒരു തെഴിലാളിസഖാവിന്റെ വീട്ടിൽ ചെന്നുനോക്കി അദ്ദേഹം ഇറയത്തുതന്നെ കിടപ്പുണ്ടായിരുന്നു. എന്നാൽ ആ സഖാവു് സംസാരിക്കാൻപോലും അശക്തനായിരുന്നു. ആ വീട്ടിൽ അന്നു യാതൊന്നും വെച്ചിട്ടില്ല. ഭാര്യയും

കോളേജ് വിദ്യാർത്ഥികൾക്ക്

'ശാകുന്തളത്തെപ്പറ്റി'

ഒരു നല്ല ഗൈഡ്!

തിരു. യൂണിവേഴ്സിറ്റി കോളേജ് മലയാളം പ്രൊഫസർ കോന്നിയൂർ ശ്രീമതി കെ. മീനാക്ഷിഅമ്മ അഭിപ്രായപ്പെടുന്നു:—

"ശാകുന്തളം നാടകത്തെയും, അതിന്റെ കർത്താവായ കാളിദാസനേയും പറ്റിയായി പരിചയപ്പെടുത്തിക്കൊണ്ടു തുടങ്ങുന്ന ഈ വ്യാഖ്യാനത്തിൽ, കവിയുടെ കാലം, നാടകത്തിലെ ഇതിവൃത്തം ഇതിവൃത്തത്തിന്റെ മൂലകഥയിൽനിന്നു വരുത്തിയിട്ടുള്ള മാറ്റങ്ങൾ, അവയുടെ ഔചിത്യം, ഓരോ അങ്കങ്ങളിലേയും കഥാവസ്തു, നാടകത്തിൽ അവയ്ക്കുള്ള സ്ഥാനം, കഠിനപദ്യങ്ങളുടെ മുകളിലുള്ള വ്യാഖ്യാനം, കഥാപാത്രങ്ങളുടെ സ്വഭാവ ചിത്രീകരണം, ഇതുകൾ കാര്യങ്ങളും അടുക്കി പ്രതിപാദിച്ചിരിക്കുന്നു. തീരെ പരിമിതമായ താളുകൾക്കുള്ളിൽ ഇതുകൾ ബഹുലമായ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കാര്യമാത്രപ്രസക്തമായ രീതിയിൽ ഇങ്ങനെ ഒരു ഗൈഡെഴുതാൻ കഴിഞ്ഞ ശ്രീ ഏ കെ അനന്തമോഹനാർഹനാണ്.....പ്രഭാതവേളയിലെ അരുണിമയേറ്റു തിളങ്ങുന്ന തുഷാരബിന്ദുക്കളെ കൊമ്പിപ്പിക്കുന്ന ഒരു പ്രത്യേക മംഗള ശ്രീ. ഏ. കെ. യുടെ ശുദ്ധിയുമായ ശൈലിക്കുണ്ടെന്നു പറയാൻ എനിക്കു സന്തോഷമുണ്ട്.....മറ്റൊന്നാവാത്ത സാഹിത്യശോഭ ഇണങ്ങിച്ചേർന്നിട്ടുള്ള ഈ വ്യാഖ്യാനം ഭിഡ്യാ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായിരിക്കും."

Publishers: **Prabhath Stors, Punalur**

കഞ്ഞുങ്ങളും പരിപൂർണ്ണ പട്ടിണിയാണ്. എന്നിട്ടും അദ്ദേഹം ഇതായത്തെവിടെയോ ഇത്തിരി വെട്ടകത്തിയുമെടുത്തു എന്റെകൂടെ ഇറങ്ങിപ്പോന്നു.

അങ്ങിനെ വലിയൊരാശ്വാസത്തോടെ ഞാനെന്റെ മുളിയ്ക്ക സ്ഥലത്തെത്തി. അതിനകം ഞാനാകെ തളർന്നു കഴിഞ്ഞിരുന്നു. ചെന്നപാടെ ഞാനാതറയിൽത്തന്നെ കിടന്നു. ക്ഷീണവന്ന സഖാവു മറ്റൊരാളിനെ വിളിച്ചുണർത്തി. കുറച്ചു താമസിച്ചപ്പോൾ അയാൾ കയ്യിലൊരു വിളക്കുമായി പ്രത്യക്ഷപ്പെട്ടു. എന്നാൽ അയാളുടെ ആ മുഖഭാവം കണ്ടപ്പോൾ എനിക്കുതോന്നി ഇയാളുടെ മുടിയുടെയും ചാടിയുടെയുമെല്ലാം വെടുപ്പതയായെന്ന്. അയാൾ അന്നു പുലർച്ചെ ബോംബെക്കുപോവാൻ ഒരുങ്ങിയിരിക്കയാണ്. ഞങ്ങൾ അവിടെ ഏതാനും നിമിഷങ്ങൾകൂടി താമസിക്കുന്നതു അയാളുടെ യാത്രമുടക്കലാണ്.

അങ്ങിനെയുള്ള ഒരവസരത്തിൽ അയാളേപ്പോലുള്ളവർ നാട്ടുവിട്ടുന്നതിന്റെ ഔചിത്യത്തെപ്പറ്റി ഞാൻ സംസാരിക്കാൻ ശ്രമിച്ചു പക്ഷേ അതു ശ്രദ്ധിക്കാൻ അയാൾക്കു തയ്യാറില്ലായിരുന്നു. വീട്ടിൽ താമസിച്ചു നാട്ടുകാര്യം നടത്താൻ വീട്ടുകാർ സമ്മതിക്കുന്നില്ല; നാട്ടുകാര്യത്തിനു നടക്കണമെങ്കിൽ വീട്ടിൽ താമസിക്കാതെ നിവൃത്തിയുമില്ലെങ്കിനെ കുറെനേരം ചർച്ചയായതൊന്നും പ്രയോജനപ്രദമായ ഒരു പരിഷ്കരണത്തിനുശേഷം അയാൾ നാട്ടുവിടാൻ തീരുമാനിച്ചിരിക്കയാണ്.

വാസ്തവംപറഞ്ഞാൽ അയാളുടെ ആ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കണ്ടുപിടിക്കാൻ എനിക്കു കഴിഞ്ഞില്ല എന്നാൽ അയാളെയങ്ങിനെ നല്ലവനായി പറഞ്ഞയക്കാനും എനിക്കു മനസ്സുണ്ടായില്ല. ഞാൻ രാഷ്ട്രീയം പറഞ്ഞു കേമനാവാൻ ശ്രമിച്ചു. പകരം അയാൾതന്റെ അനുഭവംപോലും രാജിവെച്ചു സംസാരിച്ചു.

ഒടുക്കം മുഷിച്ചിലോടുകൂടിത്തന്നെ ഞാൻ യാത്രപറഞ്ഞു. എവിടെപ്പോകണമെന്നു എനിക്കു നിശ്ചയമില്ലായിരുന്നു. എന്നാലും അവിടെയങ്ങിനെ നിൽക്കാനോ, ഏതെങ്കിലും നിലക്കു അയാളുടെ സഹായം തേടാനോ എനിക്കു ഇഷ്ടവുമില്ലായിരുന്നു.

ഒന്നും മിണ്ടാതെ ഞാൻ മുങ്ങി നടന്നു. ആ തൊഴിലാളിസഖാവും എന്നെ പിന്തുടർന്നു. ഞങ്ങൾ രണ്ടുപേരും പാടത്തേക്കിറങ്ങി. എന്നാൽ ഞങ്ങൾ ആ പാടത്തു ഏതാനും അടി മുന്നാട്ടുവെച്ചു് എന്തിനാവേണ്ടി തിരിഞ്ഞുനോക്കിയപ്പോൾ അയാളുടെ തന്റെ ഭോഗമായി ആ ബോംബെസഞ്ചാരി ഞങ്ങളുടെ പുറകെ ബദ്ധപ്പെട്ടുവരുന്നതു ഞാൻ കണ്ടു. പക്ഷേ അപ്പോഴും ഞാനും മിണ്ടിയില്ല.

എന്നാൽ ഞങ്ങൾ ആ ചെറിയ പാടംകഴിഞ്ഞു ഒരു പറമ്പിൽക്കയറി വീണ്ടും മറ്റൊരു പാടത്തേക്കിറങ്ങി കിഴക്കോട്ടു നടന്നപ്പോൾ ഒരു സംഭവമുണ്ടായി. സാധാരണതോതിൽ മുണ്ടും ഷർട്ടും ധരിച്ച മൂന്നാലുപേർ മെല്ലെമെല്ലെ കിഴക്കുനിന്നു വരുന്നതുകണ്ടു അവരാരായിരിക്കുമെന്നു ഞാനനേഷിച്ചപ്പോൾ അതു എന്തൊരു ചങ്ങാതിക്കൂറികഴിഞ്ഞു തിരിച്ചുവരുന്ന പരായിരിക്കുമെന്നു ആ തൊഴിലാളി സഖാവു പറഞ്ഞു. മറ്റേയാൾ അതു വിശ്വസിച്ചതായി തോന്നിയില്ല

ഏതായാലും ഒരു രക്ഷണത്തിനുവേണ്ടി ഞാൻ തെക്കോട്ടു തിരിഞ്ഞു ഉടനെ അയാൾ പറഞ്ഞു, "ചതിച്ചു, മറ്റേപുള്ളികളും തെക്കോട്ടു തിരിയുകയാണ്."

ഞാൻ തിരിഞ്ഞുനോക്കി അവർ പരിചയിക്കുഞ്ഞ ആ വരമ്പത്തുകൂടി അതിവേഗം നടക്കുകയാണ്. അവരെ കണ്ട ആ അമ്പലപ്പുറമ്പിൽ മറ്റു ചില മനുഷ്യരൂപങ്ങളും നീങ്ങുന്നതുപോലെയും എനിക്കു തോന്നി.

ഉടനെ ഒന്നിയാതെ ഞങ്ങളുടെ ഓടിപ്പോയി ഒപ്പം അവരും ഓടി. ഞങ്ങൾ വഴിമാറിവെച്ചു അതോടെ അവരും അതുതന്നെ ചെയ്തു ഉടുപ്പിടാത്ത ഏ. എസ്. പി ക്കാരായിരുന്നു അതു് ഞങ്ങൾ പല തോട്ടുകളും എടുത്തു ചാടി അതെല്ലാം അവരും ചാടി

"തിരിഞ്ഞുനിന്നാലോ?" ഓടുന്നതിനിടക്കു ആ തൊഴിലാളി സഖാവു എന്നോടഭിപ്രായമാരാഞ്ഞു. എനിക്കും ആ അഭിപ്രായം തോന്നാതിരുന്നില്ല. പക്ഷേ അതു കണ്ടാൽ പേർ മാത്രമുള്ള എന്നതിനെ നാണംകെടുപ്പു് ഞങ്ങൾ കുറേദൂരം കൂടി ഓടി.

"അല്ല, നില്ക്കുന്നം!" പെട്ടെന്നു ആ തൊഴിലാളി സഖാവു് അവിടെ നിന്നു. അത്ഭുതകരമായ ആ തീരുമാനം കേട്ട ഞാൻ തിരിഞ്ഞു നോക്കിയപ്പോഴേക്കും അയാൾ തന്റെ കയ്യിലിരുന്ന ആയുധവുമായി തിരിഞ്ഞു നിന്നു കഴിഞ്ഞിരുന്നു ഞാനും നിന്നു. ഉടനെ അപ്പുറത്തു മറ്റവരും നിന്നു.

രണ്ടുകൂട്ടരും ഒരു പെറിയ കണ്ണിന്റെ രണ്ടുവശത്തുമായി നിലകൊണ്ടു. എന്നാൽ ഒരു നേരിയ നിമിഷത്തെയ്ക്കു മാത്രമായിരുന്നു അതു് അടുത്ത നിമിഷത്തിൽ മറ്റേ കൂട്ടർ വിസിൽ വിളിച്ചു. അവരെ ഞങ്ങളാക്രമിക്കുണ്ട് അമ്പലപ്പുറമ്പിൽനിന്നു ആരുടെയെല്ലാമോ ബഹളംകേട്ടു. അവരുടെ ആ ബഹളം കേട്ടയേകരമായി നായ കുരച്ചു— അതോടെ ഞങ്ങൾ വീണ്ടും ഓടി. പക്ഷേ എവിടെ നിന്നെല്ലാമോ എന്നറിയാൻ കഴിയാത്തവിധം പല സ്ഥലത്തുനിന്നും അവർ ഓടിയടുത്തുണ്ടായിരുന്നു.

പിടിക്കപ്പെട്ടുവെന്നുതന്നെ ഞാൻ കരുതി. എന്നാലും ആവുന്നത്ര ഒരു ശ്രമിക്കുതന്നെ. പക്ഷേ എനിക്കു വളരെയൊന്നും വേഗത്തിലോടാൻ പറ്റുന്നില്ലായിരുന്നു. ഞാൻ ഒരു പിടിയപ്പോലെ കിതയ്ക്കുകയായിരുന്നു

ഇടയ്ക്കുവെച്ചു എന്റെ കയ്യിലുണ്ടായിരുന്ന ആ ചെറിയ സഞ്ചി ക്കൂടി "ഞാൻ പിടിക്കട്ടേ"യെന്നു ആ ബോംബെക്കാരൻ ചോദിച്ചു. അയാളുടെ ആ അനാവശ്യം എനിക്കാവശ്യമില്ലായിരുന്നു അപ്പോൾ. ഞാൻ അപ്പോഴും അയാളോടൊന്നും മിണ്ടിയില്ല. എന്റെ മുഖവുമെരു നിറഞ്ഞുനിന്നിരുന്നു അയാളോടുള്ള ശുണ്ഠിയും വിരോധവും.

അത്രയായപ്പോഴേയ്ക്കും അവർ ഞങ്ങളുടെ വളരെ അടുത്തെത്തിക്കഴിഞ്ഞിരുന്നു— അവർ തങ്ങളുടെ ലാത്തിയെറിഞ്ഞാൽ ഞങ്ങളുടെ തലയ്ക്കു കൊള്ളത്തക്ക അടുത്തു് അവിടെ ഒരു ചെറിയ പാലം കടക്കാനുണ്ടായിരുന്നു. ആ നൽപ്പാല

തിന്റെ നടുക്കുവെച്ചു ഞാൻ കെട്ടിമറിഞ്ഞു വീഴുമെന്നായിരുന്നു എന്റെ തോന്നൽ. എന്നാലും വളരെ വിഷമിച്ചു ഞാനതു കടന്നു. ഞാൻ പാലം കടന്ന ഉടനെ അയ്യാപ്പൊക്കാരൻ പറയുന്നതു കേട്ടു 'ഉടനെ ക്ലട്ടൽ വേഗം ഓടിക്കൊള്ളണം!' അതിനും മറുപടി പറഞ്ഞതു എന്റെ മരുവിച്ചു കഴിഞ്ഞ മനസ്സായിരുന്നു. "തന്റെ ഒരു ഉപദേശം!' ഏതായാലും ഉള്ളശക്തിമുഴുവൻ സംഭരിച്ചു ഞാൻ ഓടി. തൊട്ടു പുറകെത്തന്നെ തന്റെ വെട്ടുകത്തിയുമായി ആ ഒതാഴിലാളി സഖാവും.

പ്രാണനെടുത്തു കയ്യിൽപ്പിടിച്ചു കൊണ്ടുള്ള ആ ഓട്ടത്തിന്റെ വേഗതയ്ക്കിടയിൽ കുറേനേരത്തേക്കു ഞാൻ പുറകിലുള്ള എന്റെ കൂട്ടുകാരെപ്പോലും നിശ്ശേഷം മറന്നു. ഒന്നു തല തിരിച്ചാൽ അതുപയോഗം സമയം താമസിക്കുമല്ലോ എന്നായിരുന്നു എന്റെ പേടി. എന്നാൽ എന്റെ തൊട്ടുപുറകെയോടിയിരുന്ന ആ ഒതാഴിലാളി സഖാവു ഇടക്കുകയറിപ്പറഞ്ഞു "അയാളക്കാണായില്ല"

ഞാനും ഒന്നു തിരിഞ്ഞുനോക്കി ശരിയാണു!— അയാളെ പിടിച്ചുകാണുമെന്നു ഞാൻ ഉൽഘോഷിച്ചു. അതോടെ ഒരു നിമിഷനേരം ഞങ്ങളൊന്നു നിന്നുപോയി അപ്പോഴേക്കു വലിഞ്ഞുവലിഞ്ഞു അയ്യപ്പൻ അവിടെ ഓടിയെത്തുന്നു. അന്നേരം അയാളുടെ കയ്യിൽ തന്റെ ജോശില്ലായിരുന്നു. വന്നപാടെ അയാൾ പറഞ്ഞു. "വഴിമാറിവെക്കണം, നേരെ ചെന്നാൽ റോട്ടിൽ കിടക്കുന്ന ഇടിവണ്ടിയുടെ വായിൽ വീഴും!'

ആയുസരത്തിലും ഞാനയാളോടു തട്ടിക്കയറി "താനെന്തെടുക്കുകയായിരുന്നു അവിടെ?"

"എന്റെ കാലിനു ഒരേടുകൊണ്ടു—അതു പാലം വലിച്ചു മാറിയപ്പോൾ!"

ഞാൻ വളരെയേറെ ഒരു യന്ത്രമായിപ്പോകുന്നുവെന്നു അപ്പോഴാണു എനിക്കു ബോധ്യപ്പെട്ടതു. എന്നാലും അതു സമ്മതിക്കാൻ തോന്നിയില്ല. ആ സഖാവു എന്നിൽനിന്നു അങ്ങിനെയൊരു കുഷ്യസാരം പ്രതീക്ഷിച്ചുമില്ല തന്റെ ഏടുകൊണ്ടു അതു കാലുംവെച്ചു അയാളും ഞങ്ങളുടെ മുമ്പിൽ കേറി ഓടി – ഞങ്ങൾക്കു പുതിയൊരു വഴി കാണിക്കാൻ

ഉദ്ദേശം രണ്ടുനാഴിക ഞങ്ങളങ്ങിനെ ഓടിയിരിക്കും, അതിലിടയ്ക്കു പലകുറി തിരിഞ്ഞുനോക്കിയിട്ടും മറേറ ക്ലട്ടരെ കണ്ടില്ല. എങ്കിലും അവർ ഞങ്ങളെ പിന്തുടരുന്നുണ്ടായിരുന്നുവെന്നതന്നെയാണു വിചാരിക്കേണ്ടതു. വീണ്ടും വിടാതെ ഓടി. പക്ഷേ ഓടിയെന്നു പറയാമെന്നല്ലാതെ സാധാരണഗതിയിലുള്ള നടത്തത്തിന്റെ വേഗതപോലും ഇല്ലായിരുന്നു അതിനു. അതുപയധികം ക്ഷീണിച്ചിരുന്നു എല്ലാവരും.

ഏതായാലും, ഒരു കണക്കിനു ഞങ്ങളവിടത്തെ ആ പുഴവക്കത്തെത്തി. അവിടെയെത്തിയശേഷമാണു വഞ്ചിയില്ലെന്നും, ശക്തിയായ ഒഴുക്കുള്ളതുകൊണ്ടു നീന്തിക്കടക്കാൻ പാടില്ലെന്നും മനസ്സിലാകുന്നതു് വീണ്ടും പുഴവക്കത്തുകൂടി ഓടി. കുറേദൂരമങ്ങിനെ ഓടിയപ്പോൾ ഒരു ചേറുവഞ്ചി കിടക്കുന്നതുകണ്ടു പക്ഷേ അതു ഉന്നാൻ കഴിക്കോല്ലായിരുന്നു. എന്നാലും വഞ്ചി തള്ളി, മൂന്നുപേരുംകൂടി അതു വുന്നത്ര ഉയക്കോടെ അതു ഉഴഞ്ഞു ഒരു കണക്കിനു അക്കരെപ്പറ്റി.

അപ്പോഴാണോക്കുക അവിടേയും റിസർവ്വുപോലീസുള്ള കായ്യം. അക്കരെയൊരമ്പലത്തിൽ പൂർവ്വവൈരാഗ്യം തീർക്കുന്നതുപോലെ അവിടെയൊരു പോലീസുകാരൻ ഞങ്ങളുടെ നേരെ വെടിപൊട്ടിക്കുകയും ചെയ്തു. ക്ലട്ടരുടെ ഒടാൻ വയ്യ, ഓടിയിട്ടു എവിടെയാണു ചെന്നുകേറുകയെന്നും പിടിയില്ല.

ഞാനും ആ തൊഴിലാളിസഖാവുംകൂടി അല്പനേരം ആലോചിച്ചുനിന്നു. അപ്പോഴും സ്വയം ഒരു അയിത്തക്കാരനേപ്പോലെ അകന്നുനിന്ന മറേറയാൾ പറഞ്ഞു. "ഒന്നാന്നരനാഴികകൂടി നടന്നാൽ ഒരു പരീക്ഷിച്ചുനോക്കാവുന്ന ഒരു സ്ഥലമുണ്ടു്."

ഇനിയും ഒന്നരനാഴിക നടക്കണം. തന്നെയുമല്ല ആ സ്ഥലമാകട്ടേ തലേന്നു മുഴുവൻ എന്നേയും വേറൊരു സഖാവിനേയും (ഇന്നത്തേ ഹം മണ്ണിന്റെ അടിയിലാണു) ഒരു വിഷക്കാട്ടിലിരുത്തിയ പ്രദേശവുമാണു് ഏതായാലും ഒന്നുമില്ലാത്തതിലും ഭേദമല്ലേ എന്ന നിലയിൽ ഞാൻ വീണ്ടും നടന്നു അകലെനിന്നതന്നെ വേണമെങ്കിൽ ശത്രുക്കൾക്കു അപ്പോഴേ ഞങ്ങളെ കാണാമായിരുന്നു അതുയും വല്ല നിലാവുണ്ടു്. എങ്കിലും തെങ്ങിന്റെ മാപിടിച്ചു ആ മൂടൽമഞ്ഞുംകൊണ്ടു് ഞങ്ങളും നടന്നു

അങ്ങിനെ ഇഴഞ്ഞിഴഞ്ഞു ഞങ്ങളും ഒരു കവുക്കിന അവിടെയെത്തി. ഞങ്ങളെ രണ്ടുപേരെയും ഒരു കൈത്തള്ളിന്റെ മറവിൽ നിർത്തി ആ ബോംബെ സഖാവു ഏതൊ ഒരു വീട്ടിൽച്ചെന്നു മുട്ടിവിളിച്ചു. കതകു തുറക്കാൻതന്നെ വളരെ താമസിച്ചു. അതു തുറന്നതിനു ശേഷവും വളരെനേരം കാത്തുനില്ക്കേണ്ടിവന്നു—അതും നടപ്പില്ലെന്നു എനിക്കു തോന്നി.

ഏതായാലും ഒടുക്കം അയാളും തിരിച്ചുവന്നു അതു നല്ലകുയ്യും പറഞ്ഞു. "ശരിപ്പെട്ടു ഒരു സ്ത്രീയും ഏതാനും കുട്ടികളും മാത്രമേയുള്ളു. വേറെ വിഷമിക്കാനൊന്നുമില്ല."

വിഷമിച്ചാലും വേണ്ടില്ല, എവിടെയെങ്കിലും ഒന്നു വീണാൽമതിയെന്നതായിരുന്നു അപ്പോഴത്തെ എന്റെ നില.

അതു വീടിന്റെ പിന്നാംപുറത്തായി അകത്തുനിന്നു അപ്പോൾതന്നെ തുറന്നിടപ്പെട്ട ആ കതകു കടന്നു ഞാൻ ഒരു മുറിയിൽ പ്രവേശിച്ചു. ഞാൻ ആ മുറിയിൽ കടന്നതിനൊപ്പം മറേറ മുറിയിൽനിന്നു അതുമുറിയിലേയ്ക്കുള്ള കതകു തുറന്ന ശബ്ദംകേട്ടു ഞാൻ കണ്ണുതുറന്നു. എന്നാൽ കതകുതുറന്ന ശബ്ദമായിരുന്നില്ല, അതിനുമുമ്പേ കതകു തുറന്നു എന്റെ മുറിയിൽ വന്ന ആ സ്ത്രീ തിരക്കിട്ടു അപ്പുറത്തു കടന്നുപ്പോൾ വാതിലുണ്ടാക്കിയ അപശബ്ദമായിരുന്നു അതു്. എനിക്കുവേണ്ടി കുറേ കാപ്പിവെള്ളവും പച്ചരിപ്പുട്ടും കൊണ്ടുവന്നുവെച്ചു അവർ തിരിച്ചുപോയതുമായിരുന്നു. അവരുടെ ശരീരത്തിന്റെ ഏതാനും ഭാഗങ്ങൾമാത്രമേ ഞാൻ കണ്ടുള്ളു. എങ്കിലും അവർ എന്നോളം വയസ്സില്ലാത്ത ഒരു ചെറുപ്പക്കാരിയാണെന്നു എനിക്കു തോന്നി.

അവർ തിരിച്ചു ചെല്ലുമ്പോഴേക്കും ഒരു കൈക്കുഞ്ഞു കാറിക്കാറിക്കരയുന്നുണ്ടായിരുന്നു. അതു അവളുടെ കുഞ്ഞായിരിക്കുമെന്നു ഞാനൂഹിച്ചു. തിരിച്ചുചെന്ന അവർ ആ കുഞ്ഞിനെ വാരിയെടുക്കുന്നതും അതിനോടു മാപ്പുചോദിക്കുന്നപോലെ അതിനെ ഒന്നുമുകവക്കുന്നതുമായ ഒരു രംഗം ഞാനെന്റെ മനസ്സിൽ

വായനക്കാരോട്

അനർഘനിമിഷം	1—4—0
ജന്മദിനം	1—8—0
ഓർമ്മക്കുറിപ്പ്	1—4—0
കഥാബീജം	1—4—0
പ്രേമലേഖനം	1—0—0
ബാല്യകാലസഖി	1—4—0
ശബ്ദങ്ങൾ	1—8—0
വിസ്മൃതികളുടെ സ്വർഗ്ഗം	1—4—0
മരണത്തിന്റെ നിഴലിൽ	1—0—0
മുച്ചീട്ടുകളിക്കാരന്റെ മകൾ	0—6—0
നവപ്രപഞ്ചസ്രഷ്ടാവിനോടൊർത്ത്	2—0—0
ആനവാരിയും പൊൻകുരിശും	0-10—0

ക്ലാസ്സിനെ ഈ ദിനിയാവിലുള്ള സകല എഴുത്തുകാരുടേയും പുസ്തകങ്ങൾ കിട്ടുന്നതാണ്. ഉടനെ എഴുതുക.

ബഷീഴ്സ് ബുക്ക്സ്റ്റാൾ

൦൦1. ബി. റോഡ്, എറണാകുളം.

ണ്ട്. അ കുഞ്ഞു അത്തിയോടെ അമ്മയുടെ മുലവലിച്ചുകുടിക്കുന്ന രംഗം പോലും കേട്ടതായി എനിക്കു തോന്നി. ജീവിതം പൂർണ്ണമാകണമെങ്കിൽ ഒരു കുഞ്ഞിന്റെ അമ്മയോ അച്ഛനോ ആകണം മനുഷ്യനെന്ന ഒരു തത്വവിചാരം എന്റെ മനസ്സിൽക്കൂടി കടന്നുപോയി. ആ തത്വവിചാരവുമായി അവൾ കൊണ്ടുവെച്ചിരുന്ന കാപ്പിയും പുട്ടും ഞാൻ മുഴുവനും അടിച്ചു.

അതു അകത്തുചെന്നപ്പോൾ എനിക്കു ഒന്നു കിടുങ്ങസക്കിരിക്കണമെന്നു തോന്നി. എന്നാൽ അക്കാര്യം അപ്പോൾ സാധ്യമല്ലാത്തതുകൊണ്ടും അവളെ അധികം ബുദ്ധിമുട്ടിക്കാൻ ഇഷ്ടപ്പെടാത്തതുകൊണ്ടും ഞാനതു വേണ്ടെന്നുവെച്ചു വീണ്ടും ഉറങ്ങാൻ കിടന്നു—ഒരാഴ്ചമുഴുവൻ ഒന്നിച്ചു കിടന്നുറങ്ങാനുള്ള അത്തിയുണ്ടായിരുന്നു എനിക്കു.

അതു ഉറക്കത്തിൽ, അവളെന്തെന്നെയാണെന്നതോന്നൽ എന്നെ വന്നു വിളിച്ചുണർത്തി നട്ടുമടക്കിയ തന്റെ ഒരു സാരികൊണ്ടുവന്നതന്നു എന്റെ മുഖമെല്ലാം തുടച്ചു ഷർട്ടും അലക്കാൻ വാങ്ങിച്ചുകൊണ്ടുപോയി. ഒരു സ്വപ്നംപോലെയേ എനിക്കു തോന്നുന്നുള്ളൂ. ഞാനവളെ മിഴിച്ചുനോക്കിയെങ്കിലും അവളുടെ രൂപം അപ്പോൾ ഓർമ്മയിൽ നിന്നില്ല, അവൾ എന്റെ മുഖവും കൊണ്ടു തിരിച്ചുപോകുന്നതിനുമുമ്പേ ഞാൻ വീണ്ടും ബോധംകെട്ടു ഉറങ്ങിപ്പോയി.

പിന്നെ ഞാനുണർന്നതു അ ബഹളത്തിന്റെ നടുവിലായിരുന്നു. എന്തൊരു ബഹളമായിരുന്നുവെന്നോ അതു്. ഇപ്പോഴും അസ്സലായി ഓർമ്മയുണ്ടു്, ആ ബഹളം കേട്ടു ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റ എന്റെ കരൾ മണ്ണുനിറച്ച കണ്ണൻ ചിരട്ടയുടെ മൂർച്ചകുറഞ്ഞിയപോലെയായതു്. എങ്ങിനെയാണതു സംഭവിച്ചതെന്നു ഇന്നും എനിക്കറിഞ്ഞുകൂടാ. ഞാനുണർന്നു നോക്കിയപ്പോൾ അ വീട്ടിലുള്ള നാലഞ്ചു പ്രേമർ ഞാനിരുന്ന മുറിയുടെ ചുറ്റുംനിന്നു "ഭേ ഞങ്ങടെവീട്ടിലൊരാളു്. ഞങ്ങളുടെ വീട്ടിലൊരാളു്!" എന്നും പറഞ്ഞു വിളിയിടുന്നതാണു കണ്ടതു്. അ വിളികേട്ടു മറ്റോരാനും പിള്ളേർകൂടി ഓടിവന്നു അവിടെ. അവരും ഞാനിരുന്ന മുറിയുടെ ഓലകൊണ്ടുള്ള മറ കുത്തിത്തുളച്ചു അകത്തിരിക്കുന്ന എന്നെ തുറിച്ചുനോക്കുകയും വിളിക്കുട്ടുകയും ചെയ്തു. എല്ലാവരും ഒപ്പം തൊള്ളയിട്ടു "ഭേ ഒരാളു് ഭേ ഒരാളു്!"

ഞാനാകെ തരിച്ചുപോയി. എന്തുചെയ്യണമെന്നു എനിക്കൊരന്തവും കിട്ടിയില്ല. "നിങ്ങളുടെ അമ്മാവനല്ലേ കുഞ്ഞേട്ടനല്ലേ" എന്നെല്ലാം പറഞ്ഞു ഞാനവരുടെ അടുത്തുചെല്ലാൻ നോക്കി. അപ്പോഴൊക്കെ അവർ കൂട്ടത്തൽ ബഹളംകൂട്ടി. അ വീട്ടിലുള്ള കുട്ടികളിൽച്ചിലർ അതുവരെയെല്ലാമോ വിളിച്ചു നിഷേധിക്കാൻതുടങ്ങി.

അടുത്തടുത്തായി വേറെയുംവീടുകളുണ്ടു് ഒരുപറമ്പിന്നപ്പുറത്തായി. വടക്കു ഭാഗത്തു ഒരു വഴിയുമുണ്ടു്. അവിടെ നിന്നെല്ലാം അ ബഹളം കേട്ടു ആളുകൾ അങ്ങോട്ടൊഴുകിയായി—അ വീട്ടിന്റെ അധികപേരെ അവിടെയെങ്കും കാണാനുമില്ലായിരുന്നു.

എന്തൊരവസ്ഥ! എന്താണു ഞാൻ നേരിട്ടുന്നതെന്നതന്നെ എനിക്കു ഒരു പിടിയും കിട്ടിയില്ല. കതകുതുറന്നു പുറത്തു കടന്നെങ്കിലോ എന്നു ഞാനാലോചിച്ചു പക്ഷേ അവർ എന്നെ പിടിച്ചുകെട്ടിയാലോ? — പിന്നെ, അവിടെത്തന്നെ ഇരുന്നാലോ!

പ്രായം ചെന്ന പുരുഷന്മാരിൽപ്പലരും ആ മുറിത്തുടിച്ചുകുടി അതിലൊരാളെ ഞാൻ നല്ലപോലെ അറിയും. ഒരു ഘർഷാരം തലയിൽ കെട്ടിവന്ന അയാളും അവിടത്തെ വിജിലൻസുകമ്മിറ്റി പ്രസിഡണ്ടാണ്—അവർ ഞാനാരായിരിക്കുമെന്നും എന്തുചെയ്യണമെന്നും അവരാലോചിക്കുകയാണു്.

അവരുടെ ഇടയിലെ ധീരന്മാരായ ഒന്നു രണ്ടുപേർ കാലപ്പഴുതിലൂടെ അകത്തേക്കു സൂക്ഷിച്ചുനോക്കി. ചിലർ കതകു ഉന്തിനോക്കി. ഞാനങ്ങിനെ അന്തംവിട്ടു ഇരിക്കുകയാണു്! എന്തെങ്കിലുംചെയ്യുമോ ഒരു അക്ഷരമെങ്കിലും പറയുമോ എനിക്കു കഴിവില്ലായിരുന്നു, പിന്നെ അ ഇരുപ്പിന്നത്തിന്? അവോ എനിക്കതന്നെ അറിഞ്ഞുകൂടാ—അവരിൽ ചിലർ വീടിന്റെ അകത്തുകയറി. മറ്റു ചിലർ വിളിച്ചുചോദിച്ചു "ആരാ അകത്തു്? ആരാ അകത്തു്!"

അതുയുമായപ്പോൾ ഞാനെന്തോ പറയാൻ ഭാവിച്ചതായി എനിക്കു തോന്നുന്നു. എന്നാൽ ഞാനെന്തെങ്കിലും പറയുന്നതിനുമുമ്പു്, അലക്കുന്നേടത്തുനിന്നു അവിടെ ഓടിയെത്തിയ അ ചെറുപ്പക്കാരി അട്ടഹസിക്കുന്നതുപോലെ ഇങ്ങിനെ പറയുന്നതു കേട്ടു "ആരാണെന്നോ? ആരായാലും നിങ്ങൾക്കെന്തു വേണ്ടതു്!"

"എന്നാലും ആരാണെന്നറിഞ്ഞുകൂടെ?" എന്നു [illegible].

"ആരാണെന്നറിയണോ— എന്റെ കൂടെക്കിടക്കാൻവന്ന ഒരാളാണു്!"

ഉത്തരംമുട്ടിയ അവർ ഉൽഭവത്തെ അവളെ നോക്കിനിന്നു. അതിലും ഭയങ്കരമായി, കുളത്തിൽനിന്നു ഈറനായി കേറിവന്ന അവൾ അതേപടിതന്നെ അവരുടെ മുഖത്തു നോക്കി നിന്നു വിയർത്തുതുടങ്ങി.


അ "ക്രമസമാധാന"ക്കാരനും കൂട്ടുകാരും കാരോരുത്തരായി പിരിഞ്ഞുപോയി. അവരെല്ലാവരും പോയിക്കഴിയുന്നതുവരെ അവർ അനങ്ങാതെ നിൽപ്പുതന്നെ. അവരെല്ലാം പോയിക്കഴിഞ്ഞപ്പോൾ തന്റെ വീട്ടിലെ പിള്ളേരെയെല്ലാം പിടിച്ച അവൾ പൊതിരെ തല്ലി—അ ഓരോ അടിയും എന്റെ ചങ്കിനു കൊള്ളുന്നതായി എനിക്കു തോന്നി.

അതു കഴിഞ്ഞ ഉടനെ അവർ എനിക്കു ഉച്ചയൂണുള്ള ചോറു കൊണ്ടുവന്നുവെച്ചു. എന്നാൽ എനിക്കു ഒരു പറവപോലും മനസ്സിറങ്ങുന്നുണ്ടാൻ കഴിഞ്ഞില്ല. അ പാത്രം എടുത്തുകൊണ്ടു പോയപ്പോഴാകട്ടെ അവൾ അതേപടിതന്നെയെങ്കിലും വല്ലതും സംസാരിക്കുമെന്നു ഞാനാശിച്ചു. പക്ഷേ അവൾ ഒരക്ഷരം മിണ്ടിയില്ല. എന്റെ മുഖത്തു നോക്കിയതുപോലുമില്ല — ശത്രുവിന്റെ പിടിയിൽപ്പെട്ടുന്നതിനേക്കാളും ഉത്സുഹമായിരുന്നു എനിക്കതു്. പക്ഷേ അ നിശ്ശബ്ദത ഭഞ്ജിക്കാൻ എനിക്കു ധൈര്യമുണ്ടായില്ല.


വീണ്ടും, അവിടെനിന്നു ഇറങ്ങിപ്പോയെങ്കിലോ എന്നു ഞാനാലോചിച്ചു. പക്ഷേ എന്റെ അ പ്രവൃത്തി അവളെങ്ങിനെ എടുക്കുമെന്നു എനിക്കു നിശ്ചയിക്കാൻ കഴിഞ്ഞില്ല—ഞാൻ പിന്നേയും അവിടെ ഉറച്ചിരിക്കാൻ ശ്രമിച്ചു. എന്നാൽ, എന്തെങ്കിലും സംശയത്തോടുകൂടിയാണു അ വിജിലൻസുകാർ പിരിഞ്ഞുപോയതെങ്കിൽ അടുത്ത [illegible] പോലീസ്സുമായിട്ടാണു ഞാനാച്ചു.

നേരംപോകാൻ എന്തൊരു താമസമായിരുന്നുവെന്നോ? അന്നത്തെപ്പോലെ ഞാനൊരിക്കലുമതെന്നു അതുവരെയധികം വെളിച്ചത്തിന്റെ വിരാധിയായിരുന്നിട്ടില്ല.

(ശേഷം 21-ംപേജിൽ)



പരീക്ഷാസമയം ആയിരിക്കും അല്ലേ? വായനയിൽ ലയിച്ചിരിക്കുന്നവർ സല്പസമയം ഈ ചേച്ചി പറയുന്നതൊന്നു ശ്രദ്ധിച്ചിട്ടു വായന തുടങ്ങിയാൽ ഉപകാരമായിരിക്കും. വലിയ വിശേഷപ്പെട്ട ഒന്നുമല്ലാ പറയാൻപോകുന്നതു്. അതുകൊണ്ടു് കായ്യം കേട്ടിട്ടു വായനയെ തടസ്സപ്പെടുത്തിയതിനു പിന്നീടു പറയരുതു്.



നാളത്തെ പൂക്കാലം

കഴിഞ്ഞ ഓണം മത്സരത്തിന്റെ കായ്യം നിങ്ങൾ എല്ലാവരും ഇപ്പോഴും ഓർമ്മിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു. അതിനെപ്പറ്റി ഒരു കായ്യം പറയാനുണ്ടു്. അതുകൊണ്ടാണു് പഠിത്തത്തിൽനിന്നു് നിങ്ങളെ അല്പനിമിഷത്തേയ്ക്കു ആ പഴയ ഓണക്കാലത്തേയ്ക്കു വലിച്ചുകൊണ്ടു പോകുന്നതു്. ഓണമത്സരങ്ങളിൽ പങ്കെടുത്തവർക്കു് സമ്മാനം കിട്ടിയില്ലാ എന്നും പറഞ്ഞു വളരെ പരാതികളും കിട്ടിയിട്ടുണ്ടു്. മന്നാംസമ്മാനം ലഭിച്ച എല്ലാവർക്കും സമ്മാനം അയച്ചു എന്നു വിചാരിക്കുകയായിരുന്നു ചേച്ചി. അതുപോലെ തന്നെ രണ്ടാംസമ്മാനത്തിന്റേയും കായ്യം. രണ്ടാംസമ്മാനാർഹമായ കഥയും, ലേഖനവും മറ്റും ഓണം വിശേഷാൽപ്രതിയിൽ സ്ഥലമില്ലാത്തതുകൊണ്ടാണു് പ്രസിദ്ധപ്പെടുത്താഞ്ഞതു്. അതു താമസിയാതെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സമ്മാനം അയയ്ക്കുന്ന വിചാരിച്ചിരുന്നു. ഇന്നലെ കിളിമാന്തൂർനിന്നു രമാകാന്തന്റെ എഴുത്തു കിട്ടിയപ്പോഴാണു് ആഫീസിൽ തിരക്കിയതു്. അപ്പോഴാണു് സമ്മാനങ്ങളൊന്നും അയച്ചിട്ടില്ലെന്നു അറിഞ്ഞതു്. അയയ്ക്കാൻ മേൽവിലാസങ്ങളും കൊടുത്തിട്ടുണ്ടായിരുന്ന അദ്ദേഹത്തിനു പകരം പുതിയ ഒരാളാണു് ആഫീസിൽ ഇപ്പോൾ ജോലിനോക്കുന്നതു്. സമ്മാനം അയച്ചെന്നു വിചാരിച്ചിരുന്നതു് തെറ്റാണെന്നു ഇപ്പോഴാണു് അറിയുന്നതു്. എല്ലാ സമ്മാനങ്ങളും ഈ 15-ാം തീയതിക്കുമുമ്പു് അയയ്ക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. പതിനഞ്ചിനകം കിട്ടാത്തവർ ചേച്ചിയെ മണിഓർഡർവിവരം അറിയിക്കുമെന്നു വിശ്വസിക്കുന്നു. ഈ താമസം നേരിട്ടതിനുചേച്ചി നിങ്ങളോടു മാപ്പു ചോദിച്ചുകൊള്ളുന്നു. ഈ പാവപ്പെട്ട ചേച്ചിയിൽ ദയവുണ്ടാകുമെന്നു കരുതുന്നു.

കാർഡുകളും കിട്ടിക്കാണുമല്ലോ? ഇഷ്ടമായോ, വിവരം അറിയിക്കണം. എല്ലാവർക്കും സുഖംതന്നെന്നു വിശ്വസിക്കുന്നു. ശേഷം അടുത്തതിൽ.

സ്നേഹപൂർവ്വം,
നിങ്ങളുടെ ചേച്ചി.

ചോദ്യങ്ങളുടെ ഉത്തരം

1. ചന്ദ്രക്കല:—(ഈ ഉത്തരത്തിനു പകരം രസകരങ്ങളായ പല ഉത്തരങ്ങളും കിട്ടിയിട്ടുണ്ടു്. ബാല്യത്തിൽ രണ്ടു പല്ലു വാർദ്ധക്യത്തിൽ കൊഴിഞ്ഞുപോകുന്നു എന്നു പകൽകുറിയിൽ നിന്നൊരു മാന്യൻ എഴുതുന്നു. അങ്ങനെ പല അഭിപ്രായങ്ങളും. ചിലതു ശരിഉത്തരത്തിനേക്കാളും നന്നായിട്ടുണ്ടു്)

2. ആകെ. മിഠായി 14

3. പ്രവത്തിയാരുടെ മൂത്ത എന്റെ സഹോദരിയാണു്. തെങ്ങിനു മൂന്നുപേരേയുള്ളു.

4. ബസ്സ്നു കേട്ട വന്നാൽ ഒരു സൈഡിലേയ്ക്കു തള്ളിമാറിയിടണം.

ചേച്ചിക്കിഷ്ടപ്പെട്ട ഉത്തരങ്ങളും അയച്ചുതന്നവരുടെ പേരുകളും:—കെ. ഗോപാലകൃഷ്ണൻനായർ, ഓയൂർ; എസ്. ശശിധരൻ, കല്ലറ; ജി. ലളിതാഭായി, പ്രാക്കുളം; ലീലാ മൺറോത്തുരുത്തു്; കെ വി. സുപ്രഭ തെക്കോട്ടശ്ശേരി

(അടുത്തയാഴ്ച ചോദ്യങ്ങളും പ്രസിദ്ധപ്പെടുത്തുന്നതാണു്)

കെ. ഹൈമവതി, കൊട്ടങ്ങല്ലൂർ. ചെറുകഥ കിട്ടി. പേടിക്കാതെ ഹൈമേ, കഥ വായിച്ചുനോക്കിയിട്ടു അഭിപ്രായം പറയാം. **ജെ. ഹജറാബായി. C/o ശ്രീ. ജനിസ്സേട്ട് B. A.** കൊത്തുവാളം തെരുവു്. പാല, തിരുവനന്തപുരം. ചോദിച്ചചോദ്യം പ്രത്യേകിപരോട്കുട്ടേ.

രമാകാന്തൻ, കിളിമാന്തൂർ. സമ്മാനം അയച്ചതന്നതാണു്. ക്ഷമിക്കണം കവറിൽ എഴുതിയാൽ മറുപടി കിട്ടുകയില്ലെന്നുള്ളതു് വെറും തോന്നലാണല്ലേ?

ലീല, മൺറോത്തുരുത്തു് ലളിത എഴുതാതിരിക്കയില്ല ഒരു കൂടി ക്ഷമിക്കു ഇല്ലെങ്കിൽ പുതിയ കൂട്ടുകാരിയെ പരിചയപ്പെടുത്തിത്തരാം. ചേച്ചിക്കിപ്പോൾ കുഞ്ഞുങ്ങളില്ല. ഉള്ളതു രണ്ടു കൊച്ചുമിട്ടുകന്മാരുണ്ടു്. സലീമും, റോമിയോയും കാർഡുകിട്ടിയോ?

എൻ. കെ. ഖാസിം, വടക്കനാകുളം "പെണ്ണെന്നൊരെണ്ണത്തിനെ സൃഷ്ടി.....കഴിഞ്ഞേനേ" ഇതു് അമ്മയുടെ മുമ്പിൽചെന്നുനിന്നു പൊല്ലിനോക്കു. അവർ എന്തുപറയുമെന്നറിയാമല്ലോ. സ്വാമി അയയ്ക്കുന്നവർക്കു മറുപടി നേരിട്ടയയ്ക്കുമെന്നു അതുപറഞ്ഞു! സുഖംതന്നല്ലോ.

അഞ്ജിക, കിളിമാന്തൂർ ചേച്ചിയുടെ ഒരു ചിത്രം മനസ്സിൽ തോന്നുന്നതുപോലെ വരച്ചയയ്ക്കു. ഒത്തിട്ടുണ്ടെങ്കിൽ അറിയിക്കാം. രാജമല്ലിപൂവിന്റെ കായ് തിന്നാൻ വരുന്ന തത്തകളിൽ ഒന്നു് ചേച്ചിയുടെ വീട്ടിനടുത്താണു് താമസം. അതിന്റെ പേരു മാലതി എന്നാണു്. ഓമനയെന്നും വിളിക്കും അതുവന്നു കായ്യങ്ങളും പറയാറുണ്ടു്.

കെ. രാമമൂർത്തി, മൂവാറ്റുപുഴ. സങ്കടപ്പെടാൻ എന്തുണ്ടായി ചേച്ചിക്കിതുവരേയും എഴുതാത്തതിൽ സങ്കടപ്പെട്ടുന്ന അനുജനെ ഈ

ചേച്ചി എന്തു പ്രത്യുപകാരം ചെയ്താൽ മതിയാകും. ചേച്ചിയുടെ മുഖപടി കണ്ടിട്ടില്ലേ? കവിതയുടെ പൊട്ടെല്ലാം തീർത്തു കളയാം

പി. സാവിത്രീദേവി, ഹരിപ്പാട്. വീട്ടിലെ എല്ലാവിവരവും അറിയിച്ചതിൽ സന്തോഷമുണ്ട്. തിരുവനന്തപുരത്തു വരുമ്പോൾ ചേച്ചിയെക്കൂടി വന്നുകാണണേ. ജയശ്രീയേയും, രവിയേയും ചേച്ചിയുടെ വാത്സല്യമേറിയ അന്വേഷണം അറിയിക്കണം. ശാന്ത തിരുവനന്തപുരത്താണോ? 'സാവി' എന്ന ചെല്ലപ്പേരിലാണല്ലേ വീട്ടിൽ അറിയുന്നതു്.

എൻ. വേണുഗോപാൽ, ആശ്രാമം. എന്തുണ്ടിത്ര ജോലിത്തിരക്കു്? വൈദ്യശാലയിൽ സഹായിക്കുകയാണോ? വേണുവിന്റെ സന്ദർശനം ചേച്ചി ആകാംക്ഷയോടെ കാത്തിരിക്കുകയാണു്. ശാന്തയെക്കൂടി കൊണ്ടുവരണം.

രാജാമണി, നീണ്ടകര. ഈ കൂട്ടുകാരികളെ 'പരിജയപ്പെട്ടത്തിത്തരാൻ' ചേച്ചിക്കറിഞ്ഞുകൂടാ! ലീഗങ്ങളെ വിളിച്ചുകൂട്ടിയാൽ രാജംവരുമോ ഈ കൂട്ടുകാരിക്കെഴുത—എസ്. രാജലക്ഷ്മിഅമ്മ, മഠത്തുവീട്ടു്, കിള്ളിയൂർ.

ബാബുരാജേന്ദ്രപ്രസാദു്, വക്കം. രാജന്റെ അഭിപ്രായങ്ങളും ചക്രാധിപരെ നേരിട്ടെഴുതി അറിയിക്കു. ചേച്ചി ഒരു കൂട്ടുകാരനെ പരിചയപ്പെട്ടത്തിത്തരാം മക. രവീന്ദ്രനാഥൻനായർ, ചെറയിൽ വീടു്, വാമനപുരം.

എസ്. രാജലക്ഷ്മിഅമ്മ, കിള്ളിയൂർ. ഒരു കൂട്ടുകാരിക്കു പരിചയപ്പെട്ടത്തിക്കൊടുത്തിട്ടുണ്ടു്. ചോദ്യങ്ങളും അയച്ചുതരൂ, ഉത്തരങ്ങൾകൂടി ഉണ്ടായിരിക്കണം. എങ്കിലേ പ്രസിദ്ധപ്പെടുത്താൻ പറ്റൂ.

വി കൃഷ്ണൻകുട്ടി, നന്ത്യാട്ടുകുന്നം. ലീഡ്കാർഡു അയച്ചിട്ടുണ്ടു്. കിട്ടാഞ്ഞതെന്തെന്നറിഞ്ഞുകൂടാ. പുതിയ കാർഡു അയച്ചുതരാം. കവിത പ്രസിദ്ധപ്പെടുത്താം

കുമാരി കനകം, കോട്ടയം. ബേബിഗിരിജയുടെ മേൽവിലാസം ഇതാണു്. പബ്ലിക്ഹൗസിനടുത്തു് അലപ്പുഴ, ഒരാഴ്ചകൊണ്ടാൻ ചേച്ചിപോയില്ല. വീട്ടിൽനിന്നു കാണുന്നു. പത്തുഅഞ്ചുദിവസമെങ്കിലും


സഹായം മറയിയായി

സി. ഇന്ദിരാംബരം ആശ്രമം നമ്പർ 2513

ശ്ലോകത്തിൽ അഞ്ചടിക്കും. അനുജൻ ഗോപാലൻ വാതലിൽ വന്നു നിൽക്കും. സ്കൂളിൽ നിന്നും ഞാൻ എത്തുന്നതുവരെ എന്നെ പ്രതീക്ഷിച്ചു നിൽക്കും. ഉരുക്കാണെങ്കിലും മുതൽ കൈകൊട്ടു്, വിളി, പാട്ടു്. ഇതാണു് സാധാരണ തൊഴിൽ. എന്റെ വരവിൽ അവനു് എന്തോ കയ്യുകമുണ്ടു് പുസ്തകവും കുടയും ഇടത്തുകയ്യിലാക്കിയിട്ടു് ഞാൻ വലതുകയ്യിൽ വാരിപൊക്കിയെടുത്തു് അവനേയും കൊണ്ടായിരിക്കും വീട്ടിനുള്ളിൽ കയറുക പാടാനൊന്നും രാഗമവനു കിട്ടിയില്ലെങ്കിൽ "ചേച്ചീ ചേച്ചീ ചേച്ചീ ചേച്ചീ" എന്നെങ്കിലും ഒന്നു് ഈണത്തിൽ വിളിച്ചു കൂവും. അന്നു് ഞാൻ കയറിവന്നപ്പോൾ പാട്ടു് ഇതായിരുന്നു.

"മുടപ്പുലാനാരാലത്തിൻ മുറത്തു
വളർന്നനാളൊരു വേളനാട്ടം"

എനിക്കു് അരിശം മൂത്തു. ഞാൻ പുസ്തകവും കുടയും ചോറുപാത്രവും താഴെവച്ചു. അവന്റെ രണ്ടു കൈയും ചേർത്തു പിടിച്ചു് "പാടെടാ കേൾക്കട്ടെ" എന്നു പറഞ്ഞു. അവൻ പാടത്തില്ല. ഞാൻ ശ്ലേഷപ്പെട്ടു. നിർബന്ധിച്ചു. അവൻ വീണ്ടും പഴയതുപോലെ പാടി ശരിയായി പറഞ്ഞുകൊടുത്തിട്ടും അവൻ തെറ്റുപാടി. ആശാൻ 'ഹരി ശ്രീ' പറഞ്ഞുകൊടുക്കുന്നതുപോലെ ഞാനും പറഞ്ഞുകൊടുത്തു. എന്നിട്ടും പാട്ടു ശരിയായില്ല. ഞാൻ അടിക്കുമെന്നും അവൻ മുറ്റുകരയുമെന്നുമായി. മരഞ്ഞുനിന്നു ബഹളം ശ്രദ്ധിച്ചുകൊണ്ടിരുന്ന ഞങ്ങളുടെ ചേച്ചി പ്രത്യക്ഷപ്പെട്ടു. എന്റെ കാലിൽ ഒരു വെളുത്ത പാട്ടുണ്ടോ എന്നു ചോദിച്ചു. വാസ്തവമായിരുന്നു. അതു ഞാൻ നാലുകൊല്ലംമുമ്പു് ഗോപാലനെപ്പോലെ പാടിയപ്പോൾ ചേച്ചി അടിച്ചുതായിരുന്നു. എന്റെ ഓർമ്മയിൽ മറക്കാ



നാളത്തെ പൂക്കൾ

ദി നവഭാരത് ബാങ്ക് & ചിട്ടിഫണ്ട് ആലപ്പുഴ

1947-ൽ സ്ഥാപിച്ചതു്

5800 രൂപയുടെ ലേലച്ചിട്ടി വീണ്ടും ആരംഭിക്കുന്നു

പ്രതിമാസം	(ക്യാഷ് സെക്യൂരിറ്റി)	പ്രതിമാസം
50 രൂപവീതം 40 തവണ	2000 രൂപാ	30 രൂപവീതം 40 തവണ 1200 രൂപ
25 ,, 40 ,,	1000 ,,	15 ,, 40 ,, 600 ,,
12½ ,, 40 ,,	500x2 ,,	തുടരെ ചിട്ടികൾ ആരംഭിക്കുന്നു.

തൽവ്യാലയുടെ ആവശ്യപ്പെടുക: പ്രൊ: പി. കെ. കരുണാകരൻ.

സാഹിത്യപുരോഗതി ബംഗാളിലും കേരളത്തിലും

★

തോട്ടം, രാജശേഖരൻ എം. എ.

പ്രമുഖ ഭാരതീയ ജനവിഭാഗങ്ങളിൽ പലതുകൊണ്ടും മുൻപന്തിയിൽ നിൽക്കുന്ന കേരളീയർക്കും ബംഗാളികൾക്കും തമ്മിലുള്ള സാജാത്യങ്ങളും സാധർമ്മ്യങ്ങളും സുപ്രസിദ്ധങ്ങളാണല്ലോ. സാംസ്കാരിക മേഖലയിലുള്ള അനുക്രമമായ വികാസവും പുരോഗതിയും സമീക്ഷിച്ചാലും ഈ രണ്ടു സമൂഹങ്ങളേയും മുന്നോട്ടു നയിച്ചിട്ടുള്ള പ്രേരണാശക്തികളും ഏതാണ്ട് സമാനങ്ങളാണെന്ന് മനസ്സിലാക്കാം. നരവംശശാസ്ത്രജ്ഞന്മാർക്കും, ഭൂമിശാസ്ത്രജ്ഞന്മാർക്കും, മനഃശാസ്ത്ര വിദഗ്ദ്ധന്മാർക്കുമൊക്കെ അതിനുതക്കതായ കാരണങ്ങളും പറയാൻ കണ്ടേയ്ക്കും. സമുദ്രസാമീപ്യം, ആഹാരം, ജീവിതരീതികൾ, മാനസികഘടന, അടിസ്ഥാനവാസനകൾ തുടങ്ങി വസ്തുപരവും മാനസികവും ഭൂമിശാസ്ത്രപരവുമായ പല ഘടകങ്ങളും ഈ സാജാത്യത്തിന് സഹായകങ്ങളായിരിക്കാം. ഏതായാലും രാഷ്ട്രീയ—സാംസ്കാരിക മണ്ഡലങ്ങളിൽ ഉപരുക്തമായ ഇരുവർഗ്ഗക്കാർക്കും ഉണ്ടായ പുരോഗതി സൂക്ഷ്മം അപഗ്രഥിക്കുന്ന ഒരാൾക്ക് അതിന്റെ സജീവപ്രേരകശക്തികളായ ചില മൗലികതത്വങ്ങൾ പെട്ടെന്നുള്ളിൽ തട്ടിയേയ്ക്കും—വിശേഷിച്ചും ടാഗോറിനു പിമ്പുള്ള വംഗസാഹിത്യവും, ആശാനിപ്പുറമുള്ള മലയാളസാഹിത്യവും പഠിക്കുന്ന ഒരു സഹൃദയനു്. നവോത്ഥായിയായ ഭാരതത്തിൽ നവോന്മേഷം ഉൾക്കൊണ്ടുകൊണ്ട് പുലർന്നുവന്ന സമസ്തപ്രാദേശികഭാഷാസാഹിത്യങ്ങളേയും നയിച്ച ചിന്താഗതികളും, ചൈതന്യവും ഏതാണ്ടൊരേകരൂപ്യമുള്ളതായിരുന്നു എന്നു കാണുവാൻ വിസ്മരിക്കുന്നില്ല. എങ്കിലും വംഗസാഹിത്യത്തിലും മലയാളസാഹിത്യത്തിലുമാണ് ആ ഉണർവ്വ് സ്ഥായിയായി നിൽക്കുന്നതും നവമേഖലകളിലേക്ക് കയറിപ്പോയതും. എന്നാൽ താരതമ്യപഠനത്തിന് മുതിരുന്ന നമ്മുടെ നിരൂപകന്മാർ സാധാരണയായി ഈ വസ്തുത വിസ്മരിക്കുന്നതായിട്ടാണ് കണ്ടുവരുന്നതു്. അതിനു കാരണവുമുണ്ട്. വിദേശകല്പ പ്രസ്ഥാനങ്ങളുമായും, സാഹിത്യവുമായും വളരെയധികം കുറുപുലത്തി വരുന്ന നാം മലയാളത്തിന്റെ സഹോദര സാഹിത്യങ്ങളിലുണ്ടാവുന്ന നവപ്രവണതകളെക്കുറിച്ച് അധികമറിയുന്നില്ല. അറിഞ്ഞാലൊട്ട കാര്യമാക്കാറുമില്ല. ഭാഷാനഭിജ്ഞതയുംകൂടി അതിനു പ്രമുഖഹേതു. എങ്കിലും അക്കാര്യമിനിയും അവഗണിക്കുകയാണെങ്കിൽ നമ്മുടെ സാംസ്കാരികപുരോഗതി സുഗമമാകയില്ല. ഏതൊരു ഭാഷയുടെയും സാഹിത്യത്തിന്റെ പിന്നിൽ പണ്ടും ഇന്നും ഏതാണ്ടൊരുപോലുള്ള ഒരു ജീവിതസംസ്കാരംകൊണ്ടു ഫലഭൂയിഷ്ഠമായ ഭാരതത്തിലെ മണ്ണാണ് നമ്മുടെ കലാസംസ്കാരതരുവിന്റെ പീഠഭൂമി. വിവിധപ്രാദേശിക സാഹിത്യങ്ങൾ പരസ്പരം ഒറ്റപ്പെട്ടു നിൽക്കുകയാണെങ്കിൽ അവയോരോന്നും സങ്കുചിതത്വംകൊണ്ടും വൈവിധ്യമില്ലായ്മകൊണ്ടും മൈനം ഭിനം മൂരടിച്ചുകൊണ്ടിരിക്കും. ആ മൂരടിപ്പ് മലയാളസാഹിത്യത്തെ സംബന്ധിച്ചേടത്തോളം ആരംഭിച്ചു കഴിഞ്ഞിട്ടില്ലേ എന്നു തന്നെ നമ്മുടെ നിരൂപകന്മാർ ആശങ്കിച്ചു തുടങ്ങിയിരിക്കയാണ്. നമ്മുടെ സാഹിത്യം 'സോഷ്യലിസ്റ്റ് റിയലിസ'ത്തിനു പാകമായി എന്നു വീറോടെ വാദിച്ച നിരൂപകന്മാർ അതു ഭാവതാരളൃത്തിലേക്ക്—ചപലമായ സെൻറിമെൻറാലിസത്തിലേക്ക്—ഒഴുകിയിറങ്ങുന്നതു നോക്കി മുകരായിരിക്കയാണ്. മിക്കവാറും എല്ലാ പ്രാദേശികഭാഷകളിലും ഇതരയാതൊരു ഭയനീയസ്ഥിതി സംജാതമായിരിക്കയാണ്—ഈ പ്രതിസന്ധിഘട്ടത്തിൽ പ്രധാന പ്രാദേശികഭാഷകളിലെ മുഖ്യധാരകളെക്കുറിച്ച് സാമാന്യമായൊരവബോധം ഉണ്ടായിരുന്നാലേ ഏകാഗ്രമായ സാംസ്കാരിക പുരോഗതി നമുക്കു സമാർജ്ജിക്കാൻ കഴിയൂ. ദ്രാവിഡഭാഷാസാഹിത്യങ്ങളെക്കുറിച്ചുമാത്രം പോരാ, ഭൈവാണിയുടെ പ്രാകൃതഭേദങ്ങളിൽ നിന്നുരുത്തിരിഞ്ഞു് അനുക്രമമായ വികാസംനേടി ജനകോടികൾക്കും ചൈതന്യം നല്കിയും അവരുടെ ജീവിതസംസ്കാരത്തിൽ നിന്നുയിർത്തും ഇന്നും ഏതാണ്ടു പൊതുവായ ഒരു ജീവിതസംസ്കാരംകൊണ്ടു ഫലഭൂയിഷ്ഠമായ ഭാരതത്തിലെ മണ്ണാണ് നമ്മുടെ കലാസംസ്കാരതരുവിന്റെ പീഠഭൂമി. വിവിധപ്രാദേശിക സാഹിത്യങ്ങൾ പരസ്പരം ഒറ്റപ്പെട്ടു നിൽക്കുകയാണെങ്കിൽ അവയോരോന്നും സങ്കുചിതത്വംകൊണ്ടും വൈവിധ്യമില്ലായ്മകൊണ്ടും മൈനം ഭിനം മൂരടിച്ചുകൊണ്ടിരിക്കും. ആ മൂരടിപ്പ് മലയാളസാഹിത്യത്തെ സംബന്ധിച്ചേടത്തോളം ആരംഭിച്ചു കഴിഞ്ഞിട്ടില്ലേ എന്നു തന്നെ നമ്മുടെ നിരൂപകന്മാർ ആശങ്കിച്ചു തുടങ്ങിയിരിക്കയാണ്. നമ്മുടെ സാഹിത്യം 'സോഷ്യലിസ്റ്റ് റിയലിസ'ത്തിനു പാകമായി എന്നു വീറോടെ വാദിച്ച നിരൂപകന്മാർ അതു ഭാവതാരളൃത്തിലേക്ക്—ചപലമായ സെൻറിമെൻറാലിസത്തിലേക്ക്—ഒഴുകിയിറങ്ങുന്നതു നോക്കി മുകരായിരിക്കയാണ്. മിക്കവാറും എല്ലാ പ്രാദേശികഭാഷകളിലും ഇതരയാതൊരു ഭയനീയസ്ഥിതി സംജാതമായിരിക്കയാണ്—ഈ പ്രതിസന്ധിഘട്ടത്തിൽ പ്രധാന പ്രാദേശികഭാഷകളിലെ മുഖ്യധാരകളെക്കുറിച്ച് സാമാന്യമായൊരവബോധം ഉണ്ടായിരുന്നാലേ ഏകാഗ്രമായ സാംസ്കാരിക പുരോഗതി നമുക്കു സമാർജ്ജിക്കാൻ കഴിയൂ. ദ്രാവിഡഭാഷാസാഹിത്യങ്ങളെക്കുറിച്ചുമാത്രം പോരാ, ഭൈവാണിയുടെ പ്രാകൃതഭേദങ്ങളിൽ നിന്നുരുത്തിരിഞ്ഞു് അനുക്രമമായ വികാസംനേടി ജനകോടികൾക്കും ചൈതന്യം നല്കിയും അവരുടെ ജീവിതസംസ്കാരത്തിൽ നിന്നുയിർത്തും തമിഴ്കൊണ്ടും വളർന്നിട്ടുള്ള ഹിന്ദി, ബംഗാളി തുടങ്ങിയ ഭാഷാസാഹിത്യങ്ങളെക്കുറിച്ചും നാം അറിവു നേടേണ്ടിയിരിക്കുന്നു. ഈ ലേഖനത്തിൽ ആധുനികവംഗസാഹിത്യത്തിലെ അടിയൊഴുക്കുകളെ അപഗ്രഥിക്കുവാനും, മലയാളസാഹിത്യത്തിലെ സമാനങ്ങളായ പ്രവാഹങ്ങളുമായി അവയ്ക്കുള്ള സാധർമ്മ്യം ചൂണ്ടിക്കാട്ടുവാനും, ഏതാണ്ടു സമനായിക്കാനുമേ ഉദ്ദേശമുള്ളൂ.

ഭാവപരമായും രൂപപരമായും ലാളിത്യത്തിൽ നിന്നും സങ്കീർണ്ണതയിലേക്കുള്ള പരിവർത്തനം പുരാതന വംശ—മലയാള സാഹിത്യങ്ങളുടെ ഒരു പ്രത്യേകതയാണ്. ആര്യഭാഷയായ സംസ്കൃതത്തിനേറെയും, ആര്യകൃതങ്ങളായ സാഹിത്യശാസ്ത്രത്തിനേറെയും ഉത്കൃഷ്ടമായ പരിരംഭണമാണതിനു കാരണം. മലയാളഭാഷയെ സംബന്ധിച്ചേടത്തോളം പോറ്റമ്മയുടെ മാത്രം സ്ഥാനം വഹിക്കുന്ന സംസ്കൃതം നമ്മുടെ സാഹിത്യത്തിൽ വരുത്തിയ പരിവർത്തനം സമഗ്രവും വ്യാപകവുമായിരിക്കുന്ന സ്ഥിതിക്ക്, വംശസാഹിത്യത്തിന്റെ പഠനമെങ്കിലുമായ പ്രസ്തുത ഭാഷാതിനു നൽകിയ സംഭാവന ബൃഹത്തായിരിക്കുമെന്ന് എടുത്തു പറയേണ്ട ആവശ്യമില്ല. അങ്ങനെ ആര്യഭാഷയുടെ കലവറയിലുള്ള സമസ്താഭരണങ്ങളും എടുത്തണിഞ്ഞ പ്രസ്തുത ഭാഷാസാഹിത്യങ്ങളും കാലക്രമേണ രൂപപ്രധാനമായിത്തീരുകയും സ്വതന്ത്രമായ ലാവണ്യത്തേയും ലാഘവത്തേയും നശിപ്പിക്കുകയുംചെയ്തു. അതുകൊണ്ട് നേട്ടങ്ങളും കോട്ടങ്ങളും അനവധി ഉണ്ടായിട്ടുമുണ്ട്. ഈ ഒരു അടിസ്ഥാനത്തിലാണ് ഇതര സാഹിത്യങ്ങളും വളർന്നുവന്നിട്ടുള്ളതു്. ക്രമേണ ഇംഗ്ലീഷുഭാഷയുമായുള്ള സമ്പർക്കംമൂലം ബംഗാളിയും കൈരളിയും നവംനവങ്ങളായ സാഹിത്യപ്രസ്ഥാനങ്ങളുമായി പരിചയപ്പെടുകയാണ്. പൂർവ്വൈക്യവും ആത്മവിശ്വാസവും എല്ലാ പ്രാദേശികഭാഷകൾക്കെന്നോണം അവയ്ക്കും ലഭിച്ചു. ഭാരതീയ സ്വാതന്ത്ര്യസമരത്തിനു മുൻപു പടർന്നുപിടിച്ച ചിന്താവിപ്ലവത്തിനു കരിന്തിരികൊളുത്തിയതു ബംഗാളും കേരളിവുമായിരുന്നു. സചകിയ സംനാവാത്ത ആ രംഗം സ്വപ്നംപോലെ കൺമുമ്പിൽ കണ്ടു. ദേഷ്യവും ലജ്ജയുംകൊണ്ട് എന്റെ മുഖഭാവം മാറി. ചേച്ചി ഒന്നു പുഞ്ചിരിച്ചുകൊണ്ട് എന്റെ ആ പഴയപാട്ട് ഈണത്തിൽ പാടി.

"പച്ചക്കുരലിക്കലകക്കിടക്കിടെ
മെയ്യുത്തിന്നന്നാപ്പുള്ളുത്ത പളങ്ങളും"

ഞാൻ ശോപാലനെ വിട്ടുംവച്ച് എന്റെ മുറിയിലേയ്ക്കു തിരിഞ്ഞുനോക്കാതെ ഓടിക്കളഞ്ഞു.

സ്ക്കാരങ്ങളുടെ ഉജ്ജ്വലമായ ഒരു സ്പിരിനെക്കുറിച്ച് 'കേരളീയനും ബംഗാളിയും പ്രതിബോധവാനാകുന്നതു തന്നെ അപ്പോഴാണ്. ആ സാംസ്ക്കാരിക നവോത്ഥാനമാണ് യാസ്തവത്തിൽ നമ്മുടെ സ്വാതന്ത്ര്യസമരത്തെ തീവ്രവീര്യമാക്കിയതു്. ആ ഉത്ഥാനകാഹളത്തിന്റെ അനുരണനമാണ് ആധുനിക ഭാരതീയ സാഹിത്യങ്ങളുടെ മൌലികമായ അന്തർഭാവം. ടാഗോറും, ഡി. എൻ. റോയിയും ശരത്ചന്ദ്രനും, ആശാനും, വള്ളത്തോളും, ചങ്ങമ്പുഴയുമൊക്കെ ഇന വോർത്ഥാനത്തിന്റെ വിവിധ ഭാവങ്ങളും ആവിഷ്ക്കരിച്ചു "കാട്ടുകയാണുണ്ടായതു് സാഹിത്യത്തിൽ മാത്രമല്ല ചിത്രകലയിലും ശില്പനിർമ്മാണത്തിലും, സംഗീതത്തിലും, ഈ നവചേതസ്സിന്റെ കതിരുകൾ ദൃശ്യമാണ്. ഇപ്രകാരം ആധുനിക ഭാരതീയഭാഷാ സാഹിത്യങ്ങളുടെ പുത്തൻ പ്രവണതകൾക്ക് നിദാനം ഒരു ശക്തിയായിരുന്നിരിക്കേ ബംഗാളി-കേരളീയ സാഹിത്യങ്ങൾക്ക് കൂടുതൽ ഗാഢർമ്മം എങ്ങിനെ വന്നു ഭവിച്ചു? മനശ്ശാസ്ത്രവിദഗ്ദ്ധന്മാർ പറയും അതിനുള്ള കാരണം. കലാസ്വാദനക്ഷമത ഏറെക്കുറെ മാനസികഭാവങ്ങളെ ആശ്രയിച്ചാണല്ലോ നിൽക്കുന്നതു്. അങ്ങനെയാണെങ്കിൽ മലയാളികൾക്കും ബംഗാളികൾക്കും പൊതുവായി ചില മാനസികഭാവങ്ങൾ ഉണ്ടെന്നുവരണം. അന്വേഷിക്കാം. നാട്യനൃത്യനൃത്തങ്ങളിലുള്ള ഭേദം, സംഗീതഭേദം, ഹാസ്യഭേദം, നേരിയ വിഷാദാത്മകതാ, ക്ഷണികമായ വികാരപാരമ്യം—എന്നിങ്ങനെ അത്യുഷ്ടകങ്ങൾ അതികാലം മതല്ലാതെ രണ്ടു കേരളീയജനതയുടെ സ്വഭാവത്തിൽ നിലീനമായിട്ടുണ്ടെന്നു് ശ്രീ. ഏ. ബാലകൃഷ്ണപിള്ള എവിടെയോ പ്രസ്താവിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ട്. ഇതിൽ വിഷാദാത്മകതാ ചില സ്ഥലങ്ങളിൽ അകമ്മണ്യതയിലേക്കും മറ്റു ചിലപ്പോൾ സംഹാരാസക്തിയിലേക്കും നീങ്ങിപ്പോകും എന്നുകൂടെ മനസ്സിലാക്കണം! ബംഗാളികളുടെ ഇതിഹാസപുരാണങ്ങളുള്ള സാമൂഹ്യ സാംസ്ക്കാരിക— രാഷ്ട്രീയചരിത്രം എതാണ്ടൊന്നോടിച്ചുനോക്കുമ്പോൾ കേരളീയരെ സംബന്ധിച്ചുള്ള ഈ പ്രസ്താവം പ്രയത്നമെന്നേ അങ്ങോട്ടും സമനയിക്കാൻ കഴിയും ഈ ഒരു പശ്ചാത്തലത്തിൽ വേണം ആധുനിക വംഗ—കേരളീയ സാഹിത്യങ്ങളെ അപഗ്രഥിക്കേണ്ടതും, താരതമ്യപ്പെടുത്തേണ്ടതും വിലയിരുത്തേണ്ടതും.

കലാപ്രസ്ഥാനങ്ങളെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ 'ആധുനികം' എന്ന വിവക്ഷ തികച്ചും ആപേക്ഷികമാണ് ചിലമാനദണ്ഡങ്ങൾ കൊണ്ടളന്നുമുറിച്ചു കലണ്ടർപാതി കമാക്കി ചിട്ടപ്പെടുത്തി. എഴുതപ്പെട്ടിട്ടുള്ള സാഹിത്യനിരൂപണങ്ങൾ നമുക്കു പരിചിതങ്ങളാണ് എന്നാൽ ചരിത്രത്തിലെന്നപോലെ കാലത്തിന്റെ പുരോഗതിക്കനുസരണമായി മാത്രം കലാപ്രയാണത്തെ കാണാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ട്, സാഹിത്യത്തെ സംബന്ധിച്ച് പുരാതനം, ആധുനികം എന്ന പരിഗണന ആപേക്ഷികം മാത്രമാണ്. നേഷ്യന്റെ മാറിമാറിവരുന്ന രുചിഭേദങ്ങളുമായും, മാനുഷിക ഭാവങ്ങളുമായും, ജനതയുടെ വികാരപരമായ സ്വഭാവത്തിന്റെ അടിസ്ഥാനതത്വങ്ങളുമായും കലയ്ക്ക് അഭേദ്യമായ ബന്ധമുണ്ട്. ഈ ഒരു വീക്ഷണകോടി സ്വീകാര്യമാണെങ്കിൽ, ആധുനിക വംഗ—മലയാള സാഹിത്യങ്ങൾ യഥാക്രമം ടാഗോറിനേയും ആശാനേയും കാലക്ഷേപം മുതല്ലാണെന്നു പറയാം. വംഗസാഹിത്യത്തിൽ ടാഗോർ ഒരു വ്യക്തിയല്ല, വ്യാപ്തിയും പ്രാപ്തിയുമുള്ള മഹത്തായ ഒരു പ്രസ്ഥാനമാണ്. സാഹിത്യം, സംഗീതം, ചിത്രമെഴുത്ത്, വിദ്യാഭ്യാസം എന്നിങ്ങനെ സമൂഹത്തായൊരു സാംസ്കാരിക ജീവിതത്തിന്റെ അവശ്യഘടകങ്ങളുടെ മണ്ഡലങ്ങളിലൊക്കെ അതുല്യപ്രതിഭാശാലി അപ്രതിരോധ്യനായി നില്ക്കുന്നുണ്ട്. ഇത്ര വ്യാപകമായ പ്രേരണാശക്തി വംഗദേശത്തിലൂടെ നീളം ഉതിർത്തുവിട്ട രവീന്ദ്രകവിയുടെ ജീവിതശില്പം എന്തായിരുന്നു? ശാന്തമകത, ലാളിത്യം—അവയായിരുന്നു. അദ്ദേഹത്തിന്റെ കലാശില്പത്തിന് ശ്രുപപ്പാലിമ നൽകിയിരുന്ന ഘടകങ്ങളെന്നു് സമ്മതിക്കാം. എന്നാൽ ടാഗോർ സാഹിത്യത്തിന്റെ ജീവതശില്പം എന്തെങ്കിലും പുതുമ ഉൾക്കൊണ്ടിരുന്നുവോ? ഉപനിഷദ് പ്രോക്തങ്ങളും, കാളിദാസാദികളാൽ വളർത്തപ്പെട്ടതും, തിലക്, ഗാന്ധിജി തുടങ്ങിയവരാൽ പോഷിപ്പിക്കപ്പെട്ടതുമായ ഭാരതീയ സംസ്കാരചൈതന്യത്തെ സമകാലികപാശ്ചാത്യസങ്കേതങ്ങളിലൊതുക്കി ആവിഷ്കരിക്കുകമാത്രമല്ലേ അദ്ദേഹം ചെയ്തുള്ളൂ പല നിരൂപകന്മാരും ഇതിനിടെ ഉയർത്തിക്കഴിഞ്ഞിട്ടുള്ള പ്രസ്തുതചോദ്യം കുമാരനാശാനെതിരായും ഏറിയാവുന്ന ഒന്നാണ്. എന്തെന്നാൽ ആശാനും, ടാഗോറും പ്രചോദനം ഉൾക്കൊണ്ടിട്ടുള്ളതു് ഒരേ ശക്തിയിൽനിന്നാണ്. ഋഷി പ്രോക്തങ്ങളായ തത്വങ്ങളിലും, രഹസ്യ സംസ്ക്കാരത്തിലും അധ്യക്ഷവും അമാനുഷികവും ആയ ഒരു ശക്തിയിലും അടിയുറച്ചു വിശ്വസിച്ചിരുന്ന ആസ്തികന്മാരായിരുന്ന ഇരുവരും തികഞ്ഞ ഐഡ്യലിസ്റ്റുകളും— ആസ്തികന്മാർ— ആയിരുന്ന അവർ മനുഷ്യകൃതങ്ങളായ അസമതകളേയും അനാചാരങ്ങളേയും വിമർശിച്ചതു് ആ ഒരു പ്രേരകശക്തിയാൽ പ്രചോദിതരായിട്ടാണ്. അവരുടെ കലാശില്പങ്ങളുടെ മൂല്യം നിർണ്ണയിക്കുമ്പോഴും ഈ അടിസ്ഥാനതത്വത്തിൽനിന്നു നാം വ്യതിചലിക്കുവാൻപാടില്ല. നിഷ്കൃഷ്ടമായ അർത്ഥത്തിൽ പറയുകയാണെങ്കിൽ സാമൂഹ്യജീവിതസംബന്ധികളായ പോലുമല്ല അവരുടെ കൃതികളും. എന്തെന്നാൽ ആദർശാത്മകകല്പനികവാദത്തിന്റെ പരമോന്നതമേഖലകളിൽ കയറിയ അവർ അശ്രുഷ്യവും അപ്രതിരോധ്യവുമായ പ്രകൃതിയെ കാണുകയും ഉപാസനയിലൂടെ ആത്മനിവേദനത്തിലെത്തുകയും ചെയ്ത തദ്വാരാ ഉറവിട്ടുടിയ ജീവിതതത്വങ്ങളെ—പരമാത്മാ ജീവാത്മാ ബന്ധത്തേയും അതിനാസ്പദമായ വിശ്വസ്നേഹസത്യസൌന്ദര്യങ്ങളേയും അവിഷ്കരിച്ചു. അവിഷ്കരണോപാധികളും ചില മനുഷ്യജീവികളായിരുന്നു എന്ന മാത്രംസമകാലിക സാമൂഹ്യശക്തികളും— അവ ഏറെക്കുറെ അന്യാതങ്ങളായിരുന്നു—അവരിൽ പിൽക്കാലത്തു് പ്രേരണചെലുത്തിയിരുന്നുവെങ്കിലും ഈ പ്രസ്ഥാനം തികച്ചും കലാദ്ദേശിച്ചു. അതിന്റെ ചിന്തയെ സവ്യാപിടിച്ചുലച്ചിരുന്നു. എങ്കിലും ആ പ്രേരണയ്ക്കും ഒരു പരിമിതി ഉണ്ടായിരുന്നു എന്നോർക്കണം പ്രസ്തുത കവികളുടെ കൃതികളും പിൽക്കാലത്തു് കുറെയൊക്കെ സാമൂഹ്യാത്മകങ്ങളായതിന്— അഥവാ സാമൂഹ്യാത്മകത്വം അതിൽ വിമർശകന്മാർ ആരോപിച്ചതിന്—ഹേതു അവ മാനുഷ്യകത്തിന്റെ ചിലഅടിസ്ഥാനവാസനകളും ഉൾക്കൊണ്ടിരുന്നു എന്നതാണ്.

ജനനത്തിന്റെ ആഭിജാത്യം ടാഗോറിന്റെ കൃതികളിലും സ്പഷ്ടമാണ്. കായികമായ അല്ലലറിയാത്ത അദ്ദേഹത്തിന്റെ കലാജീവിതം വൈയക്തികമായ അനുഭവങ്ങളിലൂടെയല്ല സാങ്കല്പികമായ അനുഭവങ്ങളിലൂടെയും കലാപരീക്ഷണങ്ങളിലൂടെയുമാണ് പുരോഗമിച്ചതു്. ഉച്ചാവചത്വമായ കല്പനയ്ക്കും, തികഞ്ഞ വ്യക്തിസ്വാതന്ത്ര്യത്തിനും, പരീക്ഷണങ്ങൾക്കും ആത്മാവിഷ്കാരത്തിനും വേണ്ടി മാത്രമേ അദ്ദേഹം ശബ്ദമുയർത്തിയിട്ടുള്ളൂ. പരകൃതങ്ങളായ സങ്കേതങ്ങൾ— അവയെത്ര ഉദാത്തവും ശക്തിമത്തും ആയിരുന്നാലും, സ്വീകരിക്കുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രഥമകാലകവിതകളും ഏറെക്കുറെ സങ്കീർണ്ണങ്ങളായിപ്പോയെന്ന് സമ്മതിക്കണം. ജി. ശങ്കരക്കുറുപ്പ് തന്നെക്കുറിച്ചു പറഞ്ഞിട്ടുള്ളതുപോലെ ടാഗോറും ഒരു മിസ്റ്റിക്കായതു് തികച്ചും യാദൃച്ഛികമാണ്. ഫലമോ? ആദ്യമാദ്യം മനീഷികൾക്കു മാത്രമേ അദ്ദേഹത്തിന്റെ കൃതികളും അഭിരമ്യങ്ങളായിരുന്നുള്ളൂ. പിന്നീടു് പ്രചുരപ്രചാരം നേടിയതോടെ ടാഗോർക്കവിതകളുടെ ചിന്താപരത, ശാന്താത്മകത, ഓജസ്സ് എന്നിവ സാധ്യക്തികമായി ആദരിക്കപ്പെട്ടു. ടാഗോർ രശ്മി ഒരു സങ്കേതമായി വളരുകയും ചെയ്തു. സാഹിത്യത്തിൽ മാത്രമല്ല, ചിത്രകലയിലും, സംഗീതത്തിലും എന്തിനു് നവീന വിദ്യാഭ്യാസ സമ്പ്രദായത്തിൽപോലും ആ മിഴിവു് വ്യക്തി മുദ്രകടന്നുകൂടി.

രിനിഞ്ഞെടുത്ത ക്രിയാത്മകവുമായ ഒരു സംസ്കൃതിയിലേക്ക് എന്ന് സമ്മതിച്ചേടത്തോളം ഈ സങ്കുചിത ദേശീയവാദത്തെ എതിർത്ത ടാഗോർ (അശാന്തമങ്ങനെ തന്നെയായിരുന്നല്ലോ) : സർവ്വദേശീയതയെ പുൽകാൻ വെമ്പിയതു് ഒരു ധീരദേശാഭിമാനിയായി അന്ന് പല കോണുകളിൽ നിന്നും കടന്നാക്രമിക്കപ്പെടുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ സാർവദേശീയവാദം രാഷ്ട്രീയമായിരുന്നില്ല. തികച്ചും സ്വതന്ത്രം സ്വാഭാവികമായിരുന്ന എന്നതാണ് അവർ മറക്കുകയോ മറയ്ക്കുകയോ ആണ്. ആത്മാവിന്റെ അപാരതയിൽ, സ്നേഹത്തിന്റെ നിർമ്മലമായ 'സരസ്സിൽ – കിടന്ന് നീന്തിത്തുടിച്ച രവീന്ദ്രനും സരസ്സിനേക്കാളും അതിനു് ആതിഥേയത്വം നൽകിയ ഹിമാലയ സാനുക്കളിലേക്ക് നോക്കിയെന്നേയുള്ളു അന്നതു്. എസ്കേപ്പിസമായിരുന്നെങ്കിൽ, ഇന്നതു് ധന്യധന്യമായ ഒരു ചേതോവികാരമായി ഉയർത്തപ്പെടുകയാണ്. ശരി; ഇതാകട്ടെയെന്നുകിലും ബംഗാളിജീവിതയാഥാർത്ഥ്യങ്ങൾ എത്രമാത്രം അദ്ദേഹത്തിന്റെ കൃതികളിൽ പ്രതിഫലിച്ചിട്ടുണ്ട്? ഇതിനെപ്പറ്റി പറയുമ്പോൾ ഒരു കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്. മലയാള സാഹിത്യമെന്നപോലെ വംഗസാഹിത്യവും പ്രാദേശിക ജീവിതത്തെ പ്രതിഫലിപ്പിച്ചതു് അഥവാ അത്തരത്തിൽ ദേശകാല ജീവിതസംബന്ധികളായതു് വളരെ വൈകിയിട്ടാണ്. ക്ലാസ്സിക് കാലഘട്ടത്തിൽപോലും തങ്ങളുടെ ദേശകാലജീവിതങ്ങളെ പുരസ്കരിക്കുവാനും ഉപജീവിക്കുവാനും മാറിട്ടില്ല പാശ്ചാത്യസാഹിത്യം— പ്രത്യേകിച്ചും ആംഗ്ലേയസാഹിത്യം. എന്നാൽ നമ്മുടെ സാഹിത്യകാരികജീവിതം അന്നും അമാനുഷികമേഖലകളിൽ കിടന്ന് കറങ്ങുകയായിരുന്നു. ടാഗോറും സ്വീകരിച്ച പ്രതിരൂപങ്ങളും, ബിംബകല്പനകളുമൊക്കെ ഒരളവിൽ ബംഗാളിജീവിതത്തെ സംബന്ധിക്കുന്നവയായിരുന്നെങ്കിലും അദ്ദേഹം അതീന്ദ്രിയമായ അശരീരികളും വിഭാവങ്ങളായിരുന്നു. ഒരാദർശാത്മക കല്പനികകവി സാമാന്യങ്ങളെയാണെങ്കിലും വിശേഷങ്ങളെ സ്വീകരിക്കാറില്ലാത്തതുകൊണ്ട് ഇതു് സ്വാഭാവികമാണ് (അദ്ദേഹത്തിന്റെ കാവ്യത്തിലും ഈ വസ്തുതകളും സമന്വയിക്കാവുന്നതേയുള്ളു) ടാഗോറിന്റെ കഥാപാത്രങ്ങളൊട്ടുമുക്കാലും—അദ്ദേഹത്തിന്റെ ചെറുകഥകളിലെ കഥാപാത്രങ്ങളൊഴിച്ചുനിറുത്തിയാൽ—അമാനുഷികരാണ്. അദ്ദേഹത്തിന്റെ ആത്മീയാത്മകദർശനത്തിന്റെ സന്തതികളാണവർ. അവർ സ്വയം പ്രവർത്തിക്കുന്നില്ല, സംസാരിക്കുന്നില്ല കവി അവരെ പ്രവർത്തിപ്പിക്കുകയും സംസാരിപ്പിക്കുകയും ചെയ്യുന്നു. അതുതന്നെ. (സ്വാഭാവികപ്രണയം അവിഷ്കരിക്കുന്നതിനുവേണ്ടി ആശാൻ നളിനിയേയും ഭിഷാകരയോഗിയേയും സൃഷ്ടിച്ചിട്ടുള്ളതോർക്കുക) പ്രകൃതിയിലെ പ്രതിഭാസങ്ങളെപ്പോലും ഈ ഒരു വീക്ഷണകോണിലൂടെയേ രവീന്ദ്രകവി കടാക്ഷിച്ചിട്ടുള്ളു. ഇങ്ങനെ തികച്ചും അമൂർത്തമായ കല്പനകളെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി അതിനനുയോജ്യമായ ഒരു ശൈലിയും സങ്കേതവും അദ്ദേഹം സൃഷ്ടിച്ചു. സൂക്ഷ്മകാന്തിയുടെ അവതരികയിൽ ജീയുടെ കവിതയിലെ വൈചിത്ര്യമില്ലായ്മയെച്ചൊല്ലി, ശ്രീ. കൈനിക്കര കുമാരപിള്ള പൊഴിച്ചിട്ടുള്ള കണ്ണുനീർ ടാഗോർക്കവിതയിലും വീഴ്ത്താവുന്നതേയുള്ളു. എന്തെന്നാൽ പ്രതിരൂപങ്ങളും മാറിമാറി വരുന്നുണ്ടെങ്കിലും അന്തർഭാവങ്ങളും ടാഗോറിന്റെ കവിതകളിലെല്ലാം സമാനങ്ങളാണ്. എന്നാലതിനെ ഫോർമുലിസമെന്ന് മുദ്രയടിച്ചുകൂടാതാനും.

ഏതാണ്ടിതൊക്കെയാണ് ടാഗോർ എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ പ്രധാന അടുക്കും ചിട്ടയൊക്കെ അബോധപൂർവകമായിത്തന്നെ ഈ അലകളുടെ പ്രതിസ്പന്ദനങ്ങളും കേരളക്കരയിലുമുണ്ടായി. എന്നാലിവിടെ ഒരു വ്യക്തിയിലൊതുങ്ങിയില്ല. ആ പ്രസ്ഥാനം ടാഗോർക്കലയിലെ സരളമധുരമായ രാമണീയകം വള്ളത്തോളിന്റെ കൃതികളിലുടനീളവും ഉത്തുംഗപ്രതിഭയും ചിന്താപരതയും ആസ്തികൃവും ആശാനിലൂടെയും, ആർഷസംസ്കാരപ്രണയവും ഉദ്ബോധനപ്രവണതയും ഉള്ളൂരിലൂടെയും, യോഗാത്മക—പ്രതിരൂപാത്മകരീതികളും വിശ്വസൗന്ദര്യദീക്ഷയും ജീയിലൂടെയും, ശാന്താത്മകതയും അനിയന്ത്രിതമായ വികാരപരതയും, ഭാവനാസ്വാതന്ത്ര്യവും സ്നേഹദീപ്തിയും ചങ്ങമ്പുഴയിലൂടെയും ആണ് ഇവിടെ ഒഴുകിപ്പരന്നതു്—. ടാഗോറിൽ സമഗ്രമായിക്കണ്ട പ്രത്യേകതകളും ഇവിടെ പരിച്ഛിന്നമായാണ് പരിലസിച്ചതെന്നല്ലാതെ ഇതുമുഴുക്കെ ടാഗോറിൽ നിന്നാദ്യാനം ചെയ്തതാണെന്ന് വിവക്ഷയില്ല. ഇവയുടെ പീഠഭൂമി ഉണർന്ന ഭാരതമാണെന്ന് ആദ്യമേ പുങ്കിണിച്ചിട്ടുണ്ടല്ലോ. രവീന്ദ്രസംഗീതത്തിന് ബദലായി ഇവിടെ ചങ്ങമ്പുഴയുടേയും വള്ളത്തോളിന്റെയും മറ്റും സരളഗാനങ്ങളുണ്ടായിട്ടുള്ളതു് ഇപ്രകാരം ബംഗാളും കേരളവും ആദർശാത്മക കാല്പനികതയിലൂടെ ഏതാണ്ടൊന്നിച്ചുതന്നെ മുന്നോട്ടുപോയി

എന്നാൽ അധികം കഴിഞ്ഞില്ല; ഇവിടേയും അവിടേയും ഉണ്ടായിവന്നുചേർന്ന തിരിച്ചടികൾ റിയലിസത്തിന്റേയും അതിന്റെ സഹചരന്മാരായ ശാസ്ത്രീയയുക്തിചിന്തകളുടേയും അരങ്ങേറ്റത്തെയാണ് ഞാനിവിടെ സൂചിപ്പിക്കുന്നതു് ബംഗാളിൽ നോവലിസ്റ്റും ശബ്ദകാരനുമായ ശരച്ചന്ദ്രനിൽ നിന്നാണല്ലോ പൊട്ടിവിടർന്നതെങ്കിൽ കേരളത്തിൽ 'കേസരി'യാൽ ഉണർത്തപ്പെട്ട പുരോഗമന സാഹിത്യകാരന്മാരിൽ നിന്നാണതുണ്ടായതു്, പുങ്കൻ ക്രാഡകാരുടെ ചിന്താഗതിയും, സംവിധാനരീതിയും വിഭിന്നമായിരുന്നു. നവീന സാമൂഹ്യ-സമ്പത്തിക ശാസ്ത്രങ്ങളും, മുന്നിൽ കണ്ടുനിന്നിരുന്ന ജീവിതയാഥാർത്ഥ്യങ്ങളും, അവരെ ചിന്താഭരിതരാക്കി മാനുഷിക മൂല്യങ്ങളും കർക്കശങ്ങളായ സാമകാലിക സാമൂഹിക നീതികൾക്കിടയിൽപ്പെട്ട് ഞെരിയുന്ന കാഴ്ച ആ മനുഷ്യസ്നേഹികളെ വേദനിപ്പിച്ചു. തികച്ചും റിയലിസ്റ്റിക്കും, കേരളീയ ജീവിതസംബന്ധികളുമായി അവരുടെ കൃതികൾ. ആശാൻ ആദർശവൽക്കരിച്ചതും, ചങ്ങമ്പുഴ കല്പനാമേഖലയിലേക്കുയർത്തിയതുമായ മാനസികഭാവങ്ങൾ കേശവദേവും ബഷീറും മറ്റും യഥാതഥമായും ഉള്ളിനിണങ്ങുമാറും വരച്ചുവെച്ചു. സഹിത്യം ഏറെക്കുറെ ശബ്ദപ്രധാനമാവാൻ തുടങ്ങി. ഏതന്നാൽ വ്യഞ്ജകതയ്ക്കല്ല, വാച്യതയ്ക്കായി സാഹിത്യസംവിധാനത്തിൽ പ്രാധാന്യം. പുരോഗമനസാഹിത്യകാരന്മാർ ഫ്രായിഡിനേയും, മാർക്സിനേയും മറ്റും ആചാര്യന്മാരായി കല്പിച്ചതിനും മാപ്പുസാങ്കിന്റെയും ഗോർക്കിയുടെയും മറ്റും രീതികളവലംബിച്ചതിനും ആനുഷംഗികപ്രധാന്യമേ ഉള്ളു വെന്ന് ഞാൻ വിചാരിക്കുന്നു. ആദർശവല്കരണമല്ല, വാസ്തവീകരണമാവണം കലോപാസകന്മാരുടെ ലക്ഷ്യമെന്ന് നവീനപ്രവണതകളെ പ്രോൽസാഹിപ്പിച്ചുകൊണ്ടുതന്നെ നിരൂപകന്മാർ സ്ഥാപിച്ചു കേരളക്കരയിൽ ഈ പരിവർത്തനം ഏതാണ്ട് പരസ്പരപൂരകവും, അനുലോമവും ആയിട്ടാണ് നടന്നതെങ്കിലും വംഗദേശത്തു് ആദർശാത്മകതയിൽനിന്നും റിയലിസത്തിലേയ്ക്കുള്ള മാറ്റം സുവ്യക്തമായിരുന്നു. സുധാരണക്കാരിൽ നിന്നുയർന്നുവന്ന ശരച്ചന്ദ്രൻ ധാരാളം നോവലുകളിലൂടെ ടാഗോറിന്റെ അവ്യക്തതയും, സാമാന്യവൽകരണത്തിനും, മാധ്യാത്മകതക്കും, ഉജ്ജ്വലമായ മറുപടി നൽകി. അദ്ദേഹത്തിന്റെ കൃതികളിലും കാല്പനികതയിൽനിന്റെ സജീവസ്പർശനങ്ങളും സാദൃശ്യങ്ങളുമുണ്ടെങ്കിലും, ജീവിതയാഥാർത്ഥ്യചിത്രീകരണവും, നിലവിലിരിക്കുന്ന പഴകിജീർണ്ണിച്ച സമൂഹനീതികളേയും തദുത്ഭവിന്നായ മിഥ്യാഭിമാനാദികളേയും പുങ്കിക്കാട്ടലും അതിന്നിരയായി തപിച്ചിരുന്ന യഥാർത്ഥ മാനുഷികമൂല്യങ്ങളുടെ ഉദ്ധാരണവും ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അപർണ്ണ, അനുപമ, പാർവതി, സുരമ, വിജയ, കിരൺമായി, രാജലക്ഷ്മി തുടങ്ങിയ സ്ത്രീകഥാപാത്രങ്ങളുടെ ജീവിതചിത്രത്തിലൂടെയാണ് അദ്ദേഹം സമൂഹഘടനയുടെ ബലമായി പിടിച്ചുലച്ചതു്. ബാല്യകാലസഖിയെഴുതിയ ബഷീറും, നടി എഴുതിയ ദേവും, പതിതപങ്കജമെഴുതിയ തകഴിയും ഒക്കെ ഈ രീതിയാണ് സ്വീകരിച്ചതെന്നോർക്കുമല്ലോ. മാതൃത്വത്തിനേറെയും, കന്യകാത്വത്തിനേറെയും,

(ശേഷം 23-ാംപേജിൽ)

സ്ഖലനനിവാരണി

യുവലോകത്തിനു അനുഗ്രഹീതമായ ഒരു സിദ്ധൗഷധം

മൃത്യുത്തിനുമുമ്പോ പിമ്പോ തുല്യമോ തുല്യമിതുല്യമായോ ഇന്ദ്രിയംപോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം സ്രുക്കും വാൻപോകുക, സ്വപ്നംകണ്ടോ കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതേയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ കലർന്നു ഇന്ദ്രിയംപോവുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നിരവധി സ്ഖലനരോഗങ്ങളെ രണ്ടു ആഴ്ചകൊണ്ടു പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു ഞങ്ങളുടെ **സ്ഖലനനിവാരണി** തികച്ചും ഫലപ്രദമെന്നു ഞങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചക്കാലത്തേയ്ക്കുള്ള ഡപ്പി I-ക്കു 5 ക. 8 ണ. വി. പി. ചാർജ്ജു് പുറമേ

വി. പി. യായി ആവശ്യപ്പെടുക. മാനേജർ, **S.D. ഫാർമസി,** നാഗമഹാൾ, H O. ആലപ്പുഴ.

ബ്രാഞ്ചു്:—9/94 LUZ, മൈലാപ്പൂർ, മദ്രാസു്.

(15-ാംപേജിൽ നിന്നും തുടർച്ച)

ആ ഉല്ലാസത്തിന്റെ ഉൾക്കുളിരോടെ ഞാൻ പലകുറി അവളെ തൊട്ടു നോക്കി. ഉണങ്ങിക്കൊണ്ടിരുന്ന എന്റെ മുണ്ടിന്റേയും ഷർട്ടിന്റേയും ഇടയിൽക്കൂടി വടക്കേപ്പുറത്തുള്ള വഴിയിൽനിന്നു കണ്ണെടുക്കാതെ അവൾ ഒരേ ഇരുപ്പാണു്. ആ ഇരുപ്പിൽ ഇടയ്ക്കിടെ അവൾ കണ്ണുതുടയ്ക്കുന്നതും ഞാൻ കണ്ടു—അതെന്തിനായിരിക്കണം? ഒരുപക്ഷേ അവൾ സ്വയം ശപിക്കുകയായിരിക്കുമെന്നു്, അതെ, എങ്ങാണ്ടോ കിടക്കുന്ന ഉത്തരംപോലും അറിയാത്ത ഒരുത്തനു അഭയംകൊടുത്തു അവശ്യമില്ലാത്ത അപകടങ്ങളെല്ലാം വലിച്ചുവെയ്ക്കുന്നതിൽ അവർ പശ്ചാത്തപിക്കുകയായിരിക്കുമെന്നു, ഞാൻ വിചാരിച്ചു—പക്ഷേ ഇനി എന്തുചെയ്യാനാണു്!

ആദ്യം എന്നെക്കണ്ടു ബഹളംകൂട്ടിയ ആ കുട്ടികൾ, കായ്യം മനസ്സിലായപ്പോൾ എന്നോടു ഉള്ളതുപറഞ്ഞ സ്നേഹം കാണിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. കുറേനു മുമ്പുള്ള ചില അനുഭവങ്ങൾ. അല്ലേ?

ആ ചിന്ത, വാസ്തവത്തിൽ എന്നെ വളരെ സഹായിച്ചു. ആ നിമിഷങ്ങളിലെല്ലാം പോലീസ്സ് വന്നതിനെപ്പറ്റി ചിന്തിക്കാതിരിക്കാൻ എനിക്കു കഴിഞ്ഞു. അതുപിന്നെ വേറെ കുഴപ്പമൊന്നും ഉണ്ടായില്ല അവിടെവന്ന ആളുകൾ എന്നെ അവളുടെ ഒരു ജാരനായിത്തന്നെ എണ്ണിയിരിക്കണം. അല്ലെങ്കിൽ പോലീസ്സിനെ വിളിക്കേണ്ടതായിരുന്നു. അതെ, എന്റെ ഒരു പകലത്തെ രക്ഷയ്ക്കുവേണ്ടി ആ സ്ത്രീ ഒരു വേശ്യയായി മുദ്രയടിക്കപ്പെട്ടു.

അങ്ങിനെ എന്റെ നേരം പുലർന്നു. മരണം തീർത്തുമാനപ്പെട്ട ഒരാൾക്കു ഒരു ദിവസംകൂടിആയുസ്സു് നീണ്ടുകിട്ടിയ ആശ്വാസത്തോടെ ഞാൻ എണീറ്റു. അപ്പോഴേയ്ക്കും എന്നെക്കൂട്ടിക്കൊണ്ടുപോകാൻ അവിടെ ഒരു സഖാവു വന്നിരുന്നു. ഞാൻ അതിവേഗം തയ്യാറായി അവളോടു യാത്ര ചോദിച്ചു. അതിനും അവൾ ഒന്നു മൂളുകമാത്രമേ ചെയ്തുള്ളൂ—അതും, ഒരു വലിയ കയത്തിന്റെ മറവത്തു ഒരു കൈച്ചുമൻ ഒന്നു നായിട്ടുന്നതുപോലെ മാത്രം!

ഞാൻ ചുമക്കുകയാണു്.....പിന്നിട്ടുള്ള സംഭവങ്ങളും വളരെവേഗം നീങ്ങിയിരിക്കണം. കൊളമ്പിലായിരുന്ന അവളുടെ ഭർത്താവു അതു "വേശ്യ"യ്ക്കു പണമയയ്ക്കുന്നതു നിർത്തി. തങ്ങളുടെ വിവാഹംകഴിഞ്ഞു ഏതാനും ആഴ്ചകൾക്കകം നാടുവിട്ടതായിരുന്നു അയാൾ.

ആ ചണമഷ്ടു നിന്നെങ്കിലും അയാൾ തിരിച്ചുവരുമ്പോൾ എല്ലാം ശരിപ്പെടുമെന്നു അവളാശിച്ചിരിക്കണം. അനവധി രാത്രികൾ ഉറക്കമിളച്ചുകിടന്നു അവൾ ഈശ്വരനെ വിളിച്ചുകാണും. കണ്ണീരാടുക്കുടി എണ്ണിയാലൊടുങ്ങാത്ത കത്തുകൾ അയാൾക്കയച്ചുകാണും. ഭർത്താവിന്റെ തെറ്റിദ്ധാരണ പാഞ്ഞുമാറ്റാൻ പലർക്കും കൈക്കൂലിയും കൊടുത്തുകാണും, ഒരു പക്ഷേ.

എന്നാൽ അടുത്ത മഞ്ഞുകാലത്തു തിരിച്ചുവന്ന അയാൾക്കു തന്റെ കുഞ്ഞിനെ മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളൂ. ഞാനാദ്യം പറഞ്ഞപോലെ അതിനെപ്പറ്റി അമ്മയുടെ മുഖത്തൊന്നു നോക്കുകപോലുംചെയ്യാതെ ആ പിതാവു തന്റെ കുഞ്ഞിനേയുംകൊണ്ടു വലിഞ്ഞുനടന്നു. അവൾ യാതൊന്നും മിണ്ടിയില്ല. അതിനെങ്കിലും ഒരാശ്രയമുണ്ടാവട്ടേ എന്നവൾ ആശ്വസിച്ചുകാണും. എങ്കിലും തിരിഞ്ഞുനോക്കി പിടഞ്ഞുകരയുന്ന തന്റെ അമ്മയെക്കണ്ടിട്ടുപോലും ആ പിതാവു നടന്നുമറഞ്ഞപ്പോഴും അവൾ മറിച്ചു പരമാവധി ചിന്തിച്ചിട്ടും അവളുടെ കണ്ണുകളിൽ നിന്നു രണ്ടു മുത്തുകൾ പൊട്ടിവീണു.

അടുത്ത മഞ്ഞുകാലത്താണു ഞാനാവിവരമെല്ലാം അറിഞ്ഞതു്. അപ്പോഴേക്കും രണ്ടുകൊല്ലം തികയാറായിരുന്നു. അവളെ സംബന്ധിച്ചിടത്തോളം രണ്ടു യുഗങ്ങൾതന്നെ അവൾ തള്ളിനീക്കിയിരിക്കണം—ഞങ്ങളെ സംബന്ധിച്ചിടത്തോളവും അതൊരു വല്ലാത്ത കാലഘട്ടമായിരുന്നു. ജനങ്ങൾക്കെതിരായ സർക്കാരിന്റെ അതിക്രമങ്ങളെ അന്നു മറക്കുന്നിന്നായാലും രചവൃത്തിതോല്പിക്കാൻ ശ്രമിച്ച ഞങ്ങളിൽ അറസ്റ്റുചെയ്യപ്പെടാതെ അവശേഷിച്ചവർ അപൂർവംപേരായിരുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട പലരും ഇങ്ങിനി വരാതവണ്ണം നഷ്ടപ്പെട്ടും പോയിരുന്നു—അതൊക്കെയാണെങ്കിലും എനിക്കാവിവരം കേട്ടപ്പോൾ അവിടെയൊന്നു പോകാതിരിക്കാൻ കഴിഞ്ഞില്ല.

എന്നാൽ ഞാൻ സംശയിച്ചതുപോലെതന്നെ അവളെന്നെ സ്വീകരിച്ചു്. എന്നെ അകലെനിന്നു കണ്ട പാടെതന്നെ ഉറച്ച കാൽവെപ്പുകളുമായി അവൾ എന്റെ അടുത്തുവന്നു. ചിരകാല പരിചിതയെന്നമാതിരി അവളെന്നോടു് സംസാരിച്ചു. അതിലേറെ എന്നെ അത്ഭുതപ്പെടുത്തിയതു ആ സ്വരത്തിലുടനീളം തെളിഞ്ഞുമിന്നിയ അവളുടെ ചില പുതിയ നിശ്ചയങ്ങളായിരുന്നു. എന്നെ കണ്ടപാടെ അവൾ പറഞ്ഞു: "നിങ്ങളെന്നെങ്കിലും ഇവിടെ ഒരു വരാതിരിക്കുകയില്ലെന്നു എനിക്കറിയാമായിരുന്നു."

"അതെന്തുകൊണ്ടു്?"

"എന്റെ കള്ളക്കാമുകനാകുമ്പോൾ വല്ലപ്പോഴുമെങ്കിലും ഓർക്കാതിരിക്കാൻ കഴിയുമോ? അവൾ എന്റെ കണ്ണുകളിലേക്കുതന്നെ നോക്കിനിന്നു.

വാസ്തവം പറഞ്ഞാൽ അവളുടെ ആ ചോദ്യം ഒരു കുത്തുവാക്കുപോലെയായിരുന്നു എനിക്കനുഭവപ്പെട്ടതു് കുറേ നേരത്തേക്കു എനിക്കൊന്നും അങ്ങോട്ടുപറയാൻ കഴിഞ്ഞില്ല. പിന്നെ അവളുടെ ഭർത്താവിനെപ്പറ്റിയും മറ്റും അറിയാനുള്ള ജിജ്ഞാസയോടെ ഞാനപേക്ഷിച്ചു "വളരെയേറെ താമസിച്ചാണെങ്കിലും ഞാനദ്ദേഹത്തെ ഒന്നു കാണട്ടേ?"

ആ ചോദ്യം അവളെ വല്ലാതെ ഉലച്ചുകളഞ്ഞതായി എനിക്കു തോന്നി. കുറേ നേരത്തെ കരുതിക്കൂട്ടിയുള്ള മൗനത്തിനുശേഷം അവൾ ഇങ്ങിനെ പറഞ്ഞു: "വേണ്ട അദ്ദേഹം ഒരു പുരുഷനായിത്തന്നെ ജീവിക്കട്ടെ!"

എനിക്കതിന്റെ അർത്ഥം മനസ്സിലായില്ല. എന്റെ ആ മുഖഭാവം കണ്ടു അവൾ വീണ്ടും പറഞ്ഞു "ഒരു പുരുഷനിൽ നിന്നു ഇനി ഞാനിതിലപ്പുറം പ്രതീക്ഷിക്കുന്നില്ല"

ആ വേദനിപ്പിക്കുന്ന വേദാന്തം എന്നെസ്സംബന്ധിച്ചിടത്തോളം ഏറ്റവും ഉത്സാഹമായിരുന്നു. എന്നാൽ അവൾ അക്കാര്യത്തിൽ ഉച്ചുനില്ക്കുകയായിരുന്നു. ആ വേശത്തോടെ അവൾ തുടർന്നു പറഞ്ഞു: ഒരു പുരുഷൻ പകൽ ഇവിടെ താമസിച്ചതിനു് അദ്ദേഹം എന്നെ ഒരു വേശ്യയായി കണക്കാക്കി ഇവിടെ നിന്നു തന്റെ ആ കുഞ്ഞിനേക്കൂടിയും എടുത്തുകൊണ്ടുപോയി അല്ല ഒരുവാദത്തിനുവേണ്ടി ഞാൻ

ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു ഒരനുഗ്രഹം

ഗ്രന്ഥശാലാ ഡയറക്ടറി

ഗ്രന്ഥശാലകളെ സംബന്ധിച്ചുള്ള വിവരങ്ങളും ഡയറക്ടറിയിൽ ചേർക്കുന്നതിനായി 1953 ഡിസംബർ 20-ാംതീയതിവരെ സ്വീകരിക്കുന്നതാണെന്നുള്ള വിവരം എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

ത്യാഗസന്നദ്ധമായ സേവനത്തിൽ നിന്നും അകറ്റിയെടുത്തുവന്നതും ജീവനുതുല്യം സംരക്ഷിക്കപ്പെട്ടുപോരുന്നതുമായ നിങ്ങളുടെ ലൈബ്രറിയെ സംബന്ധിച്ച വിവരങ്ങളും ഡയറക്ടറിയിൽ ഉൾപ്പെടുത്തി ആ മഹൽസ്ഥാപനത്തിന്റെ പ്രശസ്തി നാടൊട്ടുക്കു പരിലസിച്ചു കാണുവാൻ ഈ അവസരം പ്രയോജനപ്പെടുത്തുവിൻ!

കൂടുതൽ വിവരങ്ങൾക്കു താഴെകാണുന്ന മേൽവിലാസത്തിൽ എഴുതുക:—

N B. പണമയച്ചിട്ടുള്ള ലൈബ്രറികൾക്ക്, ഡയറക്ടറിയുടെ കോപ്പി, അച്ചടിപൂർത്തിയായാലുടനെ തന്നെ അയച്ചുതരുന്നതാണ്.

എൻ. പുരുഷോത്തമൻ, B. A.
വേളൂർ, കോട്ടയം

ചോദിക്കട്ടേ—അതു കേട്ടതും തന്റേതുതന്നെയാണെന്നു എന്താണാവോ അദ്ദേഹത്തിനുറപ്പ്?" അതോടുകൂടി അവളുടെ വല്ലാതെ കരഞ്ഞു.

പുരുഷന്മാരായ എല്ലാവരും ഒപ്പം നിന്നു മറുപടി പറയേണ്ട ആ പോരായ്മയുടെ മുമ്പിൽ ഞാൻ മൂകനായി നിന്നതേയുള്ളൂ.

അവൾ വീണ്ടും പറഞ്ഞു: "അന്നൊന്നും ഒരു വാക്കുകൊണ്ടുപോലും ഞാനൊരു വ്യഭിചാരിണിയായിരുന്നിട്ടില്ല. പക്ഷേ ഇന്നദ്ദേഹം എല്ലാം കൊണ്ടും എന്നെ അതാക്കാൻ ശ്രമിക്കുകയാണു്;"

"ഓ! അതു് സങ്കടമാണു്!" ഞാൻ എന്നോടുതന്നെ പറഞ്ഞുപോയ ആ വാക്കുകൾ അവളും കേട്ടു.

"അതിലല്ല, അതിനേക്കാൾ സങ്കല്പജീവികളുടെ സദാചാരബോധത്തിലാണു അധികം സങ്കടപ്പെടേണ്ടതു നിങ്ങളാരെങ്കിലും" പകപ്പെയ്യുന്നപോലെയായിരുന്ന അവളതു പറഞ്ഞതു്. അതു പറഞ്ഞു കഴിഞ്ഞപ്പോഴേക്കുള്ള ഒരു മഴപെയ്തതിന്റെ ആശ്വാസമുണ്ടായിരുന്നു അവളുടെ മുഖത്തു്.

പിന്നെയും ഞാനങ്ങിനെ നിന്നു വിട്ടുരതയിലേക്കു ഷിയറപ്പിച്ചു തെങ്ങുകളെയെല്ലാം ഒന്നോർത്താൽ മതി—വല്ലപ്പോഴെങ്കിലും!"

പൊടുന്നനെ ആ കാലുകളിൽ കമിഴ്ന്നുവീഴാൻ തോന്നി എനിക്കു്. വിസ്മയംകൊണ്ടുള്ള വിമ്മിഷ്ടത്തോടെ ഞാൻ വളരെനേരം അവളുടെ മുഖത്തുതന്നെ നോക്കിനിന്നു—എന്നാൽ ക്രമേണ അവളുടെ ആ കണ്ണുകളിൽ വീണ്ടും ഒരിരുട്ടു ബാധിക്കുന്നതു ഞാൻ കണ്ടു. കുറച്ചു കഴിഞ്ഞു അവൾ ഇങ്ങിനെയും പറഞ്ഞു: "ഓ, ഞാനൊരു തമാശ പറയാൻ ശ്രമിച്ചതാണു്. നിങ്ങളതേക്കുറിച്ചു ആലോചിക്കുകയൊന്നും വേണ്ട."

അതും പറഞ്ഞു, അവൾ, ഞാൻ ഒരുങ്ങുന്നതിനുമുമ്പേതന്നെ, എനിക്കുണ്ടാകാവുന്ന വിഷമം മുൻകൂട്ടി കണ്ടറിഞ്ഞുകൊണ്ടുതന്നെ, എന്നെ യാത്രയാക്കാനെന്നോണം പടിക്കലേയ്ക്കു നടന്നു പടിക്കലെത്തിയപ്പോൾ ഞാൻയാത്ര ചോദിക്കുന്നതിനുമുമ്പേതന്നെ അവൾ എനിക്കു യാത്രാനുമതിതന്നു.

ഒന്നും മിണ്ടാതെ, ഒരിക്കലുകിലും ഒന്നു തിരിഞ്ഞുനോക്കാൻ കഴിയാതെ ഞാൻ നടന്നു—രാജ്യത്തിന്റെ വിമോചനത്തിനുവേണ്ടി ഞാനും നിങ്ങളും സഹിക്കുന്നവനുപായപ്പെടുന്ന ത്യാഗവും സേവനവും എത്രയാത്രം നിസ്സാരമാണെന്നു ചിന്തിച്ചുകൊണ്ടു ഞാൻ നടന്നു. മൂടൽമഞ്ഞിൽ മങ്ങിനിൽക്കുന്ന അവളുടെ ആ ജീവിതവുമായി തട്ടിച്ചുനോക്കുമ്പോൾ രക്തസാക്ഷിത്വംപോലും അതിനേക്കാൾ ചെറുതായി എനിക്കനുഭവപ്പെട്ടു.

എങ്കിലും ഞാനന്നു സംശയിക്കുപോലുംചെയ്തില്ല, അടുത്ത മഞ്ഞുകാലംകഴിയുന്നതിനുമുമ്പു അവരം മരിച്ചുപോകുമെന്നു്. അതും, പട്ടിണിയും മനോവ്യഥയുംകൊണ്ടു്; ഒരു ഉദരനിവാരണകേന്ദ്രത്തിൽനിന്നുള്ള കഴിഞ്ഞ കഞ്ഞിവെള്ളിയും കയ്യിൽപ്പിടിച്ചുകൊണ്ടു്! ആ ശവം മറവുചെയ്യാൻപോലും ഒരു മുഴുവൻദിവസം കഴിയുന്നതുവരെ ആളുണ്ടായിരുന്നില്ലത്രെ!

ആ കഥതന്നെ സുന്ദരമായി അവിഷ്കരിക്കപ്പെട്ടു് ഇടക്കുവെച്ചു പെട്ടെന്നു നിന്നുപോയ മനോഹരമായ ഒരു ഗാനംപോലെ ആ ജീവിതം അവസാനിച്ചു.

ആ അപൂർണ്ണഗാനം മൂടൽമഞ്ഞുനിറഞ്ഞ ഇന്നത്തെ അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നപോലെ എനിക്കു തോന്നുന്നു. ഞാൻ ആദ്യമേ സൂചിപ്പിച്ചിട്ടുവല്ലോ ഞാൻ അവളുടെ അരികെ അല്പസമയംതേടിച്ചെന്നതു ഒരു മഞ്ഞുകാലത്തായിരുന്നു; എനിക്കല്പസമയംതന്നതുമൂലം അവളുടെ ഭർത്താവവളെ പരസ്യമായുപേക്ഷിച്ചുപ്പോഴും മഞ്ഞുപെയ്തിരുന്നു; പിന്നീടു ഞാനവളുടെ വിശേഷമന്വേഷിക്കാൻ ചെന്നപ്പോഴും മഞ്ഞുണ്ടായിരുന്നു; അതുമേതുമറിയാതെ അവളുടെ കരളിലെ കിളി പറന്നുപോയപ്പോഴും മഞ്ഞുവീഴുന്നുണ്ടായിരുന്നു; ഇതാ, ഈ കഥയെഴുതി അവസാനിപ്പിക്കുമ്പോഴും നല്ലപോലെ മഞ്ഞുപെയ്യുകയാണു്!

വാസുദേവ വിലാസം

കുറിഞ്ഞിക്കുഴമ്പു്

പ്രസവാനന്തരബന്ധികളായ ക്ഷീണം, ഞരമ്പുതളർച്ച, ഉന്മാദവായു, ഉദരശൂല മുതലായവയെ ഉന്മൂലനംചെയ്തു് പൂർവ്വവൽ യുവത്വം കൊടുക്കുന്ന ഒരുത്തമ ഔഷധം.

നിർമ്മാതാക്കൾ:

വാസുദേവവിലാസം വൈദ്യശാല

കോട്ടയ്ക്കകം, തിരുവനന്തപുരം

ശാഖകൾ:

1. പത്തൻചന്ത, തിരുവനന്തപുരം. 2. ഫരിപ്പാടു്.

മുതുകുളം രാഘവൻപിള്ള ജ്യോതിക്കു മറുപടി പറയുന്നു



['പൊൻകതിർ വിമർശനങ്ങൾ—കുമുദി വാരികയ്ക്ക് മറുപടി' എന്ന ശീർഷകത്തിൽ ശ്രീ മുതുകുളം രാഘവൻപിള്ള മലയാളിയിലയച്ചു തന്നതിൽ എഴുതിയിരുന്ന കുറേ ഖണ്ഡനമാണ് മുഴുവൻ ചേർക്കുന്നതു് പത്രാധിപർ]

വിമർശനം എപ്പോഴും നല്ലതാണ്. തെറ്റുകളെ ചൂണ്ടിക്കാണിക്കുന്ന വിമർശകൻ ശരികളേ സ്വീകരിക്കാനും മടിക്കരുതു് എന്നാൽ വൃശ്ചികം 15-ാം തീയതിയിലെ കുമുദിവാരികയിൽ കണ്ട "പൊൻകതിർ" ചിത്രത്തെപ്പറ്റിയുള്ള വിമർശനം, കേവലം ഒരു ദ്വേഷപരവും, അഭ്യവസാനം വ്യക്തിവിദ്വേഷം കലർന്നതും സ്വാർത്ഥതാൽപ്പര്യങ്ങൾ സാധിക്കാത്തതിലുള്ള നിരാശയിൽ നിന്നുടലെടുത്ത നിർഭ്രമജൽപനങ്ങളുമാണെന്നു് പ്രഥമദൃഷ്ടിയിൽതന്നെ ആർക്കും മനസ്സിലാക്കാവുന്നതാണ്. ഇതുനിശിതവും സംഹാരപരവുമായ ഒരു വിമർശനം ഒരു പത്രത്തിലും ഉണ്ടായിട്ടില്ല വ്യക്തിപരമായി എന്നോടുള്ള നിങ്ങളുടെ പക അവസാനിപ്പിക്കാൻ ഞാൻ എഴുതുന്ന ഏതു് കഥകളേയും, മറ്റു് പത്രങ്ങളും നല്ലതെന്നു് പറഞ്ഞാലും അടിമുടി അക്ഷേപങ്ങളും പറഞ്ഞു് നിങ്ങളുടെ അരിശം തീർക്കുന്നതു് ഒരു പതിവായിത്തീർന്നിരിക്കയാണ് നിങ്ങളുടെ ഉദ്ദേശം വളരെ നഗ്നമാണ്. ഒരു മുതുകുളമേ ഉള്ളോ ഈ കഥകൾ ഒക്കെ എഴുതാൻ എന്നു് നിങ്ങളുടെ ഗൂഢതന്ത്രത്തിൽ എന്നെയും, എന്നെപ്പോലെ ഇവിടെ കലാലോകത്തിൽ ജീവിക്കുന്നവരേയും നാട്ടുകടത്തി ആസ്ഥാനം അപഹരിക്കാമെന്നുള്ള മോഹത്തോടെ നടത്തുന്ന സംഹാരയജ്ഞത്തിന്റെ മന്ത്രങ്ങളാണ് നിങ്ങളുടെ ഈവിധ നിരൂപണങ്ങളും മറ്റും എന്നു് തെളിഞ്ഞു കഴിഞ്ഞു. കുമുദി നിരംഭരിലയിൽ വച്ചു് നടത്തപ്പെടുന്ന യോഗത്തിന്റെ രഹസ്യോദ്ദേശം പൊതുജനങ്ങളുടെ മുൻപിൽ സമർപ്പിക്കുവാൻവേണ്ടി ഞാനീലേഖനം എഴുതുന്നതാണ്.

വെട്ടുന്ന പോത്തിനോടു് വേദം ഓതിയാൽ ഒക്കുകയില്ലെന്നു എനിക്കറിയാം. കഥാകഥനയിലെ കഴമ്പില്ലാത്ത പല യുക്തികളും പുണ്ടിക്കാട്ടിയിട്ടു് വിമർശകൻ പറയുകയാണ് "വിവരമുള്ള നിരൂപകന്മാരായെങ്കിലും ഇഷ്ടക്കൊണിച്ചിരുന്നെങ്കിലും ഇതിനു വലിയ ഒരു വിധ്വിത്തമാകാതെ രക്ഷിക്കാൻ അവർ സഹായിച്ചേനെ" എന്നു്. മുതുകുളം നിങ്ങളെ എങ്കിലും മനുഷ്യൻ വിളിച്ചു് കാണിക്കാമായിരുന്നല്ലോ എന്നു് എന്തപോരാ. പൂച്ച വെളിക്കു് ചാടിയല്ലോ. ഇതിനുവേണ്ടി ഇത്ര വളഞ്ഞ വഴിയെ പോകണമായിരുന്നോ സുഹൃത്തേ? ഇതു വായിച്ചപ്പോൾ ഒരു കഥ ഓർമ്മവന്നു പണ്ടു് ഒരു മൂപ്പിലു് മാന്യഗൃഹത്തിലൊക്കെ വലിഞ്ഞു കേറിച്ചെന്നു് പറയാറുണ്ടു് "നാലു് കൊച്ചുവർത്തമാനം വേണം ഇതിനു് വിളിക്കാൻ, ഒന്നു ഞാനുമുണ്ടു്". അതുപോലെ വിമർശക പുംഗവന്മാർ താങ്കളുടെ വിദ്വൽസദസ്സിലേക്കു് അഭിപ്രായം അന്വേഷിച്ചുവരിയാത്തതിലുള്ള പരാജയമാണു് നിങ്ങളും കണ്ടതെങ്കിൽ അതു് സഹിച്ചു തിന്നാലും മനുഷ്യൻ വങ്കത്തരം വിളിച്ചുപറയുന്നതിനും ഒരതിരുവേണ്ടയോ.

"താൻ ജീവനതുല്യം സ്നേഹിക്കുന്ന പിതാവും മരുകാലത്തെങ്കിലും താൻ ജീവനതുല്യം സ്നേഹിച്ചിരുന്ന ഭാര്യയും സ്വന്തജീവിതത്തിൽ സൃഷ്ടിക്കുന്ന സംഘട്ടനം ഇതു നിസ്സാരമായ ഒരു പ്രതിവിധി കണ്ടുപിടിച്ചു് ഒഴിച്ചുകൂട്ടാൻ ചൊവ്വേനേരെ വളന്ന ഒരു പുരുഷനും സാദ്ധ്യമല്ല" എന്നു് കഥയെ നിങ്ങളും കുറ്റപ്പെടുത്തുന്നു. അതായതു് അച്ഛനിരിക്കുമ്പോൾ മാതൃഭയെ സംശയിച്ചു് വേശ്യാഗൃഹത്തിൽപോയതു് തെറ്റാണെന്നാണല്ലോ ആ വളച്ചുകെട്ട വാചകത്തിന്റെ സാരം.

ചിത്രത്തിൽ ഉപന്യസിക്കുമാറു് അഭിനയിച്ച പലരേയുംപറ്റി ഒരക്ഷരംപോലും എഴുതാതെ മാരതിയെപ്പറ്റിമാത്രം വിമർശകൻ പ്രത്യേകം വ്യസനിക്കുന്നു. "അഭിനയിച്ചു ഫലിപ്പിക്കാൻ ഈ കഥയിൽ വളരെയൊന്നും ഇല്ലാത്തതിനാൽ വേശ്യയായി അഭിനയിക്കുന്ന മാരതിയെ മാറിച്ച മാംസപിണ്ഡത്തിന്റെ പ്രതീതിയാണുണ്ടാക്കുന്നതു്" എന്നു്. ഏറ്റവും മംഗിയായി അഭിനയിച്ചു ഫലിപ്പിക്കാനുള്ള കഥാപാത്രമാണ് മാരതിയുടെ പാർട്ടു്. പിന്നെ ഈ വ്യസനം എങ്ങനെ ഉണ്ടായി. നിങ്ങളുടെ പ്രധാനനേതൃത്വത്തിലെടുത്ത ത്യാഗസീമ എന്ന ചിത്രത്തിലെ നായിക മാരതി ആയിരുന്നല്ലോ അവിടമധികം വിസ്തരിച്ചു് നിങ്ങളുടെ സദ്യയശസ്സിൽ കളങ്കംകലർത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

സുഹൃത്തേ, നിരൂപണത്തിനു ചില പൊതുതത്വമുണ്ടു്. പ്രലോഭനങ്ങളിൽ നിരൂപകൻ വീണുപോകരുതു്. പ്രേമം, ഉപകാരസ്മരണ, സ്വാർത്ഥത തുടങ്ങിയ ദുർബലചിന്തകളും നിരൂപകന്റെ ഹൃദയത്തിൽ കടന്നു് ക്രിയാനിരൂപണം പ്രത്യേകം ചില ലക്ഷ്യങ്ങൾക്കുവേണ്ടി അ

(20-ാംപേജിൽനിന്നും തുടർച്ച)

ഭാര്യാത്വത്തിന്റെയും മഹിമ സാമൂഹ്യനീതികളുടെ ഹോമകുണ്ഡത്തിൽ ബലിയർപ്പിക്കപ്പെടുന്ന കാഴ്ച സമൂഹത്തിൽ വല്ലാത്ത ഞെട്ടലുണ്ടാക്കുമെന്ന ഈ കലാമർമ്മജ്ഞന്മാക്കറിയാം. അതുകൊണ്ടാണ് ബംഗാളി കുടുംബജീവിതത്തെ കുറേയൊക്കെ വസ്തുനിഷ്ഠമായി ശരച്ചന്ദ്രൻ അപഗ്രഥിച്ചു് പ്രകാശിപ്പിച്ചതു്. അങ്ങനെ വേദനിപ്പിക്കുന്ന സമൂഹപ്രശ്നത്തെ ആവിഷ്ക്കരിക്കാനായിരുന്നു അദ്ദേഹത്തിന്റെ ബദ്ധപ്പാടു്. എന്നാൽ സമൂഹവൈകൃതങ്ങളെ എതിർത്തതല്ലാതെ അതിനൊരു പരിഹാരം നിർദ്ദേശിക്കുവാൻ അദ്ദേഹം വ്യഗ്രത കാണിച്ചില്ല. മാനുഷികമൂല്യങ്ങളെ ചതയ്ക്കുന്ന ക്രൂരവും യാന്ത്രികവുമായ അനീതികളെ അനുഭവസാക്ഷീകരണമായി വിമർശിച്ച ശരച്ചന്ദ്രൻ മനുഷ്യസ്നേഹോത്തേജിതമായ റിയലിസമാണ് റൊമാൻറിസിസത്തിന്റെ കയർപ്പുമുതാണെങ്കിലും ഉപാധിയായി സ്വീകരിച്ചതു്—.

ഏതാണ്ടു് ഇതിനനുലോമമായിത്തന്നെ ബംഗാളിലും, കേരളത്തിലും തികഞ്ഞ തീക്ഷ്ണവാദത്തിനു ഒരു കുളുമ്പും മനോഹാരിതയും നൽകുന്നവരും നമ്മുടെയാദ്ധേത്തെ ജീവനമായ ശൈലിയാൽ ഞങ്ങളെ ഹരിതവും, അയ ഒരു സാഹിത്യരീതിക്കുടെ വളർന്നുകൊണ്ടിരുന്നു. ബംഗാളിൽ പ്രമഥചൌധുരിയും, കേരളത്തിൽ എസ്. കെ പൊറ്റക്കാട്ടു്, പി. സി. കുട്ടിക്കൃഷ്ണൻ തുടങ്ങിയവരും ആയിരുന്ന ഇതിന്റെ പ്രധാന വൈതാളികന്മാർ സോദ്ദേശ്യകങ്ങളല്ലെങ്കിലും പ്രസാദോജോമാധുര്യാദിഗുണങ്ങൾ തുളുമ്പുന്നവയാണ് ഇവരുടെ കൃതികളും —അകാരണത്താൽ അവരുടെ കലാസൃഷ്ടികൾക്ക് സൂക്ഷ്മന്മാർ പ്രത്യേകമായ സ്വാശ്രയം അനുഭവിയിട്ടുമുണ്ടു്.

ആധുനിക കേരളീയ സാഹിത്യത്തിന്റെ മുഖ്യപ്രവണതകളും ഇന്നത്തെ വംശസാഹിത്യത്തിലും ഏറെക്കുറെ കാണുന്നുണ്ടു്. ഇവിടെപ്പോലെതന്നെ അവിടെയും ധാരാളം എഴുത്തുകാർ—താരശങ്കർ, മണിക്ക, അതുലചന്ദ്രഗുപ്ത, ദലീപ്കുമാർറോയി, ബുദ്ധദേവ ബോസ്, സുധീന്ദ്ര തുടങ്ങിയവർ—തെറ്റിനും ശരിക്കുമിടയിൽ നിന്നുകൊണ്ടു് കൃതികളും പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ശിഥിലീകരണവാസനയും സന്നിഗ്ദ്ധാവസ്ഥയും പൊതുവെ രണ്ടിടത്തും കാണുന്നുണ്ടു്. പൊതുവിലുള്ള മാസികാപത്രികകളും സാഹിത്യവേദികളും മുറവിളിക്കൂട്ടുകളും പൊളിച്ചുകളഞ്ഞെങ്കിലും, ക്രൂരമതിനകത്തെ 'വിദ്വൽസദസ്സിനേയും കൊണ്ടയാക്കുകയും ചെയ്തു കളയുമെന്നുള്ള രണ്ടിടത്തും പരാതിയുണ്ടു്. ബംഗസാഹിത്യവും കേരളീയസാഹിത്യവും ഇന്നത്തെ പ്രതിസന്ധി ഘട്ടത്തിലെത്തിയിരിക്കയാണ്. അധികം താമസിയാതെതന്നെ അവകരുത്തും കാത്തിരിയും വീണ്ടെടുത്തു് മുന്നോട്ടുപോകുമെന്നു് നമുക്കു് ആശിക്കുക—

.....

ധ:പതിപ്പിക്കാൻ പാടില്ല. നിങ്ങ ളിഷ്ടപ്പെട്ടവരേ വാനോളം പു കഴ്ത്തുകയും, മനസ്സിൽ പിടിക്കാ ത്തവരേ പാതാളത്തോളം ഇടിച്ച് താഴ്ത്തുകയും ചെയ്യുന്ന നിങ്ങള ടെ എഴുത്ത നിരൂപണമല്ല. സ് പർദ്ധയുടേയും വൈരാഗ്യത്തി ന്റെയും പേക്കോലം തുള്ളലാണ് മഹാശയനായ നിങ്ങളും ഇതുമാത്രം അധ:പതിച്ച പോയല്ലോ.

"സ്ക്രീനിനുള്ളിലും പുറത്തും ഞാനൊരധികപ്പറ്റാണെന്നും" നി ങ്ങളും മുറവിളിഇടുന്നു. ആത്മപ്ര ശംസ ചെയ്യാനും അന്യരെ ചെ ളിവാരി എറിയാനുംവേണ്ടി ഒരു പത്രം നടത്തി അതിൽ താനാണ് സർവ്വജ്ഞൻ എന്നു സ്വയം ചോ ദ്യോത്തരപംക്തികളിൽക്കൂടി എഴു തിച്ചേർത്ത് ലോകത്തെ കബളിപ്പി ച്ച് ജീവിക്കാമെന്ന് കരുതുന്ന നി ങ്ങളോ പൊതുജനങ്ങളുടെ സഹ കരണത്തോടും സന്മനോഭാവത്തോ ടും കലാലോകത്തിൽ വളർന്ന് എ ന്റെ എളിയ കഴിവുകൊണ്ടും ഇന്നും കാണികളെ അവുംവിധം സന്തോഷിപ്പിക്കുന്ന ഞാനോ അ ധികപ്പറ്റെന്ന് പൊതുജനങ്ങളുംത ന്നെ വിധിക്കട്ടെ! "ലോകപ്രശസ്ത രായ അനേകങ്ങളെഴുതിയിട്ടുള്ള നാ ല്പത്തിമൂന്ന് ഗ്രന്ഥങ്ങളും കരുമാടി ഫിസ്സിലെ ലൈബ്രറിയിൽ ഉള്ള തു ഞാൻ വായിച്ചിട്ടുണ്ട്." എന്നു നിങ്ങളും അറിയിക്കുന്ന അതു ക്രമേ വായിച്ചുകൊണ്ടാണ് ഈ രീതിയിൽ എഴുതുന്നതെങ്കിൽ അ തിനു മുമ്പുള്ള അവസ്ഥ എന്തായി രിക്കുമായിരുന്നു. 'രാത്രി പകലാകു ന്നതും ഒരേ ദിവസംതന്നെ ഒന്നിൽ കൂടുതൽ തവണ നടക്കുന്നുണ്ട്" പടം കണ്ടുകൊണ്ടുള്ള നിങ്ങളുടെ നിരൂപണമാണ്. ഇതുമാത്രമെങ്കി ലും വായിച്ചിട്ടും ഇതിന്റെ സൂത്രം പ ഠിച്ചില്ലല്ലോ. എന്നാലിനിയെങ്കി ലും ഈ അബദ്ധം എഴുന്നള്ളിക്കാ തെ കായ്യം പഠിച്ചോ. സിനിമാ യിൽ സമയത്തെക്കുറിക്കുന്നതിനും മാത്രം Fade out, Fade in, dissolve, എന്നൊക്കെ ചില സമ്പ്രദായങ്ങളുണ്ട്. ഒരു രംഗം Fade out ൽ അവസാനിച്ച് അടുത്ത രംഗം Fade in ൽ തുട ങ്ങിയാൽ ആ രണ്ടു രംഗങ്ങൾക്കു മിടയ്ക്ക് എത്ര സമയദൈർഘ്യം വേണമെങ്കിലും കല്പിക്കാം. ഒരു പക്ഷേ നിങ്ങളും വായിച്ച 43 പു സ്തകങ്ങളിൽ ഇതു കാണുകയില്ലാ യിരിക്കാം. ചെറുപ്പംമുതലെ നി ങ്ങളും പലതും കണ്ടു എന്നു വീമ്പി ളക്കുവാൻവേണ്ടി അച്ചടിച്ചുവിട്ട ഒരു Stunt ആയിരിക്കാം ഈ വാ യനയും. ഇനി സിനിമാസംബന്ധ മായി സകലതും അറിയാമെന്നു മാ യിക്കുന്ന നിങ്ങളുടെ സ്വന്ത അനു ഭവങ്ങളും എങ്ങിനെ. നിങ്ങളുടെ സർവ്വാധിപത്യത്തിൽ എടുത്ത രണ്ടു ചിത്രങ്ങളുടെ അവസ്ഥ എന്തായി? ഗംഭീരമായ പരസ്യങ്ങളോടും മേ ളങ്ങളോടും പുറപ്പെട്ട ആ എഴുന്ന ള്ളിപ്പിൽതന്നെ അവയുടെ മരണ ജാതകവും കുറിച്ചില്ലെ. ബാം ഗ്ലൂരിൽപോയി ശ്രീ. വി. നാഗ യ്യയെക്കൊണ്ട് Direct ചെയ്യി ക്കാൻ പോകുന്ന എന്ന പരസ്യ പ്പെടുത്തിയ "ചിത്രലേഖ' എവിടെ. അടുത്തത് ത്യാഗസീമ 5000 അടി എടുത്തതിനുശേഷം അതിനെ കഴിച്ചു മൂടിയില്ലേ സാ ഹിത്യധുരന്ധരനായ നിങ്ങളും അ വിശ്വ കലാസൃഷ്ടിയുടെ ശവപ്പെ ട്ടിയുമെടുത്തുകൊണ്ട് ഏതു സിനി മാശാലകളിലും നിർമ്മാണകരുടെ യും, വിതരണക്കാരുടേയും പടി വാതിലുകളിൽ കരുത്തു കിടന്നു, അതിനെ ഒന്നു ജീവിപ്പിക്കാൻ. ആ അയ്യായിരംഅടി പടംകണ്ട ആ ളുകളും പറഞ്ഞതോമ്മയുണ്ടോ "ഇ തെന്ത പടമാണ്ടോ എന്നു". അ കഥകണ്ടിട്ട കാണികളും പറഞ്ഞതെ ന്താണെന്നറിയാമോ "ഇതാണോ നിങ്ങളുടെ ഒക്കെ പുരോഗമനം എ ന്നു." അതിൽ നിങ്ങളും കാണി ച്ചിരുന്ന കലാഭാസം കണ്ട ആളു കളും പൊട്ടിച്ചിരിച്ചുകൊണ്ട് പ റഞ്ഞതെന്താണ്. "മാസികയിൽ ഓരോന്നു തട്ടിമൂളിക്കുന്നപോലല്ല ഈ പടം എടുപ്പെന്നു" അവിടെ കൂടിയവരിൽ ഒരാളെങ്കിലും നി ങ്ങളുടെ ചിത്രത്തിന്റെ ബാക്കി നിർമ്മാണം ഫൂഡ് എട്ടാക്കാത്തതിൽ നിന്നു, നല്ല ഒരു വാക്ക് എങ്കിലും പറയാത്തതിൽനിന്ന് നിങ്ങൾക്ക് മനസ്സിലാക്കിക്കൂടെ നിങ്ങൾ നിർ മ്മിച്ച പടത്തിന്റെ മഹത്വം.

എന്നിട്ടും പോരായ്മയില്ല തെ പറയു കയാണ് താനാണ് സിനിമായുടെ authority എന്നു പറഞ്ഞിലൊ ക്കെ നിങ്ങളുടെ കലാവൈഭവം ആ

(ശേഷം 25-ാം പേജിൽ)

വീണമീട്ടി നീയൊന്നു പാടൂ

★

എം. കെ. മോസി

മൃദുലതരമാ വീണ തന്റെ തന്ത്രി
മധുമധുരമങ്ങനെ മീട്ടി മീട്ടി
കവിളിണയിലായിരം മാരിവില്ലിൻ
ശബളമനോഹര കാന്തിചിന്നി
അധരപുടമേതോ നിർമ്മധമകം
മൃദുഹസിതമപ്പൊഴും മൂടി മൂടി
അവിടെയൊരു നിലശിലാ തലത്തിൽ
അഴകൊരുടലാർന്നപോൽ നീയിരുന്നു.
അകലെക്കണങ്ങിക്കുണങ്ങിയേട്ടും
ഒരു കൊച്ചുകാനനച്ചോലപോലെ
അലയടിച്ചുലയടിച്ചെത്തി നിന്റെ
മധുരസുന്ദര ഗാനധാര-
എഴുതാതലമാകെക്കുളിരുകോരി.
പുകരുന്ന സുന്ദരഗാനധാര.

രണ്ട്

മൃദുലതരമാവീണതന്റെ തന്ത്രി
മധുമധുരമെന്തിനോ മീട്ടിമീട്ടി
അഴകൊഴുകുമാ നീണ്ടകണ്ണിണയിൽ
ഒരു വിധുരഭാവാർദ്ര ഭംഗിതിങ്ങി
കവിളിണയിലിറ്റിറ്റുവീഴുന്നതോ
കദനത്തിൻ കണ്ണീരൊ തുക്കിനിത്തി
ഇടറുംവികാരങ്ങളും മുറ്റിനില്പൂ
വിറകൊള്ളുമധരപുടമമർത്തി
ഇതളൊന്നാരി നീലരാവിലെന്തേ
പുലർകാലതാരംപോൽ നീയിരിപ്പൂ?
എരിയുന്നൊരാത്മാവിലൂറിനിഴ്ക്കും
തളരുന്ന സ്വപ്നമീ നാദധാര—
എഴുതും പിഴിഞ്ഞൊരു വേനൽപോൽ
പടരുന്നിശോകാത്മനാദധാര.

— മൂന്ന് —

അകലത്തിലാട്ടുരചക്രവാള-
പരിധിക്കുമപ്പുറമോമലാളേ!
തളിരിട്ട നിന്നിരുന്നു നിന്റെ
തങ്കക്കിനാവിൻ പുഞ്ചിരികളും.
മായുന്നു, മായും മുന്നിലിന്നു
മധുരസ്മരണതൻ നിഴലുപോലും.
എന്നാലുമേകാന്തശാന്തമൂകം
ഇന്നിശാവേളയിൽ വീണമീട്ടി
കിന്നരകന്യകപോലെ നീയെൻ
മുന്നിലിരുന്നൊരു പാട്ടുപാടൂ.

(ഈ ലക്കം തുടർച്ച)

മുതുകുളം ഒരു മറുപടിക്കും വേണ്ടിയില്ല— ഞാൻ വിട്ടു

★

ഈ ലേഖനം നേരിട്ട് കൗമുദിക്ക് അയച്ചിരുന്നെങ്കിൽ കൗമുദിയിൽ പ്രസിദ്ധീകരിക്കുമായിരുന്നു. കൗമുദി അതിനു വിസമ്മതിച്ചശേഷം മറ്റു പത്രക്കാരെ ബുദ്ധിമുട്ടിച്ചാൽ മതിയായിരുന്ന കൗമുദിയിൽ എന്താണെഴുതിയിരുന്നതെന്നു അറിഞ്ഞുകൂടാത്ത വായനക്കാരോട് ഈ മറുപടിമാത്രം വായിക്കാൻ പറയുന്നതു ഈ ലേഖനം പ്രസിദ്ധീകരിച്ച പത്രത്തെ സംബന്ധിച്ചിടത്തോളവും ശരിയാണെന്നു തോന്നുന്നില്ല. സാമാന്യമായ പത്രമര്യാദയുടെ പേരിൽ ഇതു പറഞ്ഞേ തീരൂ എന്നുള്ളതും. പരാതിയായിട്ടല്ല.

ഈ മറുപടി കൗമുദിവായനക്കാർക്കു വായിക്കാൻ അവസരം നൽകിയില്ലെങ്കിൽ കഷ്ടമാണല്ലോ എന്നു കരുതി ഇതു കൗമുദിയിൽ ഉൾപ്പെടുത്തുന്നു. ജ്യോതി എഴുതിയ ഒരു നിരൂപണത്തിനു മുതുകുളം എന്നോടു നേരിട്ടു മറുപടിപറഞ്ഞിരിക്കയാണ് എന്നെ തകർത്തു തരിപ്പണമാക്കുന്ന മറുപടിയാണ്. അതുവായിക്കാതെ ഈ മറുപടി അതും വായിക്കരുതെന്നു കരുതിയാണ് ഇതു ആ ലേഖനത്തിന്റെ താഴെ പ്രസിദ്ധീകരിക്കുന്നതു്.

ഇതിനകത്തു കൂടെ അഭാസത്തരങ്ങളെഴുതിയിട്ടുണ്ട്. അതിനു ഞാൻ മറുപടിപറയുന്നില്ല. ബാക്കികാര്യങ്ങൾ വായിച്ചപ്പോൾ നല്ല നേരംപോക്കുതോന്നി.

ഒന്നാമത്തെ ആക്രമണം "ത്യാഗസീമ"യേയും "ചിത്രലേഖ"യേയും പറ്റിയാണ്. ഇങ്ങനെ രണ്ടുചിത്രങ്ങൾക്കു ഒന്നിനു സംഭാഷണവും വേറൊന്നിനു കഥയും ഞാനെഴുതിയതു നേരാണ്. നാശ്യയെ കണ്ടതും നേരാണ്. ചിത്രംരണ്ടുംപൂർത്തുവന്നില്ല എന്നുള്ളതും നേരാണ്. ചിത്രം എടുക്കാനേൽപ്പിച്ചവർക്ക് കയ്യിൽ കാശില്ലാതെ വന്നതുകൊണ്ടാണ് ഒന്നു തുടങ്ങാതേയും മറ്റൊന്നു തുടങ്ങി മധ്യത്തുവച്ചു നിശ്ചലാവസ്ഥയിൽ ഏത്തിയതെന്നുള്ളതും നേരാണ്. ഈ ചിത്രങ്ങളുടെ കഥ ആരൊക്കെയോ കണ്ടിട്ടുണ്ട്. ത്യാഗസീമ ഏതാനും അടി എടുത്തതു് ചിലരെ കാണിച്ചിട്ടുണ്ടെന്നു തോന്നുന്നു. അതു കണ്ടിട്ട് ശ്രീ ബോറായിരിക്കുന്നെന്ന് ആരും എന്നോടു പറഞ്ഞിട്ടില്ല. മറിച്ച് കഥയൊക്കെ വിവരമുണ്ടെന്ന് സങ്കല്പിക്കേണ്ട പി. മാസ്സറനെപ്പോലെ ചിലർ നന്നായിരിക്കുന്നെന്നു പറഞ്ഞിട്ടുമുണ്ട്. രണ്ടായാലും ജ്യോതിക്ക് പൊൻകതിർ നിരൂപണം ചെയ്യാൻ എന്റെ ത്യാഗസീമയും ചിത്രലേഖയും നല്ല ചിത്രങ്ങളാകേണ്ട കയ്യുമൊന്നുമില്ല എന്റെ ചിത്രങ്ങൾ പൂർത്തുവന്നെങ്കിൽ അവയെപ്പറ്റിയും ജ്യോതി തനിക്കു തോന്നുന്നതെഴുതും. അതൊക്കെ എന്താണെന്നു് നമുക്കൊപിച്ചുകൂടുക്കു മനസ്സിലാവുകയില്ല ഞാൻ ഉപന്യസിച്ചതുകൊണ്ടു പ്രയോജനവുമില്ല.

എന്നെ ആദ്യം കഥയെഴുതാൻ വിളിക്കാത്തതിൽ മുതുകുളത്തിനു് വലിയ കുണ്ഠിതമുണ്ടെന്നു തോന്നുന്നു. എനിക്കാകുണ്ഠിതമില്ല. കാരണം എന്നോടു് ഒരു കഥ ആവശ്യപ്പെട്ടിട്ടില്ലാത്ത നിർമ്മാതാക്കളും ഇയിടെ കുറവായതുകൊണ്ടാണ്. ശ്രീ. സുബ്രഹ്മണ്യം തന്നെ അദ്ദേഹത്തിന്റെ ആദ്യചിത്രത്തിന്റെ കഥയെഴുതണമെന്നു് ഒരു ദിവസം ഉച്ചക്കു് ശ്രീകുമാർ തിയേറ്ററിൽ വച്ചു് അദ്ദേഹം സ്റ്റുഡിയോ ആരംഭിക്കുന്നതിനു് മുൻപുതന്നെ എന്നോടാവശ്യപ്പെട്ടതാണ്. ഞാൻ ആ കൊച്ചുടിതൃഭഗസീമമാത്രമാണെഴുതിയിട്ടുള്ളതു്. അതും ഞാനെഴുതിയതല്ല എന്നെക്കൊണ്ടെഴുതിപ്പിച്ചതാണ്. എനിക്കു് കഥയെഴുത്തു വളരെ വശമില്ല. അതൊന്നു വശപ്പെടുത്തിയെടുക്കാൻ ആവശ്യമായ പഠനം നടത്തുന്നുണ്ടു്. അതിനുമുൻപു് എടുത്തുചാടാതെഇരുന്നാൽ കൊള്ളാമെന്നാഗ്രഹമുണ്ടു് പക്ഷേ ഇന്നു ഞാനൊരു കഥയെഴുതിയാലും ഈ 67 നാടകങ്ങളുടെ തന്ത എന്റെ നാലയലത്തു വരികയില്ലെന്നെനിക്കു ധൈര്യമുണ്ടു്. എന്റെ വകതിരിവുകൊണ്ടും വിവേകംകൊണ്ടും അതൊരു കഴിവായി ഞാൻ കണക്കുകൂട്ടുന്നില്ലെന്നേയുള്ളു.

എഴുത്തറിയാവുന്നവരെ കഥയെഴുത്തേല്പിക്കണമെന്നു് ജ്യോതി പറഞ്ഞതു് എന്നെ ഏല്പിക്കണം എന്ന അർത്ഥത്തിലല്ല. എന്നെ ഏല്പിക്കരുതെന്നതിനർത്ഥമുണ്ടു്. അവർ പഞ്ഞിഎഴുതു് സന്തോഷങ്ങളെപ്പറ്റി താൻ പഠിച്ചതുകിലല്ലാതെ മറ്റാർക്കും അറിഞ്ഞുകൂടാത്ത സാഹിത്യകാരി വ്യാപാരികളേയും ജ്യോതിയുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയില്ല ഈ നാട്ടിലെ ഒരുകുടുംബത്തിലും കടക്കുകൂടാതെ അംഗീകരിക്കുന്ന കുറേ എഴുത്തുകാരുണ്ടു്. അവർ അതിന്റെ നേട്ടങ്ങളായി കരുതി ആനന്ദിക്കയായിരിക്കും. മാന്യമിത്രമേ, ഇതു നിങ്ങൾക്കു് പറ്റിയ തൊഴിലല്ല. ഏട്ടിലെ പശു പുല്ലു തിന്നുകയില്ല.' കഷ്ടകാലത്തിനു് നിങ്ങൾ ഏതൊക്കെയോ വായിച്ചു എന്നു പറയുന്നു അതും മനസ്സിൽ വച്ചുകൊണ്ടാണ് ഈ ബ്രഹ്മാണ്ഡവിസ്തീർണ്ണങ്ങളും അഹങ്കാരങ്ങളും തട്ടിവിടുന്നതു്. ഈ പടമെടുപ്പു് ഒരു ചെല്ലപ്പണിയാണ്. നിങ്ങൾ: ഹരി, ശ്രീ പഠിച്ചുടങ്ങിയപ്പോൾ ഞാൻ നാടകം എഴുതിത്തുടങ്ങിയതാണ് നിങ്ങൾ എൺപ്പുവടിയും ക്ലൂക്ഷരങ്ങളും പഠിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ കലാസൃഷ്ടികളും അഭിനയവും സഹൃദയലോകം സ്വീകരിച്ചുകഴിഞ്ഞിട്ടുമുണ്ടു്. പരേതനായ ശ്രീ. സി. വി. കുഞ്ഞുരാമനോടു ചോദിച്ചിരുന്നെങ്കിൽ അറിയാമായിരുന്ന അദ്ദേഹം മുതുകുളത്തിന്റെ കഴിവുകളെ എങ്ങിനെ പ്രശംസിച്ചിരുന്നു എന്നു്. പൊതുജനങ്ങളും ഹർഷാരവത്തോടെ സ്വീകരിച്ച യാചകി, സഹപാഠി, മനുഷ്യൻ, വ്യാമോഹം, പ്രതീക്ഷ, ദേവീദാനം തുടങ്ങിയ അറുപതോളം നാടകങ്ങളും ഞാൻ എഴുതിയിട്ടുണ്ട്. ജീവിതനൗക, നല്ലതങ്ക, യാചകൻ, വേലക്കാരൻ. ലോകനീതി, ആത്മസഖി, പൊൻകതിർ തുടങ്ങിയ പല ചിത്രങ്ങളുടെയും കഥയും സംഭാഷണവും ഞാൻ എഴുതിയിട്ടുണ്ടു്. എന്റെ കഥ തമിഴിൽപോലും പ്രസിദ്ധീകരിച്ചു നാടകമാക്കുകയും (T. K. S. Bros) സിനിമാ ആക്കുകയും ചെയ്തിട്ടുണ്ടു് (മനിതൻ). ഇതൊന്നും നിങ്ങൾമാമ്മിക്കുന്നില്ലായിരിക്കും. എന്നിട്ടും മുതുകുളം സ്ക്രീനിനു് മുമ്പിലും വെളിയിലും ഒരു അധികപ്പറ്റാണെന്നു് നിങ്ങൾ അക്രോശിയ്ക്കുന്നു. ഇപ്പോഴും സിനിമായ്ക്കു് മൂന്നു് നാലു കഥകളും ഞാൻ എഴുതിക്കൊണ്ടിരിക്കുകയാണ്. അസൂയയും വ്യക്തിവിദ്വേഷവും മൂത്താൽ എന്തും എഴുതിക്കളയാമെന്നു് വിചാരിയ്ക്കുന്നതു് മൂഢത്വമാണ്. ചിത്രനിർമ്മാതാക്കളും എന്നെ സമീപിക്കുന്നതിൽ പുരികം ചുളിച്ചിട്ടു് എന്താണൊരു കുറവു്. നിങ്ങളെ സമീപിക്കാൻ നിർമ്മാതാക്കൾ മടിയ്ക്കും. കാരണം, അവർക്കുപോലുമറിയാവുന്നതു് നിങ്ങളുടെ ഈ എഴുത്തും വായനക്കാരുമല്ലാതെ സിനിമായേ സംബന്ധിച്ചു് ഒരു ചുക്കും അറിഞ്ഞുകൂടെന്നു്. തർക്കമുണ്ടെങ്കിൽ ഒരു കഥ വെള്ളത്തിരയിൽ പകർത്തി സാമർത്ഥ്യം പ്രകടിപ്പിക്കണം. അല്ലെങ്കിൽ സൃഷ്ടിപരമായ വിമർശനങ്ങൾകൊണ്ടു് സംതൃപ്തിപ്പെടണം ഇതൊന്നുമല്ലാതെ മുന്നോട്ടുപോകുന്നതു് ശരിയല്ല.



ര്ക്കെയാണെന്ന് ഞാൻ പേരു പായാതെതന്നെ ഈ നാട്ടിൽ വിവരമുള്ളവർക്കൊക്കെ അറിയാം. അവരെ കഥയെഴുത്തേല്പിക്കണമെന്നും 67 ക്ലൈമാക്സിന്റെ ബലംവച്ചു വ്യാപാരികളെ ഏല്പിക്കരുതെന്നുമാണ് ജ്യോതിയുടെ വാദം.

ജ്യോതി പൊൻകതിരിന്റെകഥ ശുദ്ധ ഏഷ്യത്തരമാണെന്നെഴുതിയിരുന്നു. ഈ മനുഷ്യൻ മറുപടി എഴുതിയപ്പോൾ അതിനെപ്പറ്റി ഇന്നതെക്കൊന്നും പറയാനില്ലെങ്കിലും പോകട്ടെ വിവരമുള്ള ആരെക്കൊണ്ടെങ്കിലുമൊന്നു പറയിക്കാമോ ഈ കഥക്ക് എന്തെങ്കിലുമർത്ഥമുണ്ടെന്ന്? ഒരു കഥ വിഡ്ഢിയാൻ കഥയാണെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാൻ അല്പം ബുദ്ധിവേണം. 67 ന്റെ നായകനു് അതു മനസ്സിലാകാത്തതിൽ എനിക്കത്ഭുതമില്ല.

പിന്നെ വിജ്ഞാനം കൊണ്ടു മുഖകളം ജ്യോതിയെ നിരൂപരിശോധിയിട്ടുണ്ട് 43 പുസ്തകം വായിച്ചെന്നു വീമ്പിളക്കിയ ജ്യോതിയോടു് Fade out, Fade in തുടങ്ങിയ അത്ഭുതകരങ്ങളായ സിനിമാ ടെക്നിക്കുകളെപ്പറ്റി ഒരു കൊച്ചു കുട്ടിയെ മനസ്സിലാക്കുന്നപോലെ മുഖകളം പറഞ്ഞു മനസ്സിലാക്കിക്കുന്നു. സിനിമയിൽ സമയത്തെ കുറിക്കുന്നതിനും മറ്റും Fade out, Fade in, Dissolve തുടങ്ങിയ വിഭ്രകളുണ്ടെന്നു വായനക്കാരുടെ ബുദ്ധിമുട്ടൊഴിക്കാൻ ഈ അത്ഭുതങ്ങളെന്താണെന്നു് ഞാനൊന്നു പറഞ്ഞുനോക്കട്ടെ. ഒരു രംഗം മങ്ങിമങ്ങി അവസാനിച്ചു് അടുത്തരംഗത്തിലേക്കു് സംക്രമിക്കുന്നതാണു് FADE OUT. മുടൽ മഞ്ഞിലൂടെ എന്നു തോന്നുമാറു് ഒരു രംഗം ആരംഭിച്ചു് സാവധാനത്തിൽ തെളിഞ്ഞു വരുന്നതാണു് ഈ FADE IN. ഒരുരംഗം ജലത്തിൽ കാണുന്നു. പ്രതിബിംബം മാളുങ്ങം അലച്ചു മാഞ്ഞുപോകുന്നതുപോലെ അവസാനിക്കുന്നതാണു് Dissolve ഇതുകൂടാതെ ഒരു രംഗം മറ്റൊരു രംഗത്തിൽ കൂട്ടിക്കഴഞ്ഞുപോകുന്ന ഒരു സാങ്കേതികമാർഗ്ഗവുമുണ്ടു്. Mixing എന്നു പറയും ഒരു രംഗം പൊടുന്നനവെ മറ്റൊരു രംഗത്തിന്റെ പശ്ചാത്തലം സൃഷ്ടിക്കാനായി മാറിക്കൊടുക്കാറുണ്ടു്. അങ്ങനെ അവസാനിക്കേണ്ട രംഗങ്ങളും Cut ചെയ്യുന്നു എന്നു പറയാറുണ്ടു്. ഇടയ്ക്കു് അശേഷം സമയമിടാതെ തുടർന്നു നടന്നുപോകുന്നതായി സങ്കല്പിക്കപ്പെടുന്ന കാര്യങ്ങളും ഏറ്റവും അധുനാതനമായ സാങ്കേതിക മാർഗ്ഗങ്ങളും ഉപയോഗിച്ചു് Run Into എന്ന പുതിയ സാങ്കേതിക രീതിയിൽ അവസാനിക്കാറുമുണ്ടു്. ഒരു രംഗവും മറ്റൊരു രംഗവുമായുള്ള ബന്ധം കുറിക്കുന്ന സാങ്കേതിക മാർഗ്ഗങ്ങളാണിവ. ഇതു് കാലം നിഷ്കർഷിക്കുന്നുള്ള ഉപകരണമായിട്ടാണു് ഈ സിനിമാധുരന്ധരൻ ഉപയോഗിച്ചുകൊണ്ടിരുന്നതെന്നു ഇപ്പോഴാണു മനസ്സിലായതു് ജ്യോതിയുടെനിരൂപണത്തിലെ തക്കം ഇതായിരുന്നു. പൊൻകതിരിലെ നായകൻ ഒരുദിവസം രാത്രി വീട്ടിൽ വന്നാപ്പാടം മാറ്റു അവിടെയില്ലായിരുന്നു. അയാളുടനെ ഒരു വേശ്യാഗൃഹത്തിൽ പോയി. വേശ്യാഗൃഹത്തിൽ ചെന്നുകേറുന്നതു് പകലാണു്. അയാൾ തിരിയെ പിന്നീടു് വീട്ടിൽ വരുമ്പോൾ രാത്രിയാണു് ഇതു് പ്രധാനമായി ലൈറ്റിംഗിന്റെ തകരാറാണു്. രണ്ടാമതു് ഇങ്ങനെ കാര്യങ്ങളും ശ്രദ്ധിക്കുന്ന ഒരാളു് നിർമ്മാണത്തിൽ ഇല്ലാത്തതിന്റെ തകരാറാണു്. Continuity നോക്കുന്ന ആളിനു് ഉടുപ്പും മീശയും നോക്കുന്നപോലെതന്നെ ചുണയുണ്ടെങ്കിൽ ഇതും ചുണ്ടിക്കാണിക്കാം. കുറെ രംഗങ്ങളെടുത്തു അവസാനം തലയും വാലും മുറിച്ചുകൊണ്ടു വെട്ടിസിമന്റു തേച്ചൊട്ടിച്ചു ഒരു കഥയാണെന്നു വരുത്താൻ ശ്രമിച്ചാലും ഇങ്ങനെ കുഴപ്പംവരും. ഇതെഴുതിയതിനാണു മുഖകളം ടെക്നിക്കു് പ്രോഷണം നടത്തിയതു്.

ഒരു രംഗവും മറ്റൊരു രംഗവുമായി ചേർത്തിപ്പിക്കുമ്പോൾ പ്രേക്ഷകരുടെ മനോവ്യാപാരങ്ങളുടെ സൂക്ഷ്മമായ നിയന്ത്രണം കയ്യിലെടുക്കാനും അവരെ കഥക്കപ്പുറത്തു മറ്റൊന്നിനെപ്പറ്റിയും ചിന്തിപ്പിക്കാതിരിക്കാനും ഉപയോഗിക്കുന്ന സാങ്കേതികാർഗ്ഗങ്ങളിലൊന്നാണു് Fade out. ഒരു രംഗം Fade out-ൽ അവസാനിപ്പിക്കുന്നതു നയനങ്ങളുടെ അലസത വികാരജന്യമാണു് എന്ന ശരീരശാസ്ത്രവും മനശ്ശാസ്ത്രവും അനുസ്യൂതമാക്കിയാണു്. ഇതു ക്രൂടാതെ ഒരു രംഗത്തിനു് സ്വാഭാവികമായ ഒരു പരിസമാപ്തി അവശ്യമില്ലാതിരിക്കെ അങ്ങനെയൊരു പരിസമാപ്തി വേണമെന്നു പ്രേക്ഷകനു് തോന്നലുണ്ടാകത്തക്കവണ്ണം രംഗം സ്പർശകമായാൽ ചിന്തയിൽനിന്നു് ആ രംഗത്തെപ്പറിച്ചെടുക്കാതെ നയനങ്ങളുടെ അലസതയിലൂടെ രംഗം വിസ്മൃതിയിലാക്കി അടുത്തരംഗത്തിനു് മനസ്സിനെ സജ്ജമാക്കാൻ Fade out ഉപയോഗിക്കാം ഒരു രംഗം. മറ്റൊരു രംഗത്തിലേക്കു് എങ്ങനെയാണു മാറിപ്പിക്കേണ്ടതെന്നു് അതിവിദഗ്ധമായി പ്രശസ്ത സിനിമാസംവിധായകനായ ഗ്രിഫിത്തു് എഴുതിയിട്ടുണ്ടു്. ഒരു മനശ്ശാസ്ത്രപടുവിനു മാത്രമേ അതു നിർണ്ണയിക്കാൻ കഴിവുണ്ടാകൂ എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. അതു് കാലം കുറിക്കാൻ ഉപയോഗിക്കേണ്ട കലണ്ടറാണെന്നാണു് സിനിമാസാഗരപാരംഗതനായ മുഖകളം എന്റെ ജ്യോതിയോടു് പറയുന്നതു് അതൊക്കെ വളരെ വിശദമായി ചർച്ച ചെയ്യാതെ വിടുകയാണു ഭേദം. ചർച്ചചെയ്താൽ ഇങ്ങേക്കു മനസ്സിലാകുണ്ടോ?

മുഖകളം വ്യക്തിവിദ്വേഷത്തെപ്പറ്റിപ്പറയുന്നു. ഞാനും മുഖകളവുമായി മൽസരിക്കുന്ന ഒരു രംഗവുമില്ല. എനിക്കു് മുഖകളത്തെപ്പറ്റി അസൂയയുണ്ടാകുന്നു എന്നു പറഞ്ഞാൽ അങ്ങേക്കതന്നെ ചിരിവരാതിരിക്കയില്ല എന്റെയൊരു സുഹൃത്തിനോടു ഞാൻ ഇങ്ങനെ തുലയ്ക്കാൻ ശ്രമിക്കുന്നു എന്നു് ഒരിക്കൽ പരാതിപ്പെട്ടതായി എന്നോടു പറഞ്ഞു. ഒരിക്കൽ ഒരു നിരൂപണം ഞാൻ പേരുവച്ചെഴുതിയപ്പോൾ വയറുവേദനിക്കില്ല എന്നൊരു കാർഡു മുഖകളം എനിക്കയച്ചതായി ഓർമ്മയുണ്ടു്. സത്യത്തിൽ മാനസികം പ്രയത്നത്തിൽ ജീവിക്കുന്ന ഈ മനുഷ്യനെ ഉപദ്രവിക്കാതിരിക്കണമെന്നാഗ്രഹമുണ്ടു്. പക്ഷേ സിനിമാചിത്രങ്ങൾ കാണേണ്ടിവന്നതുകൊണ്ടു് എനിക്കും എന്നപ്പോലെ പലർക്കും ഉണ്ടാക്കിവയ്ക്കുന്ന ബുദ്ധിമുട്ടിനെപ്പറ്റി പറഞ്ഞുപോകുന്നുവെന്നേയുള്ളു എനിക്കിതിനന്ദിക്കാൻ കഴിയുന്ന ഒരു 'ചരിത്രം' 68-മത്തെങ്കിലും മുഖകളത്തിനെഴുതാൻ കഴിഞ്ഞിരുന്നെങ്കിലെന്നു് ഞാൻ ആത്മാർത്ഥമായിത്തന്നെ ആഗ്രഹിക്കുന്നു. എന്റെ അപ്പൂപ്പന്റെ കാലത്തു് മുഖകളം നാടകമെഴുതിത്തുടങ്ങിയെന്നു പറയുന്നു. എന്റെ അപ്പൂപ്പന്റെ മകനും ജനിച്ചു് മകളുടെ മകനായി ഞാൻ ജനിച്ചപ്പോഴേക്കും മുഖകളത്തിനു് എഴുത്തുപാർക്കാൻ കഴിഞ്ഞില്ലല്ലോ എന്നു് എനിക്കു ഖേദമുണ്ടു്. ഇതൊക്കെ മറുപടി പറഞ്ഞു തീർക്കുവുന്ന കാര്യങ്ങളല്ല പൊൻകതിരിനെപ്പറ്റി ജ്യോതിപറഞ്ഞതു് പൊതുജനങ്ങളും പറയുന്നുണ്ടെന്നു് മുഖകളത്തിനു് ഇതിനകം മനസ്സിലായിക്കാണുമെന്നാണു് എന്റെ വിശ്വാസം. ചിത്രനിർമ്മാണത്തിനു് പണംമുടക്കാൻ തയ്യാറാവുന്നവരെ ഇങ്ങനെ തുലയ്ക്കരുതു്. സ്വന്തം ചരിത്രങ്ങളല്ലാതെ മറ്റുവല്ലതുമെഴുതാറുള്ള വായിച്ചു വിവരമുള്ളവനായി നല്ലൊരു കഥയെഴുതാൻ കഴിയുമെങ്കിൽ അതിനു ശ്രമിക്കുക സ്നേഹത്തിന്റെ പേരിലാണു് ഞാൻ ഇതു മുഴുമിപ്പിച്ചതു്. ഇനി മറുപടിപറയുന്നതു്. ഈ ലേഖനത്തിനു് ഇതെഴുതിയ സന്ദർഭത്തിൽ മറുപടിപറയാൻ എനിക്കറിഞ്ഞുകൂടാഞ്ഞിട്ടല്ല, മുഖകളം അതിനുംവേണ്ടിയില്ല. ഞാൻ വിടുന്നു.

കെ. ബാലകൃഷ്ണൻ



ഭാര്യയുടെ വ്യക്തിത്വം

(വി. എൽ. കെ, എസ്. ബി. കോളേജ്)

"വനിതകൾക്കൊരുപംക്തി" തുടങ്ങിയപ്പോഴേ ബാലകൃഷ്ണൻ അറിയിച്ചിട്ടുണ്ട് "ഹോസ്റ്റൽമുതൽ നാട്ടുംപുറത്തെ കൊച്ചുവീട്ടിലെ അടുക്കളവരെ എവിടെ നടക്കുന്നകാര്യങ്ങൾവേണമെങ്കിലും എഴുതാമെന്ന്." പത്രാധിപരുടെ ബലംകണ്ട് പലതും എഴുതുന്ന ആ സൗന്ദര്യത്തേയും സ്വാതന്ത്ര്യത്തേയും വിദ്യാഭ്യാസത്തേയും മറ്റും മറ്റും കുറിച്ച്. കൃത്യത്തിൽ ഞാനും.

വളരെ നാളുകൾക്കുമുൻപുമുതൽ തന്നെ എനിക്കു തോന്നിയിട്ടുള്ള ഒരു സംശയമാണ്. "ഒരു ഭാര്യക്കു വ്യക്തിത്വമുണ്ടായിരിക്കാമോ" എന്ന് ഒന്നു രണ്ടു സ്നേഹിതകളോടും ഞാൻ ഈ ചോദ്യം ചോദിച്ചിട്ടുണ്ട്. അവർക്കും ശരിയായ ഒരു മറുപടി നൽകാനില്ല. അവരുടെ ദൃഷ്ടിയിൽ ഭാര്യയുടെ വ്യക്തിത്വം ഭർത്താവിന്റെ അടിമത്വത്തിലാണ് അവസാനിക്കുന്നത്. അങ്ങിനെ ആ ചോദ്യത്തിന് ഉത്തരംകിട്ടാതെ കഴിയുകയായിരുന്നു.

ബാലകൃഷ്ണന്റെ "വിരോധമില്ലാത്തവരിവിടെ" എന്റെ ഉറങ്ങിക്കിടന്ന സംശയത്തെ വീണ്ടും ഉണർത്തി. എന്റെ കൂട്ടുകാരികളുടെ അഭിപ്രായവും ബാലന്റെ ഭാവനയുംതമ്മിൽ പൊരുത്തവുമില്ല. സുരേന്ദ്രന്റെ "പുഷ്പവും ഫല"ങ്ങളിലും വേലായുധൻനായരുടെ "ഭാര്യയുടെ അപഗ്രഥന"ങ്ങളിലും ബാലന്റെ "ഭാര്യമാരുടെ പടത്തൊവനി"ലുംകൂടി എന്റെ സംശയവും വളരുകയായിരുന്നു.

ഭർത്താക്കന്മാർ (അല്ലെങ്കിൽ നാളെ ആകാനുള്ളവർ) ആ വശത്തു ചിന്തിച്ചിരിക്കുകയാണ് ഭാര്യക്കു വ്യക്തിത്വം ആവശ്യമാണോ എന്ന്. നമ്മളുകൂടി ബാധിക്കുന്ന ഒരു സാമൂഹ്യപ്രശ്നമല്ലേ ഇത്? തീർച്ചയായും ആണെന്നതന്നെ ഞാൻ വിശ്വസിക്കുന്നു.

'വ്യക്തിത്വത്തിന്' ശരിയായി ഒരു വിശദീകരണം കിട്ടിയിട്ടില്ല പലരും പല അഭിപ്രായക്കാരാണ്. സുരേന്ദ്രൻ ഭാര്യയുടെ വ്യക്തിത്വം കാണുന്നതു ഭർത്താവിന്റെ തലയിൽ വെള്ളം ഒഴിക്കുന്നതിലും ഭർത്താവിനു സൈ്വരം കൊടുക്കാതിരിക്കുന്നതിലുമാണ്, ഇതാണ് യഥാർത്ഥ വ്യക്തിത്വമെങ്കിൽ നമ്മളും ആത്മാർത്ഥമായി ആഗ്രഹിക്കണം സൂര്യചന്ദ്രന്മാർക്കു താഴെ ഒരു ഭാര്യയ്ക്കും ഈ വ്യക്തിത്വമുണ്ടായിരിക്കരുതേ എന്ന്.

പക്ഷേ ആറാംബോംബിനെക്കാൾ ശക്തിയേറിയ ഒരു മാരകായുധമാണീ വ്യക്തിത്വമെന്ന ധാരണയില്ലാത്ത ആളുകളുമുണ്ടെന്നു സമാധാനിക്കാം. ബാലൻ വിഭാവന ചെയ്യുന്ന വ്യക്തിത്വം തികച്ചും വ്യത്യസ്തമാണ്. "ഒരു ഭാര്യ എന്റെ ദൃഷ്ടിയിൽ എല്ലാ കാമുകികളുടേയും വശ്യത മുന്നിട്ടുനിൽക്കുന്നു" ഇതാണ് ജീവിതസഖിയാണ്. ഇതിഹാസപുരാണങ്ങളിൽ എഴുതിവച്ചിട്ടുള്ളതുപോലെ വണ്ടിക്കാളകളുള്ള ഭാര്യമാർ അവരുടെ ജോലിപ്രസവിക്കുകയും കുഞ്ഞിനെ വളർത്തുകയും മാത്രമല്ല ഭർത്താവുപറയുന്നതെല്ലാം അതേപടി അനുസരിക്കുകയും സ്വതന്ത്രമായി ഒരഭിപ്രായവുമായി ഭർത്താവിനെ ഒരിക്കലും ശല്യപ്പെടുത്താതിരിക്കുകയും ഭർത്താവു ദൈവമാണെന്ന കരുതി അദ്ദേഹത്തെ അന്ധമായി ആരാധിക്കുകയുമാണ് ....." 'ഭർത്താവു പറയുന്നതെല്ലാം അനുസരിക്കാൻ മാത്രമല്ല ഭർത്താവിനു പറയാൻ കഴിയാതെവരുമ്പോൾ പറഞ്ഞുകൊടുക്കാനുംകൂടി അദ്ദേഹത്തെ ഏറ്റവും അടുത്തറിഞ്ഞിരിക്കുകയുമാണ്" അങ്ങിനെ ബാലകൃഷ്ണൻ തന്റെ ഭാവനയിലെ ഭാര്യയെ നമുക്കു പരിചയപ്പെടുത്തിത്തരുന്നു ഈ വിശദീകരണത്തോടെ നിങ്ങളും യോജിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.


ഇങ്ങിനെ, ഇതിനെക്കുറിച്ചാലോചിക്കുമ്പോൾ എന്റെ മുന്നിൽ ഉയർന്നുവരുന്നതു നമ്മുടെ നാട്ടിലെ ഒരു പ്രമുഖസാഹിത്യകാരന്റെ ചിത്രമാണ്. എന്തെല്ലാമെക്കേയോ ഉള്ള ഒരു ഭാര്യയെ അദ്ദേഹം സ്വപ്നംകണ്ടിരുന്നു. കാത്തുകാത്തിരുന്ന ഒരു സാഹിത്യകാരന്റെ പുത്രിയെത്തന്നെ അദ്ദേഹം വിവാഹവുംകഴിച്ചു. പക്ഷേ ചിന്തകൾപൂവിട്ടുതുടങ്ങിയനാൾമുതൽ താലോലിച്ചു വളർത്തിയ അദ്ദേഹത്തിന്റെ സുന്ദരങ്ങളായ പ്രതീക്ഷകളെല്ലാം തകർന്നുപോയി. അദ്ദേഹംപ്രതീക്ഷിച്ച ആ 'എന്തോ ഒന്ന്' ആ ഭാര്യയിൽ ഇല്ലാതെപോയി. അവർ അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ട്. ഹൃദയംതുറന്ന്. അതദ്ദേഹത്തിനും അറിയാം ഭർത്താവിന്റെ കളിയും ഊണും ഉറക്കവും സുഖസൗകര്യങ്ങളും കഴിച്ച് മറ്റൊന്നും തന്നെ അവരുടെ ചിന്താമണ്ഡലത്തിലേക്ക് ഉയർന്നുചെല്ലാറില്ല. എന്നിട്ടും അദ്ദേഹം തൃപ്തനായില്ല അദ്ദേഹത്തിന്റെ പ്രതീക്ഷകൾക്കു പ്രതിരൂപം നിൽക്കുന്ന ഒരു ജീവിതസഖിയെ തേടി ആ ഹൃദയം ഉഴറി. അദ്ദേഹത്തിന്റെ വേദനയ്ക്കു നീറൽ കൂട്ടുവാൻ മറ്റൊന്നുകൂടിയായി. ഒരു സ്നേഹിതന്റെ വ്യക്തിത്വമുള്ള ഭാര്യ ആ ഭാര്യക്കും ഭർത്താവിനും തമ്മിൽ യജമാനനും പരിചാരികയും തമ്മിലുള്ള ബന്ധമല്ലുള്ളതു് ഭർത്താവിന്റെ മുന്നിൽ ഭാര്യക്ക് "ഇൻഫീരിയോറിട്ടി" അനുഭവപ്പെട്ടിരുന്നില്ല ഭാര്യയുടെ മരണശേഷം അദ്ദേഹം പറഞ്ഞു "എനിക്കു അരിവച്ചു തരുവാനുള്ള ഒരു വെറും ഭാര്യമാത്രമായിരുന്നില്ലവൾ അതിലുമുപരിയായി എന്റെ എല്ലാക്കാര്യങ്ങളിലും പങ്കെടുക്കുന്ന എന്റെ കൂട്ടുകാരിയായിരുന്ന എന്ന് നമ്മുടെ സാഹിത്യകാരനായ ഭർത്താവുണ്ടല്ലോ അദ്ദേഹം വീണ്ടുമൊരു ജീവിതസഖിയെ തിരഞ്ഞെടുത്തതിൽ സ്നേഹിതന്റെ ഈ വ്യക്തിത്വമുള്ള ഭാര്യകാരണപ്പെട്ടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു "....അയിരുന്നെന്റെ ഭാര്യ എങ്കിൽ എന്റെ ഹൃദയം വീണ്ടുമൊരുഷ്ടതാഴിക്കുവേണ്ടി തേങ്ങുകയില്ലായിരുന്നു" എന്ന്.

അങ്ങിനെ വേലക്കാരിയിലുപരിയായി, വീട്ടിലെ മറ്റു അലങ്കാരസാധനങ്ങളിലുപരിയായി ഭാര്യയിൽ എന്തെല്ലാമോ പ്രതീക്ഷിക്കുന്ന ഭർത്താക്കന്മാരെ നമുക്കു കാണാം. പക്ഷേ അവരാരും പ്രതീക്ഷിക്കുന്നതു് സുരേന്ദ്രന്റെ ഭാര്യയുടെ വ്യക്തിത്വമല്ല.

അങ്ങിനെ ഭാര്യയുടെ വ്യക്തിത്വത്തെ ഉയർത്തിക്കാട്ടുമ്പോൾ സുരേന്ദ്രനമാരുമെന്താണിത്ര എതിർപ്പ്? സുരേന്ദ്രനെ മാറ്റിപ്പണിയുവാൻ സാധ്യമല്ല. സമൂഹത്തിലെ ഒരു വിഭാഗത്തിന്റെ ചിന്താഗതികളെ അദ്ദേഹം പകർത്തുകയാണ്. ഭാര്യ ഒരു വെറും വീട്ടുപകരണമായിരിക്കണമെന്നു നിർബ്ബന്ധമുള്ള ഭർത്താക്കന്മാർ നമ്മുടെ ഇടയിലുണ്ട്. ഭാര്യ ഒന്നും ചിരിക്കുന്നതുപോലും ഇഷ്ടപ്പെടാത്തവർ. ഭാര്യ ആവശ്യങ്ങൾ അറിയിക്കുന്നതുതന്നെ തന്റെ അധികാരത്തെ ഗാർഹസ്ഥ്യത്തെ ചോദ്യംചെയ്യുകയാണെന്നു കരുതുന്ന ഭർത്താക്കന്മാരുണ്ട്. പിന്നെ ഭർത്താവിന്റെ തെറ്റുകളെ സ്നേഹപൂർവ്വം മുണ്ടിക്കാണിക്കാൻ ശ്രമിച്ചാലോ?

അനുഭവജ്ഞാനമുള്ള ഭാര്യമാരാണ് ഇതിനുത്തരം പറയേണ്ടത്. ഭാര്യമാർക്ക് വ്യക്തിത്വമുണ്ടായിരിക്കാമോ? ഞാൻ അവരോടു് എന്റെ ചോദ്യം ആവർത്തിക്കുകയാണ്. ഭാര്യയുടെ വ്യക്തിത്വം വിടുവിച്ചാൽ ഭർത്താവു് അടിമയാകുമോ എന്ന്? വ്യക്തിത്വമുള്ള ഭാര്യ ഒരു ഭർത്താക്കന്മാരുടെ പരാജയമായിരിക്കുമോ എന്ന്?

.....



കാഷ്മീർ കുറിപ്പുകൾ IV

"ഹതഭാഗ്യയായ കാഷ്മീർ"

★

: ടി. പത്മനാഭൻ :

ഞാൻ കാശ്മീറിൽ ചെന്നപ്പോൾ അവിടെ കൊയ്ത്തുകാലമായിരുന്നു. കനകം വിളയുന്ന നെല്പാടങ്ങളിലിറങ്ങിനിന്ന് തങ്ങളുടെ പ്രയത്നഫലം ശേഖരിക്കുന്ന ആ ഗ്രാമീണകർഷകരുടെ ചിത്രം മനസ്സിൽനിന്നും ഒരുകാലത്തും മാഞ്ഞുപോകുമെന്ന് തോന്നുന്നില്ല. പോയ ഭിക്കിലൊക്കെ ഞാൻ അവരെ കാണുകയുണ്ടായി—അത്ഭുതം നിറഞ്ഞ കണ്ണുകളോടെ ജീവിതത്തിന്റെ പടിവാതിൽപ്പുറത്തിൽ നിൽക്കുന്ന കൊച്ചുകുട്ടികളേയും, കൺകോണുകളിൽ സ്വപ്നവും കവിളുകളിൽ പുക്കളും മൊട്ടിടുവയ്യുവാൻ ശ്രമിക്കുന്ന യുവതികളേയും [വയലിൽ വേലചെയ്യുന്നതു് അധികവും ഇവരാണു്] കഴിഞ്ഞുപോയ കാലത്തിന്റെ ഓർമ്മയിൽ ഇന്നത്തെ ജീവിതത്തെ മുന്നോട്ടു നീക്കുവാൻ ശ്രമിക്കുന്ന വൃദ്ധന്മാരെയും.

ഇവരെമാത്രമാണോ ഞാൻ കണ്ടതു്—? അല്ല. വേറെ ചിലരേയുംകൂടെ കാണുകയുണ്ടായി. അവരിൽ രാജപ്രമുഖനും പ്രധാനമന്ത്രിയും കോളേജ് പ്രിൻസിപ്പാൾമാരും വിദ്യാർത്ഥികളും പട്ടാളക്കാരും കച്ചവടക്കാരും ഷിക്കാറാവാലകളുമൊക്കെപ്പെടുന്നു. എല്ലാവരോടും സംസാരിക്കുകയും ചെയ്തു. എട്ടുദിവസം മാത്രമേ താമസിക്കുകയുണ്ടായുള്ളു എങ്കിലും അതിനിടയിൽ പലതും കാണുവാനും കേൾക്കുവാനും കഴിഞ്ഞു—ഒരു രാഷ്ട്രീയനിരീക്ഷകന്റെ നിലയ്ക്കല്ല ഞാൻ പോയതെങ്കിൽക്കൂടി.

അടുത്തകാലത്തു് കാശ്മീരിൽ നടന്ന രണ്ടു പ്രധാന സംഭവങ്ങളാണു് ശ്യാമപ്രസാദിന്റെ തടങ്കലിൽ കിടന്നുകൊണ്ടുള്ള മരണവും, ഷേക്ക് അബ്ദുള്ളയുടെ അപ്രതീക്ഷിതമായ സ്ഥാനഭ്രംശവും രണ്ടും രണ്ടു തരത്തിൽ നമ്മെ അമ്പരപ്പിക്കുകയുണ്ടായി.

നേതാക്കന്മാരുടെ പ്രസ്താവനകളിൽമാത്രമല്ല, രേണഘടനയിലും കാശ്മീർ ഇന്ത്യയുടെ ഒരവിഭാജ്യഘടകമാണു് മദ്രാസ്കാരനായ എനിക്കും ശ്രീനഗറിൽനിന്നുവന്ന 'അലിമുഹമ്മദി'നും ഇന്ത്യൻ ഭരണഘടനയിൽ തുല്യാവകാശങ്ങളുണ്ടു്. രണ്ടുപേരും ഇന്ത്യയിലെ പൌരരാണു്. പക്ഷേ ഇങ്ങിനെയൊക്കെയായിട്ടും കൂട്ടി, ഇന്ത്യയിൽനിന്നു് കാശ്മീരിലേയ്ക്കു് ചെല്ലുന്നവർ 'പെർമിറ്റ്' വാങ്ങിക്കൊള്ളണമെന്ന അബ്ദുള്ളയുടെ കല്പനയെന്തഹന്തയുടെ ശവമെമ്പണ്ടു് പൊറുപ്പിക്കുകയാണു് ചെയ്തതു്. സ്വതന്ത്രനായ ഒരു പൌരനെന്നനിലയിൽ കാശ്മീരിലേയ്ക്കു പോകുവാനും പ്രത്യക്ഷത്തിൽതന്നെ ഭരണഘടനയ്ക്കു് വിപരീതമായ ആ നിയമത്തെ ചോദ്യം ചെയ്യുവാനും ശ്യാമപ്രസാദിനു് അവകാശമുണ്ടായിരുന്നു. ആ അവകാശസ്ഥാപനത്തിനുള്ള സംരംഭത്തിൽ അദ്ദേഹം വീരമൃത്യുവരിയ്ക്കുകയും ചെയ്തു.

മുക്കർജിയുടെ രാഷ്ട്രീയാഭിപ്രായങ്ങൾ എത്രതന്നെയായിരുന്നാലുള്ളട്ടെ. തടങ്കലിൽ കിടന്നു കൊണ്ടാണു് അദ്ദേഹം മരിച്ചതു്—പ്രായമായ അമ്മയേയോ, രോഗിയായ മകളേയോ, സഹോദരനേയോ ഒന്നും കാണുവാൻ കഴിയാതെ! അദ്ദേഹത്തിന്റെ എഴുത്തുകളെല്ലാം തന്നെ സെൻസർ ചെയ്തിരുന്നു; ചില എഴുത്തുകൾ വെക്കുകയും 'നഷ്ടപ്പെട്ട്' പോകയും ചെയ്തിട്ടുണ്ടു്. ഈ നാട്ടിൽ ഒരു ഡെമോക്രസി നിലവിലുണ്ടെന്നാണു് പറയുന്നതു്. പക്ഷേ ഇവിടത്തെ എത്രയോ പത്രങ്ങളും, സംഘടനകളും, എന്തിനു്, അദ്ദേഹത്തിന്റെ അമ്മകൂടി ആവശ്യപ്പെട്ടിട്ടും മുക്കർജിയുടെ മരണത്തെക്കുറിച്ചു് ഒരു നിഷ്പക്ഷാന്വേഷണം നടത്താൻ നെഹ്റുഭരണകൂടം തയ്യാറായില്ല അതിന്റെ ആവശ്യകത ഉണ്ടെന്നു് തോന്നുന്നില്ല എന്നാണു് അദ്ദേഹം പറഞ്ഞതു്. ശരിയായിരിക്കാം—ഈ നാട്ടിലെ പോലീസ് സ്റ്റേഷനുകളിൽ നിന്നു് ചിലപ്പോഴൊക്കെ ചില പാവങ്ങൾ 'ഹൃദയം സ്തംഭിച്ചു്' മരിച്ചുപോകാറുണ്ടു്. അവരുടെ മരണത്തിൽ അന്വേഷിക്കുവാൻ ആരും നിഷ്പക്ഷക്കമ്മീഷനെ നിയമിക്കാറില്ല. തുല്യാവകാശങ്ങളുള്ള ഈ ഇന്ത്യയിൽ അവർക്കു് നൽകുന്നതിനുപരിയായ ഒരവകാശം മുക്കർജിക്കു നൽകുവാൻ നിയുക്തിയില്ലല്ലോ—അദ്ദേഹം എത്രതന്നെവലിയ മാടാളനെങ്കിലും (!)]

അബ്ദുള്ള 'കാശ്മീരി'കളുടെ ഇഷ്ടപ്പെട്ട നേതാവായിരുന്നു. പക്ഷേ മിക്ക നേതാക്കന്മാർക്കും വരാ

ഇടത്തു്

1. ലേഖകൻ ഇൽമർഗ്ഗിൽ കുതിരപ്പുറത്തു്
2. അവന്തിപൂരിലെ അവശിഷ്ടങ്ങൾ
3. ലേഖകൻ താമസിച്ച ഹൗസ്‌ബോട്ടു്

രുള്ള അനുഭവം തന്നെ അദ്ദേഹത്തിനും വന്നു. ഒരു സുപ്രഭാതത്തിൽ അദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. ഒട്ടേറെ ചാർജ്ജുകളുണ്ടായിരുന്ന അദ്ദേഹത്തിന്റെ പേരിൽ—ദുർഭരണം, കൈക്കൂലി, സ്വജനപക്ഷപാതം, രാജ്യദ്രോഹകരമായ വൈദേശിക ബന്ധങ്ങൾ, അങ്ങിനെ പലതും. തന്നെ അറസ്റ്റുചെയ്യാൻ വന്ന സാധുവായ ആ പോലീസുദ്യോഗസ്ഥന്റെ നേരെ 'കാഷ്മീർസിംഹം' തട്ടിക്കേറുകയുണ്ടായി. അദ്ദേഹത്തിന്റെ കോപത്തിനു് ഒരു 'ടൈംപീസ്' ഇരയാവുകയും ചെയ്തു. പക്ഷേ ഒന്നും ഫലിച്ചില്ല. പുത്തു് ഇന്ത്യൻ സൈന്യം കാവൽനിൽക്കുന്നുണ്ടായിരുന്നു.

[ഇടയ്ക്കൊന്നു പറയട്ടെ; കാഷ്മീറിലുണ്ടായ ഒരു സംഭവികാസത്തിലും ഇന്ത്യൻ സൈന്യം നേരിട്ടിടപെട്ടിട്ടില്ല. അവിടെയുള്ള പട്ടാളക്കാരുടെ പെരുമാറ്റം നമുക്കഭിമാനജനകമാണു്. പക്ഷേ അബ്ദുള്ളയെ പുറത്താക്കിയപ്പോൾ ഇന്ത്യൻസൈനുത്തിനെതിരായി ഒട്ടേറെ വ്യാജപ്രസ്താവനകളും 'റോയിട്ടർ' പുറപ്പെടുവിച്ചിരുന്നു. ഇതിനെ പ്രതിഷേധിച്ചപ്പോൾ, വാർത്ത അയയ്ക്കുന്നതിൽ പറഞ്ഞ പിശകാണെന്നും തങ്ങൾ പരിതപിക്കുന്നുവെന്നും റോയിട്ടർ പറയുകയുണ്ടായി!]

ആഗസ്റ്റ് 9-നാണു് ഭക്ഷി ഗുലാംമുഹമ്മദിന്റെ ശവമെടുത്തു് അധികാരത്തിൽ വന്നതു് വന്നതുടനെതന്നെ അവർ തങ്ങളും നടപ്പിലാക്കുവാൻ പോകുന്ന പരിഷ്കരണങ്ങളും ഉറക്കെ വിളംബരംചെയ്യുകയുംചെയ്തു. പെർമിറ്റുസമ്പ്രദായം നിർത്തൽചെയ്തു, അല്ല, ചെയ്യുവാൻപോകുന്നു എന്നൊക്കെ പത്രങ്ങളിൽ കാണുകയുണ്ടായി. പക്ഷേ ഇന്നും കാഷ്മീരിൽ നടക്കുവാൻ പെർമിറ്റു് ആവശ്യമാണു്!

കർഷകരുടെ "നല്ലകാല"വും സർവ്വകലാശാലാ വിദ്യാർത്ഥികളുടെ സൗജന്യവിദ്യാഭ്യാസവുമെല്ലാം ഏതാണ്ടിതരത്തിൽ തന്നെയാണു്. ഞാൻ ശ്രീനഗറിലുണ്ടായിരുന്നപ്പോൾ കോളേജു് വിദ്യാർത്ഥികളെ പോലീസു് വളരെ "മൈൽഡാ"യി ലാത്തിച്ചാർജ്ജു ചെയ്യുന്നതു് കാണുകയുണ്ടായി. തങ്ങളുടെ ആവശ്യങ്ങൾ അധികൃതസ്ഥാനങ്ങളിൽ അറിയിക്കുവാൻ മാത്രമായിപുറത്തുവന്നപ്പോഴാണു് സംഭവമുണ്ടായതു്. ഈ ആവശ്യങ്ങളിൽ ഫീസിനെ സംബന്ധിച്ച കാര്യവും പെടുമെന്നാണു് കേട്ടതു്.

ഭക്ഷി ഗുലാംമുഹമ്മദുമായുള്ള ക്രിക്കറ്റിയിൽ, ഭാരപരിഷ്കാരങ്ങളെക്കുറിച്ചു് ചോദിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി:—"ശരിയാണു്. ഞങ്ങളും പല നല്ല നിയമങ്ങളും പാസ്സാക്കിയിട്ടുണ്ടു്. പക്ഷേ പാസാക്കലല്ലല്ലോ കാര്യം; അവ നടപ്പിൽ വരുത്തണ്ടേ?,"

അദ്ദേഹത്തിന്റെ മുഖത്തു് അപ്പോൾ ഒരു ശോകച്ഛായ പരന്നിരുന്നു.

ഭക്ഷിക്കു് സദുദ്ദേശങ്ങളുണ്ടായിരിക്കാം;—ഉണ്ടെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. പക്ഷെ അബ്ദുള്ളയും അഫ്സൽബേഗും സൃഷ്ടിച്ചുവിട്ട ദുർവ്വാസനകളും വൃത്തികേടുകളും ദൂരീകരിക്കുവാൻ അദ്ദേഹത്തിനു് ധാരാളം സമയം വേണ്ടിവരും. ഭരണകൂടത്തിന്റെ അടിമുതൽ മുടിവരെ പൂഴുക്കുത്തുണ്ടു്. അബ്ദുള്ളയുടെ നേട്ടമാണതു്. അതില്ലായ്മചെയ്യുവാൻ പുതിയ പ്രധാനമന്ത്രി രാപ്പകൽ പരിശ്രമിക്കുകയാണു്. അദ്ദേഹത്തിനു് ഈ ഉദ്യമത്തിൽ പൂർണ്ണമായ വിജയം സിദ്ധിക്കുമോ—? തന്റെ ആദർശങ്ങളും പ്രഖ്യാപനങ്ങളും സാക്ഷാത്കരിക്കുവാൻ കഴിയുമോ—? കാലം തന്നെ തെളിയിക്കട്ടെ!

ലോകം അടുത്തകാലത്തു കണ്ട ഏറ്റവും വലിയ 'പൊളിറ്റിക്കൽ സൂയിസൈഡ്' (രാഷ്ട്രീയമായ ആത്മഹത്യ)കളിലൊന്നാണു് അബ്ദുള്ളയുടേതു്. നമുക്കൊക്കെ ആ മനുഷ്യനോടു് എത്ര വലിയ ആദരവും അദ്ദേഹത്തിന്റെ ആത്മാർത്ഥതയിൽ എത്ര വലിയ വിശ്വാസവും ഉണ്ടായിരുന്നു! എങ്കിലും എന്നിട്ടെന്തായി—? അദ്ദേഹം ഒരു കള്ളനാണ്യമായി മാറി. വാസ്തവത്തിൽ ഈ മാറ്റം അത്ര പൊടുന്നനെയൊന്നുമായിരുന്നില്ല. ഇന്ത്യയ്ക്കും ഇന്ത്യയിലെ 'വർഗ്ഗീയത'യ്ക്കും എതിരായി ഷെയ്ക്ക്സാഹിബും അഫ്സൽബേഗും ഒരു കുരിശുയുദ്ധംതന്നെ നടത്തിയിരുന്നു. പുറമെ വിട്ടിരുന്ന വാർത്തകൾ വളരെയധികം നിയന്ത്രിച്ചിരുന്നതിനാൽ നാം അറിഞ്ഞില്ലെന്നുമാത്രം.

അബ്ദുള്ളയുടെ പതനത്തിൽ ചുരുക്കം ചിലർ മാത്രമേ കണ്ണീർ പൊഴിക്കുവാനുണ്ടായിട്ടുള്ളൂ—പാക്കിസ്ഥാനും, അമേരിക്കയിലേയും ബ്രിട്ടനിലേയും ചില മുതലാളിപ്പത്രങ്ങളും. ഇതിൽ അത്ഭുതപ്പെടുവാനില്ല പാക്കിസ്ഥാനിലെ 'മുല്ലാരേണ്ട'ത്തെ തൊട്ടിലിലിട്ടാട്ടുന്ന 'ആയ'മാരാണല്ലോ ഈ രണ്ടു രാഷ്ട്രങ്ങളും. ഇന്ത്യ കാഷ്മീരിൽ നടത്തുന്ന "കൂട്ടക്കൊലകളെ കാട്ടുന്ന ന്യൂസ്ഡോക്യുമെന്ററി"കളും ഞാനിതെഴുതുമ്പോഴും ഇംഗ്ല

താഴെ

1. ഷാലിമാറിലെ 'പൂക്കളം'
2. ഇൽമർഗ്ഗിൽനിന്നു് നോക്കുമ്പോൾ
3. 'നിഷാത്തു്'







ണ്ടിലേയും അമേരിക്കയിലേയും തീയോറികളിൽ പ്രദർശിക്കപ്പെട്ടു നണ്ട് !

നേഷണൽ കോൺഫ്രൻസിന്റെ കാശ്മീർനിവാസിയായ മെഴ്വായാ മസൂദിയേയും ഞാൻ വിസ്മരിക്കുന്നില്ല. അബ്ദുള്ളയുടെ നിലപാടിനെ ന്യായീകരിക്കുകയും ക്ഷേത്രിയുടേയും ക്ഷുദ്രന്മാരുടേയും പേരിൽ അക്ഷേപങ്ങൾ വർഷിക്കുകയും ചെയ്യുന്നവരാണ് അബ്ദുള്ളയും അഫ്സൽബേഗും. അവർക്ക് വ്യക്തമായ ഒരുദ്ദേശമുണ്ടായിരുന്നു—ഇന്ത്യയെ കാശ്മീരികളുടെ മുമ്പിൽ കരിയടിച്ചുകാണിക്കുക കൃപ്രസിദ്ധമായ പല ക്ഷുദ്രകെട്ടുകളും ബന്ധങ്ങളുമുള്ള അഫ്സൽബേഗ് പരസ്യമായിത്തന്നെ ആ ദുരാത്മാക്കളോട് പ്രസംഗിച്ചു: —"ഇതാ നിങ്ങളുടെ ഈ കഷ്ടപ്പാടുകൾക്കെല്ലാം ഉത്തരവാദി ഇന്ത്യയാണ്; ഇന്ത്യയിലെ വർഗ്ഗീയ ശവമെണ്ണാണ്. ഒരു 'സ്വതന്ത്ര കാശ്മീർ' കെട്ടിപ്പടുക്കുവാൻ കഴിഞ്ഞെങ്കിലേ നിങ്ങൾക്ക് സുഖവും സമാധാനവും സ്വപ്നം കാണുവാനെങ്കിലും കഴിയുകയുള്ളൂ —"

ഒരു വലിയ ശുദ്ധാലോചന പുറകെ പുറപ്പെട്ടുത്തുവരികയായിരുന്നു. പ്രധാനം അതിൽ പങ്കുവഹിച്ചു—പാക്കിസ്ഥാനിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരും യു.എൻ. ഒബ്സർവേഷൻമാരും അമേരിക്കയിലെ പത്രറിപ്പോർട്ടർമാരും 'അനൌദ്യോഗിക' രാഷ്ട്രപ്രതിനിധികളുമെല്ലാം ഇവരിൽ പലരും ശ്രീനഗറിൽ വന്നപ്പോഴും കൊണ്ടുമിരുന്നു. എല്ലാ സൈനികസഹായങ്ങളും അമേരിക്ക പാക്കിസ്ഥാനിൽ ഒരുക്കിവെച്ചു. സമയമായെന്നുകണ്ടപ്പോൾ പ്രധാനമന്ത്രികളും മുഖ്യവാദിതാങ്ങളേയും കാശ്മീരിലേക്കും പരസ്യമായി പിച്ചിച്ചീന്തുകയുണ്ടായി. ഒടുവിലത്തെ കുതിക്കും അട്ടഹാസം തയ്യാറെടുക്കുകയായിരുന്നു പക്ഷെ അതിനും ഏതാനും നിമിഷങ്ങൾക്കുമുമ്പായി അട്ടഹാസം കുട്ടിലാക്കപ്പെട്ടു. അല്പം വൈകിയിരുന്നുവെങ്കിൽ സ്ഥിതി മറിച്ചുമായിരുന്നു.

അബ്ദുള്ളയുടെ അറസ്റ്റിനെ തുടർന്ന് പല ഫയലുകളും കുത്തുകളും പിടിച്ചെടുത്തിട്ടുണ്ട്. 'സ്വതന്ത്രകാശ്മീർ'രിന്റെ ഉത്ഭവവും വളർച്ചയും ഈ ഏഴുത്തുകുത്തുകളിലുണ്ടെന്നാണ് പറയപ്പെടുന്നത്. കോടതിയിൽ എന്നെങ്കിലും ഹാജരാക്കപ്പെടുമ്പോൾ ഇന്ന് പരസ്യമായി കൈകഴുകുന്ന പലതുമേയും ചെയ്തിട്ടുകൂടും നമുക്ക് നല്ലപോലെ അറിയുവാൻ കഴിയുന്നതാണ്. അതുവരെ നമുക്ക് ക്ഷമിക്കുക.

അബ്ദുള്ളയുടെ അറസ്റ്റ് കാശ്മീർജനതയെ അല്പമൊന്ന് സ്തംഭിപ്പിച്ചുവെന്നതു വാസ്തവമാണ്. എത്രതന്നെയായാലും അദ്ദേഹത്തിന് അവരുടെമേൽ വലിയൊരു സ്വാധീനശക്തിയുണ്ട്. ഇന്നും അതിന് വലിയ കോട്ടമൊന്നും സംഭവിച്ചിട്ടില്ല ഷേയ്ക്ക് വീണ്ടും വരുമെന്നാണ് ഒരു പാക്കിസ്ഥാനി ആവേശത്തോടെ എന്നോട് പറഞ്ഞത്. ഇതുതന്നെയാണ് മിക്കവരുടേയും വിശ്വാസം. എങ്കിലും 'കാശ്മീരി' സംഭവങ്ങളുടെ യഥാർത്ഥനില പതുക്കെ പതുക്കെ മനസ്സിലാക്കുവാൻ തുടങ്ങിയിട്ടുണ്ട്.

കാശ്മീർ താഴ്വരയിലെ ഒരു സാധാരണക്കാരൻ അതുടെക്കുടെ ചോരാനുണ്ട് ഇഷ്ടപ്പെടുന്നത്—? പാകിസ്ഥാന്റെയോ ഇന്ത്യയുടേയോ ? എനിക്ക് പറയുവാൻ അല്പം മടിയും സങ്കടവും തോന്നുന്നുണ്ടെങ്കിലും പാരമ്പര്യം മറച്ചുവെയ്ക്കുവാൻ പാടില്ലല്ലോ. ഒരു സാധാരണ കാശ്മീരി പാക്കിസ്ഥാനെക്കുടെയേരാണ് ഇഷ്ടപ്പെടുക. എത്രതന്നെയായാലും മതത്തിന്റെ സ്വാധീനശക്തി മനുഷ്യനിൽനിന്ന് ഒരിക്കലും വിട്ടുപോകാൻ പോകുന്നില്ല അലിഗർ സർവ്വകലാശാലയിൽനിന്ന് നിരവധിയുദം നേടിയ ഒരു കാശ്മീരിയുമായി സംസാരിച്ചതനുഭവം എന്നെ ഈ വിശ്വാസത്തിന് എല്ലാം ശക്തിക്കുടുകയുണ്ടായി.

എങ്കിലും കാശ്മീരി ഇതൊരിക്കലും ഒരു പ്രശ്നമാക്കിയിട്ടില്ല—ഇന്ത്യയുടേയോ പാക്കിസ്ഥാന്റെയോ, ആരുടെക്കുടെയാണ് ചേരേണ്ടതെന്ന്. ആരായാലും തരക്കേടില്ല, ഞങ്ങൾക്ക് ഒരല്ലലുമില്ലാതെ ജീവിച്ചാൽ മതി—ഇതാണ് അവർ പറയുന്നത്. ഇന്നത്തെ കഷ്ടപ്പാടിലും വരുതിയിലും അവർക്ക് മനംമടുത്തിരിക്കുന്നു. പഴയ 'സാഹേബു'മാരുടെ കാലം അവരിന്ന് സ്വപ്നംകാണുകയാണ്. അക്കാലം വീണ്ടും വരുമെന്ന ഉറപ്പുണ്ടെങ്കിൽ, അതിലപ്പുറമായി അവർക്ക് ഒന്നുംതന്നെ ആവശ്യമില്ല.

മതത്തിന്റെ പേരിൽ കാശ്മീരിക്ക് പാക്കിസ്ഥാനോടു" അല്പം പ്രേമം തോന്നുന്നുണ്ടെങ്കിൽ അവരെ മാത്രമായി അതിന്ന് കുറ്റപ്പെടുത്തേണ്ട ആവശ്യമില്ല. 'ജമ്മു'വിലെ ഭൂരിപക്ഷമായ ഹിന്ദു 'പണ്ഡിറ്റ'കളുടെ സ്ഥിതിയെന്താണ്—? കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്ന് അവർ ആവേശപൂർവം വിളിച്ചുപറയുമ്പോൾ അവരിൽ പ്രവർത്തിക്കുന്നതു തികച്ചും ചരിത്രപരവും സാംസ്ക്കാരികവുമായ പരിശുദ്ധനകം മാത്രമാണോ—? ഒരിക്കലുമല്ല! അവരുടെ അതിരുകവിഞ്ഞ ഈ ഇന്ത്യൻഭ്രാന്തിന്റെ പിറകിലും മതംതന്നെയാണുള്ളത്. വാസ്തവത്തിൽ ഇന്ത്യയോട് ക്രൂരപുലർത്തുന്ന കാശ്മീരികളെപ്പോലും, ജമ്മുവിലെ ഹിന്ദുക്കളുടെ ഈ നിലപാടു കുറച്ചൊന്നുമല്ല അലോസരപ്പെടുത്തുന്നത്!

ഈയിടെയായി കാശ്മീരിൽ നടക്കുവാൻ പോകുന്ന പ്ലെബിസൈറ്റി (ഹിതപരിശോധന)നെക്കുറിച്ച് നാം പലവുത്തങ്ങളിൽ നിന്നുമായി കേൾക്കുവാൻ തുടങ്ങിയിട്ടുണ്ടല്ലോ പ്ലെബിസൈറ്റിന്റെ ആവശ്യകതയെ സംബന്ധിച്ചേടത്തോളം ഇന്ത്യയും പാക്കിസ്ഥാനും ഒരു പോലിരിക്കുന്നു. പക്ഷെ എങ്ങിനെയൊക്കെയാണ് അതു നടത്തേണ്ടതു എന്ന കാര്യത്തിൽ അനുദിനം അഭിപ്രായ വ്യത്യാസങ്ങൾ വർദ്ധിച്ചുവരികയാണ് ചെയ്യുന്നത് അഡ്മിറൽ നിമിറ്റ്സും അതുപോലുള്ള മറ്റു സാമ്രാജ്യത്വ കിങ്കരന്മാരും തങ്ങൾക്കൊരിക്കലും സ്വീകാര്യമല്ലെന്നാണ് കാശ്മീർ ശവമെണ്ണിന്റെ ഉച്ച അഭിപ്രായം. പക്ഷേ പാക്കിസ്ഥാനും അവരെയൊന്നുംകൂടാതെ കഴിക്കയില്ല താനും ഇതിനൊക്കെ പുറമെ പ്രജാപരിഷത്തും പ്രേംനാഥ്ഡോഗ്രയുമുണ്ട് ജമ്മുവിലെ ഒടുവിലത്തെ ഹിന്ദു ബാക്കിയാകുന്നതുവരെ അവർ രക്തം ചൊരിയുമെന്നതു തീർച്ചയാണ് ജമ്മുവേയും കാശ്മീരിനേയും വേർതിരിച്ച ഹിതപരിശോധന നടത്തുന്നതിനെ ഡോഗ്രശക്തി ശക്തിയുക്തം തിർത്തിട്ടുണ്ട്. ഹിതപരിശോധന നടത്തിയാലും ഇല്ലെങ്കിലും, കാശ്മീർ എന്നും ഇന്ത്യയുടെ ഒരു ഘടകമായിരിക്കും—ആയിരിക്കണം എന്നാണ് ഡോഗ്രയുടെ മതം!

പത്താൻകോട്ടിൽവെച്ച് ഇന്ത്യൻസൈന്യത്തിലെ ഒരുയർന്ന ഉദ്യോഗസ്ഥനുമായി ഞാൻ ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. കാശ്മീരിന്റെ അഭിവൃദ്ധിക്കും നിലനിൽപ്പിനുംവേണ്ടി ഇന്ത്യചെയ്തതും ചെയ്യുവൻപോകുന്നതുമായ ഒരായിരം കാര്യങ്ങളെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം എന്നോട് ചോദിച്ചു: "നിങ്ങൾക്ക് തോന്നിപ്പോയോ ഇന്ത്യയെ ഈ ഭൂമിയിൽനിന്നും പിൻവാങ്ങുമെന്ന്? ഒരിക്കലുമില്ല. ഞാൻ പറയുന്നതു വിശ്വസിച്ചോളൂ....ഇയ്യടുത്തിടെയൊന്നും വെറുമൊരു ഒളിച്ചുകളിമാത്രമാണ്. അതൊരിക്കലും സംഭവിക്കുവാൻ പോകുന്നില്ല—!"

ശരിയായിരിക്കാം. ഇന്ത്യയ്ക്ക് കാണുമല്ലോ ചില താല്പര്യങ്ങളൊക്കെ അവയിൽ ചിലതു ന്യായമായവയുമായിരിക്കാം എത്രകോടി ഉറുപ്പികയും വിലപിടിച്ച എത്ര മനുഷ്യജീവിതങ്ങളുമാണ് ഇന്ത്യ കാശ്മീരിൽ ബലികഴിച്ചിട്ടുള്ളത്!

ക്ഷിണിച്ചവമെന്നു കാശ്മീർ ജനതയെ പ്രതിനിധീകരിക്കുന്നതെങ്കിൽ പിന്നെ എന്തിനാണ് ഒരു പ്ലെബിസൈറ്റ് എന്ന ചോദ്യം ചിലേടത്തു നിന്നും കേൾക്കുവാൻ തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ഒക്ടോബർ2-ാം തീയതിലെ 'ഹിന്ദുസ്ഥാൻ സ്റ്റാൻഡേർഡി'ന്റെ മുഖപ്രസംഗത്തിലും ഈ സംശയം ഉന്നയിക്കപ്പെട്ടിരുന്നു.

കാശ്മീരിന്റെ ഭാഗധേയം ഇതു കൊണ്ടൊന്നുമവസാനിച്ചിട്ടി

യൂജിൻ ഓനീൽ

★

ആധുനികയുഗത്തിൽ ജീവിച്ചിരുന്ന ഏറ്റവും മഹാനായ അമേരിക്കൻ നാടകകൃത്ത്

പി. കർമ്മചന്ദ്രൻ

ഒരു തലമുറക്കാലത്തിനുമുമ്പ് ഓനീലിന്റെ നാടകങ്ങൾ ന്യൂയോർക്കി സിറ്റിയിലെ ഗ്രീൻവിച്ച് ഗ്രാമമിശ്രഗത്തിൽനിന്നും ബ്രോഡ്‌വേയിലേയ്ക്കും അവിടുന്നു സമുദ്രങ്ങൾക്കപ്പുറം അന്യരാജ്യങ്ങളിലേയ്ക്കും നീങ്ങിയപ്പോൾ സാഹിത്യലോകത്തു അദ്ദേഹം ഒരു വിവാദപുരുഷനായിത്തന്നെങ്കിൽ വർഷങ്ങൾ കഴിഞ്ഞു് അദ്ദേഹം നോബൽ സമ്മാനവും മൂന്നു പുലിറ്റ്സർ സമ്മാനങ്ങളും കരസ്ഥമാക്കി കഴിഞ്ഞപ്പോൾ വിമർശകന്മാർക്ക് അദ്ദേഹം ഉത്തരംകിട്ടാത്ത ഒരു ചോദ്യചിഹ്നമായിത്തന്നു. ഇന്നു് അദ്ദേഹത്തിന്റെ ശവകുടീരത്തിന്റെ മുമ്പിൽ കലാലോകം അഞ്ജലിബദ്ധരായി നില്ക്കുമ്പോഴും ഓനീൽ എന്തായിരുന്നു എന്ന പ്രശ്നം അവരെ അലട്ടുന്നുണ്ടു്.

യൂറോപ്പിലെ നാടകവേദിയിൽ നിന്നു കടമെടുത്ത കലാശില്പങ്ങളും കലാസങ്കേതങ്ങളും കൊണ്ടു മാത്രം രൂപപ്പെട്ടുവന്ന അമേരിക്കൻ നാടകവേദിക്കു് സ്വന്തമെന്നഭിമാനിക്കാൻ ഇന്നു് ഏതെങ്കിലും ഉണ്ടെങ്കിൽ അവ ഓനീലിന്റെ സംഭാവനകളാണു്. അദ്ദേഹത്തിന്റെ നാടകങ്ങളും ഇംഗ്ലീഷുഭാഷയുടെ അതിപ്രകർഷം കടന്നു് വിശ്വസാഹിത്യത്തിലെ എല്ലാ മണ്ഡലങ്ങളിലും ഇന്നത്തെ നാടകീയ പ്രസ്ഥാനവുമായി അടുത്ത ബന്ധംപോലുമില്ലാത്ത സാംസ്കാരിക പൃഷ്ഠങ്ങളിൽപോലും ശക്തിയായ സ്വാധീനശക്തി ചെലുത്തി. ദേശങ്ങളും ഭാഷകളും കടന്നതിനു് വിശ്വവിശ്രുതമായ ലോകത്തിലെ അത്ഭുതസൃഷ്ടിയായ മനുഷ്യന്റെ ഭാഷയിലാണു് അദ്ദേഹം സംസാരിച്ചതു്. കാലത്തിന്റെ മഹാപ്രവാഹത്തെ ഓനീലിന്റെ കൃതികൾ അതിജീവിക്കുമോ എന്നു് നിരൂപകന്മാർ ഇന്നു് ചോദിക്കുമ്പോൾ ഓനീലിന്റെ പ്രതിഭാവിലാസത്തിന്റെ പ്രഭോദനം ലഭിക്കാത്ത അമേരിക്കൻ നാടകവേദി ഇനി എങ്ങിനെ വികസിക്കുമെന്നാണു്. വാസ്തവത്തിൽ അവർ ആശയറ്റതു്. അദ്ദേഹം അമേരിക്കൻ നാടകവേദിക്കു് പുതിയ പുതിയ രൂപങ്ങളും ഭാവങ്ങളും സംഭാവനചെയ്തുകൊണ്ടിരുന്ന കാലത്താണു്. അദ്ദേഹത്തിൽക്രൂടിരുന്നയാണു് വിശ്വനാടകവേദിയിൽ അമേരിക്കയുടെ വ്യക്തിത്വം സ്ഥാപിച്ചുട്ടുത്തതു്.

ഓനീൽ തൂലിക ചലിപ്പിച്ചു തുടങ്ങിയപ്പോൾ കലാലോകത്തു് ഒരു കൊടുങ്കാറ്റു് അടിച്ചുയർന്നു. മാനുഷികവികാരങ്ങളെ ചിത്രീകരിക്കുന്ന കാര്യത്തിൽ സദാചാരപരമായ ചിന്തകളാണോ അസാന്മാർഗ്ഗിക ചിന്തകളാണോ അദ്ദേഹത്തിനു് മാർഗ്ഗദർശനം നൽകിയതെന്നതിനെപ്പറ്റി ചൂടുപിടിച്ച വാഗ്വിവാദങ്ങൾ നടക്കുകയുണ്ടായി. അദ്ദേഹം സാമൂഹ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതി സമൂഹ്യദ്രോഹപരമായ ഒരു തത്വമാക്കുന്നുവെന്നു് ആരോപണങ്ങളും ഉണ്ടായി. അങ്ങനെ അദ്ദേഹത്തിന്റെ പല നാടകങ്ങളും കോടതികളുടെ പരിശോധനക്കു് വിടേണ്ടതായും വന്നു. ഓനീൽ മഹത്വത്തിലേക്കുയരുന്ന ഒരു പ്രതിഭാശാലിയാണോ അതോ ബുദ്ധിക്കും ഭാവനയ്ക്കും കൂടുതൽ സംതൃപ്തി നൽകുന്ന നാടകാവിഷ്കരണരീതികളും കലാവേദിക്കു സംഭാവനചെയ്ത ഒരു നല്ല നാടകകൃത്തുമാത്രമാണോ എന്നകാര്യം നിരൂപകന്മാർക്കു ഒരു വിവാദവിഷയമായിരുന്നു. അദ്ദേഹം ഇതിനൊക്കെയും ഉപരിയായിത്തന്നെവെന്നു് ഇന്നു് ലോകം ഐകകണ്ഠ്യേന അംഗീകരിക്കുന്നുണ്ടു്.

വിദേശനാടകങ്ങളിലും നടീനടന്മാരിലും നിർമ്മാതാക്കളിലും സംവിധായകരിലും രംഗസംവിധാനരീതികളിലും മാത്രം ആശ്രയിച്ചു കഴിഞ്ഞുവന്ന അമേരിക്കൻ നാടകവേദിക്കു് ഓനീൽ നൽകിയ സംഭാവനകൾ വിശ്വനാടകവേദിക്കു് അത്രയൊ പ്രധാനമല്ലായിരുന്നുവെങ്കിലും അമേരിക്കൻ നാടകവേദിക്കു് തീർച്ചയായും അവ അത്ഭുതങ്ങളായിരുന്നു. അദ്ദേഹം കൈകാര്യംചെയ്യുന്ന പ്രശ്നങ്ങളും അദ്ദേഹം സ്വീകരിച്ച ആവിഷ്കരണരീതികളും സാങ്കേതിക സമ്പ്രദായങ്ങളും നൂതനങ്ങളായിരുന്നു. അദ്ദേഹത്തിന്റെ ഞൊടിനേരം നീണ്ടുനിൽക്കുന്ന നാടകങ്ങൾപോലും അഭിനയിക്കുവാൻ നടീനടന്മാർ മുഖംമൂടി ഉപയോഗിക്കുന്നതുപോലെ വിപ്ലവകരമായിരുന്നു. ചിന്താരൂപകൃതങ്ങളുടെയും ഉപരിപ്ലവമായ കീഴ്വഴക്കങ്ങളുടെയും

ട്ടും വാങ്ങാതെ എനിക്കവിടെ ഇനിയും പോകുവാൻ കഴിയുമോ?— ഇത്തരം പലചിന്തകളും എന്റെ മനസ്സിലൂടെ കടന്നുപോയി

ഞാൻ അവൾക്കു നന്ദിനേരുക മാത്രം ചെയ്തു.

യുവരാജാ കരൻസിങ്ങുമായുള്ള കൂടിക്കാഴ്ചാവസരത്തിൽ അദ്ദേഹം പറഞ്ഞ ഏതാനും വാക്കുകളും ഉദ്ധരിച്ചുകൊണ്ടു് ഈ ലേഖനപരമ്പര ഞാൻ അവസാനിപ്പിക്കട്ടെ:

"ക്ഷേത്രങ്ങളുടേയും കഥകളിയുടേയും നാടായ കേരളത്തിൽച്ചെന്നു നിങ്ങളും പാടുക: കാഷ്മീരിൽ യാതൊരു ലഹളയുമില്ല. അങ്ങിനെ, അവിടത്തെ സഞ്ചാരികളും ധാരാളക്കണക്കിൽ ഇവിടെ വരാനും കാഷ്മീരിന്റെ തകർന്നടിഞ്ഞ സമ്പദ്വ്യവസ്ഥ പുഷ്ടിപ്പെടുത്താനും നിങ്ങളും സഹായിക്കുക. ഞങ്ങൾക്കു് നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനമായിരിക്കും അതു്—"

.....

മല്ലെന്നു് തോന്നുന്നു. പുതിയ ചില കാർമ്മേഘങ്ങളും നിർമ്മലമായ ആ അന്തരീക്ഷത്തിൽ ഇരുണ്ടുകൂടുവാൻ തുടങ്ങുകയാണു്— അമേരിക്കയും പാക്കിസ്ഥാനമായുള്ള രഹസ്യനിക്കരുനീക്കവും

കാഷ്മീരിന്റെ ഹൃദയത്തിൽ സ്ഥലംപിടിച്ചു് ഇന്നും അതിനെ ദുർഭരിപ്പിച്ചു ചെയ്യുവരികയാണു് യു. എൻ. ഓ. നിരീക്ഷകസംഘം. രാജ്യദ്രോഹപരമായ പ്രവർത്തനങ്ങൾക്കു് 'ശരീരംകൊണ്ടും കാശു' കൊണ്ടും അവർ സഹായം നൽകിപ്പോരികയാണു്. ഒന്നിലധികം തവണ കാഷ്മീർശവങ്കണ്ടു് ഇവരുടെ നടപടികളിൽ പ്രതിഷേധം രേഖപ്പെടുത്തുകയും, ചിലരെ താക്കീതുചെയ്യുകയും ചെയ്തിട്ടുണ്ടു്. പക്ഷെ കാഷ്മീരിയുടെ ആത്മാഭിമാനത്തിനു ഒരു വെല്ലുവിളിയെന്നോണം ഈ നാണംകെട്ടവർ ഇന്നും അവിടെ താമസിച്ചുവരികയാണു്. ജമ്മുവിൽനിന്നു് ശ്രീനഗറിലേക്കു പോകുമ്പോൾഞാൻ വഴിക്കുവെച്ചു് ആദ്യം കണ്ടുമുട്ടിയതു് അവരുടെ ഒരു വാഹനമായിരുന്നു!

സുന്ദരമായ ഈ ഭൂഭാഗം സാമ്പത്തികമായും വിദ്യാഭ്യാസപരമായുമൊക്കെ വളരെ പിന്നിലാണു്. ആറു കോളേജുകളാണു് ആകെ ഇവിടെയുള്ളതു്! ഇവയിൽ ഒന്നുപോലും സാങ്കേതികപരിജ്ഞാനം നൽകുന്നവയല്ലെന്നു് പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്. കാശ്മീരിന്റെ ദേശീയവരുമാനത്തിൽ ആദ്യത്തെ ഇനമാണു് കൃഷി. വനവിഭവങ്ങൾക്കും വലിയ പ്രാധാന്യമുണ്ടു്. പക്ഷേ ഇവയെ സംബന്ധിച്ചുള്ള ശാസ്ത്രഗവേഷണങ്ങൾ നടത്തുവാൻ ഒരു ഇൻസ്റ്റിറ്റ്യൂട്ടുപോലും അവിടെയില്ലെന്നുള്ളതു് സങ്കടകരമായ ഒരു പരമാർത്ഥമാണു്.

എന്റെ മടക്കയാത്രയിൽ ശാന്തരും അദ്ധ്വാനശീലരും ലോകത്തിലെ ഏറ്റവും മനോഹരമായ ഭൂവിഭാഗങ്ങളിലൊന്നിനെ അധിവസിക്കുന്നവരുമായ ആ ജനതയെക്കുറിച്ചു് ധാരാളം ആലോചിക്കുകയുണ്ടായി. ഭാവി അവർക്കെന്താണു് നൽകുവാൻ പോകുന്നതു്—? അവരുടെ മാനം സംരക്ഷിക്കപ്പെടുമോ—? സ്വതന്ത്രനായ ഒരു സഞ്ചാരിയെന്ന നിലയിൽ പെർമിറ്റും പാസ്പോർ

നേക്ക് അദ്ദേഹം നടത്തിയ അന്വേഷണം വിപ്ലവാത്മകവും മൗലിയമാംവണ്ണം യഥാർത്ഥവും ആയിരുന്നു. മനുഷ്യവികാരങ്ങളുടെ പ്രവണതകളെക്കുറിച്ച് അദ്ദേഹത്തിന് അഗാധമായ ജ്ഞാനമുണ്ടായിരുന്നു. ഹൃദയത്തിന്റെ ചാപല്യങ്ങളും മനസ്സിലാക്കുന്നതിൽ അദ്ദേഹത്തിന് അനന്യസാധാരണമായ കഴിവുമുണ്ടായിരുന്നു. പുരാതന ഗ്രീക്ക് നാടകകൃത്തുക്കളെപ്പോലെ അദ്ദേഹം, നാടകം മനുഷ്യജീവിതവുമായി ശരീരവതരമായ ബന്ധം പുലർത്തുന്ന ഒരു കലാവിഭാഗമായാണ് കരുതി. അമേരിക്കൻ നാടകവേദിയെ അമേരിക്കൻ ജീവിതവുമായി അദ്ദേഹം കൂട്ടി ഇണക്കി.

ഓനീലിന്റെ സ്വാധീനംമൂലം അമേരിക്കൻ നാടകവേദി അതിന്റെ പല കീഴ്നടപ്പുകളും പൊട്ടിച്ചെറിഞ്ഞു. പതിനാലാം നൂറ്റാണ്ടിന്റെ അന്തിമസുവർണ്ണഘട്ടത്തിലെ കാല്പനികപ്രസ്ഥാനം ഓനീൽ വളർത്തി വികസിപ്പിച്ച് യഥാതഥപ്രസ്ഥാനത്തിന്റെ അതിശക്തമായ സ്വാധീനംമൂലം രംഗം വിട്ടു. വിവാദപരങ്ങളായ പ്രശ്നങ്ങളെ അദ്ദേഹം തന്റെ നാടകങ്ങളിലൂടെ കൈകാര്യം ചെയ്തുകൊണ്ട് ദുർബ്ബലങ്ങളായ കാല്പനികരീതികളും മങ്ങിമറഞ്ഞു പുതിയ പുതിയ രൂപങ്ങളും ഭാവങ്ങളും സ്വീകരിച്ചുകൊണ്ട് അമേരിക്കൻ നാടകവേദി വിശ്വമഹത്വവും അഗാധവുമായ ഒരു പദവിയിലേക്ക് വെട്ടിത്തുറന്നുകൊണ്ട് കുതിച്ചു പാഞ്ഞു. അമേരിക്കൻ നാടകവേദിക്ക് ഇന്നു ലഭിച്ചിട്ടുള്ള വളർച്ചയിലും വെളിച്ചം ഒഴിച്ചുതന്നത് അദ്ദേഹമായിരുന്നു. ഇരുപതാംനൂറ്റാണ്ടിൽ അമേരിക്കൻ നാടകവേദി സ്വീകരിച്ച രൂപം തികച്ചും അമേരിക്കനാണ്. അതുകൊണ്ടാണ് അമേരിക്കൻ കലാലോകത്തിൽ ഓനീൽ ഒരു യുഗപുരുഷനായി കണക്കാക്കപ്പെടുന്നത്. അമേരിക്കയുടെ നാടകവേദിക്ക് ഇങ്ങനെ ഒരു പരിവർത്തനം ഉണ്ടായതുകൊണ്ടാണ് ലോകത്തുള്ള കലാപ്രേമികളും ആ നാടകവേദിയുടെ ആരാധകന്മാരായി തീർന്നിരിക്കുന്നത്.

ഓനീലിന്റെ നവീനമാർഗ്ഗങ്ങളായ പ്രതിഭാവിലാസങ്ങളിൽ നിന്നും പ്രചോദനം കൊള്ളാൻ സാധ്യമല്ലാതെ വന്നപ്പോൾ അമേരിക്കൻ നാടകവേദി ഏതു രീതിയിൽ വികസിക്കും എന്നുള്ള ചോദ്യത്തിന് ഒരു പക്ഷേ അദ്ദേഹത്തിന്റെ അവസാന കൃതിയായ "Long day's Journey into the night" ഒരുപക്ഷേ മറുപടിപറഞ്ഞേക്കാം. ഇരുപത്തിയഞ്ചുകൊല്ലങ്ങൾക്കു ശേഷം മാത്രമെ ഈ നാടകം അഭിനയിക്കാൻ പാടുള്ളുവെന്നാണ് നാടകകൃത്തിന്റെ കല്പന. ഈ നാടകത്തെക്കുറിച്ച് എന്തെങ്കിലും സംസാരിക്കുന്നതുതന്നെ ഓനീലിനിഷ്ടമില്ലായിരുന്നു. പക്ഷേ അദ്ദേഹം ഈ നാടകത്തിന്റെ കയ്യെഴുത്തുപ്രതി ചില സുഹൃത്തുക്കളെ കാണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കുടുംബജീവിതംതന്നെയാണ് ഈ നാടകത്തിലെ കഥാവസ്തു എന്നാണ് പറയപ്പെടുന്നത്. ആ ജീവിതം മുന്നു വിവാഹബന്ധങ്ങൾചേർന്ന ഒരു നാടകമാണ്. ഓനീലിന്റെ അഭിനയിക്കപ്പെട്ടിട്ടില്ലാത്ത നാടകം ഇതുമാത്രമല്ല. വേറെ മൂന്നെണ്ണം കൂടിയുണ്ട്, എന്നാൽ സമയത്തിന്റെപരീക്ഷണത്തിനു-ഒരുപക്ഷേ കാരുണ്യത്തിനു — വിധേയമാക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടത് അദ്ദേഹത്തിന്റെ കുടുംബത്തെപ്പറ്റിയുള്ള നാടകം മാത്രമാണ്.

'ഓനീൽ നാടകങ്ങൾ' കാലത്തിന്റെ പരീക്ഷണത്തിനെ വിജയിക്കുമോ എന്നുള്ളതിനു് ഇതിനകം ഭാഗികമായ ചില ഉത്തരങ്ങൾ ലഭിച്ചിട്ടുണ്ട് 1952ലാണ് ആ സംഭവമുണ്ടായത്. 1936-ൽ നോബൽ സമ്മാനവും തുടർന്നു മൂന്നു പുലിറ്റ്സർ സമ്മാനങ്ങളും ഒട്ടേറെ ബഹുമതികളും കിട്ടിയ അദ്ദേഹം അമേരിക്കൻ നാടകകൃത്തുക്കളുടെ ഗണനാപ്രസംശത്തിൽ കനിഷ്ഠികാധിഷ്ഠിതനായി തീർന്നെങ്കിലും അനേകകൊല്ലക്കാലത്തേക്ക് ബ്രോഡ്വേയിൽ അദ്ദേഹത്തിന്റെ നാടകങ്ങളും പ്രദർശിപ്പിക്കപ്പെട്ടുകണ്ടില്ല. ദീർഘവും പ്രകടവും ആയ അജ്ഞാതവാസത്തിനുശേഷം 1952 ജനുവരിമാസത്തിൽ ബ്രൈബിളിലെ സന്മാർഗ്ഗവിരുദ്ധമായ ഒരു പ്രണയകഥ ഇതിവൃത്തമായിട്ടുള്ള "Desire under the elms" എന്ന നാടകവും ഒരു അഭിസാരികയുടെ വിലോചനം കിട്ടിയ ഇതിവൃത്തം കൈകാര്യം ചെയ്തിരിക്കുന്ന 'Anna christia' യും വീണ്ടും പ്രത്യക്ഷപ്പെട്ടു. ഓനീലിന്റെ കൃതികളുടെ ഈ പുനരുജ്ജീവനം അദ്ദേഹത്തിന്റെ കാശിപ്പുങ്ങളും കാലത്തിന്റെ തിരിച്ചിലിൽ മൺമറഞ്ഞുപോകാത്തവയും ശക്തിയും മൂല്യവും മങ്ങിപ്പോകാത്തവയും ആണെന്നു തെളിയിക്കുന്നുണ്ട് അദ്ദേഹത്തിന്റെ ആദ്യകാലകൃതിയായ 'The Hairy Ape' ഉൾക്കേ ആഫ്രിക്കയിലെ സുഖവാസക്കാർ അഭിനയിച്ചിട്ടുണ്ട്. യുദ്ധം കഴിഞ്ഞു് ഈ നാടകം സെലുലായിഡുവഴി ലോകത്തിന്റെ മുമ്പിലും പ്രത്യക്ഷപ്പെട്ടു.

കാലദേശങ്ങൾക്കും ഭാഷകൾക്കും ഉപരിയായി നിന്നുകൊണ്ട് മനുഷ്യജീവിതം അതിന്റെ സ്ഥായിയായ ഭാവങ്ങളോടുകൂടി യഥാതഥമായി ചിത്രീകരിക്കാൻ കഴിഞ്ഞ ഈ കലാകാരൻ ഇരുപതാംനൂറ്റാണ്ടിൽ വിശ്വസാഹിത്യത്തിനു് ലഭിച്ച ഏറ്റവും പ്രകാശമാനമായ ജ്യോതിസ്സാണ്. കല്പനയുടെ ചമൽക്കാരികളിൽ ഭാവനാലോകത്തു പാറിപ്പറന്നു നടന്ന അമേരിക്കൻ കലാകാരന്മാരെ ഭൂമിയിലേയ്ക്കു പിടിച്ചിറക്കി നിഷ്ഠുരമെന്നു കരുതപ്പെട്ടിരുന്ന മനുഷ്യപ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിനു പ്രേരിപ്പിച്ചതു് ഓനീലായിരുന്നു ഒരു രാജ്യവും ഒരു കലാകാരനോടും ഒരിക്കലും കടപ്പെട്ടിട്ടില്ലാത്തവിധത്തിൽ അമേരിക്ക ഓനീലിനോടു കടപ്പെട്ടിരിക്കേണ്ടതാണ്. ഇന്നു ലോകം വാഴ്ത്തിപ്പാടുന്ന അമേരിക്കൻ നാടകവേദിയെ ഈ നിലയിൽ എത്തിച്ചതു് അദ്ദേഹമാണ്. അമേരിക്കൻ കലാരാമത്തിൽ പരിമളം പരത്തിക്കൊണ്ടു പൊട്ടിവിടർന്ന ആ കലാകുസുമങ്ങൾ ഇന്നു വിശ്വസാഹിത്യത്തിന്റെ അമൂല്യങ്ങളായ മുതൽക്കൂട്ടുകളാണ് അദ്ദേഹത്തിന്റെ ശവകുടീരത്തിൽ കണ്ണുനീരിൽ കുതിർന്ന പൂച്ചെണ്ടു് കാഴ്ചവെച്ചുകൊണ്ടു് സാഹിതീദേവി നഗ്നശിരസ്കയായി നില്ക്കുകയാണ്.

...

R. S. P. TIMBER DEPOT,


EAST TAMPANOOR

TRIVANDRUM 1

തേക്ക്, ഇരുട്ടി, വെങ്ങ, തേമ്പാവു്, മരുതു് ആഞ്ഞലി, മുതലായ എല്ലാത്തരം ഉരുപ്പടികളും അറുത്ത ഒന്നാംസ് ഉരുപ്പടികളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണ്.

N. B. ഓർഡർപ്രകാരം ഏതിനം ഒന്നാംസ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണ്,

Phone 2743. Prop: ശങ്കർ, R. ശ്രീധരപ്പണിക്കർ



വ്യവസായ തൊഴിലാളികളുടെ വേല്യക്കുലി നിരക്ക്

★

(എൻ. ശ്രീകണ്ഠൻനായർ എം. പി.)

അദ്ധ്യായം പതിമൂന്ന്

കുറച്ചു ദിവസത്തേക്ക ചൈനയിലെ കൂലിസമ്പ്രദായത്തെപ്പറ്റി ഞങ്ങൾക്ക ഒരെത്തും പിടിയും കിട്ടിയില്ല സാധനവിലയുടേയും കൂലി ബിന്ദുക്കളുടേയും (Wage Points) കണക്ക പറഞ്ഞാണ് തൊഴിലാളി നേതാക്കന്മാരെല്ലാം സംസാരിക്കുന്നത്. തുടർന്ന്, ചൈനയിൽ നിലവിലിരിക്കുന്ന സങ്കീർണ്ണമെങ്കിലും നീതിയുക്തമായ കൂലിസമ്പ്രദായത്തിനെപ്പറ്റി ഞങ്ങൾ വിശദമായ ഒരു പഠനംനടത്തി ഏറ്റവും കുറഞ്ഞകൂലിലഭിക്കുന്നയാൾക്കും സുസ്ഥിരമായ ഒരു ജീവിതനിലവാരംപുലർത്താൻ ഈ സമ്പ്രദായം ഉപകരിക്കും. കൂലിബിന്ദുക്കളുടെ (Wage points) അടിസ്ഥാനത്തിലാണ് എല്ലാ തൊഴിലാളികളുടെയും കൂലി തീർച്ചപ്പെടുത്തുന്നത്. ഓരോ തൊഴിലാളിക്കും ഏതാനും കൂലി ബിന്ദുക്കളാണ് ശമ്പളമായി ലഭിക്കുക. കൂലികൊടുക്കുന്നദിവസം ഗവർമ്മെൻറ് അതാതുദിവസത്തേക്ക് പ്രസിദ്ധപ്പെടുത്തുന്നതനുസരിച്ചുള്ള ആ പ്രദേശത്തെ ഒരു കൂലിബിന്ദുവിന്റെ വില അടിസ്ഥാനമായി സ്വീകരിക്കുകയും അതനുസരിച്ച് കൂലി തീർച്ചപ്പെടുത്തുകയും ചെയ്യുന്നു.

താഴെപ്പറയുന്ന അഞ്ചുസാധനങ്ങളുടെ ചില്ലറവിലകൾ കൂട്ടിയെടുക്കുന്നതാണ് ഒരു കൂലിബിന്ദു.

ഒന്ന്.	അരി	0·8 കാഠി (ഇടത്തരം നാടൻവില)
രണ്ട്.	പന്നിയിറച്ചി	0.02 കാഠി
മൂന്ന്.	വിറക്	2·5 കാഠി. (കല്ലരിയാണെങ്കിൽ 2 കാഠി)
നാല്.	എണ്ണ	0·5 കാഠി.
അഞ്ച്.	ഉണി	2 ചീനഇഞ്ച്,

1 കാഠി=1·16 പൗണ്ട്

കാൻറണിൽ 1953 മേയ്മാസം മുപ്പതാംതീയതി ഒരു കൂലിബിന്ദു 2820 യുവാനായിരുന്നു. (കോതമ്പ് ജനങ്ങളുടെ മുഖ്യാഹാരമായിട്ടുള്ള വടക്കൻ പ്രദേശങ്ങളിൽ അരിയുടെ വിലയല്ല പകരം കോതമ്പിന്റെ വിലയാണ് കണക്കാക്കപ്പെടുന്നത്)

ബാങ്കിംഗിലും ഇതേ നടപടി തന്നെയാണ് സ്വീകരിച്ചുപോരുന്നത്. നിക്ഷിപ്തധനം സമാനനിക്ഷേപപദ്ധതിന്റെ (Parity Deposit unit) അടിസ്ഥാനത്തിലാണ് തിരിച്ചുകൊടുക്കുന്നത് നിക്ഷേപകന് അപായമൊന്നും സംഭവിക്കുന്നില്ല. പക്ഷെ മൂലധനത്തിനുള്ള സൗകര്യങ്ങളൊന്നും നിക്ഷേപകന് ലഭിക്കുന്നില്ല ബാങ്കുവ്യാപാരത്തിന്റെ തൊണ്ണൂറു ശതമാനവും ഗവർമ്മെൻറ് സ്ഥാപനങ്ങൾ തന്നെ നിയന്ത്രിക്കുന്നതുകൊണ്ട്, നാണയത്തിന്റെയും നാണയസങ്കോചത്തിന്റെയും ഋജുവായ പ്രവണത (Steady Trend ഗവർമ്മെൻറിന് ഗുണകരമായിരിക്കുകയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അതു ഗുണഫലങ്ങൾ ജനങ്ങളിലേക്ക് ചെന്നെത്തുകയും ചെയ്യും. നാണയ സ്ഥിരത (Steady Curreincy) നിലനിർത്താൻ ഗവർമ്മെൻറിന് കഴിയാതെ വരുന്നെങ്കിൽ അഥവാ വിലയിരുപ്പു കയറാൻ ഗവർമ്മെൻറ് അനുവദിക്കുകയാണെങ്കിൽ അവർക്ക നഷ്ടം സംഭവിക്കും ദേശീയ സ്വത്തുകൾ (National Assets) ചോർന്നുപോവുകയും ചെയ്യും. താഴെപ്പറയുന്ന ഇനങ്ങളുടെ അടിസ്ഥാനത്തിലാണ് സമാന നിക്ഷേപപദ്ധതകം (Parity Deposit unit) കണക്കാക്കപ്പെടുന്നത്:

53 മേയ് 23-ലെ ഷാംഹായ് കമ്പോളനിലവാരം		
അരി	1.56 കാഠി	2184 യുവാൻ
(ഇടത്തരം)		
എണ്ണ	1 പൗണ്ട്	290.63 യുവാൻ
കല്ലരി	12 പൗണ്ട്	213.75 യുവാൻ
പന്നിയിറച്ചി	1 ചീനഇഞ്ച്	2800 യുവാൻ
ആകെ		5488.38 യുവാൻ

1953 മേയ് മാസം 23-ാംതീയതിയിലെ ഷാംഹായിലെ സമാനനിക്ഷേപപദ്ധതകം (Parity Deposit unit 548838 യുവാനാണ്. ഒരു സമാനനിക്ഷേപപദ്ധതകം ഏകദേശം രണ്ടു കൂലിബിന്ദു (Wage points) ക്കളായിരിക്കും.

അങ്ങനെ, മനോധിചത്വരചനയിലെ തൊഴിലാളിയും നിക്ഷേപകനും (Investos) സംരക്ഷിക്കപ്പെട്ടുനണ്ട്, വ്യാവസായികാഭിവൃദ്ധി കൈവരുന്നതോടുകൂടി കാർഷികോപകരണങ്ങളുടെ വില കുറയുകയും ഉല്പാദനച്ചിലവ് കുറഞ്ഞാനും വിലവ്യവസ്ഥപ്പിക്കാനും ആധുനികകൃഷിസമ്പ്രദായങ്ങൾ സഹായകമാവുകയും ചെയ്യും. തൽഫലമായി കുറഞ്ഞവിലയ്ക്ക് തങ്ങളുടെ സാധന

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്പം, തിരുവനന്തപുരം—1.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ്സെക്യൂരിറ്റിയിന്മേൽ"

പുതുതായി വീണ്ടും ഉടനെ ആരംഭിക്കുന്നു

(A)	60 രൂ. 50 മാസം	രൂ 3000	(D)	30 രൂ. 50 മാസം	രൂ. 1500
(B)	50 ,, ,,	2500	(E)	20 ,, ,,	1000x2
(C)	40 ,,	2000	(F)	10 ,, ,,	500x3

നടന്നു ചിട്ടികൾ ആരംഭിച്ചവരുടെ. ആവശ്യപ്പെട്ടാലുടനെ വന്നുചേരുന്നതാകുന്നു.

കെ. ദാമോദരൻപിള്ള,
മാനേജിംഗ് ഡയറക്ടർ.

ങ്ങളും വിൽക്കാൻ കൃഷിക്കാർക്ക് സാധിക്കും. അങ്ങനെ ജനങ്ങൾക്കു നഷ്ടമൊന്നും സംഭവിക്കാതെതന്നെ വിലയിടിവിൽനിന്നു ഗവണ്മെൻറിന് ആദായം ലഭിക്കുന്നു.

പുത്തൻചൈനയിലെ ക്രൂരനിരക്ക് അതുവരെ ഉയർന്നതല്ലെങ്കിലും, വിമോചനത്തിനുമുമ്പുള്ള ക്രൂരനിരക്കുകളെക്കാളും ഗണനീയമായ വർദ്ധനവ് ഇതിനു ഉണ്ടായിട്ടുണ്ട്. നാണയസ്ഥിരതയും അത്യാവശ്യസാധനങ്ങളുടെ അനുക്രമമായ വിലയിടിവും ചൈനയിലെ തൊഴിലാളിയുടെ ഇന്നത്തെ അവസ്ഥയെ മുമ്പിലത്തേതിനെക്കാളും തീർച്ചയായും മെച്ചപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, ശാസ്ത്രീയമായ ക്രൂരനിരക്കു തരാതരനിർണ്ണയവും (Gradation) എല്ലാ വ്യവസായങ്ങളിലും ഏർപ്പെടുത്താൻ ഇന്നുവരെ ജനാധിപത്യാഗവണ്മെൻറിന് കഴിഞ്ഞിട്ടില്ല. കുത്തകങ്ങളുടെ വിദ്യാഭ്യാസക്കാര്യത്തിൽ സ്റ്റേറ്റ് കൂടുതൽ കൂടുതൽ ഉത്തരവാദിത്വമേറ്റെടുത്തു കൊണ്ടിരിക്കുന്നതുകൊണ്ടും പ്രായാധിക്യംകൊണ്ടും പിരിച്ചുവിടപ്പെടുന്ന തൊഴിലാളികൾ ടേഡ്യൂണിയനുകളുടെ സംരക്ഷണയിലായതുകൊണ്ടും വാർഷിക ശമ്പളവർദ്ധനവ് (annual Increment) പതിവില്ല. അതാവശ്യമാണെന്നു അവർക്കു തോന്നിയിട്ടുമില്ല.

മറ്റെല്ലാ സാമൂഹ്യവ്യവസ്ഥയിലുമുള്ളതുപോലെ ചൈനയിലെ ക്രൂരി ക്രമവും മാനദണ്ഡത്തിൻറെ—ശാസ്ത്രീയവീക്ഷണഗതിയും ദേശീയമായ അടിയന്തിരാവശ്യവും തമ്മിലുള്ള ഒരനുരഞ്ജനത്തിൻറെ— അടിസ്ഥാനത്തിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്. വിമോചനത്തിനു ശേഷവും ക്രമിണ്ടാങ് ക്രൂരിസമ്പ്രദായം നിലനിർത്തിപ്പോരുകയുണ്ടായി നിലവിലിരിക്കുന്ന ക്രൂരി വർദ്ധിപ്പിച്ചും നാണയത്തിൻറെ ഉള്ളുവായ പ്രവണതകൊണ്ടും തൊഴിലാളികളെ തൃപ്തിപ്പെടുത്തുകയുണ്ടായി. ക്രമേണ ഒരു അഷ്ടതര Eight grade ശമ്പളസമ്പ്രദായം പ്രധാനപ്പെട്ട എല്ലാ വ്യവസായങ്ങളിലും ഏർപ്പെടുത്തി ഓരോ തൊഴിലിനും ആവശ്യമായ സാങ്കേതികാഭ്യാസവും ആയാസവും അനുസരിച്ച് ഒരു വ്യവസായത്തിൽതന്നെ ഉയർന്തര (grades) ങ്ങളിലുള്ള വേലയ്ക്ക് ഉയർന്ന ക്രൂരിബിന്ദുക്കളും (Wage points) നിശ്ചയിച്ചു. ഓരോതരത്തിനുള്ള ക്രൂരിബിന്ദുക്കൾതന്നെ അതാതു പ്രദേശത്തിനനുസരിച്ച് ചിലപ്പോൾ വ്യത്യാസപ്പെട്ടിരിക്കും. കാൻറണിലുള്ള പഞ്ചസാരഫാക്ടറിയിലെ എട്ട് തരങ്ങളും (ഗ്രേഡുകളും) താഴെ ചേർക്കുന്നു:—

തരം ഒന്ന് 127 ക്രൂരിബിന്ദുക്കളും
തരം രണ്ട് 149 ക്രൂരിബിന്ദുക്കളും
തരം മൂന്ന് 173 ക്രൂരിബിന്ദുക്കളും
തരം നാല് 208 ക്രൂരിബിന്ദുക്കളും
തരം അഞ്ച് 238 ക്രൂരിബിന്ദുക്കളും
തരം ആറ് 265 ക്രൂരിബിന്ദുക്കളും
തരം ഏഴ് 298 ക്രൂരിബിന്ദുക്കളും
തരം എട്ട് 348 ക്രൂരിബിന്ദുക്കളും

ചീഫ് കെമിസ്റ്റ് 600 ക്രൂരിബിന്ദുക്കളും. ചീഫ് എൻജിനീയർ: 550 ക്രൂരിബിന്ദുക്കളും ഡയറക്ടർ (മാനേജർ) 500 ക്രൂരിബിന്ദുക്കളും.

1953 മേയ് മുപ്പതാംതീയതി കാൻറണിലെ ഒരു ക്രൂരി ബിന്ദു 2820 യുവാനാണ്. അപ്പോൾ, കാൻറണിൽ 1953 മേയ് മുപ്പതാംതീയതിയിലെ ഒന്നാംതരത്തിലുള്ള (ഗ്രേഡിലുള്ള) ഏറ്റവും കുറഞ്ഞക്രൂരി 2820x127 യുവാൻ അഥവാ 358140 യുവാനാണ് (71 രൂപാ) എട്ടാംതര (Grade) ത്തിലുള്ള ഏറ്റവും കൂടിയ ക്രൂരി 964,440 യുവാനാണ്. (193 രൂപാ) ചീഫ് കെമിസ്റ്റിന് 1692000 യുവാൻ (339 രൂപാ) ലഭിക്കും.

പീസ് റേറ്റനുസരിച്ച് ഒരു ശരാശരി തൊഴിലാളിയുടെ സാധാരണ ഉൽപാദനമായിരിക്കും മാനദണ്ഡമായി സ്വീകരിക്കുക. ആ അടിസ്ഥാനത്തിലായിരിക്കും തരങ്ങളും (Grade) തിട്ടപ്പെടുത്തുന്നത്. വ്യവസായങ്ങളുടേയും പ്രദേശങ്ങളുടേയും വ്യത്യാസമനുസരിച്ച് ക്രൂരിക്കും വ്യത്യാസമുണ്ടെങ്കിലും വ്യവസായത്തിലെ ഏറ്റവും കുറഞ്ഞ സാമാന്യക്രൂരി (General industrial minimum) ഠയിൽവേയിലൊഴിച്ച് സാമാന്യക്രൂരിയിൽ കുറവാണ് ഠയിൽവേയിൽ 120 ക്രൂരിബിന്ദുക്കൾക്കു താഴെ കുറയുകയില്ല. അതായതു 350000 യുവാനും (70 രൂപാ) 450000 യുവാനും (90 രൂപാ) ഇടയ്ക്കായിരിക്കും ക്രൂരിനില. പക്ഷേ, ഷാംഹായിലെ ഒരു സ്വകാര്യസ്ഥാപനമായ സിമൻറ് ഫാക്ടറിയിലെ ഏറ്റവും കുറഞ്ഞക്രൂരി 700000 യുവാനാണ് (140 രൂപാ) ഫാക്ടറിയുടമസ്ഥൻറെ മകനും മാനേജരുമായ കെമിസ്റ്റിന് പ്രതിമാസം 5600000 യുവാൻ (1100 രൂപാ) ശമ്പളം ലഭിക്കുന്നുണ്ട്. സിമൻറ് വ്യവസായത്തിലെ ഉയർന്ന ആദായമാണ് അവിടെയുള്ള ഉയർന്നനിരക്കിനു കാരണം. അതുപോലെ ഷാംഹായിലെ യന്ത്രോപകരണഫാക്ടറിയിലെ ശരാശരി ക്രൂരി 954000 യുവാനോളം ഉയർന്നിട്ടുണ്ട്. ഏറ്റവും കൂടിയ ക്രൂരി ഏതാണ്ട് ഇരുപത്തിരണ്ടര ലക്ഷം യുവാനോളംവരും.

ഷാംഹായിലുള്ള ഈ ഫാക്ടറിയിലെ ഇപ്പോഴത്തെ മാനേജർ ചീംഗ് ചാക്കിംഗ്സ് ഒരു തൊഴിലാളിയായിരുന്നു. കഴിഞ്ഞകൊല്ലമാണ് അദ്ദേഹത്തിനു മാനേജരായി കയറംകിട്ടിയതു്. മറ്റു വ്യവസായശാലകളിലും രാഷ്ട്രീയപ്രബുദ്ധതയുള്ള തൊഴിലാളികളെ പ്രധാനപ്പെട്ട ഭരണസ്ഥാനങ്ങളിലേക്കു കയറ്റിവിടപ്പെടുന്നുണ്ട്. ഫാക്ടറികളിലും കാര്യാലയങ്ങളിലും മറ്റെല്ലാ പൊതുസ്ഥാപനങ്ങളിലും പൊതുഭരണത്തിനുള്ള മുമതല പാർട്ടിയംഗങ്ങൾക്കായിരിക്കും. സാങ്കേതികവിദഗ്ദ്ധന്മാർക്കും, എൻജിനീയറന്മാർക്കും, പ്രൊഫസറന്മാർക്കും അവരെക്കാൾ വളരെക്കൂടുതൽ ശമ്പളം ലഭിക്കുന്നുണ്ട്. പക്ഷെ, കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായിരിക്കും പൊതുഭരണത്തിൻറെ മുമതല വഹിക്കുന്നതു്. രാഷ്ട്രീയപഠനവും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും യൂത്തിൻറെയും കലാകാലങ്ങളിലുള്ള പരിപാടികളെപ്പറ്റിയുള്ള പഠനവും വ്യവസായികോന്നമനത്തെപ്പോലെ തന്നെ പ്രാധാന്യമുള്ള

താണെന്ന് ജനകീയ റിപ്പബ്ലിക്ക് കരുതുന്നു.

ഫാക്ടറിതൊഴിലാളികളുടെ വേതനം വേലക്കൂലി മാത്രമല്ല. വേലക്കൂലി ഏതുയുണ്ടോ അതിന്റെ മൂന്നുശതമാനം ഇൻഷ്വറൻസ് ഫണ്ടിലേയ്ക്കായി യൂണിയനകം മുതലാളിക്ക് നൽകുന്നു. ഏഴു ശതമാനംമുതൽ പന്ത്രണ്ടുശതമാനംവരെ ക്ഷേമപ്രവർത്തനങ്ങൾക്ക് നൽകുന്നു. പ്രസവശുശ്രൂഷ, രോഗം, അത്യാഹിതങ്ങൾ, വാർദ്ധക്യകാലവേതനം മുതലായവ ഇൻഷ്വറൻസിൽ ഉൾപ്പെടുന്നു. ഇന്ത്യയിലുള്ള ഒട്ടുമുക്കാലും മുതലാളിത്ത സ്ഥാപനങ്ങൾ ഏറ്റവും കുറഞ്ഞതു് അടിസ്ഥാനകൂലിയുടെ ആറേകാൽ ശതമാനം എന്ന നിരക്കനുസരിച്ച് പ്രാവിഡന്റ് ഫണ്ടും അതുകൂടാതെ ഗ്രാറ്റുവിറ്റി, പ്രസവകാലവേതനം, നഷ്ടപരിഹാരം എന്നിവയും കൊടുത്തുവരുന്ന സ്ഥിതിക്ക് ഇന്ത്യൻനിലവാരത്തോടു് താരതമ്യപ്പെടുത്തുമ്പോൾ ചൈനയിലെ മൂന്നുശതമാനം ലേബർ ഇൻഷ്വറൻസ് ഫണ്ടു് തൊഴിലാളികൾക്കു് ഗുണകരമാണെന്നു് കരുതാൻവയ്യ. പക്ഷേ, അതു് ചൈനയിലാകമാനം ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ടും, അതുകൊണ്ടുള്ള ശമ്പളമില്ലിന്റെ മൂന്നുശതമാനം ഇന്ത്യയിലെ അടിസ്ഥാനകൂലിയുടെ ഏതാണ്ടു് ഒരു ശതമാനം വരുന്നതുകൊണ്ടും വിമോചനത്തിനു മുമ്പുള്ള ചൈനയിൽ ഇൻഷ്വറൻസ് പദ്ധതികളെപ്പറ്റി കേട്ടുകേൾവിപോലുമില്ലാതിരുന്നതുകൊണ്ടും, ചൈനയിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു വരമാണ് കരശതമായിരിക്കുന്നതു്. ക്രൂശ്ചേവ്, ഇന്ത്യയിലെ തൊഴിലാളികൾക്ക് മിക്കവാറും പരിചിതമല്ലാത്ത ആശുപത്രികൾ, അരോഗ്യകേന്ദ്രങ്ങൾ (Sanatoria) വിശ്രമകേന്ദ്രങ്ങൾ, വിനോദകേന്ദ്രങ്ങൾ തുടങ്ങിയ ഒട്ടേറെ സൗകര്യങ്ങൾ ക്ഷേമപദ്ധതികളിൽ ഉൾപ്പെടുന്നുണ്ടു്. മാത്രമല്ല, ട്രേഡ് യൂണിയനുകളുടെ സമ്പൂർണ്ണമായ നിയന്ത്രണത്തിലാണ് ഫണ്ടു്. അതുകൊണ്ടു് അതിന്റെ ഗുണഫലങ്ങൾ കൂടുതൽ സമഗ്രമനസ്കത്തോടും സദുദ്ദേശത്തോടുംകൂടിയായിരിക്കും വിതരണം ചെയ്യപ്പെടുന്നതും. ട്രേഡ് യൂണിയനുകൾ സോഷ്യലിസ്റ്റാധിപത്യ പ്രമുഖങ്ങളാകുന്നതുകൊണ്ടുള്ള സാമ്പത്തികമായ ഗുണഫലങ്ങളുടെ ഉപയോഗവും നീതിയുക്തവുമായ വിതരണത്തിനു് നേരിട്ടേക്കാവുന്ന ഒരേ ഒരു വിപത്തു്.

എസൻഷ്യൽ സർവീസുകൾക്കും പീപ്പിൾസ് ലിബറേഷൻ ആർമിക്കാർക്കും (വിമോചനസേനയിലെ അംഗങ്ങൾക്കും) വേണ്ടി സൗജന്യമായി സമ്പ്രദായമെന്നു് പറയപ്പെടുന്ന ഒന്നുണ്ടു്. അവർക്ക് ആഹാരവും, താമസസൗകര്യവും വസ്ത്രവും, മാസച്ചിലവുകൾക്കുള്ള ഒരു പോക്കറ്റു് അലവൻസും നൽകപ്പെടുന്നു. ഏറ്റവും പ്രബുദ്ധരായ വിഭാഗമാണ് ഈ സമ്പ്രദായം സ്വീകരിച്ചിരിക്കുന്നതു് ദേശീയമായ സാമ്പത്തികനില അഭിവൃദ്ധിപ്പെടുന്നതോടുകൂടി അവരുടെ ജീവിതനിലവാരവും അഭിവൃദ്ധിപ്പെടും. അലവൻസും വർദ്ധിക്കും എസൻഷ്യൽ സർവ്വീസുകളിലുള്ള ക്രൂലിവേക്കാരുടെ കാര്യത്തിൽപോലും, ഒരുവിഷമ്യങ്ങളിൽപെട്ടഴലുന്നവർക്ക് കുറെയുങ്കിലുമുള്ള ക്രൂട്ടലവൻസ് കിട്ടും.

വ്യാവസായിക സങ്കേതങ്ങളെ സംബന്ധിച്ചിടത്തോളം ചൈന അതിശീഘ്രം പുരോഗമിക്കുകയാണ്. ഒരു യാന്ത്രികഫണ്ടറി ഷട്ടിപ്പിച്ചിട്ടുള്ള ഷാംഹായിലെ നമ്പർ 2 ചൈനാ ടെക്സ്റ്റയിൽ യന്ത്രോപകരണ ഫാക്ടറിയിലെപ്പോലെ ഉല്പാദനവിധങ്ങൾ എല്ലാം ഏറ്റവും ആധുനികങ്ങളായ സങ്കേതങ്ങളനുസരിച്ച് പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. റഷ്യയുടെ വ്യാവസായികാനുഭവങ്ങളും പാഠങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. തൽഫലമായി ഇന്നുവായ, അനുക്രമമായ ഒരു വികാസഗതിയില്ലാതെ തന്നെ വ്യവസായ സങ്കേതങ്ങളും ഏറ്റവും ആധുനാതന നിലവാരം കൈകൊള്ളുന്നുണ്ടു്. ഇതു എടുത്തു ചാട്ടം പലരീതിയിൽ അപകടകരമാണ് ഉൽപാദനസംബന്ധിയായയന്ത്രങ്ങളെപ്പറ്റി തൊഴിലാളികൾക്ക് സാമാന്യമായ ഒരറിവു് ലഭിക്കുന്നില്ലെന്നുള്ളതാണ് ഒന്നു്. രണ്ടാമതായി, മാസ്സ് പ്രൊഡക്ഷൻ (Mass prodnction) അവർത്തനതൊഴിലിനു് (Repetitive Work) വഴിതെളിക്കുന്നു. യന്ത്രികസങ്കേതങ്ങളെപ്പറ്റിയുള്ള സാമാന്യമായ ഒരു ധാരണയില്ലാതെയുള്ള അമ്മാതിരി ആവർത്തനതൊഴിൽ മസ്തിഷ്കത്തിനും വ്യക്തിപരമായ കർമ്മസന്നദ്ധതയ്ക്കും ഹാനികരമാണ്. നമ്പർ 2 ടെക്സ്റ്റയിൽ യന്ത്രോപകരണ നിർമ്മാണശാല ചുറ്റിക്കണ്ടതിനുശേഷം ഞങ്ങൾ പരിചരണമുറിയിലേക്കു് ആനയിക്കപ്പെട്ടു. ഫാക്ടറിയിലെ പരിശീലനകാലം (Period of apprentice ship) മൂന്നു് മുതൽ ആറുമാസംവരെയാണെന്നറിഞ്ഞതിൽ ആസ്ത്രേലിയൻ പ്രതിനിധി സംക്ഷോഭമായ സ്വരത്തിൽ എസ്. സംഗ് അത്ഭുതം പ്രകടിപ്പിക്കുകയുണ്ടായി. ആസ്ത്രേലിയായിൽ ഒരു ലേത്തു തൊഴിലാളിയുടെ ഏറ്റവും കുറഞ്ഞ പരിശീലനകാലം അഞ്ചുകൊല്ലമാണെന്നതിനെ ഹേതുപറഞ്ഞു മൂന്നുകൊല്ലമായി അതു് വെട്ടിച്ചുരുക്കാൻ വ്യവസായയുടമകളും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, ട്രേഡ് യൂണിയനുകളും ശക്തിയായി ആ പരിശ്രമങ്ങളെ എതിർക്കുന്നതുകൊണ്ടു് അവർ ഇതുവരെ വിജയിച്ചിട്ടില്ല. അദ്ദേഹം ഇപ്രകാരം തുടർന്നു:

"അതു് തലച്ചോറിനെ മരവിപ്പിച്ചുകളയും. മനസ്സിന്റെ വികാസത്തെ തടുക്കുകയും ചെയ്യും. പക്ഷേ, നമുക്ക് തടുക്കാൻ സാദ്ധ്യമല്ല മാസ്പ്രൊഡക്ഷന്റെ സങ്കേതം (Technique) അതാണ്. ഇക്ഷമായ കിടമൽസരം കൊടുമ്പിരിക്കൊള്ളുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതും. ഇവിടെയാണെങ്കിൽ, തങ്ങളുടെ രാജ്യത്തിന്റെയും തങ്ങളുടെ വസ്ത്രത്തിന്റെയും മറ്റുമായാണ് തങ്ങൾ പണിയുയർത്തുന്നതെന്നു് തൊഴിലാളികൾ വിശ്വസിക്കുന്നുണ്ടു്. അതുകൊണ്ടവർ, അതിനു് ഇച്ഛാനുസരണം വഴിപ്പെടുന്നു. മുതലുടമകൾ ചോരയും നീരുമിറ്റിക്കുടിക്കുന്ന മുതലാളിത്തരാജ്യങ്ങളിൽ അങ്ങനെയല്ല." ആവർത്തനതൊഴിലിനെപ്പറ്റിയും, തൊഴിലാളിവർഗ്ഗത്തിനു് അതുണ്ടാക്കിവയ്ക്കുന്ന ദോഷഫലങ്ങളെയും പറ്റി ഇൻഡ്യൻ റയിൽവേ മെൻസ് ഫെഡറേഷൻ ജനറൽസെക്രട്ടറി സ: ഗുരുസ്വാമിയും പിന്നീടു് അഭിപ്രായപ്പെടുകയുണ്ടായി. ഒരു ജീവിതമരണ സംഗരത്തിന്റെ നിർച്ചുഴിയിൽ നിന്നുഴലുന്നചൈനയ്ക്ക്, ഒന്നുതിരിഞ്ഞുനിന്നുനോക്കാൻ സമയമില്ല. പക്ഷേ, ഒന്നു ശ്വാസംവിടാൻ നേരംകിട്ടുന്ന നിമിഷത്തിൽ, ഇ അവർത്തനതൊഴിലിൽക്കൂടിയുള്ള സ്പെഷ്യലൈസേഷന്റെ ദുരന്തം ചൈനയ്ക്ക് പുനപരിശോധനചെയ്യേണ്ടിവരും. തൊഴിലാളികളിൽ വ്യക്തിപരമായ കർമ്മസന്നദ്ധത വളർത്താനും കേവലം യന്ത്രോപകരണങ്ങളായി അവർ അധഃപതിക്കാതിരിക്കാനും ചൈനയ്ക്ക് ആഗ്രഹമുണ്ടെങ്കിൽ, അപ്രബുദ്ധസകൾക്ക് സമഗ്രമായ ശിക്ഷണം നൽകിയേതീരൂ. ചൈനാമണ്ഡലത്തിലും കർമ്മമണ്ഡലത്തിലും മനുഷ്യവികാസത്തിനുള്ള സംപൂർണ്ണസന്ദർഭങ്ങളും സമാഗമം ചെയ്യാത്ത ഒരു സോഷ്യലിസ്റ്റ് സമൂഹഘടന എനിക്ക് സങ്കൽപ്പിക്കാനേ സാദ്ധ്യമല്ല.

(തുടരും)

ഒരു തിരുത്തു്

കഴിഞ്ഞലക്കം കുമുദിയിൽ 'കലാലയത്തിലെ സ്വപ്നം' എന്ന ശീർഷകത്തിൽ എഴുതിയിരുന്ന ലേഖനത്തിന്റെ കർത്താവു് ജി. എൽ. കെ. ആണ്. ജി. എൻ. കെ. എന്നു് തെറ്റായി ചേർത്തിരുന്നതു് വായനക്കാർ ക്ഷമിക്കണമെന്നു് അപേക്ഷ.

പത്രാധിപർ

കുഴിഞ്ഞയാച്ച

എം. എൻ–ബാലൻ സംവാദം

★

എൻ. രാമചന്ദ്രൻ

ഐക്യമുന്നണി രൂപീകരിക്കാനുള്ള ആലോചനകൾ ഒരു ഭാഗത്തു തിരക്കിട്ടു നടന്നുകൊണ്ടിരിക്കെ ആ ആലോചനകൾക്കു പിന്നിലുള്ളവരെയൊന്നും സഹായിക്കാനാകാതിരുന്ന ഒരു എം. എൻ.–ബാലൻ സംവാദവും ഉടലെടുത്തിരിക്കുന്നു. ബാലൻ ഉന്നയിച്ചിട്ട കല്ലും മുള്ളും എന്റെ പുരയ്ക്കും അവിടെനിന്നു തെറിച്ചുപോയി. ജനയുഗത്തിന്റെ മുഖപ്രസംഗത്തിൽ മുട്ടിയിരിക്കുന്നതായിക്കാണുന്നു. ഇരകിട്ടിയ ആവേശത്തോടെ ബാലൻ ഇനി മറുപടി പറയാതിരിക്കുമെന്നില്ല. ഇതിനെയെല്ലാം വിശ്വാസം ഈ വിവാദം സൃഷ്ടിപരവും പുരോഗമനപരവും ആക്കുന്നതിനു അത്യാവശ്യവുമാണെന്നാണ്. വിശ്വാസമുണ്ടായാലുമില്ലെങ്കിലും ഭാവമെങ്കിലുമാണ്. പോരെങ്കിൽ ഇങ്ങനെ തർക്കം നടത്തുന്നതു നല്ലതാണെന്നു ആർ. എസ്. പി. മുഖപത്രമായ സഖാവിൽ പരോക്ഷമായ ഒരു സൂചനയും നൽകിയിട്ടുണ്ട്.

ബാലനു ഒരു പ്രത്യേകതയുണ്ട്. വിശ്വമഹായുദ്ധത്തിനു രാഷ്ട്രീയതടാകം കിടക്കുന്നതു ഇഷ്ടമില്ലാത്ത കൂട്ടത്തിലാണു. ഉദ്ദേഹം കൈവശം കുറേ മുള്ളുകളുള്ളതുകൊണ്ടാണ് കളം കലക്കാനുള്ള അവകാശങ്ങളും വേണ്ടിടത്തോളമുണ്ട്. പ്രത്യേക ഉദ്ദേശ്യങ്ങളൊന്നുമില്ലാതെതന്നെ കളം കലക്കുന്നതു തുടങ്ങുന്നതു കലക്കികഴിഞ്ഞാൽ പിന്നെ അതും അതു തെളിക്കാൻ വരികയില്ലെന്നും തെളിക്കാൻ ശ്രമിക്കുന്നവരെയും കൂടുതൽ കലക്കുകമാത്രമേയുള്ളുവെന്നും ബാലനറിയാം. അവസാനം ഒരു രാഷ്ട്രീയ രക്ഷകത്താവിനെപ്പോലെ മാറിനിന്നു ബാലൻ പറയും എല്ലാവരും കരയ്ക്കു കയറിൻ കുളത്തിലെ വെള്ളം തെളിയട്ടെയെന്ന് അതാണ് രാജി ഈ കളി കുറേക്കാലമായി നടക്കുന്നുണ്ട്. നിർഭാഗ്യകരമായിട്ടുള്ളതു് ഇതാരും മനസ്സിലാക്കുന്നില്ലെന്നുള്ളതാണ്.


ഇപ്പോഴത്തെ തർക്കം തന്നെ ഏതാണ്ടു് ആ രീതിയിലാണ്. കമ്മ്യൂണിസ്റ്റുകാർ ഐ. എസ്. പിയോടു ചില ഉറപ്പുകൾ ചോദിച്ചു. ഉറപ്പു ചോദിക്കേണ്ടതു ഐക്യമുന്നണിയാണെന്നും കമ്മ്യൂണിസ്റ്റുകാർ അതു ചോദിക്കുന്നതു വഴിമുടക്കിന്യായമാണെന്നുമാണ് ബാലന്റെവാദം. അതു വാദം ശരിയാണെങ്കിൽ അതെവിടെയാണു നടത്തേണ്ടതു്? തീർച്ചയായും ഐക്യമുന്നണിക്കകത്താണ്. ഐക്യമുന്നണിക്കകത്തുനിന്നു പാഞ്ഞിട്ടില്ല എന്ന കുറ്റാരോപണം ഐക്യമുന്നണിക്കു പുറത്തുനിന്നു നടത്തുന്നതു ഐക്യമുന്നണിക്കകത്തുനിന്നു പറയാത്തതുപോലെതന്നെ കുറ്റമല്ലേ? ബാലനിതറിഞ്ഞുകൂടെന്നുവിശ്വസിക്കാൻ ഞാൻ തയ്യാറില്ല. അപ്പോൾ പുറത്തൊരു തർക്കം നടക്കണമെന്നാണ് ബാലന്റെയും ലക്ഷ്യം. അതിനു കമ്മ്യൂണിസ്റ്റുകാർ ജലാശയത്തിൽ ഒരു കളങ്കം സൃഷ്ടിച്ചുകൊടുത്തു. ബാലൻ ഇറങ്ങി ചവിട്ടിക്കലക്കാനും തുടങ്ങി.

ബാലന്റെ പ്രസ്താവന ബാലൻ ഒരു ആർ. എസ്. പി. അംഗം പോലുമല്ലെന്നു എം. എൻ. ഗോവിന്ദൻനായർക്കുതന്നെ അറിയാവുന്ന സ്ഥിതിക്കു എം എന്നു നിസ്സാരമായി തള്ളാവുന്നതായിരുന്നു. അതെല്ലാം എന്തെല്ലാം ഇനി രാജ്യദ്രോഹം പറയുന്നു. അതിനൊക്കെ കമ്മ്യൂണിസ്റ്റുകാർ പാർട്ടി സെക്രട്ടറി മറുപടി പറയണോ? പക്ഷെ അതിനുള്ള ചങ്കൂറ്റം എം. എന്നു ഇല്ലാതെപോയി. ബാലന്റെ മുഖപ്രസംഗങ്ങളെപ്പറ്റി പരാമർശിച്ചതും പോരാഞ്ഞു എം. എൻ. ബാലന്റെ പോദ്യോത്തര പംക്തിക്കുടി ചർച്ചാവിഷയമാക്കി. ബാലൻ ചോദ്യോത്തരങ്ങളെഴുതുന്നതു ഞാൻ പലതവണ കണ്ടിട്ടുണ്ട്. അതിസരസമായി സംസാരിക്കാൻ കഴിയുന്ന ബാലന്റെ കുടലാസുവഴിയുള്ള സംഭാഷണമാണ് ചോദ്യോത്തരപംക്തി ഒരു നേരമ്പോക്കിനു അതു വായിക്കുന്നതു മനസ്സിലാക്കാം. പക്ഷെ കമ്മ്യൂണിസ്റ്റുകാർപാർട്ടിയുടെ തിരു–കൊച്ചി കമ്മിറ്റിസെക്രട്ടറി രാഷ്ട്രീയ ചർച്ചകൾക്കായി ബാലന്റെ പംക്തിയിലെ ചോദ്യവും ഉത്തരവുംവരെ കാണാതെ പഠിച്ചിരിക്കുന്നെന്നാണ് ശാർക്കരയിലെ ഒരു യോഗത്തിലെ പ്രസംഗംപിപ്പോർട്ടു വായിച്ചപ്പോൾ തോന്നിയതു്. ബാലൻ കുളംകലക്കുന്നതിലും അഹങ്കരിക്കുന്നതിലും അത്ഭുതപ്പെട്ടിട്ടു കാര്യമുണ്ടോ? കമ്മ്യൂണിസ്റ്റുകാർപാർട്ടി സെക്രട്ടറിയുടെ അഭിപ്രായത്തിൽ ഈ രാജ്യത്തെ രാഷ്ട്രീയകാര്യങ്ങളെപ്പറ്റി പൂർണ്ണമായ ബോധമുണ്ടാകണമെങ്കിൽ ബാലന്റെ ചോദ്യോത്തരപംക്തി കൂടെ വായിച്ചാലെ മതിയാവൂ. ബാലൻ നാളെ മുതൽ ഒരു രാഷ്ട്രീയ ഏ. ബാലകൃഷ്ണപിള്ളയാകാൻ ശ്രമവും തുടങ്ങും. ബാലനെ അറിയാവുന്നതുകൊണ്ടു് ഞാൻ പറയുകയാണ്. എം. എൻ. അതിബുദ്ധിമാനാണെന്ന ഒരു ദുഷ്പ്രചരണം നാടുകെ നടക്കുന്നുണ്ട്. അതിബുദ്ധി അപകടമുണ്ടാക്കുമെന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. എം. എൻ. ചോദ്യോത്തരപംക്തിയുമായിട്ടു് ഇപ്പോൾപ്പെട്ടപ്പോൾ കമ്മ്യൂണിസ്റ്റുകാരുടെ മുഖപത്രമായ ജനയുഗം ബാലനു് മറുപടി പറയാൻ മാത്രമായി ഒരു പുതിയ പംക്തിതന്നെ അങ്ങു തുടങ്ങി. ബാലൻ നിലത്തു നിൽക്കുമോ? ജനയുഗത്തിനു് ഏറ്റവും വലിയ തർക്കം പട്ടംതാണുപിള്ളയെ ശ്രീമാൻപട്ടം എന്നു പറഞ്ഞപ്പോൾ എം. എന്നെ ബാലൻ ഒരു മി. എന്നുപോലും വിളിച്ചില്ലെന്നുള്ളതാണ്. ഒരു പാർട്ടി അധ്യക്ഷനെ അനുവദിച്ചാൽ പൊറിഞ്ചുമാർക്കുപോലും വ്യർത്ഥാഭിമാനം ബോധങ്ങളും പാർട്ടിയുടെ പേരിൽ പുറത്തുവരുമെന്നുള്ളതിനു് തെളിവാണ് ജനയുഗം ലേഖനം. എം. എന്നെ. ബാലൻ മി. എന്നു വിളിച്ചാൽ ആ ലേഖനത്തിലെ പകുതി തർക്കം തീരും. ഐക്യമുന്നണിയുടെ രൂപീകരണത്തിലെ സജീവപ്രശ്നങ്ങളും അങ്ങനെ ബാലന്റെ ചോദ്യോത്തരവും എം. എന്റെ മിസ്റ്റർ ബഹുമതിയുമായി ചുരുങ്ങിയിരിക്കുകയാണ്. ബാലൻ യാതൊന്നുമല്ലെന്നു് എം. എൻ. പറയുന്നു. എം. എൻ. യാതൊന്നുമല്ലെന്നു് ബാലനുപറയാൻ കാരണമൊന്നും തോന്നുന്നില്ല. യാതൊന്നുമല്ലാത്ത ബാലനെ ഇത്ര ഭയപ്പെടുന്ന എം എൻ എന്തെങ്കിലും ഒക്കെ ആയവരെ എങ്ങനെ നേരിടുമെന്നാണ് എനിക്കു് അത്ഭുതം തോന്നുന്നതു്. ബാലനെ നിശിതമായി വിമർശിക്കണമെന്നു് എം. എന്നു് ആഗ്രഹമുണ്ടു്. പക്ഷെ അങ്ങനെ വിമർശിക്കുകയില്ല. കാര്യം എന്തെന്നറിയാമോ എം. എന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ ബാലൻ നല്ലപോലെ എഴുതാൻ കഴിവുള്ള ഒരു അതിബുദ്ധിമാനാണു്. നിർഭാഗ്യകരമായിട്ടുള്ളതു് ഇക്കാര്യം എം എൻ പറയുംമുമ്പെ ബാലനു തന്നെ അറിയാമെന്നതാണ് നല്ലപോലെ എഴുതാൻ അറിയാവുന്നവരെയെല്ലാം ഒരു പാർട്ടിസെക്രട്ടറിയെന്നിട്ടുകാര്യമില്ല. ഉദ്ദേശം ശുദ്ധമാണെങ്കിൽ ആരെയും ഭയന്നിട്ടുകാര്യമില്ല.

യ്യുമില്ല. ഇവിടെ കുഴപ്പംമുഴുവനതാണ് ഒരാൾക്ക വെള്ളം കലക്കണം. മറ്റൊരാൾക്ക് മീൻപിടിക്കണം. വെള്ളം കലക്കുന്നവൻ മീൻപിടിക്കാൻക്കൂടി സമ്മതിച്ചാൽ തർക്കംതീരും. അയാൾ വെള്ളം കലക്കും മീൻപിടിക്കാൻ സമ്മതിക്കത്തുമില്ല ഇവിടത്തെ തർക്കംമുഴുവനിതാണ്. എം. എൻ. ബാലൻ സംവാദം എന്തിനു് ഐക്യമുന്നണി പി. എസ്. പി സംവാദംതന്നെ യാഥാർത്ഥത്തിൽ ഒരു നിഴൽയുദ്ധമാണ്. സാധാരണയായി തിരഞ്ഞെടുപ്പു വരുമ്പോൾ ഇല്ലാത്ത യോജിപ്പുണ്ടെന്നു് പറഞ്ഞു് വോട്ടുപിടിക്കയാണ് പതിവു്. ഇവിടെ ഉള്ള യോജിപ്പു് ഇല്ലെന്നുപറഞ്ഞു വോട്ടുപിടിക്കണമെന്നാണ വാദം. കമ്മ്യൂണിസ്റ്റു പാർട്ടിയും അവർക്കുവേണ്ടി ഐക്യമുന്നണിയും പി. എസ്. പി യോടു് ഉപ്പുചോദിക്കുന്നതിൽ വലിയ അതൃത്ഥതയൊന്നുമില്ലെന്നാണെൻറെ വിശ്വാസം ഐക്യമുന്നണി ചോദിച്ച ഒറ്റ ഉപ്പുപോലും പി. എസ്. പി. ഇതുവരെ അവർക്കു കൊടുത്തിട്ടില്ല ഐക്യമുന്നണി പ്രതീക്ഷിക്കുന്ന സഹകരണങ്ങളും പി. എസ് പി. നൽകുന്നുണ്ട്. ഉപ്പു ചോദിപ്പു് പ്രസ്ഥാനത്തിനൊഴിച്ചു് മറ്റെല്ലാത്തിനും തുടർന്നു ലഭിക്കുകയും ചെയ്യും. ഒരുപ്പുചോദിച്ചു് മനസ്സിലില്ലെന്നു പറയുമ്പോൾ ഉപ്പിൻെറ കട്ടി അല്പമൊന്നു അയവുവരുത്തി അതും സാദ്ധ്യമല്ലെന്നുവരുമ്പോൾ ഇനിയും എന്താണ് മാറ്റാറിച്ചോദിക്കേണ്ടതു് എന്നു ദ്വേഷിച്ചു നടക്കുന്നരാഷ്ട്രീയം അതും ഏല്ലാം പതുംവഴിതരുന്നയാകുമ്പോൾ — ബുദ്ധിമാന്മാരുടെ രാഷ്ട്രീയമല്ല തീർച്ച ഇതു മനസ്സിലാക്കാൻ കഴിഞ്ഞതുകൊണ്ടാണ് ബാലൻ കളംകലക്കൽ തുടങ്ങിയതെന്നു എനിക്കു തോന്നുന്നു ഒരു രാജ്യത്തിൻെറ ഭാവിയെ അതീവഗൗരവതരമായി ബാധിക്കുന്ന ഒരു പ്രശ്നത്തെ ഇത്ര ലാഘവത്തോടെ സമീപിക്കുന്നതു് ശരിയാണെന്നു തോന്നുന്നില്ല. അതിബുദ്ധിമാന്മാർ ഒരു കാര്യം അറിയേണ്ടതു് അവർ അതിബുദ്ധിമാന്മാരാകുന്നതു് ബുദ്ധിയില്ലാത്ത പാവപ്പെട്ടവരുടെ മദ്ധ്യത്തിൽമാത്രമാണെന്നാണ്. അതിബുദ്ധി ബുദ്ധിമാന്മാരോടു് പ്രയോഗിക്കുമ്പോൾ അവരതു് കൂടുതൽബുദ്ധിയാണെന്നു കണ്ടുപിടിക്കും. നാട്ടുനിളനടന്നു് പി. എസ്സ്. പി. മിനിമം പരിപാടിയിൽ യോജിക്കണമെന്നും ഉപ്പു നൽകണമെന്നും ഒരുക്ക പ്രസംഗിച്ചു് അവസാനമിതൊന്നും മില്ലാതെ അവരോടു സഖ്യംചെയ്താൽ തങ്ങളുടെ പൊതുജനസമ്മതി വർദ്ധിക്കും എന്നു വിശ്വസിക്കുന്ന വിഡ്ഢിന്മാരോടു് എന്തു രാഷ്ട്രീയമാണ് പറയുക. ബാലൻെറ ബുദ്ധിസാമർത്ഥ്യവും എം. എൻെറ മിസ്റ്റർ ബഹുമതിയുമല്ല ഈ രാജ്യത്തെ പ്രശ്നങ്ങൾ എന്നു് ഇരുകൂട്ടരും അറിഞ്ഞിരിക്കുന്നതു നന്നായിരിക്കും.

—!—

മൂന്നുവർഷം തികയുന്നു



കോട്ടഗിരി വിമാന അപകടത്തിൽപ്പെട്ടു് ഭഗവൻ നമ്മെ വിട്ടുപിരിഞ്ഞിട്ടു് ഇന്നു് (ഡിസം: 13-ാം-) മൂന്നുവർഷം തികയുന്നു. ശോകസങ്കുലമായ ഒരു ജീവിതഗാനംപോലെ അവൻെറ സ്മരണ മധുരിക്കുന്ന വേദന പകരുന്നു.

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണ്

പക്ഷേ, മരുന്നുകടം വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും ക്രൂരതയും വിധിപ്രകാരം തയ്യാർ ചെയ്തതും വൃത്തിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകടം എവിടെ കിട്ടുമെന്നുള്ളതാണ് നിങ്ങടം ശ്രദ്ധിക്കേണ്ടതു്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു് സ്വർണ്ണമെഡൽ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകടം വാങ്ങുക.

തിരുവനന്തപുരം ആയുശാല മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ചു സന്ദർശിക്കുവിൻ

N. B. രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പഠിപ്പും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും

ബി. എൻ. ശ്രീധരനുണ്ണി,
(പ്രൊപ്രൈറ്റർ)

KSC



ബാംബെ ടെസ്റ്റും ദേശീയ ടേബിൾ ടെന്നീസും

★

[ശ്യാമകൃഷ്ണൻ]

അതെ, അഭ്യുദയത്തിന്റെയും ധീരോദാത്തയുടേയും കാലഘട്ടം കഴിഞ്ഞിട്ടില്ലെന്നു ഇക്കഴിഞ്ഞ തിങ്കളാഴ്ച സമനിലയിൽ പര്യവസാനിച്ച ബോംബെയിലെ ചിരപുരാതനമായ ക്രിക്കറ്റ് ടെസ്റ്റ് മത്സരം പ്രഖ്യാപിച്ചിരിക്കുന്നു. ഇൻഡ്യൻക്രിക്കറ്റിന്റെ കോരിത്തരിപ്പിക്കുന്ന ഒരു ദർശനമായിത്തന്നെ ബോംബെ ടെസ്റ്റിനെ പറയാൻ നാം മടിക്കേണ്ടതില്ല. ആത്മവിശ്വാസത്തിന്റെ ദീപങ്ങളെല്ലാം മണഞ്ഞു കോട്ടകളും വെടിക്കോപ്പും രണാങ്കണത്തിന്റെ അധികം ഭാഗവും ഏതിരാളിയുടെ അധീനത്തിലായി. എന്നിട്ടും പരാജയത്തിന്റെ മുഖത്തു നിന്നും അഭിമാനം വലിച്ചു ചീന്തിയെടുത്തു ധൈര്യനിലയിൽ പടക്കളത്തിൽ നിന്നു യാത്രപറഞ്ഞു. അതാണ് ബോംബെടെസ്റ്റിന്റെ ഒരു നവരേഖാചിത്രം. ഈ ചിത്രത്തെ വിലയിരുത്തുവാൻ ക്യാൻവസ്സിൽ പകർത്തുന്നതിനു മുൻപ് ബോംബെ ടെസ്റ്റിന്റെ സൃഷ്ടിനമായ മറ്റൊരു വശം പരിശോധിക്കാനിക്കാൻ ഞാനാഗ്രഹിക്കുന്നു. ഒരു മർച്ചന്റോ ഹസാരെയോ മരിന്നിങ്സ്റ്റിന്റെ പ്രാരംഭത്തുങ്ങളിൽ നിഷ്ക്കാസിതരായാൽ സന്ദർഭാനുസരണമായ ഉത്തരവാദിത്വത്തോടെ ഉറച്ചുനിന്നു പോരാടുന്നതിനുപകരം പരിഭ്രമിച്ചുവശായി പ്രമാദങ്ങൾ കാണിക്കുന്ന ഇൻഡ്യൻ ക്രിക്കറ്റിന്റെ അപചയം ഇന്നു നമുക്കു വിശ്വസിക്കാവുന്നതാണ്.

6 വിക്കറ്റിനും ഭീമമായ 504 റൺസ് (സിംപ്സൺ 121, ബാറിക്കവിക്കറ്റ് ബലികഴിക്കാതെ 102, മാർഷൽ 90, ലോക്സ്റ്റൻ 55 മങ്കാട് 3 വിക്കറ്റ് കരസ്ഥമാക്കി ഇന്നിങ്സ്സു പ്രഖ്യാപിച്ചുതോടെ ഇൻഡ്യൻ ടീം ഭീഷ്മക്കരമായ ഒരു കൃത്യത്തിന്റെ ഭാരവും പേറികളത്തിലിറങ്ങി. ഒഡൽഹിയിലെ ഇന്നിങ്സ്സു പരാജയത്തിന്റെ പകവീട്ടാനെന്ന മട്ടിൽ കേവലം 153 റൺസിനു കാമൺവെൽത്തു റ്റീമിലെ ലോഡർ 4 (വിക്കറ്റ്) വോറൽ 3 (വിക്കറ്റ്) ലോക്സ്റ്റൻ (3 വിക്കറ്റ്) എന്നിവർ വളരെ വേഗം തന്നെ ഇന്നിങ്സ്സിനു അവധിവരുത്തി. ശോകമൂകമായ അന്തരീക്ഷത്തിൽ ഇൻഡ്യൻ റ്റീം തുടർന്നു രണ്ടാം ഇന്നിങ്സ്സ് ആരംഭിച്ചു. കേവലം 3 റൺസിനു ഉശിരൻ ബൗളർ ഭീഷ്മകൃതനാവുക അത്യന്തം ദുരന്തത്തിൽ മർമ്മഭേദകമായിത്തന്നെ. 18 റൺസിനു മഞ്ജരേക്കറും പുറത്തായതോടെ ഇൻഡ്യ പരാജയപ്പെട്ടതായി എല്ലാവരും വിധിയെഴുതി. പക്ഷേ മങ്കാട്—ഹസാരെ സംഖ്യം ക്രിക്കറ്റ് പ്രേമികളുടെ അശ്രുകണം തുടച്ചുമാറ്റി. കാമൺവെൽത്തു ബൗളർമാരുടെ വെല്ലുവിളി വേണ്ടവിധത്തിൽത്തന്നെ സ്വീകരിച്ചു. മങ്കാട് അവരെ നിഷ്ഠുരണം ശിക്ഷിച്ചു. മുപ്പതിനായിരത്തിധികം ക്രിക്കറ്റ്പ്രേമികളും ഏണ്ണമറ്റ റേഡിയോശ്രോതാക്കളും പ്രതീക്ഷകളോടെ ആ സഖ്യത്തെ ഉറ്റുനോക്കവെ 61 റൺസ് സംഭാവനനൽകിയിട്ട ഹസാരെ കളമൊഴിഞ്ഞുകൊടുത്തു. 182 റൺസ് കരസ്ഥമായ ആ സഖ്യം ഇൻഡ്യൻ റ്റീമിനെ കമ്പോജ്യമാക്കി. 151 റൺസ് നമ്മുടെ അഭിമാനസമ്പന്നമായ വിന്ദുകരസ്ഥമാക്കി വിലപിടിച്ച 102 റൺസ് സമ്മാനിച്ച ശൗര്യക്കാരി ഇൻഡ്യൻ റ്റീമിനെ അപകട മേഖലയിൽ നിന്നും അതിജീവിപ്പിച്ചു. 62 റൺസുമായി ഗോപിനാഥ് സഹായഹസ്തം നീട്ടി. 5 വിക്കറ്റിനു 447 റൺസ് ലഭ്യമായതോടെ ഇൻഡ്യൻറ്റീമിനെ ഇന്ദ്രനിലയിൽ പ്രതിഷ്ഠിച്ചുകൊണ്ടു നഷ്ടപ്പെട്ടെന്നു നമ്മുടെ ക്രിക്കറ്റ്പ്രേമികൾ വിലപിച്ച ബാംബെടെസ്റ്റിനു സംഗളം പര്യവസാനിച്ചു ഡിസംബർ 7 ആ ഞായറിനും നിങ്ങളുടെ ഓർമ്മയിലിരിക്കട്ടെ

* * * *

വിജയകരമായ രഞ്ജി ട്രോഫി ക്രിക്കറ്റ് മത്സരത്തിനുശേഷം നമ്മുടെ സ്പോർട്സ്സ് പ്രേമികളുടേയും ഭാരതത്തിലാകമാനമുള്ള ടേബിൾ ടെന്നീസ്സ് പ്രേമികളുടേയും ശ്രദ്ധാകേന്ദ്രമായിത്തീർന്നിരിക്കുന്ന തലസ്ഥാനനഗരിയിലെ ദേശീയ ടേബിൾ ടെന്നീസ്സ് രംഗത്തേക്കു നമുക്കടക്കാം. ഡൽഹൗൺ ടെയിലേഴ്സിന്റെ കരകുശലത്തിന്റെ വിദേശ മാതൃകകളായ പ്രത്യേക ഉടയാടകളും ധരിച്ചു ഉശിരുള്ളവരായ സന്നദ്ധസംഘം ദീപാലംകൃതമായ ഹാളിനെ വെട്ടിത്തിളങ്ങുന്ന സമര ടേബിളുകളും—എന്തിനു ഒരു പ്രദർശനസ്ഥാനത്തിന്റെ ഭാവവും പ്രൗഢിയും ജീർണ്ണിച്ചു കിടന്ന ഒരു ഹാളും അർജ്ജിച്ചിരിക്കുന്നു. ടേബിൾ ടെന്നീസ്സ് അസ്സോസിയേഷൻ സെക്രട്ടറി ശ്രീ, എസ്സ് എസ്സ് മേനോന്റെ ഭാവനാസമ്പത്തിനെ നാം വീണ്ടും വീണ്ടും ശ്ലാഘിക്കുക.

സംസ്ഥാന ചാമ്പ്യൻഷിപ്പാണ് അത്യന്തം സ്മൃതിപഥത്തിലെത്തുന്നത്. ടേബിൾടെന്നീസ്സിൽത്തന്നെ വളർന്ന ഒരു താരം നമ്മുടെ സംസ്ഥാനത്തിനില്ല. പക്ഷേ അക്കാരണത്താൽ നമ്മുടെ പ്രതിനിധികൾ പോരാടാതിരുന്നില്ല. തൃക്കണവും അഖിലഭാരതപ്രശസ്തിയുമുള്ളവരുടെ മുൻപിൽ ഉറച്ചുനിന്നു അവർ പോരാടിയെന്നു നമുക്കഭിമാനിക്കാം. മാസുരമായ ഭാവി നമ്മെ മാടിവിളിക്കുന്നു വെന്നു നമുക്കു വിശ്വസിക്കാം. കഴയുള്ള ഒരുഗ്രസംക്ഷുബ്ധനത്തിൽ പ്രസിദ്ധനായ തിരുവെങ്കിടത്തെ തോല്പിച്ചു (10-21, 23-21, 9-21, 21-18, 21-10) നമ്മുടെ സംസ്ഥാന ചാമ്പ്യൻഷിപ്പു കരസ്ഥമാക്കിയ നാഗരാജിനു ഹാർദ്ദമായ അഭിനന്ദനങ്ങൾ.

നമ്മുടെ ടേബിൾടെന്നീസ്സിന്റെ വനിതാരംഗത്തെ ഏറ്റവും വിശ്വപ്രസിദ്ധ നേട്ടമായ ശ്രീമതി ഹിമാരാജൻ നമ്മുടെ പ്രതീക്ഷകളെ സംക്ഷുബ്ധരാക്കുന്നു എന്നു അഹ്ലാദപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു വനിതകളുടെ ഡബ്ലിംസ്, മിക്സ്ഡ് ഡബ്ലിംസ് എന്നീ രംഗങ്ങളിൽ യഥാക്രമം മിസ്സസ് സി. കെ, കെ. പിള്ള, സി. എൻ. ബാല എന്നിവരുമായി മിസ്സസ്സ് വിജയരാജഗോപാലൻ മിസ്സസ്സ് പ്രിയർ (വനിതാഡബ്ലിംസ്) മിസ്സസ്സ് പ്രിയർ, കെ. നാഗരാജ് (മിക്സഡ് ഡബ്ലിംസ്) തുടങ്ങിയ അഖിലഭാരതപ്രശസ്തരായ കളിക്കാരെ പരാജയപ്പെടുത്തി പ്രഥമസ്ഥാനം കരസ്ഥമാക്കിയ ശ്രീമതി ഹിമാരാജനു കഴുത്തിയുടെ അകമഴിഞ്ഞ അനുമോദനങ്ങളും നൽകിക്കൊള്ളുന്നു.

ദേശീയ ടേബിൾ ടെന്നീസ്സ് ഇതെഴുതുമ്പോൾ പ്രഥമ റൗണ്ടിലെത്തിയിട്ടേയുള്ളു. അടുത്തലക്കത്തിൽ പൂർണ്ണറിപ്പോർട്ട് തന്നെ പ്രതീക്ഷിക്കാം.

ഡിസംബർ 19-തീയതി തിരുവിതാംകൂർ ട്രോഫി അഖിലഭാരത ഫുട്ബാൾ മൽസരം സമാരംഭിക്കുന്നതാണെന്നു ഫുട്ബാൾ പ്രേമികൾ അനസ്മരിക്കുമല്ലോ. റോവേഴ്സ് കപ്പ് ജേതാക്കളായ ഹൈദ്രബാദ് പോലീസും, വാരി അത്ലറ്റിക്ക് ക്ലബ്ബ്, യങ്ങ്മെൻ കറാച്ചി (പാക്കിസ്ഥാനിൽനിന്നാണ) ബാംബെ ഡൈനാമോസ്സ്, വിംകോസ്സ്, ബ്ലിന്നിമിൽസ്, ബ്ലാക്ക്ബേൺ റോവേഴ്സ് കണ്ണൂർ എന്നിവർ നമ്മുടെ സ്റ്റേഡിയത്തിൽ അണിനിരന്നാൽ നിങ്ങളവിടെ എത്തി തിരുവിതാംകൂർ ട്രോഫിയെ വിജയപ്പിക്കുമെന്നു പ്രതീക്ഷിക്കാമോ.



സോവ്യറ്റുസാഹിത്യം

ആധുനികറഷ്യൻസാഹിത്യത്തെ പ്പറ്റി ശ്രീ ഇപ്പൻനായർ എഴുതിയ ഗ്രന്ഥമായ ഒരു ലേഖനത്തിനു പ്രത്യുത്തരമായി ശ്രീ. എം. കെ. കുമാരൻ എഴുതിവരുന്ന സുദീർഘമായ ലേഖനം ഞാൻ സകൗതുകം വായിക്കാറുണ്ട്. ശ്രീ. കുമാരൻ കമ്മ്യൂണിസത്തിന്റേയും, ആധുനിക റഷ്യൻസാഹിത്യത്തിന്റേയും, കേവലം അന്ധനായ ഒരു ആരാധകനും കാവൽഭടനും മാത്രമായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ ലേഖനത്തെ മറികടന്നു ഏതെങ്കിലും പാഠത്തിനോക്കി പോകുമായിരുന്നേനെ. ആധുനികറഷ്യൻസാഹിത്യത്തെപ്പറ്റി അദ്ദേഹത്തിനുള്ള അവഗാഹം ഒന്നുമാത്രമാണു ഏതെന്നു പിടിച്ചുനിറുത്തിയതു്. ശ്രീ. ഇപ്പൻനായർ ഒരു സക്കാർജീവനക്കാരനായതുകൊണ്ടു അദ്ദേഹത്തിനു റഷ്യൻസാഹിത്യത്തെ അപലപിക്കേണ്ടതു ഒരാവശ്യംമാത്രമാണെന്നുള്ള ലേഖകന്റെ അഭിപ്രായം ബാലിശമെന്നല്ലാതെ പറയാൻതരമില്ല. ശ്രീ. കുമാരൻ മാത്രമല്ല മറ്റു ആരുപറഞ്ഞാലും ശരി. ആധുനികറഷ്യൻ സാഹിത്യകാരന്മാർ, റഷ്യയിൽ നടക്കുന്ന മഹത്തായ നിർമ്മാണപരിപാടികളുടെ പടഹധ്വനിമുഴക്കുന്നവർ മാത്രമാണെന്നു നിർമ്മൽസരബുദ്ധികൾക്കു കാണാൻസാധിക്കും. സോഷ്യലിസത്തിനും, സ്റ്റാലിനിസത്തിനും അപ്പുറം, വിശ്വവിശാലമായ ലോകം പരന്നുകിടപ്പുണ്ടെന്നു അവർക്കു കാണാൻ സാധിക്കുന്നില്ല. അഥവാ അവരെ സ്റ്റേറ്റ് അനുവദിക്കുന്നില്ല. ഇതിനാണു പട്ടാളച്ചിട്ടയെന്നു പറയുന്നതു്. സ്റ്റേറ്റിന്റെ പരമമായ അഭിലാഷങ്ങളേയും ആശങ്കകളേയും അനുവർത്തിക്കാൻ നിർബന്ധിതരാകുന്നതുകൊണ്ടു്, ആധുനികറഷ്യൻസാഹിത്യത്തിനു വൈവിധ്യമോ, കലാപരമായ മേന്മയോ ഇല്ലെന്നു, തിരുവനന്തപുരം യൂണിവേഴ്സിറ്റി കാളേജിലെ ഒരു മലയാളം ലക്ചറർമാത്രമായ ഇപ്പൻനായർ മാത്രമല്ല, വിശ്വവിഖ്യാതന്മാരായ നിഷ്പക്ഷമതികളായ, പണ്ഡിതന്മാരായ കലാരസികന്മാർ നിരങ്കുശം അഭിപ്രായപ്പെട്ടിട്ടുണ്ടു്. അവരെയെല്ലാം സോഷ്യലിസത്തിന്റെയും അനുവാനിക്കുന്ന മനുഷ്യാശംസകളുടെയും ശത്രുക്കളായി എണ്ണുന്നതും ബുദ്ധിശൂന്യമായിരിക്കും. എന്തിനേറെ നമ്മുടെ തകഴിപോലും അഭിപ്രായപ്പെട്ടിട്ടില്ലേ! ആധുനികറഷ്യയിൽ കലാസുശക്തമൂല്യകൃതികൾ വളരെ വിരളമായേ ഉടലെടുക്കാറുള്ളു എന്നു് പാലും തേനും ഒഴുകുന്ന, എന്നു പറയപ്പെടുന്ന ആ തൊഴിലാളിലോകത്തെ സത്തരാജ്യത്തു, എഴുതുകൊണ്ടു് സോവിയറ്റ് റഷ്യയിൽ ഉണ്ടായപോലെ ഒരു ടോൾസ്റ്റോയിയോ, ഡോസ്റ്റോവിസ്കിയോ ഉണ്ടാകുന്നില്ല. ചരിത്രംതന്നെ അതിനു സമാധാനം പറയട്ടെ. എന്തായാലും സഖാവു് കുമാരന്റെ പ്രസന്നമായ ശൈലിയും ആവിഷ്കരണചാടവവും അന്യാദൃശംതന്നെ.

ഏ പി. പിള്ള, ആലുവാ

തകഴിയുടെ കഥ

ശ്രീ. തകഴിയുടെ ഓരോ കഥയും നമ്മുടെ സാഹിത്യത്തിലെ മഹത്തായ ഓരോ സംഭവങ്ങളാണെന്നാണ് എന്റെ അഭിപ്രായം. കല അദ്ദേഹത്തിനെ വിക്ഷണത്തിൽ ജീവിതമാണ്. ജീവിതത്തിന്റെ ഇതര വശങ്ങളിലാണ് തകഴി കലയുടെ മൂലികരൂപം ദർശിക്കുന്നതും. വേദനയുടെ നെടുവീർപ്പുകളും നൈരാശ്യത്തിന്റെ വിങ്ങലുകളുംകൊണ്ടു് അനുഭൂതനായ അദ്ദേഹം സാഹിത്യാചാര്യൻ ജീവിതത്തിന്റെ സത്യം കുറിക്കുകയാണു്. ഖണിതത്തേ ഹൃദയങ്ങളിലിറങ്ങി കണ്ണുനീരിന്റെ ഉഴവുചാലിൽകൂടി ഒനൈരാശ്യത്തിന്റെ നിക്ഷേപങ്ങളെ ശ്രീ തകഴി തേടിപ്പിടിക്കുന്നു. സമൂഹവുമായി ക്ലൃപ്തൽ ബന്ധപ്പെട്ടുകൊണ്ടു് നമ്മുടെ സാമൂഹ്യഘടനയെ അപഗ്രഥിക്കുകയാണു് അദ്ദേഹത്തിന്റെ ലക്ഷ്യം. തലമുറയെ താറുമാറാക്കുന്ന നമ്മുടെ സാമൂഹ്യസുരക്ഷിതത്വത്തിന്റെ നേരെ ശ്രീ തകഴി ചൂണ്ടിക്കാണിയ്ക്കുന്ന ഇലിക സദാചാരത്തിന്റെ കാവൽഭടന്മാർ സൂക്ഷിക്കുന്നതു നന്നായിരിക്കും.

ശാശ്വതമായ ജീവിതമൂല്യങ്ങളിൽ ജനതയോടൊപ്പംതന്നെ ശ്രീ. തകഴിയും വിശ്വസിക്കുന്നു പക്ഷേ അതു പുലർത്തുകാണാത്തതു് അതുതന്നെ കുറ്റമാണെങ്കിലോ കാര്യം തകഴിയോടഭിപ്രായംതന്നെ അറിയേണ്ട ചുമതല ഈ തലമുറയ്ക്കുമുണ്ടു്. ജീവിക്കുവാനും വളരുവാനും ഉള്ള ഒനൈസർഗ്ഗികമായ ആവേശത്തിന്റെമുമ്പിൽ തകരുന്ന ജീവിതങ്ങളുംകൊണ്ടുള്ളവരാണു് തകഴിയുടെ കഥാപാത്രങ്ങളും. മാനസികസംഘർഷണം കൈമുതലാക്കിയ അദ്ദേഹത്തിന്റെ തൂലിക വാർത്തെടുക്കുന്നതു സമുദായത്തിന്റെ ചിതൽപ്പുറ്റുകളെയാണു്. ജീവിതത്തോടു പോരാടി വൈഷമ്യങ്ങളോടെതിരിട്ടു ആത്മാരാമറിയാതെ തകരുന്ന ജീവിതങ്ങളും പ്രതിഭയുടെ വിലാസസംഗമമാണെന്നും മനുഷ്യത്വത്തിന്റെ വിളനിലമാണെന്നും സ്നേഹത്തിന്റെ മണിത്തൊട്ടിലാണെന്നും ശ്രീ. തകഴി സ്ഥാപിക്കുന്നു. ജീവിക്കുവാൻവേണ്ടി ജീവിതത്തെ തീറെഴുതി സ്നേഹത്തിനുവേണ്ടി അലയുന്ന മാധവിയുടെ ജീവിതം അതിനൊരുദാഹരണം മാത്രമാണ്.

വി. പി. ഒനപ്പോളിയൻ
ഫാത്തിമാകാളേജ്

താരാപഥത്തിന്റെ ഒന്നാംപിറന്നാൾ

★

1954 ജനുവരി

★

ഒന്നാംപിറന്നാൾ കൊണ്ടാടുന്ന ജനുവരി ലക്കം പ്രതീക്ഷിക്കുക

മാനേജർ,
താരാപഥം,
തിരുവനന്തപുരം—1

Printed and Published by K. Balakrishnan at the Indira Printing Works Pettah, Trivandrum

Phone No. 2128

PRICE As. 3

REG. M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY

VOL: IV
14th MONDAY
DECEMBER, 1953
No. 38

ടി ചൈനീസ് പസിൽ

(ഇംഗ്ലീഷ്)

എൻ. ശ്രീകണ്ഠൻനായർ
എം. എ., എം. പി.

തുടർന്ന്:

ഡാക്ടർ മേഘനാദ് സാഹാ
എം. പി.

പ്രസാധകന്മാർ:

PROGRESSIVE PUBLISHERS,
6 PP. B. D. D. Chawl 120,
WORLI .... BOMBAY.

★ ചൈനയുടെ നവോത്ഥാനത്തെപ്പറ്റി
★ പുരാപുരാണചൈനയിലെ അത്ഭുതകഥകളെപ്പറ്റി
★ അപ്രിയസത്യങ്ങളിലേയ്ക്കു വെളിച്ചംവിതറി കൊണ്ട്
★ പലർക്കും ഞെട്ടലുണ്ടാക്കിക്കൊണ്ട്